പി.ഗോവിന്ദപ്പിള്ള



PG
954

ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ

ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ

charithrasasthram puthiya manangal ● p govindapillai ● published by chintha publishers, thiruvananthapuram ● first edition june 1993 ● distributed by deshabhimani book house, thiruvananthapuram ● printed at prasanth printers, thirumala, tvm-6

cover: bhattathiri *price: rupees twenty four only*

വിതരണം:
ദേശാഭിമാനി ബുക്ക് ഹൗസ്
H. O. തിരുവനന്തപുരം 695 001
ബ്രാഞ്ചുകൾ: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ
കോട്ടയം, എറണാകുളം, തൃശൂർ
കോഴിക്കോട്, കണ്ണൂർ

CO-531/936

ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ

7812

പി ഗോവിന്ദപ്പിള്ള

PG Library & Research Center

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം–695 001
വില: 24.00 രൂപ

PG
954

ഉള്ളടക്കം

ശാസ്ത്രവും ചരിത്രവും 5
ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് പഠനങ്ങളുടെ ഒരു പൊതു അവലോകനം 34
കീഴാളർ ചരിത്രത്തിന്റെ മേലാളർ ചായ്പ് 57
ഡി ഡി കൊസാംബി 75
19-ാം നൂറ്റാണ്ടിലെ ജാതിമത പ്രസ്ഥാനങ്ങൾ 98
കർഷക ചരിത്രശാസ്ത്രം 105

ശാസ്ത്രവും ചരിത്രവും

ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും രീതികളും പരസ്പര വിരുദ്ധങ്ങളാണെന്ന ധാരണ ഇപ്പോഴും ഏതാണ്ട് ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. ശാസ്ത്രത്തെയും ചരിത്രത്തെയും വേർതിരിച്ച് കാണാനുള്ള പ്രവണത ലോകത്തെ പ്രമുഖ സർവകലാശാലകളിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ശാസ്ത്രം വളരുംതോറും അതിന്റെ രീതികളും വളരുന്നു. ഉദാഹരണമായി പരിണാമം തന്നെയെടുക്കാം. ഒരു പരീക്ഷണശാലയിൽവെച്ച് തെളിയിക്കാവുന്ന വസ്തുതയല്ല ഇത്. എന്നാൽ ജനിതകശാസ്ത്രമായാലോ? പരീക്ഷണശാലകളിൽ യഥേഷ്ടം തെളിയിക്കാം. അതുകൊണ്ടുതന്നെ ഈ തികത്തിന്റെ പഠനരീതികളും ചരിത്രപഠനത്തിൽ പ്രസക്തമല്ലെന്നത് കൊണ്ടുമാത്രം ചരിത്രത്തെ അശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നത് ശരിയല്ല.

ശാസ്ത്രത്തിനും ചരിത്രത്തിനും സമാനമായ ഒരു കാര്യം യുക്തിയുടെ അടിസ്ഥാനത്തിൽ കണ്ടുപിടിക്കുക എന്നതാണ്. തീർത്തും നിഷ്പക്ഷമായ ഒരു നിലപാടിൽ നിന്നാണ് പരീക്ഷണം ആരംഭിക്കുന്നത്. പക്ഷെ പൂർവസിദ്ധാന്തങ്ങളും അഥവാ സങ്കൽപനങ്ങളും (hypotheses) കൂടിയേതീരൂ. ഉദാഹരണത്തിന് പ്രപഞ്ചത്തിന്റെ കാര്യം. ഭൂമിക്കു ചുറ്റും ഗ്രഹങ്ങളും കറങ്ങുകയാണെന്ന പൂർവസിദ്ധാന്തം വെച്ചുകൊണ്ട് ടോളമി തന്റെ അന്വേഷണം ആരംഭിച്ചു. പിന്നീട് ഈ പൂർവസിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കപ്പെ

ട്ടെങ്കിലും ഇതിന്റെയടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലൂടെ ടോളമി അനേകം ശരിയായ കാര്യങ്ങളും കണ്ടുപിടിക്കുകതന്നെ ചെയ്തു. ഗ്രഹണം, കാലാവസ്ഥ മുതലായവയെ സംബന്ധിച്ചുള്ള പല വസ്തുതകളുടെയും കണ്ടുപിടുത്തം തെറ്റായ പൂർവസിദ്ധാന്തങ്ങളിൽ നിന്നാണ് തുടങ്ങിയത്. സൂര്യനുചുറ്റും ഗ്രഹങ്ങളും കറങ്ങുന്നു എന്ന പൂർവസിദ്ധാന്തത്തിൽ നിന്നാണ് കോപ്പർനിക്കസ് ആരംഭിച്ചത്. അത് ശരിയാണെന്ന് തെളിയിക്കപ്പെടുകയുമുണ്ടായി. നിരവധി പൂർവസങ്കൽപങ്ങളും ആദ്യംതന്നെ ഉണ്ടാവുക, എന്നിട്ട് പരീക്ഷണത്തിലൂടെ അവ ശരിയെന്നോ തെറ്റെന്നോ തെളിയിക്കുക, ശരിയാണെങ്കിൽ അംഗീകരിക്കുക—അല്ലെങ്കിൽ തള്ളിക്കളയുക—ശാസ്ത്രത്തിന്റെ രീതി ഇതാണ്. ഭാവന വളരെ വേണ്ട ഒരേർപാടാണിത്. ഉണ്ടാവുന്ന പൂർവസങ്കൽപനങ്ങളിൽ പലതും ആ കാലഘട്ടത്തിലെ ജനങ്ങൾക് വിശ്വസിക്കാനേ ആകാത്തതരത്തിലുള്ളവയായിരിക്കും. ഇവയെല്ലാം വെച്ചുകൊണ്ട് ചില രൂപങ്ങളും ഉണ്ടാവും. ഇവയുടെ അടിസ്ഥാനത്തിലാണ് കണ്ടുപിടുത്തങ്ങളും. ഭൂരിപക്ഷം വരുന്ന ശാസ്ത്രജ്ഞൻമാരും അവരുടെ അറിവിന്റെ പാരമ്യത്തിലെത്തിയശേഷമല്ല പ്രധാന കണ്ടുപിടുത്തങ്ങളും നടത്തിയത്. ശാസ്ത്രീയാന്വേഷണത്തിൽ ഭാവനക്ക് അതിപ്രധാനമായ ഒരു പങ്ക് വഹിക്കാനുണ്ടെന്ന് ഈ വസ്തുത തെളിയിക്കുന്നു.

ശാസ്ത്രസിദ്ധാന്തങ്ങളെല്ലാം മൂല്യനിരപേക്ഷമാണെന്നായിരുന്നു നമുക്ക് ഇതേവരെയുള്ള ധാരണ. നമ്മുടെ ഇഷ്ടാനിഷ്ടങ്ങളൊന്നും ശാസ്ത്രത്തെ ബാധിക്കുന്നില്ലെന്ന് നാം കരുതിയിരുന്നു. എന്നാൽ ഇന്ന് ഈ ധാരണ ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. ആ വിഷയത്തെക്കുറിച്ച് വിസ്തരിക്കുന്നില്ല. കൂടുതൽ താൽപര്യമുള്ളവർക് മൈക്കിൾ ഉംകെ രചിച്ച *സയൻസ് ആൻഡ് സോഷ്യോളജി ഓഫ് നോളജ്* (Science and Sociology of Knowledge) എന്ന പുസ്തകം നിർദ്ദേശിക്കുന്നു. ഈ പുസ്തകത്തിൽ ആദ്യത്തെ ശാസ്ത്രജ്ഞനെന്നറിയപ്പെടുന്ന തെയ്ൽസ് മുതൽ പിന്നീടുവന്ന ഗലീലിയോ, ന്യൂട്ടൺ, ഡാർവിൻ എന്നിവർവരെ അതാത് കാലഘട്ടങ്ങളിൽ നിലവിലുണ്ടായിരുന്ന സാംസ്കാരിക

അന്തരീക്ഷത്തിനും മുൻവിധികൾക്കും വിധേയമായാണ് പല സത്യങ്ങളും കണ്ടെത്തിയതെന്ന് വാദിക്കുന്നു. ഉദാഹരണമായെടുക്കുന്നത്. ഡാർവിനിസത്തെയാണ് ഉദാഹരണമായെടുക്കുന്നത്. ഡാർവിന്റെ സിദ്ധാന്തങ്ങൾക്ക് ഇന്ന് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഡാർവിന് ജനറ്റിക്സിനെക്കുറിച്ചറിയില്ലായിരുന്നു. ഡാർവിന്റെ സമകാലീനനായിരുന്ന ഫാദർ മെൻഡൽ ആണ് ഈ ശാസ്ത്രശാഖയുടെ പിതാവ്. ജനിതകശാസ്ത്രത്തിന് ഇന്ന് ഡാർവിനിസത്തിൽ വളരെ പ്രാധാന്യമുണ്ടെങ്കിലും 1900–ന് ശേഷം മാത്രമെ ജനറ്റിക്സിനെക്കുറിച്ച് ലോകം അറിഞ്ഞുള്ളു. ഇന്ന് ഈ ശാസ്ത്രം വളരെ പുരോഗമിച്ചിരിക്കുന്നു. അതുകൂടി ചേർന്നാണ് ഇന്നത്തെ ഡാർവിനിസം ജൻമമെടുത്തത്. ഡാർവിന്റെ പല സിദ്ധാന്തങ്ങൾക്കും അക്കാലത്തെ രാഷ്ട്രീയ–സാംസ്കാരികാന്തരീക്ഷത്തിന്റെ സ്വാധീനമുണ്ടായിരുന്നു. Survival of the fittest (അർഹതയുള്ളത് അതിജീവിക്കുക) എന്ന സിദ്ധാന്തം ബ്രിട്ടീഷ് അർഥശാസ്ത്രത്തിന്റെ ഭാഗമായിരുന്നു. മുതലാളിത്തത്തിൽ നിരന്തരമായ മത്സരമുണ്ടാകുകയും അതിൽ 'കയ്യൂക്കുള്ളവൻ കാര്യക്കാരനാവുകയും ചെയ്യുന്നു. ഇതിലദ്ദേഹത്തെ സ്വാധീനിച്ചതിൽ വലിയൊരു പങ്ക് മാൽത്യൂസിനാണ്. ഫ്രഞ്ചുവിപ്ലവം കണ്ട് പരിഭ്രാന്തനായിത്തീർന മാൽത്യൂസ് 'ആൾക്കൂട്ട'ത്തെ ഭയന്നാണ് ജനസംഖ്യാസിദ്ധാന്തം അവതരിപ്പിച്ചത്. ജനസംഖ്യാവർധനവിന്റെ തോത് ആഹാരോൽപാദനത്തിന്റെ തോതിനെക്കാൾ പതിൻമടങ്ങ് വലുതായിരിക്കുമെന്നും അതുമൂലം പട്ടിണിയും കഷ്ടപ്പാടും അനിവാര്യമാണെന്നും അദ്ദേഹം വാദിച്ചു. ഇന്നിത് തെറ്റാണെന്ന് തെളിഞ്ഞുകഴിഞ്ഞു. ഡാർവിനെ മാൽത്യൂസ് വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ശാസ്ത്രലോകത്തിൽ മാൽത്യൂസ് ഒരു 'കൾട്ടുഫിഗർ' മാത്രമാണ്. ജനസംഖ്യയുടെ പ്രശ്നത്തെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. ന്യൂട്ടണിന്റെ കാലത്ത് നിലനിന്നിരുന്ന സാമൂഹ്യ–ദാർശനിക–മതപരമായ സ്വാധീനങ്ങൾ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിലെങ്ങനെ കടന്നുകൂടിയെന്ന് വളരെ രസകരമായി ഈ അടുത്ത കാലത്ത് വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

ഒരു ശാസ്ത്രസിദ്ധാന്തം വെറുമൊരു തത്വം മാത്രമല്ല. ഉദാഹരണത്തിന്, ഭൂമി സൂര്യനു ചുറ്റും കറങ്ങുന്നുവെന്ന സിദ്ധാന്തത്തെ 16–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കോപ്പർനിക്കസുമായി ബന്ധപ്പെടുത്തിയാണ് നാം കാണാറ്. പക്ഷെ ക്രിസ്തുവിന് മുമ്പ് ജീവിച്ചിരുന്ന അരിസ്റ്റാർക്കസ്, പൈഥാഗറസ് എന്നിവർ ഇവയെക്കുറിച്ചുള്ള സൂചനകളും നൽകിയിരുന്നു. അരിസ്റ്റാർക്കസും പൈഥഗറസും ഉണ്ടായിരുന്നിട്ടും ക്രിസ്തുവിനുശേഷമുള്ള ആദ്യനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ടോളമിയുടെ കാലത്ത് ഈ സിദ്ധാന്തം തിരസ്കരിക്കപ്പെട്ടു. ഇതുകൊണ്ടാണ് ശാസ്ത്രം തെറ്റിൽനിന്ന് തെറ്റിലേക്കാണ് പോകുന്നതെന്ന് ശാസ്ത്രത്തിന്റെ എതിരാളികൾ പറയുന്നത്. മറ്റൊരുദാഹരണം പറഞ്ഞാൽ, അച്ചടിയും വെടിമരുന്നുമാണ് 15, 16, 17 നൂറ്റാണ്ടുകളിലെ യൂറോപ്യൻ നവോത്ഥാനത്തിന്റെ പിന്നിലെന്ന് പറയപ്പെടാറുണ്ട്. ലോകചരിത്രത്തിന്റെ ഗതി തന്നെ ഈ പ്രതിഭാസം മാറ്റിമറിച്ചു കളഞ്ഞു. എന്നാൽ അച്ചടിയും വെടിമരുന്നും യഥാർത്ഥത്തിൽ കണ്ടുപിടിച്ചത് യൂറോപ്യരല്ല, ചൈനക്കാരാണ്. വെടിമരുന്ന് യൂറോപ്പിലെത്തിയപ്പോഴേക്കും അതിന് ആറരനൂറ്റാണ്ട് പ്രായമുണ്ടായിരുന്നു. എന്നാൽ ഈ കണ്ടുപിടിത്തം യൂറോപ്പിൽ ഉണ്ടാക്കിയ വിപ്ലവകരമായ മാറ്റം എന്തുകൊണ്ട് ചൈനയിൽ ഉണ്ടായില്ല? ആ മാറ്റങ്ങളും ചൈനയിലെത്തിയത് ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് മാത്രമാണ്. ശാസ്ത്രമെന്നത് സങ്കീർണമാണെന്ന് ഈ ഉദാഹരണം തെളിയിക്കുന്നു. അത് വെറും വസ്തുതകളും മാത്രമല്ല. ഒരു സാംസ്കാരിക സത്ത (cultural entity) തന്നെയാണ്. ഉംബെർട്ടോ ഇതിനെപ്പറ്റി വിശദമായി പറയുന്നുണ്ട്.

ഒറ്റവാചകത്തിൽ പറഞ്ഞുകേട്ടാൽ ഇങ്ങനെ ഉണ്ടാവുമോ എന്ന് നമുക്ക് സംശയം തോന്നാം. വളരെ ശരിയായ ഒരു കാര്യം സ്ഥാപിക്കാൻവേണ്ടി കോപ്പർനിക്കസ് ഉന്നയിച്ച വാദങ്ങളിൽ പലതും ഇന്ന് നമുക്ക് സ്വീകാര്യമല്ല. ഈ കാര്യത്തിൽനിന്നാണ് ഒരു രീതിയിൽ ശാസ്ത്രവിരുദ്ധരെന്ന് വിളിക്കാവുന്ന ടി എസ് കുൺ മുതലായ ചിന്തകർ ആരംഭിക്കുന്നത്. ഒരു ശാസ്ത്രസത്യവും സത്യമല്ലെന്നാണ്

അവർ പറയുന്നത്. ഒരു പ്രത്യേക ചിന്താഘടനയിൽ—ചിന്തകളുടെയും മൂല്യങ്ങളുടെയുമായ ഒരു ഘടനക്കകത്ത്—മാത്രം അത് ശരിയായിരിക്കാം. വേറൊരു ഘടനക്കകത്ത് അത് വേറൊന്നായിരിക്കും. ഒരു പ്രത്യേക അവസ്ഥക്കകത്ത് മാത്രമേ അത് ശരിയാവുകയുള്ളു. ടി എസ് കുണി നെപ്പോലുള്ളവർ ശാസ്ത്രവിരുദ്ധരാണെങ്കിലും ശാസ്ത്രത്തിന് ചില സംഭാവനകൾ അവരും നൽകിയിട്ടുണ്ടെന്ന് അംഗീകരിക്കാം. എന്തായാലും ഇതിൽ നിന്നൊക്കെ ശാസ്ത്രത്തിന്റെ സാമൂഹ്യ വിധേയത്വമാണ് വ്യക്തമാകുന്നത്. ഏത് സിദ്ധാന്തങ്ങൾക് പ്രാമാണ്യം നൽകണം, ഏത് തരത്തിൽ സ്വീകരിക്കണം, ഏത് തലത്തിൽ പ്രയോഗിക്കണം എന്നെല്ലാം തീരുമാനിക്കുന്നത് അതാത് ചരിത്രഘട്ടത്തിലെ സാമൂഹ്യവ്യവസ്ഥയിലെ സാംസ്കാരിക സന്ദർഭങ്ങളാണ്. ഈ സിദ്ധാന്തം വളരെയേറെ സ്ഥാപിക്കപ്പെട്ടതും എഴുപതുകളും എൺപതുകളുമാവുമ്പോൾ സാമാന്യമായി അംഗീകരിക്കപ്പെട്ടതുമാണ്. ശാസ്ത്രത്തിനുപോലും സാമൂഹ്യബാധ്യത ഇത്ര വളരെയുണ്ടെങ്കിൽ സാമൂഹ്യ വിഷയമായിട്ടുള്ള ചരിത്രം, സാമ്പത്തികശാസ്ത്രം എന്നിവയെ ഇത് എത്രമാത്രം സ്വാധീനിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ചരിത്രത്തെക്കുറിച്ച് പെട്ടെന്ന് തോന്നും കഴിഞ്ഞകാല വസ്തുതകൾ ശരിയായി കണ്ടുപിടിച്ച് കഴിഞ്ഞാൽ മറ്റ് ബുദ്ധിമുട്ടുകളൊന്നുമില്ല എന്ന്. ശാസ്ത്രത്തിലെ വസ്തുതകളെക്കാൾ ഉറപ്പുള്ളതാണ് ചരിത്രത്തിലെ വസ്തുതകൾ. സംഭവിച്ച് കഴിഞ്ഞ കാര്യമാണല്ലോ ചരിത്രത്തിൽ. സംഭവിച്ചത് മനസിലാക്കാനുള്ള ബുദ്ധിമുട്ടുണ്ടാകും എന്നല്ലാതെ സംഭവിച്ചതിന് മാറ്റമില്ല. ഇതാണ് ചരിത്രത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട വസ്തുത. എന്താണ് ഇന്നലെ നടന്നതെന്ന് കണ്ടുപിടിക്കുക എന്നത് മാത്രം അവശേഷിക്കുന്നു. ഇത് ഒരു പ്രത്യേക ചിന്താധാരയാണ്. 20–ാം നൂറ്റാണ്ടിനു തൊട്ടുമുമ്പുണ്ടായ ലോകത്തിലെ ഏറ്റവും വലിയ രചനയായ കേംബ്രിഡ്ജ് ഹിസ്റ്ററി ഇതിന്റെ ഭാഗമാണ്. ആദ്യത്തെ സമഗ്രമായ, ശാസ്ത്രീയ വീക്ഷണത്തോടുകൂടിയ ചരിത്രം എന്ന അവകാശവാദ

വുമായാണ് കേംബ്രിഡ്ജ് സർവകലാശാല ഇതിന്റെ ജോലികളാരംഭിച്ചത്. ഇതിന്റെ ചെയർമാനും മഹാപണ്ഡിതനുമായ ലോർഡ് അക്ടൻ കേംബ്രിഡ്ജ് സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് അയച്ച കത്തിൽ പറഞ്ഞു:

> ഇനിയൊരു കാര്യം പറയാറായി. ചരിത്രത്തെ സംബന്ധിച്ചിടത്തോളം കണ്ടുപിടിക്കേണ്ടുന്ന സകല കാര്യങ്ങളും കണ്ടുപിടിച്ചു കഴിഞ്ഞു. ഇനി നിങ്ങൾക് വ്യാഖ്യാനിക്കുന്ന പ്രശ്നമേയുള്ളു. ഇനി വരാൻ പോകുന്ന ചരിത്രത്തെപ്പറ്റിയും നോക്കണം. അതിനെപ്പറ്റി പറയാൻ ഞങ്ങൾകാവില്ല.

അദ്ദേഹത്തിന്റെ ഈ അഭിപ്രായം ഇന്നത്തെ പണ്ഡിതൻമാർക് സ്വീകാര്യമല്ല. എന്താണ് വസ്തുതകളിൽ പ്രധാനപ്പെട്ടത്? എന്തൊക്കെയാണ് ഭരണപരിഷ്കാരങ്ങൾ തുടങ്ങിയ കുറെ കാര്യങ്ങൾ വിവരിച്ചാൽ ചരിത്രം തീർന്നു എന്ന് അന്ന് വിചാരിച്ചിരുന്നു. അക്കാലത്ത് സാധാരണ ജനങ്ങളുടെ ചരിത്രമെഴുതണം, തൊഴിലാളികളുടെ ചരിത്രമെഴുതണം, ചരിത്രമാകെ വർഗസമരങ്ങളുടെ ചരിത്രമായതുകൊണ്ട് വർഗങ്ങളുടെ ചരിത്രമെഴുതണം. ചക്രവർത്തിമാരുടെയും ആക്രമണകാരികളുടെയും ചരിത്രം പോര എന്നൊക്കെ മാർക്സും എംഗൽസും വാദിച്ചു തുടങ്ങിയിരുന്നു. സാക്ഷരത വർധിക്കുകയായിരുന്നു. ബ്രിട്ടനിൽ ഗ്ളാഡ്സ്റ്റണിന്റെ നേതൃത്വത്തിൽ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമായി. അങ്ങനെ ചരിത്രത്തിൽ അസ്പൃശ്യരായിരുന്ന നിരവധിയാളുകൾ ചരിത്രത്തിന്റെ അരങ്ങിലേക്കുവന്ന് ആടിത്തിമിർക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. ഈ സാഹചര്യത്തിലാണ് കേംബ്രിഡ്ജ് സർവകലാശാലാ ചരിത്രവിഭാഗം തലവൻ ചാൾസ് കിംഗ്സ്ലി ചരിത്രത്തെപ്പറ്റി ഇത്തരമൊരഭിപ്രായം പ്രകടിപ്പിച്ചത്.

> ചെറിയ മനുഷ്യരുടെതായ ഈ ശാസ്ത്രം ഒരു ശാസ്ത്രമേയല്ല. കാരണം, ശരാശരി മനുഷ്യൻ ഒരിക്കലും പൂർണമനുഷ്യനല്ല. അയാൾ അങ്ങനെ ആവുകയുമില്ല. മനുഷ്യന്റെ പൂർണതക്ക് കുറെക്കൂടി അടുത്തു നിൽകുന്നവരാണ് ഉന്നതൻമാർ. മനുഷ്യരാശിയെപ്പറ്റിയുള്ള നിങ്ങളുടെ സിദ്ധാന്തത്തിനുവേണ്ടി നി

ങ്ങൾ ആയംകൂട്ടത്തിലാണ് തിരയുന്നതെങ്കിൽ അത് ശരിയല്ല. മനുഷ്യശരീരത്തിന്റെ അളവുകളെപ്പറ്റി പഠിക്കുമ്പോൾ അപ്പോളോയെയും തെസ്യൂസിനെയും ഒഴിവാക്കികൊണ്ട് ഒരു കൂട്ടം കുള്ളൻമാരെയും മുടന്തൻമാരെയും മാതൃകയായി എടുക്കുന്നതിനു സമാനമായിരിക്കും അത്.

1851—ലാണ് ഇത് അദ്ദേഹം പറഞ്ഞത്. ഇന്നിത് തീർത്തും അസംബന്ധമാണെന്നു തോന്നാം. എന്നാൽ അക്കാലത്തു പണ്ഡിതലോകം മുഴുവൻ ഇതംഗീകരിച്ചിരുന്നു. ചരിത്രമെന്നാൽ പൂർണമനുഷ്യന്റെ ചരിത്രമാണ്, പൂർണമനുഷ്യൻ ആരാണെന്നതാണ് പ്രശ്നം. ഈ വീക്ഷണമനുസരിച്ച് 'അണ്ടനേറയും അടകോടനേറയും' ചരിത്രമൊന്നും ചരിത്രമല്ല. മനുഷ്യന്റെ മഹത്വം അത് കാണണമെങ്കിൽ നോക്കിക്കൊള്ളൂ—മഹാനായ അലക്സാണ്ടർ, നെപ്പോളിയൻ, അക്ബർ! ഈ ചരിത്രവീക്ഷണം കുറെനാൾ നിലനിന്നിരുന്നു. അതുവരെയെഴുതപ്പെട്ട ചരിത്രത്തിനാകെ ഈ സ്വഭാവമായിരുന്നു. ചരിത്രം വസ്തുനിഷ്ഠം തെളിവുകളുടെയടിസ്ഥാനത്തിൽ ഒരു ശാസ്ത്രമായി മാറാൻ തുടങ്ങിയ കാലത്തായിരുന്നു, ചരിത്രം ജനകീയമാകാൻ തുടങ്ങിയ കാലത്തായിരുന്നു, യാഥാസ്ഥിതിക ശാസ്ത്രങ്ങളുടെ ഇരുട്ടുകോട്ടയായ കേംബ്രിഡ്ജിൽനിന്ന് ഈ പുതുനീക്കങ്ങൾക്കെതിരായുള്ള പ്രഖ്യാപനം. അതാണ് ചാംസ് കിങ്ങ്സ്ലിയുടെ അഭിപ്രായത്തിൽ നിഴലിക്കുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യമെത്തിയപ്പോൾ ചരിത്രരചനക്ക് വളരെ മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞിരുന്നു. ശാസ്ത്രത്തിലും സാമൂഹ്യപരിവർതനത്തിലുമെന്നപോലെ ചരിത്രരചനയിലും ലോകത്തെ നയിച്ചത് യൂറോപ്പാണ്. ഇവിടെ ഉയർന്നുവന്ന രണ്ടുമൂന്ന് സിദ്ധാന്തങ്ങളിൽ സുപ്രധാനമായിരുന്നത് ബ്രിട്ടീഷ് ചരിത്രരചനാരീതിയാണ്. ബ്രിട്ടനെ വാഴ്ത്തിപ്പാടിയവരാണ് ഈ ചരിത്രകാരൻമാരിൽ മിക്കവരും. ബ്രിട്ടനിൽ പാർടി മത്സരങ്ങളും തർക്കങ്ങളും, തെരഞ്ഞെടുപ്പിലെ വലിയ വലിയ പ്രസംഗങ്ങൾ, പാമേഴ്സണിന്റെയും ചേംബർലെയ്നിന്റെയും ഗ്ലാഡ്സ്റ്റണിന്റെയും ഡിസ്റേയ്ലിയുടെയും അതിഗംഭീര

വും ഘോരഘോരവുമായ വാദപ്രതിവാദങ്ങളും, വിവാദങ്ങളും—ഇതെല്ലാമാണ് ലോകചരിത്രത്തിൽ സർവശ്രേഷ്ഠമായിട്ടുള്ളതെന്ന് ബ്രിട്ടീഷ് ചരിത്രകാരൻമാർ കരുതി. *റോമാസാമ്രാജ്യത്തിന്റെ തകർച്ചയും പതനവും* (Decline and Fall of the Roman Empire) എന്ന മഹാഗ്രന്ഥം രചിച്ച ഗിബ്ബണും ഇതിൽനിന്ന് മുക്തനായിരുന്നില്ല. റോമാസാമ്രാജ്യത്തിനെക്കുറിച്ചെഴുതുമ്പോഴും ബ്രിട്ടനായിരുന്നു അദ്ദേഹത്തിന്റെ മനസിൽ. ബ്രിട്ടനിലെ ഗ്ളാഡ്സ്റ്റോണിനെയോ ഡിസ്റേലിയെയോ വെല്ലിങ്ടൺ പ്രഭുവിനെയോ പോലെ റോമാചരിത്രത്തിലും സിസറോയും ഡെമോസ്തനീസും സീസറും സെനറും ഉണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ മഹത്തായ റോം, 19—ാം നൂറ്റാണ്ടിലെ ബ്രിട്ടന്റെ മൈക്രോ കോസമാണെന്ന മട്ടിലാണ് ആ ഗ്രന്ഥം രചിച്ചിരിക്കുന്നത്. എല്ലാ ചരിത്രവും, വിക്ടോറിയാ രാജ്ഞിയുടെ കാലത്ത് 'സംസ്കാര'ത്തിന്റെയും 'സ്വാതന്ത്ര്യ'ത്തിന്റെയും 'യുക്തി'യുടെയും 'മാനവികത'യുടെയും അത്യുച്ചകോടിയിലെത്തി എന്നായിരുന്നു ഈ ചരിത്രകാരൻമാരുടെ ധാരണ. നിറഞ്ഞുതുളുമ്പുന്ന ഈ ആത്മവിശ്വാസം ചരിത്രകാരൻമാരെ മാത്രമല്ല ബാധിച്ചിരുന്നത്. അന്നത്തെ പ്രധാനപ്പെട്ട കവികളിലൊരാളായ ടെന്നിസൺ പാടി;

'Ring out the old
Ring in the new
Ring happy bells
Across the snow.'

വിക്ടോറിയൻ കാലത്തിന്റെ ആത്മവിശ്വാസം ഈ വരികളിൽ തുളുമ്പിനിൽക്കുന്നുണ്ട്.

എന്നാൽ അന്നത്തെ ബ്രിട്ടൻ ഡിക്കൻസിന്റെ രാജ്യം കൂടിയായിരുന്നു. ഡിക്കൻസിന്റെ നോവലുകളിലൂടെ ദൃശ്യമാകുന്ന ദയനീയ കാലമായിരുന്നു അത്. ചരിത്രകാരൻമാർക്കും ഇതൊക്കെ അറിയാമായിരുന്നു. ഇത് സ്വാഭാവികമായി അവർ കരുതി. മനുഷ്യൻ സുന്ദരനാണെങ്കിലും അവനു മലമൂത്ര വിസർജനം ചെയ്യേണ്ടതുണ്ട്—മഹാവൃത്തികെട്ട സാധനമാണിത്! അതുപോലെ സമൂഹത്തിന്റെ പുരോഗതിക്ക് കുറെപ്പേർ ദുരിതമനുഭവിച്ചേ കഴിയൂ. അത് സാര

മില്ല! ഇന്ത്യയിലെന്ന് ആയിരക്കണക്കിന് മനുഷ്യർ ചത്തൊടുങ്ങിയ കഷ്ടാമങ്ങൾ താണ്ഡവമാടുകയായിരുന്നു. ബ്രിട്ടൻ ഇന്ത്യയെ കാൽക്കീഴിലിട്ട് ചവിട്ടിമെതിക്കുകയായിരുന്നു. പക്ഷെ അതൊന്നും പ്രശ്നമല്ല—ഗ്ലാഡ്സ്റ്റോണും, ടെന്നിസണും ഡാർവിനും—ഹാ! ഇതാണ് മാനവജാതിയുടെ അഞ്ചേയറം. എന്തുചെയ്യാൻ! ആഡംസ്മിത്തും റിക്കാർഡോയും പറയുന്നതുപോലെ ഇതൊക്കെ നടന്നുപോകുന്നു—ഈ ചിന്താഗതി അക്കാലത്തെ ചരിത്രരചനയെ ഗുരുതരമായി ബാധിച്ചിരുന്നു. ഇതേക്കുറിച്ച് അസാരസ്യം പുറപ്പെടുവിച്ചവരാണ് മാർക്സും ഡിക്കൻസും പോലെയുള്ളവർ. മഹത്തായ വിക്ടോറിയൻ സംസ്കാരത്തിന്റെ അഴുക്കുചാലുകളും സമൃദ്ധിയിലെ വിള്ളലുകളും നേരെ ഇവർ വിരൽചൂണ്ടി.

ഈ സമ്പൂർണ ചരിത്രരചനാ സിദ്ധാന്തത്തിന്റെ ഓരോ തരത്തിലുള്ള വ്യാഖ്യാനങ്ങളായിരുന്നു മറ്റെല്ലാ യൂറോപ്യൻ ചരിത്രരചനാരീതികളും. ബ്രിട്ടീഷ് ചരിത്രരചനാരീതിയിൽനിന്ന് അൽപം വ്യത്യസ്തമായിരുന്നു ഫ്രഞ്ചുകാരുടെ രീതികൾ. ഫ്രഞ്ചുവിപ്ളവത്തിന്റെ ക്ളാസിക്കൽ ചരിത്രകാരനായ മിച്ചലെയെയും അദ്ദേഹത്തെ ബഹുമാനിച്ചിരുന്ന കാർലൈലിനെയും പോലുള്ളവരുടെ രചനാരീതിയായിരുന്നു ഇത്. മാതൃകാവ്യവസ്ഥയിലേക്ക് ക്രമാനുഗതമായ പുരോഗതിയിലൂടെ ചെല്ലുന്നതിനു പകരം സംഘർഷങ്ങളിലൂടെയും കലാപങ്ങളിലൂടെയും ചെന്നെത്തുക എന്ന രീതിയാണ് അവർ സ്വീകരിച്ചത്. പക്ഷെ ഇവരും, ബ്രിട്ടീഷ് ചരിത്രകാരൻമാരെപോലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രജനങ്ങളുടെ ശോചനീയാവസ്ഥ കണ്ടതായി നടിച്ചതേയില്ല.

ഈ വീക്ഷണത്തിനൊരു വെല്ലുവിളിയുയർന്നത് ഒന്നാം ലോകമഹായുദ്ധം പുതിയ ഭീഷണികളുയർത്തിയപ്പോഴാണ്. അതുവരെയുള്ള സ്വയം സമ്പൂർണതയെപ്പറ്റിയുള്ള എല്ലാ ധാരണകളും ഭയപ്പാടായി മാറി. യുദ്ധം അവയ്ക്ക് മേൽ കനത്ത ആഘാതം ഏൽപിച്ചു. അപ്പോഴാണ് പ്രസിദ്ധനായ ഓസ്വാൾഡ് സ്പെംഗ്ളർ തന്റെ പടിഞ്ഞാറിന്റെ

അധ:പതനം (DECLINE OF THE WEST) എന്ന പ്രകോഷോജനകമായ പുസ്തകം പ്രസിദ്ധീകരിച്ചത്. ഏത് തരത്തിലാണ് പാശ്ചാത്യലോകം തകരുന്നതെന്നും ലോകനേതൃത്വം അവർക്ക് കൈവിട്ടുപോയിക്കൊണ്ടിരിക്കുന്നതെങ്ങനെയെന്നുമാണ് ഇതിന്റെ വിഷയം. 1930—ൽ ചരിത്രരചനയാരംഭിച്ച ആർനോൾഡ് ടൊയ്ൻബിയെയും ഈ ഭീതി കടന്നുപിടിച്ചിരുന്നു. (STUDY OF HISTORY) എന്ന ബൃഹദ്ഗ്രന്ഥത്തിൽ ലോകചരിത്രത്തിന്റെ ചലനത്തിന് ചാക്രികസ്വഭാവമാണുള്ളതെന്ന് അദ്ദേഹം വാദിച്ചു. ലോകത്തെയാകെ ഇരുപത്തിയൊന്ന് കൾച്ചറൽ യൂണിറ്റുകളായി അദ്ദേഹം ഭാഗിച്ചു. ഇവയിലോരോന്നിനും ജനനം, വളർച്ച, യൗവനം, വാർധക്യം, മരണം എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. അങ്ങനെ യൂറോപ്പ് നാശത്തിലേക്ക് വഴുതിവീഴുകയാണ്. 19—ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന ആത്മവിശ്വാസത്തിന്റെ ഒരു തരിപോലും സ്പെംഗ്ളറിന്റെയോ ടൊയ്ൻബിയുടെയോ ചരിത്രഗ്രന്ഥങ്ങളിൽ ദൃശ്യമല്ല. ഇതൊരു വശമാണ്. മറുഭാഗത്ത് മറ്റൊരു തരത്തിലുള്ള ചരിത്രരചനയും യുദ്ധത്തിന്റെ കെടുതികളിൽനിന്ന് ഉയർന്നുവന്നു. എല്ലാ ദുരിതങ്ങളിൽനിന്നും മനുഷ്യനുയരാൻ കഴിയുമെന്നും ശാസ്ത്രം അവനെ സഹായിക്കുമെന്നും ഈ സമ്പ്രദായത്തിന്റെ വക്താക്കൾ പറഞ്ഞു. യുദ്ധത്തിനെതിരായ സമരം ആദ്യം ഉണ്ടാകുന്നത് ഇതോടെയാണ്. 1871—ൽ ഫ്രാൻസും ജർമനിയും യുദ്ധം ചെയ്തപ്പോൾ അതിനെതിരെ മാർക്സിന്റെ ദുർബലമായ ശബ്ദം ഉയർന്നു. എന്നാലും യുദ്ധത്തിനെ എതിർക്കുന്ന ഒരു പ്രസ്ഥാനംതന്നെ നിലവിൽ വന്നത് ഒന്നാം ലോകമഹായുദ്ധത്തിനുശേഷമാണ്. യുദ്ധത്തെ എതിർത്ത് മഹാനായ ബർട്രാൻറ് റസലിനെപ്പോലുള്ളവർ ജയിലിൽപോലും പോകാൻ തയ്യാറായി. അദ്ദേഹത്തെ അനുകൂലിച്ച എച്ച് ജി വെൽസ് തീർത്തും വ്യത്യസ്തമായ വീക്ഷണത്തോടുകൂടി 'ലോകചരിത്ര സംഗ്രഹം' (Outline of world History) എന്ന ചരിത്രം രചിച്ചു. "ലോകത്തിലെ ആദ്യത്തെ ബെസ്റ്റ്സെല്ലർ ചരിത്ര രചന"യെന്ന് മറ്റൊരു ചരിത്രകാരനായ വിൽഡ്യൂറൻറ് ഇതിനെക്കുറിച്ച് പറയുകയുണ്ടായി.

ചരിത്രം പണ്ഡിതലോകത്തിന്റെ കുത്തകയല്ലെന്നും അതെല്ലാവർക്കുമുള്ളതാണെന്നും വെൽസ് ഈ കൃതിയിലൂടെ തെളിയിച്ചു. ഇതാണ് ചരിത്രത്തെക്കുറിച്ചുള്ള പുതിയ ലിബറൽ വീക്ഷണം. ഇത് പുതിയൊരു ലോകം സ്വപ്നം കാണുന്നു. ചരിത്രത്തിലെ മഹാൻമാരെ ഇതുയർത്തിക്കാട്ടി. വെൽസ് ഇന്ത്യക്കും ഇന്ത്യയിലെ മഹാൻമാർക്കും വേണ്ടത്ര പ്രാധാന്യം നൽകി. പക്ഷെ ലോകചരിത്രത്തെപ്പറ്റി സമ്പൂർണവും നിഷ്പക്ഷവുമായ വീക്ഷണമായിരുന്നില്ല അത്. ഇസ്ലാം വിപ്ലവത്തിന്റെ പ്രാധാന്യം അദ്ദേഹത്തിന് മനസിലായില്ല. വളരെയേറെ കഠിനമായ ആക്ഷേപപദങ്ങളും ഉപയോഗിച്ചാണ് അദ്ദേഹം മുഹമ്മദ് നബിയെക്കുറിച്ച് പറയുന്നത്. പക്ഷെ ഈ വീക്ഷണം അടിസ്ഥാനപരമായി ലോകസമാധാനത്തിനുവേണ്ടിയായിരുന്നു. ലോകശാന്തിക്കായി ചരിത്രത്തെ ഒരു പ്രധാന ആയുധമാക്കി വളർത്തിക്കൊണ്ടുവരാൻ ഈ ചരിത്രത്തിനായി.

ഈ ഘട്ടത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രവണത ചരിത്രത്തിൽ പ്രവേശിച്ചതു് മാർക്സിസ്റ്റ് ചരിത്രവീക്ഷണത്തിലൂടെയാണ്. അക്കാലത്ത് മാർക്സ് തന്നെയെഴുതിയ *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ* *ഫ്രാൻസിലെ ആഭ്യന്തരയുദ്ധം*, *ഫ്രാൻസിലെ വർഗസമരങ്ങൾ* എന്നീ കൃതികളിൽ ഒരു ചരിത്രവീക്ഷണമുണ്ട്. ഇതിനോടൊപ്പം 19–ാം നൂറ്റാണ്ടിൽ വളർന്നുവന്ന മറ്റൊരു ചരിത്രവീക്ഷണം കൂടിച്ചേർന്നു—പുരോഗതി. ഇന്ന് ഈ വാക്ക് യാതൊരു പുതുമയും ഉളവാക്കുന്നില്ല. ഫ്രഞ്ചുവിപ്ലവത്തിനടിത്തറയിട്ട ചിന്തകൻമാരിലൂടെ ലോകം നിരന്തരമായി മാറിക്കൊണ്ടിരിക്കുന്നുവെന്നും ആ മാറ്റം പുരോഗതിയിലേക്കാണെന്നുമുള്ള ആശയം ലോകം മുഴുവൻ പരന്നു. ഇതിന്റെ വിശദമായ രൂപത്തിലുള്ള ഒരു സിദ്ധാന്തമാണ് ഹെഗലിന്റെ ചരിത്രസിദ്ധാന്തം. എല്ലാം നിരന്തരമായി മാറിക്കൊണ്ടിരിക്കുന്നു. പരസ്പര വിപരീതങ്ങളും തമ്മിലുള്ള സംഘട്ടനങ്ങളിലൂടെയാണ് ഈ മാറ്റം. എല്ലാത്തിനും ആന്തരികമായ വൈരുധ്യങ്ങളും സംഘർഷങ്ങളുമുണ്ട്. ഈ സിദ്ധാന്തങ്ങളെ പുരോഗതിയുടെ ചരിത്രസിദ്ധാന്തത്തിന്റെ ദാർശനിക നിലപാടിലേക്ക് ഹെഗൽ ഉയർത്തിക്കാട്ടി. ഹെഗലിന്റെ സമകാലീനരായിരുന്ന ബ്രിട്ടീ

ഷ് ചരിത്രകാരൻമാരുടെ ധാരണ ലോകം അന്നത്തെ ബ്രിട്ടീഷ് വ്യവസ്ഥിതിയിലൂടെ പരിവർത്തനത്തിന്റെയും നൻമയുടെയും മൂർധന്യത്തിലെത്തിക്കഴിഞ്ഞു എന്നതാണ്. അതിന് മുമ്പത്തെ മധ്യകാലയുഗത്തെപ്പോലെയും അതിന് മുമ്പുണ്ടായിരുന്ന റോമാകാലഘട്ടത്തെപ്പോലെയും ഈ കാലഘട്ടവും കഴിഞ്ഞുപോകുമെന്നും വ്യത്യസ്തമായ മറെറാരു യുഗം പിറക്കുമെന്നും അവർ ധരിച്ചില്ല. 'കേശവം പ്രതിഗച്ഛതി' എന്ന് പറഞ്ഞതുപോലെ, എല്ലാ പുഴകളും സമുദ്രത്തിലവസാനിക്കുന്നുവെന്ന് പറയുന്നതുപോലെ എല്ലാമെല്ലാം ഫ്രഞ്ചുവിപ്ളവത്തിലവസാനിക്കുന്നുവെന്ന് ഫ്രഞ്ചുകാരും തങ്ങളുടെ വികടോറിയൻ വ്യവസായ പുരോഗതിയിൽ അവസാനിക്കുന്നുവെന്ന് ബ്രിട്ടീഷുകാരും പറഞ്ഞു. ഈ ധാരണ ഹെഗലിനും ഉണ്ടായിരുന്നു. ലോകചരിത്രത്തിൽ ശങ്കരനോടും, ഉദ്ദാലകനോടും, യാജ്ഞവൽക്യനോടും, അരിസ്റോട്ടിലിനോടും തുല്യനായ ഹെഗലും ഈ സങ്കുചിത ദേശീയതയിൽനിന്ന് മുക്തനായിരുന്നില്ല. യുഗയുഗാന്തരങ്ങളായി മനുഷ്യൻ പുരോഗമിച്ചുകൊണ്ടിരുന്നത്, അവന്റെ ത്വര അവനെ കൊണ്ടെത്തിച്ചത് പ്രഷ്യൻ ഭരണകൂടം എന്ന സാക്ഷാൽകാരത്തിലേക്കാണെന്ന് അദ്ദേഹം ധരിച്ചു. എന്നാൽ ഹെഗലായാലും, മിച്ചലെയായാലും അംഗീകരിച്ച സംഗതിയാണ് പുരോഗതി. അതുണ്ടെന്ന് ഉറപ്പാണ്. പുരോഗതി നൻമയിലേക്കോ എന്നൊരു ചോദ്യം ഉയർന്നുവന്നു. പ്രാചീന ഭാരതീയ വീക്ഷണമനുസരിച്ച് പുരോഗതി നൻമയിലേക്കല്ല. അതുകൊണ്ടാണല്ലോ ത്രേതായുഗം, ദ്വാപരയുഗം എന്നിങ്ങനെയുള്ള മഹത്തായ യുഗങ്ങളും കഴിഞ്ഞ് നാശത്തിന്റെതായ കലിയുഗം സംജാതമാകുമെന്ന് പുരാണങ്ങളും പറയുന്നത്. 'അപ്പോകാലിപ്ടിക്ക്' എന്നാണ് ഈ വീക്ഷണത്തിന്റെ പേർ. ഭാരതത്തിൽ മാത്രമല്ലായിരുന്നു ഈ വീക്ഷണം. ഫ്രഞ്ചുരാഷ്ട്രീയ വിപ്ളവത്തിന്റെയും ഇംഗ്ളീഷ് വ്യവസായ വിപ്ളവത്തിന്റെയും ജർമൻ ദാർശനികവിപ്ളവത്തിന്റെയും അനുഭവങ്ങളിലൂടെ കടന്നുപോകാത്ത എല്ലാ പരമ്പരാഗത സമൂഹങ്ങളും ഈ ധാരണയുണ്ടായിരുന്നു. യോഹന്നാന്റെ വെളിപാട് പുസ്തകവും മനുഷ്യരാശിക്ക് വരാനിരിക്കുന്ന

നാശത്തെപ്പറ്റിയാണ് പറയുന്നത്. ഈ ധാരണയുടെ മറ്റൊരു രൂപമാണ് പഴയകാലത്തുണ്ടായിരുന്ന 'സുവർണയുഗ'ത്തെക്കുറിച്ചുള്ള സങ്കൽപം. എല്ലാ ചരിത്രത്തിലും ഒരു 'സുവർണയുഗം' ഉണ്ടല്ലോ—ഇന്ത്യാ ചരിത്രത്തിൽ ഗുപ്തയുഗം, ബ്രിട്ടീഷ് ചരിത്രത്തിൽ ആൽഫ്രഡിന്റെ കാലം, ഫ്രഞ്ചുചരിത്രത്തിൽ ലൂയി പതിനാലാമന്റെ കാലം, ജർമൻ ചരിത്രത്തിൽ ഫ്രെഡറിക്ക് ദ ഗ്രേറ്റിന്റെ കാലം. ഈ സുവർണയുഗത്തെക്കുറിച്ചുള്ള സങ്കൽപത്തിന്റെ ഭാഗമാണ് അതിൽനിന്ന് കീഴോട്ട് പോക്കുണ്ടായി എന്ന സങ്കൽപവും.

നേരത്തെ സൂചിപ്പിച്ച ചരിത്രരചനാ രീതികളിൽനിന്ന് മാർക്സ് കുറെ കാര്യങ്ങൾ സൂചിപ്പിച്ചു. വൈരുധ്യങ്ങൾ എന്ന് ഹെഗൽ പറഞ്ഞപ്പോൾ ആശയങ്ങളെയാണ് അദ്ദേഹം ഉദ്ദേശിച്ചത്. വിപരീതങ്ങളുടെ സംഘർഷത്തിലൂടെ ലോകം പുരോഗമിക്കുന്നുവെന്ന് ഹെഗൽ പറയുമ്പോൾ നമ്മൾ മനസിലാക്കേണ്ടത് വ്യവസ്തവും വിരുദ്ധവുമായ ആശയങ്ങളുടെ സംഘട്ടനം എന്നാണ്. അതുകൊണ്ടാണ് അദ്ദേഹം ആശയവാദിയായത്. ഇതിൽനിന്ന് വ്യത്യസ്തമായ നിലപാടാണ് മാർക്സ് സ്വീകരിച്ചത്. ആശയങ്ങൾ ജീവിക്കുന്ന മനുഷ്യരുടെ പ്രതിഫലനം മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. വസ്തുക്കളാണ് പ്രധാനം, ആശയങ്ങളല്ല. സമൂഹത്തിൽ മുഖ്യ സംഘർഷം ആശയങ്ങൾ തമ്മിലല്ല. പക്ഷെ, ആശയങ്ങൾ തമ്മിൽ സംഘർഷമില്ലെന്നല്ല. സമൂഹത്തിലെ യഥാർഥ സംഘർഷങ്ങളുടെ പ്രതിഫലനമാണ് അവയെന്ന് മാത്രം.

പിൽകാലത്ത് *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യുടെ പുതിയ പതിപ്പിറങ്ങിയപ്പോൾ അടിക്കുറിപ്പായി എംഗൽസ് ഒരു ഭേദഗതി എഴുതി;

"അറിയപ്പെട്ട ഇതുവരെയുള്ള മുഴുവൻ ലോകചരിത്രവും വർഗസമരങ്ങളുടെ ചരിത്രമായിരുന്നുവെന്ന് ഞങ്ങൾ പറഞ്ഞത് 1848–ലെ സാമൂഹ്യവിജ്ഞാനത്തിന്റെ തലത്തിൽനിന്നായിരുന്നു." അതിനുശേഷം വളരെ വികസിച്ച ഒന്നാണ് നരവംശശാസ്ത്രം. നരവംശശാസ്ത്രപ്രകാരം വർഗസമൂഹം രൂപീകരിക്കുന്നതിന് മുമ്പ് നീണ്ട ഒരു കാലഘട്ടമുണ്ടായിരുന്നു. *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ* ഇതിനെ

പൂർണമായും കാണാതിരുന്നില്ല. ആദ്യത്തെ വർഗസമൂഹമായ അടിമത്തത്തിനുമുമ്പ് പ്രാകൃത കമ്യൂണിസം എന്നൊരു ഘട്ടമുണ്ടായിരുന്നതായി ഇതിൽ പറയുന്നുണ്ട്. ഈ പ്രാകൃത സമൂഹത്തിന്റെ ഘടകങ്ങളെപ്പറ്റി, സ്വഭാവങ്ങളെപ്പറ്റി ഒക്കെ വേണ്ടത്ര അറിവ് അന്നുണ്ടായിരുന്നില്ല. 1860-കൾക്ക് ശേഷമാണ് നരവംശശാസ്ത്രം വളർന്നത്. *പ്രിമിറ്റീവ് സൊസൈറ്റി* എന്ന പുസ്തകമെഴുതിയ ഇ വി ടെയ്ലർ, മാർക്സിനെയും എംഗൽസിനെയും സ്വാധീനിച്ച അമേരിക്കക്കാരനായ ഹെൻറിമോർഗൻ—ഇവരിൽനിന്നും ഒരു പുതിയ ശാസ്ത്രം ഉദ്ഭവിക്കുകയായിരുന്നു. വർഗവ്യത്യാസം സമൂഹത്തിലുണ്ടാകുന്നതിനുമുമ്പ് ഏറ്റവും താഴ്ന്ന ഉൽപാദനോപാധികളുപയോഗിച്ച് ജീവിച്ചിരുന്ന ഗോത്ര സമൂഹത്തെപ്പറ്റി വിശദമായ പഠനങ്ങളും വളർന്നതോടെയാണ് ഈ ശാഖയും വളർന്നത്. അതുകൊണ്ടാണ് 'ഇതുവരെ അറിയപ്പെട്ട ചരിത്ര'മെന്ന് എടുത്തുപറഞ്ഞത്; അക്കാലത്ത് പ്രാകൃത സമൂഹങ്ങളെക്കുറിച്ചുള്ള അറിവ് തീരെ അപര്യാപ്തമായിരുന്നല്ലൊ. അതുകൊണ്ട് ഈ ഭേദഗതിയോട് കൂടിവേണം *മാനിഫെസ്റ്റോ*യിലെ ആദ്യവാചകം മനസിലാക്കാൻ എന്ന് എംഗൽസ് പറഞ്ഞു. ഇന്ന് നരവംശശാസ്ത്രത്തിന്റെ തെളിവുകളുപയോഗിച്ച് ചരിത്രം പഠിക്കുന്ന രീതി വളർന്നുവന്നിരിക്കുന്നു. ദൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാലയിലെ പ്രൊഫസറും പ്രസിദ്ധ ചരിത്രകാരിയുമായ റൊമിലാ ഥാപ്പർ ഇന്ത്യയിലെ ഭരണകൂടരൂപീകരണമെങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് പുരാണങ്ങളും മറ്റ് പുരാവസ്തുക്കളും അടിസ്ഥാനമാക്കിയെഴുതിയ *വംശമൂറയിൽനിന്ന് ഭരണകൂടത്തിലേക്ക്* എന്ന പുസ്തകം ഈ രീതിക്ക് ഉദാഹരണമാണ്. എന്നാൽ നരവംശശാസ്ത്രത്തെളിവുകളെ കണക്കിലേറെ ഉപയോഗിക്കുന്നതും അപകടകരമാണ്. പ്രസിദ്ധനായ ഇന്ത്യൻ പണ്ഡിതൻ ആർ എസ് ശർമ ഈയഭിപ്രായക്കാരനാണ്. വർഗസമൂഹം ഉടലെടുക്കുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന ചില നിയമങ്ങളും പിൽക്കാലത്തെ സമൂഹത്തിലേക്ക് എഴുതിച്ചേർക്കുന്നതും ഇന്നത്തെ മനുഷ്യരുടെ പ്രവർത്തനങ്ങളെ ഇവയുടെ വെളിച്ചത്തിൽ വിലയിരുത്തുന്നതും അശാസ്ത്രീയമാണ്.

ബയോളജിയും സോഷ്യോളജിയുമൊക്കെ കൂട്ടിക്കലർത്തിയ ചരിത്രപരമായി പ്രാധാന്യമുള്ള ചില പുസ്തകങ്ങളുണ്ട്. ഡെസ്മണ്ട് മോറിസിന്റെ *നേക്കഡ് ഏപ്പ്* ഇത്തരത്തിലുള്ള ഒരു പുസ്തകമാണ്. *ദ ടെറിട്ടോറിയൽ ഇംപരേറ്റീവ്*, *ദ ആഫ്രിക്കൻ ജനസിസ്* മുതലായവക്കും ഇതേ സ്വഭാവമാണുള്ളത്. നോബൽ സമ്മാനം നേടിയ കോൺറാടും അദ്ദേഹത്തിന്റെ *ഓൺ അഗ്രഷൻ* എന്ന പുസ്തകത്തിൽ ഏതാണ്ട് ഇതേ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഈ കൃതികളിലൊക്കെ ഇവർ പരിണാമഘട്ടത്തിൽ കുരങ്ങൻമാരുടെ സ്വഭാവമെന്ത്? മറ്റ് മൃഗങ്ങളുടെ സ്വഭാവമെന്ത്? മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള അതിർത്തിവരമ്പ് വളരെ ലോലമായിരുന്നപ്പോൾ മനുഷ്യരെങ്ങനെ പെരുമാറിത്തുടങ്ങി? മുതലായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ തേടുകയും അവ ഉപയോഗിച്ച് ആധുനിക സമൂഹത്തിന്റെ രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്താനൊരുങ്ങുകയും ചെയ്യുന്നു.

ഇതിന്റെ ഭാഗം തന്നെയാണ് ബിഹേവിയറിസ്റ്റ് സിദ്ധാന്തവും. Materialism coming with a vengence എന്നാണ് ഇത് വിശേഷിപ്പിക്കപ്പെട്ടത്. ഇതനുസരിച്ച് മനുഷ്യൻ വെറും രാസപദാർഥമാണ്. നിശ്ചിത തൂക്കം വെള്ളവും സാന്ദ്രവും ഉപ്പും ഒക്കെ കൂടിക്കഴിഞ്ഞാൽ മനുഷ്യനായി. അവന്റെ പെരുമാറ്റം ഒരു കമ്പ്യൂട്ടറുപോലെ. സ്കിന്നറും വാട്സണും മറ്റുമാണ് ബിഹേവിയറിസത്തിന്റെ തലതൊട്ടപ്പൻമാർ. യഥാർഥത്തിൽ അമിത വ്യവസായവൽകൃത രാജ്യങ്ങളിലെ ജനങ്ങളെ ഉൽപാദനയന്ത്രത്തിന്റെ ആണികളും ചക്രങ്ങളും മാത്രമായി മെരുക്കിയെടുക്കാനുള്ള സാമൂഹ്യ സിദ്ധാന്തത്തിന്റെ ഭാഗമാണിത്.

ഇവയെല്ലാം ചരിത്രത്തിന്റെയും ചരിത്രേതര ശാസ്ത്രങ്ങളുടെയും അതിർവരമ്പിൽ നിൽക്കുന്ന കാര്യങ്ങളാണെന്നും നമ്മളോർക്കണം. ഈ നൂറ്റാണ്ടിൽ എംഗൽസ് തുടങ്ങിവെച്ച 'സ്ഥാപനങ്ങളുടെ ചരിത്രം' തന്നെ വളരെ വളർന്നിരിക്കുന്നു. *കുടുംബം, സ്വകാര്യസ്വത്ത്* എന്നിവയിൽനിന്ന് തുടങ്ങി പിന്നീട് നിരവധി നരവംശശാസ്ത്രജ്ഞർ അനേകം മഹത്തായ സംഭാവനകളും നൽകിയിട്ടുണ്ട്. ആചാരങ്ങളുടെ പഠനത്തിലൂടെ നരവംശശാസ്ത്രം പിന്നെയും വളർന്നു.

യൂറോപ്പിൽ ജനങ്ങളും എങ്ങനെ ജീവിച്ചിരുന്നുവെന്നതിനെക്കാളും ആഫ്രിക്കയിലും ലാററിൻ അമേരിക്കയിലും ഇന്ത്യയിലെ ആദിവാസികേന്ദ്രങ്ങളിലും മനുഷ്യർ എങ്ങനെ ജീവിച്ചിരുന്നു എന്നു് പഠിക്കുന്ന രീതിയിലേക്കു് ചരിത്രം പിന്നെയും വളർന്നു. ഇതിന്റെയൊക്കെ സ്വാധീനംമൂലം ഈ നൂററാണ്ടാദ്യംതന്നെ മലയാളിയായ അനന്തകൃഷ്ണയ്യർ മുതലായവർ ചേർന്നു് ഇന്ത്യയിൽ നരവംശശാസ്ത്രത്തിനു് അടിത്തറയിട്ടു.

II

ചരിത്രരചനയിലെ പുതിയ രീതികളെക്കുറിച്ചാണു് ഇനി പറയാനുള്ളതു്. ഭൂരിപക്ഷം ജനങ്ങളുടെയും ചരിത്രം എഴുതപ്പെട്ടില്ല എന്നും അതു് എഴുതപ്പെടേണ്ടതാണെന്നും വിശദീകരിച്ചല്ലൊ. മറെറാരു പുസ്തകം പരിചയപ്പെടുത്താം. ജെ എഫ് സി ഹാരിസൺ എഴുതിയ *കോമൺ പീപ്പിൾ— എ ഹിസ്ററി ഫ്രം നോർമൻ കോൺക്വെസ്ററ് ടു ദി പ്രസൻറ്*. ഈ പുസ്തകം വായിക്കുമ്പോഴും, ഇംഗ്ലീഷ് ചരിത്രം വായിച്ചിട്ടുള്ളവർ, 'വിക്ടോറിയ' എന്ന പേരുപോലും പരാമർശിക്കാത്ത ഈ പുസ്തകം ചരിത്രമാണോ എന്നു് സംശയിക്കും. എന്നാലിതു് സത്യത്തിൽ വിചിത്രമല്ല. ഇംഗ്ലീഷ് ചരിത്രത്തിൽ ഇന്നു് സുപ്രധാനമായി കരുതപ്പെടുന്ന ഒരു സംഭവമാണല്ലൊ ജോൺ രാജാവിന്റെ *മാഗ്നാകാർട്ട*. എന്നാൽ അറുനൂറു് വർഷത്തോളം ഇതിന്റെ പ്രാധാന്യം ആരും മനസിലാക്കിയിരുന്നില്ല. 19–ാം നൂററാണ്ടിൽ ജനാധിപത്യത്തിന്റെ വേലിയേററം ബ്രിട്ടനിലുണ്ടായപ്പോഴാണു് ചരിത്രകാരൻമാരുടെ ശ്രദ്ധ ഇതിലേക്കു് തിരിഞ്ഞതു്. *മാഗ്നാകാർട്ട* സംഭവം ഉണ്ടായശേഷം മുന്നൂറു് കൊല്ലം കഴിഞ്ഞു് അക്കാലത്തെക്കുറിച്ചു് ഷേക്സ്പിയർ എഴുതിയപ്പോഴും ആ പേരു് പോലും പരാമർശിച്ചിട്ടില്ലായിരുന്നു.

ഇന്ത്യാ ചരിത്രത്തിൽനിന്നു് തന്നെ ഉദാഹരണങ്ങളെടുക്കാം. ഞങ്ങൾ ഇൻറർ മീഡിയററിനു് തിരുവിതാംകൂർ ചരിത്രം പഠിക്കുമ്പോഴും അതിൽ അയ്യൻകാളിയോ രാമകൃഷ്ണപിള്ളയോ അന്നു് സുപ്രസിദ്ധനായിരുന്ന ശ്രീ നാരായ

ണനോ ഉണ്ടായിരുന്നില്ല. എന്റെ വിദ്യാഭ്യാസം കഴിയുംമുമ്പ് നാരായണഗുരുവിന്റെ ഏറ്റവും ഉൽകൃഷ്ടനായ ശിഷ്യനും ആ കാലഘട്ടത്തിന്റെ ക്രിയേറ്റീവ് ജീനിയസുമായിരുന്ന കുമാരനാശാൻ മരിച്ചുകഴിഞ്ഞിരുന്നു. എന്നിട്ടും നാരായണഗുരു ചരിത്രത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടില്ല. ഇപ്പോഴും ഇതുപോലെ പലരും ചരിത്രത്തിൽ അംഗീകരിക്കപ്പെട്ടിട്ടില്ലാത്തവരായുണ്ട്. 'മഹാരാഷ്ട്രത്തിലെ ശ്രീ നാരായണൻ' എന്ന് വിളിക്കാവുന്ന ജ്യോതിബാഫുലെ; വേലുത്തമ്പിയെപ്പോലെ തന്നെ ധീരനും ആദർശവാനുമായിരുന്ന ഗോത്രത്തലവൻ ബിർസാമുണ്ട; വഹാബി പ്രസ്ഥാനത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരായി പോരാടിയ ടിറൂമീർ; ഇനിയും എത്രയോ പേരുകൾ. നമ്മുടെ സ്കൂളുകളിലും കോളെജുകളിലും ചരിത്രം പഠിക്കുന്നവരിൽ എത്ര പേർക്ക് ഇവരെക്കുറിച്ച് എന്തെങ്കിലും അറിയാം. എന്തായാലും വളരെയധികം ആളുകൾ ഉണ്ടാവില്ലെന്ന് നിസംശയം പറയാം.

സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ ഇന്ത്യാ ചരിത്രത്തെക്കുറിച്ച് പല പുതിയ കാര്യങ്ങൾ നാം അറിഞ്ഞുതുടങ്ങി. സ്വാതന്ത്ര്യസമരകാലത്തും അതിനുശേഷമുള്ള പത്തിരുപത് വർഷംകൊണ്ടും വേലുത്തമ്പി, പഴശ്ശിരാജാ. ഝാൻസിറാണി, കട്ടബൊമ്മൻ, ചിറ്റൂർ ചിന്നമ്മ ഇവരൊക്കെ അറിയപ്പെട്ടു. ഇന്ന് അതിന്നപ്പുറംപോയി അവഗണിക്കപ്പെട്ട അധഃസ്ഥിതരുടെയും അവരുടെ പ്രസ്ഥാനങ്ങളുടെയും ചരിത്രം എഴുതപ്പെടാൻ തുടങ്ങുന്നു. അങ്ങനെയാണ് ബിർസാമുണ്ടയെയും ടിറൂമീറിനെയും മറ്റും നാം ആദ്യം അറിയുന്നത്. മേലേക്കിടക്കാരിൽനിന്ന് അധഃസ്ഥിതരിലേക്കിറങ്ങിവന്ന ചരിത്രം ഇന്ന് ആ പ്രസ്ഥാനങ്ങൾക് പിന്നിൽ അണിനിരന്ന ജനവിഭാഗങ്ങളുടെ ചരിത്രംതന്നെയായി മാറുന്നു.

ഈ പുതിയ ചരിത്രം രചിക്കുന്നതിന് പല മാർഗങ്ങളുമുണ്ട്. അതിലൊന്നാണ് *സബാൾടേൺസ് റൈസിങ്സ്*. അധഃസ്ഥിത ജനവിഭാഗങ്ങളുടെ ചരിത്രമെന്ന നിലക്കാണ് രണജിത്ഗുഹ *സബാൾടേൺസ് റൈസിങ്സ്* എന്ന പേരിൽ നാല് വാള്യങ്ങളുള്ള ഒരു പുസ്തകം പ്രസിദ്ധീകരിച്ചത്. ഈ സിദ്ധാന്തത്തിന്റെ ശക്തി ദൗർബല്യങ്ങളെക്കുറിച്ച് പറയാം. ചരി

ത്രരചനക്കാവശ്യമുള്ള രേഖകളിൽ ഭൂരിഭാഗവും അധഃസ്ഥിതർക്ക് എതിരായുള്ളവയാണ്. വരേണ്യവർഗത്തിന്റെ സൃഷ്ടികളാണവ. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരാകട്ടെ വളരെ രേഖകളൊന്നും അവശേഷിപ്പിച്ചിട്ടുമില്ല. അപ്പോഴും ലഭ്യമായ രേഖകളിൽനിന്ന് അധഃസ്ഥിതരുടെ ചരിത്രം രചിക്കേണ്ടതെങ്ങനെ എന്ന പ്രശ്നം വരുന്നു. ചരിത്രരചനക്കായി സാധാരണ ഉപയോഗിക്കപ്പെടാത്ത രേഖകളും ഉപയോഗിക്കുകയാണ് ഒരു മാർഗം. നമ്മുടെ നാട്ടിൽ ഇത്തരത്തിലുപയോഗിക്കാൻ കുടുംബ രേഖകളുണ്ട്. ഇംഗ്ലണ്ടിൽ അവരുടെ ഇടവക (Parish) രേഖകളാണവരുപയോഗിക്കുക. എല്ലാ ജനനമരണങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും ഇടവകകളിൽ രേഖപ്പെടുത്തും. അത്യന്തം വിശ്വാസ്യമായ രേഖകളാണിവ. ഈ രേഖകളെ ആസ്പദമാക്കിയാണ് *ക്യാപ്ടൻ സ്വിംഗ്* എന്ന പേരിൽ വളരെ പ്രസിദ്ധമായ ഒരു ചരിത്രപുസ്തകം ജോർജ് റൂഡ്, എറിക് ഹോബ്സ്ബോം എന്നീ രണ്ടുപേർ ചേർന്ന് തയ്യാറാക്കിയത്. ബ്രിട്ടീഷ് ചരിത്രകാരൻമാർക് ബ്രിട്ടീഷ് സമൂഹത്തെക്കുറിച്ച് ചില 'ക്ളാസിക്' ധാരണകളുണ്ട്. ഇവയിൽ പലതിനെയും തൂത്തെറിയുകയാണ് ഈ പുസ്തകം ചെയ്തത്. ഉദാഹരണത്തിന് അക്രമങ്ങൾ ഇടക്കിടെ ഉണ്ടാവാറുണ്ടെങ്കിലും പൊതുവെ വളരെ ശാന്തമായാണ് ബ്രിട്ടീഷ് സമൂഹത്തിൽ മാറ്റങ്ങളുണ്ടായതെന്നാണ് ധാരണ. *ക്യാപ്ടൻ സ്വിംഗ്* നൽകുന്ന തെളിവുകൾ നേരെ മറിച്ചാണ്. ഇംഗ്ലീഷ് ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ഗ്രാമങ്ങളിലും ചോദ്യം ചെയ്തവനെതിരെ, പാട്ടക്കാര്യത്തിൽ എന്തെങ്കിലും തർക്കം ഉന്നയിച്ചവനെതിരെയൊക്കെ ഭീകരമായ അക്രമം അഴിച്ചുവിട്ടിരുന്നു. ഇംഗ്ളണ്ടിലെ ചരിത്രകാരൻമാരെയും വായനക്കാരെയും ഞെട്ടിച്ച സംഭവങ്ങളാണ് ജോർജ് റൂഡിനെപ്പോലുള്ളവർ വെളിച്ചത്തു കൊണ്ടുവന്നത്. ഇതാണ് സബാൾടൻ രീതി. രേഖകൾ അവശേഷിപ്പിച്ചിട്ടില്ലാത്തവരായ ജനങ്ങളുടെ ചരിത്രം രചിക്കുക. *ദ ക്രൗഡ് ഇൻ ഫ്രഞ്ച് റവലൂഷൻ* എന്ന ജോർജ് റൂഡിന്റെ മറെറാരു രചന നല്ലൊരു മാതൃകയാണ്. ഇതിനുവേണ്ടി പുതിയ രീതിയിലുള്ള തെളിവ് ശേഖരിക്കലും സമ്പ്രദായങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വള

രെ അപ്രധാനമെന്ന് എല്ലാവരും കരുതുന്ന ഒരു മുൻസിഫ് കോടതിയിലെ ഇരുനൂറോ നാനൂറോ കൊല്ലം പഴക്കമുള്ള ഒരു കൊലക്കേസ് സംബന്ധിച്ച വിവരങ്ങളിൽനിന്നോ ഒരു എഫ് ഐ ആർ റിപ്പോർടിൽനിന്നോ ഇതുവരെ ചരിത്രപരമായി ഒരു പ്രാധാന്യവുമില്ലെന്ന് കരുതിയിരുന്ന ചില രേഖകളിൽനിന്നോ ഇതുവരെ അനാവരണം ചെയ്യാൻ കഴിയാതിരുന്ന ചില മേഖലകളിലേക്ക് വെളിച്ചം വീശാൻ ഇവർക് കഴിയുന്നു എന്നതാണ് സബാൾടേൺ ചരിത്രകാരൻമാരുടെ ശക്തി.

പക്ഷെ ഈ രീതിക്ക് പ്രധാനപ്പെട്ട ഒരു ന്യൂനതകൂടിയുണ്ട്. വരേണ്യവർഗത്തിനേതിൽനിന്നും വ്യത്യസ്തമായ ഒരു ചരിത്രം അധഃസ്ഥിതർക്കുണ്ടെന്നും അത് പുനരുദ്ധരിക്കപ്പെടേണ്ടതാണെന്നും ഉള്ള വാദത്തിൽ തർക്കമില്ല. എന്നാൽ സബാൾടേൺ ചരിത്രകാരൻമാർ പറയുന്നതുപോലെ ഈ ചരിത്രത്തിന് തികച്ചും സ്വതന്ത്രമായ ഒരു നിലനിൽപ് (Autonomy) കൽപിച്ച് കൊടുക്കാൻ പ്രയാസമാണ്. ഇവരുടെ ഈ വാദത്തിന് പിന്നിൽ വലിയ രാഷ്ട്രീയ അർഥങ്ങളുണ്ട്. മേലേക്കിടക്കാരുടെ ചരിത്രം പൂർണമല്ല എന്ന് പറയുന്നത് ശരിയാണെങ്കിലും അവരെ പാടെ അവഗണിക്കാൻ സാധ്യമല്ല. വരേണ്യവർഗത്തിനെതിരെ അധഃസ്ഥിതർ നടത്തിയ സായുധവും അല്ലാത്തതുമായ ചെറുത്തുനിൽപുകളും "ഈ കഷ്ടപ്പാടുകളെല്ലാം കഴിഞ്ഞൊരു നല്ല കാലം വരും" എന്ന വിശ്വാസത്തിൽ നിന്നുരുത്തിരിഞ്ഞ മില്ലനേറിയൻ പ്രസ്ഥാനങ്ങളും ചരിത്ര പഠനത്തിനു വിഷയമാകുന്നത് പ്രശംസാർഹം തന്നെ. എന്നാൽ സമൂഹത്തിന്റെ മുഖ്യധാരയുടെ ചരിത്രമായാലും അതിനു തീർതും ഓട്ടോണമി എന്ന സങ്കൽപം പലപ്പോഴും പിശകിലെത്തിച്ചേരും. ഇത് മാറിവെച്ചാൽ സബാൾടേൺ ചരിത്രകാരൻമാർ കാര്യമായ സംഭാവനകളെ ചെയ്തിട്ടുണ്ട്.

ഇന്ന് വളരെ വളർന്നിരിക്കുന്ന മറ്റൊരു മാർഗം വാങ്മയ ചരിത്രമാണ്. (Oral History) ഒരു കാലത്ത് വാങ്മയ ചരിത്രത്തിന് ആരും കാര്യമായ പരിഗണന നൽകിയിരുന്നില്ല. സി പി സി യിൽ തെളിവുകളെക്കുറിച്ച് പറയും പോലെ വരമൊഴിയായ തെളിവുകളാണ് ചരിത്രത്തിലും

പ്രാധാന്യം. എന്നാൽ പുതിയ ചരിത്രകാരൻമാർ നേരെ മറിച്ചാണ് പറയുന്നത്. യുഗയുഗാന്തരങ്ങളായി, തലമുറകളായി ചെവിക്കുചെവി കേട്ടുവരുന്ന കഥകളും ആളുകളും അവരുടെ ഓർമയിൽനിന്നു പറയുന്നതു ചരിത്രത്തിനു വലിയ മുതൽക്കൂട്ടാണെന്നു് ഇവർ കരുതുന്നു. ഈ വാങ്മയ തെളിവുകളിൽ വളരെ പ്രധാനമാണു് നാടോടി വിശ്വാസങ്ങളും നാടോടിപ്പാട്ടുകളും. ഇവ രണ്ടു രീതിയിലുള്ളവയാണു്. 'എലൈറ്റ് ലോറും', 'ഫോക് ലോറും.' ഫോക് ലോർ എഴുതപ്പെടാത്തതാണു്. അതിനെ വരേണ്യ സാഹിത്യത്തിൽ ഉൾപെടുത്തിയിട്ടുമില്ല. റാഡ്ക്ളിഫ് ബ്രൗണിനെപ്പോലുള്ള നിരവധി ശാസ്ത്രജ്ഞർ പറയുന്നതു് ഏതു് സംസ്കാരത്തിലും ഒരു 'മഹാപ്രവാഹ'വും ഒരു 'ലഘുപ്രവാഹ'വും ഉണ്ടെന്നാണു്. ഇതിൽ മഹാപ്രവാഹം ഉന്നതകുലജാതരുടേതാണു്. ലഘുപ്രവാഹമാകട്ടെ സാധാരണക്കാരുടേതും. ഇന്നത്തെ ചരിത്രകാരൻമാരുടെ വീക്ഷണരീതി അൽപംകൂടി വ്യത്യസ്തമാണു്. ഭൂരിപക്ഷം പേരുടെ ഭൂരിപക്ഷപ്രവാഹമെന്നും ന്യൂനപക്ഷത്തിന്റെ ന്യൂനപക്ഷപ്രവാഹമെന്നും ഇവർ തരംതിരിക്കുന്നു. ലോകചരിത്രം മുഴുവൻ ഈ രണ്ടു പ്രവാഹങ്ങളുടെ കൂടിക്കുഴയലാണു്. നമ്മുടെ എല്ലാ മഹത്തായ കൃതികളും ഫോക് ലോറിൽ ഉൾകൊണ്ടിട്ടുണ്ടു്. എല്ലാ നവോത്ഥാനത്തിലും ഇതു് സംഭവിക്കുന്നു. നമ്മുടെ എഴുത്തച്ഛന്റെ കാര്യം തന്നെ ഉദാഹരണം. അദ്ദേഹം അന്നത്തെ 'എലൈറ്റ് ലോർ'ന്റെ ഭാഗമായ പുരാണങ്ങളും മറ്റുമെടുത്തിട്ടു് സംസ്കൃതമല്ലാത്ത വൃത്തത്തിൽ സാധാരണക്കാരുടെ ഭാഷയിൽ സാധാരണക്കാർക്കു് മനസിലാക്കാവുന്ന കിളിപ്പാട്ടു് രീതിയിൽ കൃതികളുണ്ടാക്കി എന്നു് പറയുമ്പോൾ ഫോക് ലോറിന്റെ ഊർജം മുഴുവനുമുൾകൊണ്ടുകൊണ്ടു് അതിനെ എലൈറ്റ് ലോറുമായി കൂട്ടിച്ചേർക്കുകയാണദ്ദേഹം ചെയ്തതു്. ഇതുതന്നെയാണു് കോളെറിഡ്ജും, ഷെല്ലിയും, വേഡ്സ്വർത്തും ഒക്കെ കൂടി കാൽപനിക വിപ്ളവത്തിലും ചെയ്യുന്നതു്.

മിത്തുകളും ഇതുപോലെ തന്നെയാണു്. നോബൽ സമ്മാനാർഹനായ ഗാർസ്യമാർകസ് പറഞ്ഞപോലെ മിത്തുകൾ പലപ്പോഴും സത്യത്തെക്കാൾ സത്യമാണു്. എന്നു്

വെച്ചാൽ യുഗങ്ങളായി ജനങ്ങളുടെ സത്യങ്ങളും, അഭിലാഷങ്ങളും, യാഥാർഥ്യങ്ങളും, യാഥാർഥ്യങ്ങളെ മറികടക്കാനുള്ള അവരുടെ അഭിലാഷങ്ങളും, ഈ അഭിലാഷങ്ങളൊക്കെ അമർത്തി അവരുടെ മൂല്യബോധം രൂപം നൽകുന്ന ഒന്നാണ് അവരുടെ പലതരം മിത്തുകളും. വിശ്വസിക്കാനാവാത്ത മിത്തുകളും ഒത്തിരിയുണ്ട്. ഏഴുത്തച്ഛനെക്കുറിച്ചുള്ള മിത്ത് അത്തരത്തിലൊന്നാണ്. അതിലദ്ദേഹം ചക്കാലനായരായിരുന്നു എന്നു കരുതപ്പെടുന്നു. നായരിൽ തന്നെ മോശക്കാരനായ ചക്കുന്തി ജീവിക്കുന്നവനാണ് ചക്കാലനായർ. എന്നിട്ടുമദ്ദേഹം വേദവും വേദാന്തങ്ങളും പഠിച്ചു. ബ്രാഹ്മണരുദ്ദേഹത്തെ കള്ളുകുടിക്കുന്നവനായും മീൻ തിന്നുന്നവനായും ആക്ഷേപിച്ചു. ഇതിനൊന്നും ഒരു കഷ്ണം തെളിവും ഒരിടത്തുമില്ല. യഥാർഥത്തിൽ സാധാരണക്കാർക്ക് ഏറ്റവും അഭിഗമ്യനായഅവരുടെ ജീവിതസാക്ഷാത്കാരത്തിന് സംഭാവന ചെയ്തവനെന്ന് അവർക് തോന്നിയ എഴുത്തച്ഛനെ അവരിലൊരാളായി കാണാൻ അവർ ശ്രമിച്ചു എന്നാണീ മിത്തിന്റെ അർഥം. ''ഞങ്ങൾ കള്ള് കുടിക്കും; ഞങ്ങളുടെ എഴുത്തച്ഛനും കുടിക്കും. നിങ്ങൾ വലിയ ബ്രാഹ്മണർ ഒളിച്ച് കുടിച്ചാൽ മതി. ഞങ്ങൾ തുറന്ന് തന്നെ കുടിക്കുകയും പറയുകയുംചെയ്യും.'' ഇങ്ങനെ ഒരുതരം തങ്ങളുടേതാക്കലാണ് എഴുത്തച്ഛനെക്കുറിച്ചുള്ള മിത്തിൽ സംഭവിക്കുന്നത്. അതുപോലെ തന്നെയാണ് *നാരായണീയ*മെഴുതിയ മഹാബ്രാഹ്മണനായ മേൽപത്തൂർ ഭട്ടതിരി എഴുത്തച്ഛനോട് എവിടം മുതൽകാണ് *നാരായണീയം* എഴുതിത്തുടങ്ങേണ്ടതെന്ന് ചോദിച്ചു. 'മീൻ തൊട്ട് കൂട്ടൂ.' എന്ന് എഴുത്തച്ഛൻ മറുപടി പറഞ്ഞത്രെ. മത്സ്യാവതാരം മുതൽ ദശാവതാരങ്ങളുടെ കഥ എഴുതൂ എന്നാണദ്ദേഹം അർഥമാക്കിയത് എന്നാണ് വിശ്വാസം. ഇത്തരമൊരു സംഭാഷണം നടന്നു എന്നതിന് ഒരു തെളിവുമില്ല. എഴുത്തച്ഛനും മേൽപത്തൂരും ഒരു കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത് എന്നതിന് വേണ്ടത്ര തെളിവുകളില്ല എന്നു മാത്രമല്ല രണ്ട് കാലഘട്ടത്തിലായിരുന്നു എന്നതിന് തെളിവുകളുണ്ടുതാനും. നമുക്ക് ഇത്തരത്തിൽ നിരവധി മിത്തുകളുണ്ട്. ഇവ ചിലപ്പോൾ പുരാണങ്ങളായി മാറും. ഇവയൊ

ക്കെ പഠിക്കാൻ ഇന്ന് നിരവധി മാർഗങ്ങളുണ്ട്. ഇങ്ങനെ ഇവയെ അപഗ്രഥിച്ചെടുക്കുമ്പോഴും ചരിത്രത്തിന്റെ മിത്തുകളുടെയും അന്ധവിശ്വാസങ്ങളുടെയും നാടോടിപ്പാട്ടുകളുടെയുമായ കലങ്ങിയൊഴുക്കിൽനിന്ന് സത്യത്തിന്റെതായ ഒരു തെളിനീരൊഴുക്ക് വാർത്തെടുക്കാനാവും. ബഹുഭൂരിപക്ഷത്തിന്റെതായ ഒരു നീരൊഴുക്ക്. ഇതാണ് പുതിയ ചരിത്രത്തിന്റെ ഒരു പ്രധാന രീതിയായ വാമൊഴി രീതി. ഇതുപോലെ ഒരുപാട് തെളിവുകളെടുക്കുക, വാമൊഴി അങ്ങനെതന്നെ രേഖപ്പെടുത്തിവെക്കുക തുടങ്ങി ഒരുപാട് രീതികളിന്നുണ്ട്.

ഇത്തരത്തിൽ എഴുതപ്പെട്ട ലക്ഷണമൊത്ത ഒരു ചരിത്രം ഏതാണെന്നു ചോദിച്ചാൽ എറിക് ഹോബ്സ്ബോമിന്റെ *ഏജ് ഓഫ് റവല്യൂഷൻ* ആണെന്ന് ഞാൻ പറയും. 1789 മുതൽ 1848 വരെയുള്ള യൂറോപ്പിന്റെ ചരിത്രമാണത്. ഈ ചരിത്രത്തിൽ ഉൾകൊള്ളിക്കാത്തതായി ഒന്നുമില്ല. ഭൂമിശാസ്ത്രം, പ്രത്യയശാസ്ത്രങ്ങൾ, മതം, കല, ഫ്രഞ്ചുവിപ്ലവം, യുദ്ധം, വ്യവസായം, കൃഷി മുതലായ എല്ലാ കാര്യങ്ങളും ഇതിലുൾകൊള്ളിച്ചിരിക്കുന്നു. 1848 മുതൽ 1875 വരെയുള്ള കാലം *ഏജ് ഓഫ് ക്യാപിറ്റൽ* എന്ന പേരിലും അടുത്ത ഭാഗം *ഏജ് ഓഫ് എംപയർ* എന്ന പേരിലുമദ്ദേഹം എഴുതിയിട്ടുണ്ട്. ഇത്തരത്തിലുള്ള മാറ്റങ്ങളും വ്യതിയാനങ്ങളുമാണ് ചരിത്രം. റൊമിലാ ഥാപ്പർ *ഭൂതകാലവും മുൻവിധികളും* എന്ന പ്രസംഗത്തിൽ പറയുന്നു: "ചരിത്രത്തിന്റെ ധർമം പഴയകഥകളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. എന്നാൽ താൻ പരിഗണിക്കുന്ന സമൂഹത്തിന്റെ ഭാവിജീവിതത്തിൽ ചരിത്രകാരൻ നിർണായകമായ പങ്ക് വഹിക്കുന്നുവെന്ന വസ്തുത വിചിത്രമായ ഒരു വിരോധാഭാസമായി തോന്നാം. ചരിത്രപരമായ കാഴ്ചപ്പാടിൽ സമൂഹത്തിന്റെ ഉയർച്ചയും പരിണാമവും മനസിലാക്കാൻ ശ്രമിക്കുന്നതിലാണ് ചരിത്രകാരന്റെ ഔത്സുക്യം. തന്റെ ഗവേഷണങ്ങളുടെ ഫലമായി ചരിത്രകാരൻ സമൂഹത്തിന്റെ ഒരു ചിത്രം വരച്ചുണ്ടാക്കുന്നു. പഴയ കാലത്തിന്റെ തെളിവുകൾ കൈകാര്യം ചെയ്യുമ്പോഴും ഒരു ചരിത്രകാരനെ പലപ്പോഴും സമകാലീന സമൂഹം സ്വാധീനിക്കുന്നു. അതുകൊണ്ട് ചരിത്ര

വ്യാഖ്യാനം ഒരു ഇരുവഴി പ്രക്രിയ (A two way traffic) ആയി മാറുന്നു. വർത്തമാനകാലത്തെ ആവശ്യങ്ങളെ ഭൂതകാലത്തിൽ കണ്ടെത്താൻ ശ്രമിക്കുകയും ഭൂതകാലത്തിന്റെ ഛായ വർത്തമാനകാലത്തിൽ പതിപ്പിക്കാൻ ശ്രമിക്കുകയും ചരിത്രകാരൻ സൃഷ്ടിക്കുന്ന പഴയകാലത്തിന്റെ ഛായ അയാളും ഭാവിക്കുനൽകുന്ന സംഭാവനയാണ്. എന്തുകൊണ്ടെന്നാൽ അയാളുടെ സമകാലീനർ രാഷ്ട്രീയ മിത്ത് സൃഷ്ടിക്കൽ ഈ ഛായ ഉപയോഗപ്പെടുന്നു. അത്തരം രാഷ്ട്രീയ പ്രക്ഷേപങ്ങളും (Political Projection) അഥവാ ആകൃതി മാതൃകകളും താത്വികമായ ന്യായീകരണം കാണുന്നത് ചരിത്രകാരൻമാരുടെയും സാമൂഹ്യശാസ്ത്രജ്ഞൻമാരുടെയും സിദ്ധാന്തത്തിൽ നിന്നാണ്.'' അപ്പോഴും ആദ്യം പറഞ്ഞു തുടങ്ങിയതുപോലെ ചരിത്രം മാറാമില്ലാത്ത ഒന്നാണ് എന്ന ഒരു ധാരണ ഉണ്ട്. ശരിയാണ്. നടന്ന സംഭവങ്ങൾക് മാറാമില്ല. പക്ഷെ ആ നടന്ന സംഭവങ്ങളിൽ ഏതിനാണ് നാം പ്രാധാന്യം കൽപിക്കുന്നത്, ഏതിനെ ഭാവിയിലേക്കുള്ള വഴികാട്ടിയായി തെരഞ്ഞെടുക്കുന്നു എന്നതിലൊക്കെ മാറാമുണ്ട്. അതുകൊണ്ടാണ് ചരിത്രം നിരന്തരം തിരുത്തിയെഴുതപ്പെടുന്നത്. ചരിത്രത്തെ തിരുത്തിയെഴുതരുത് എന്ന് സാധാരണ പറയാറുള്ളത് വളരെ ചെറിയ ഒരർഥത്തിൽ ശരിയാണ്. ചരിത്രം തന്റെ സൗകര്യത്തിനായി വികൃതമാക്കിവയ്ക്കരുത്. പക്ഷെ ചരിത്രം മാറാതിയെഴുക എന്നത് പുരോഗതിയുടെ അനുപേക്ഷണീയമായ ഘടകമാണ്. ഓരോ കാലഘട്ടത്തിനും അനുയോജ്യമായ ചരിത്രം വേണം. എന്നുവച്ചാൽ അതാത് കാലഘട്ടത്തിന് ചേർന ചരിത്ര വീക്ഷണം. ഓരോ കാലത്തും പ്രാചീനകാലത്തെ എങ്ങനെ വിലയിരുത്തുന്നു അതിനെ എങ്ങനെ കണ്ടെത്തുന്നു എന്നതാണ് പ്രശ്നം.

ഇതിന്റെ ഫലമായി കഴിഞ്ഞ മുപ്പത് വർഷക്കാലം കൊണ്ട് ഇന്ത്യയുടെ ഭൂതകാലത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയാകെ കീഴ്മേൽ മറിഞ്ഞിരിക്കുകയാണ്. കാരണം പുതിയ ചരിത്രകാരൻമാർ വിവിധ സംസ്ഥാനങ്ങളിലായി ചരിത്രത്തിന് പുതിയ മാനങ്ങൾ നൽകിക്കൊണ്ട് ഇതുവരെ കാണപ്പെടാത്ത പല തെളിവുകളും മുന്നോട്ടുവെച്ചു

കൊണ്ട് പുതിയ ചരിത്ര രചനക്കൊരുമ്പെടുകയാണ്. ഇന്ത്യാചരിത്രത്തെ റൊമിലാ ഥാപ്പർ, ആർ എസ് ശർമ, ഡി ഡി കൊസാംബി, ഹർബൻസ് മുഖിയ, ദേവരാജ് ചനാന തുടങ്ങിയ കുറെപ്പേരും പുതിയ കുറെ ചെറുപ്പക്കാരും ചേർന് ആകെത്തന്നെ തിരുത്തിയെഴുതിയിരിക്കുന്നു. 1956—ൽ കൊസാംബി *ഇന്ത്യാചരിത്ര പഠനത്തിനൊരാമുഖം* എന്ന തന്റെ കൃതി പ്രസിദ്ധീകരിച്ചതോടെയാണ് ഈ പുതിയ അധ്യായം ആരംഭിച്ചത്. ഗണിതത്തിലെ ചില പ്രത്യേക വിഷയങ്ങളിൽ താൽപര്യമുണ്ടായിരുന്ന, സ്വന്തം നിലയിൽ ഒരു ഗണിതശാസ്ത്രജ്ഞനായിരുന്നു കൊസാംബി. അദ് ദേഹത്തിന്റെ ചരിത്രരചനാരീതി പലതും നിരസിക്കുന്നവർപോലും ഇന്ന് അദ്ദേഹത്തിന്റെ പ്രാമുഖ്യത്തെ തള്ളിക്കളയുന്നില്ല. ചരിത്രത്തിനദ്ദേഹം നൽകിയ മുഖ്യ സംഭാവനകളിലൊന്ന് ചരിത്രത്തിന് നൽകിയ നിർവചനമാണ്. "ചരിത്രമെന്നത് ഉൽപാദനത്തിന്റെ ഉപാധികളിലും ബന്ധങ്ങളിലും ഒന്നിനെത്തുടർന് ഒന്നായി വരുന്ന വികാസഘട്ടങ്ങളുടെ കാലാനുക്രമമായ വിവരണമാണ്." ഇത് വളരെ പുതുമയുള്ള ഒരു കാര്യമല്ല. പക്ഷെ അദ്ദേഹം ഇതിനെ ദാർശനികരംഗത്തെ പുത്തൻ പരിഷ്കാരങ്ങളുടെ വെളിച്ചത്തിൽ സ്വീകരിച്ചു.

ഏത് ശാസ്ത്രവും ആത്മനിഷ്ഠഘടകങ്ങളുടെയും വസ്തുനിഷ്ഠഘടകങ്ങളുടെയും സമന്വയമാണ്. ചരിത്രവും വ്യത്യസ്തമല്ല. ശാസ്ത്രം അണുവിനെയും ഭൂമിയെയും പ്രപഞ്ചത്തെയും വൈദ്യുതിയെയുമൊക്കെയാണ് കൈകാര്യം ചെയ്യുന്നത്. ഇതൊക്കെ വസ്തുനിഷ്ഠ യാഥാർഥ്യങ്ങളാണ്. ഈ വസ്തുനിഷ്ഠ യാഥാർഥ്യങ്ങളെ കൈകാര്യം ചെയ്യുന്നത് മനുഷ്യനാണ്. അവനു മുൻവിധികളും മൂല്യബോധവും സാംസ്കാരിക പശ്ചാത്തലവുമുണ്ട്. ഇതാണവന്റെ ആത്മനിഷ്ഠഘടകം. ഈ ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും തമ്മിലുള്ള വിപരീതദശകളിൽ നിന്നുള്ള സംഘട്ടനങ്ങളിൽനിന്നുയരുന്ന സ്ഫുലിംഗങ്ങളാണ് സത്യങ്ങൾ. ചരിത്രസത്യവും അങ്ങനെ തന്നെ. ചരിത്രത്തിൽ ഏതോ മനുഷ്യർ എഴുതിവച്ച വരമൊഴിത്തെളിവുകളും വാങ്മയത്തെളിവുകളുമാണ് ആത്മനിഷ്ഠ യാഥാർ

ഥ്യങ്ങൾ. പഴയ തലമുറയുടെ അവശേഷിപ്പുകളാണവ. പണിയായുധങ്ങൾ, കെട്ടിടങ്ങൾ ഇങ്ങനെയുള്ള പുരാവസ്തുപരമായ തെളിവുകളും വസ്തുനിഷ്ഠ യാഥാർഥ്യങ്ങളുമാണ്. ഇവ തന്നെ വ്യത്യസ്തങ്ങളാണ്. മുൻകാലത്ത് വിലയേറിയ വസ്തുക്കളെ മാത്രമെ തെളിവുകളായി കൂട്ടിയിരുന്നുള്ളു. പിരമിഡിൽനിന്ന് കിട്ടുന്നവ, ട്രോയിയിലെ ഹെലന്റെ ശവകുടീരത്തിൽനിന്ന് കിട്ടിയ ആഭരണങ്ങൾ, ടാജ്മഹാൾ തുടങ്ങിയവ.

പക്ഷെ ഇന്ന് പഴയകാലത്തിന്റെ എന്തവശേഷിച്ചാലും അത് വിലയുള്ളതാണ്. അതുകൊണ്ടാണ് ആധുനിക പുരാവസ്തു ശാസ്ത്രജ്ഞൻമാരിൽ പ്രമുഖനായ സ്റ്റുവേർട് പിക്കറെ പറഞ്ഞത് പുരാവസ്തു ശാസ്ത്രം ചപ്പുചവറുകളുടെ ശാസ്ത്രമാണ്! ചപ്പുചവറാണെങ്കിലും പുരാതനമാണെങ്കിൽ പ്രാധാന്യമുള്ളതാണ്. അടുത്തകാലത്ത് പുരാവസ്തു ശാസ്ത്രത്തിൽ വലിയ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. വളരെ ശാസ്ത്രീയമായ രീതിയിൽ കാര്യങ്ങൾ കാണാനിന്നാവും. കാർബൺമെത്തേഡ് ഉപയോഗിച്ച് ഏതെങ്കിലും ഓർഗാനിക് വസ്തുവോ, അസ്ഥിക്ഷണമോ, കരിങ്കല്ലോ, മരക്ഷണമോ ഒക്കെ യുഗാന്തരങ്ങൾക് മുമ്പുള്ളവയാണെങ്കിലും കാർബൺ 14 രീതിയുപയോഗിച്ച് 250 വർഷത്തിൽ കൂടുതൽ തെറ്റാതെ അതിന്റെ കാലം കണ്ടുപിടിക്കാനിന്നാവും. മറെറാന്ന് പൂമ്പൊടിയാണ്. ആയിരമായിരം കൊല്ലങ്ങളോളം ഇത് നശിക്കാതെ കിടക്കും. ചിലയിടത്ത് മണ്ണ് കുഴിച്ചാൽ ആദ്യം ഒരടുക്ക് പൂമ്പൊടി അതിന് പുറത്ത് കുറെ മണ്ണ് പിന്നെയും ഒരടുക്ക് പൂമ്പൊടി ഒരടുക്ക് മണ്ണ് എന്നിങ്ങനെ ആവർത്തിക്കുന്നത് കാണാം. ഇങ്ങനെ നിരവധി തലങ്ങളിലെ പൂമ്പൊടി വിശകലനം ചെയ്താൽ അക്കാലത്തെ ചെടികളെന്തായിരുന്നു. ആഹാരമെന്തായിരുന്നു. ജൈവയാഥാർഥ്യങ്ങളെന്തായിരുന്നു എന്നൊക്കെ കണ്ടുപിടിക്കാനാവും. അതുപോലെ ജലാന്തർഭാഗ പുരാവസ്തുശാസ്ത്രം, പാലിയന്തോളജി, പാലിയോ ബയോളജി എന്നിങ്ങനെ നിരവധി രീതികളിലൂടെ പുരാവസ്തു ശാസ്ത്രം വളരെയേറെ വികസിച്ചിട്ടുണ്ട്.

ഈ രീതികളും കൊസാംബി ഇന്ത്യാ ചരിത്ര രചനയിലു

പയോഗിച്ചു. ഒപ്പം തെളിവുകൾ ശേഖരിക്കുന്നത് സംബന്ധിച്ച് ചില പുതിയ രീതികളുമദ്ദേഹമവതരിപ്പിച്ചു. 'ഫീൽഡ് സ്റ്റഡി ഓഫ് ഹിസ്റ്ററി' അത്തരത്തിലൊന്നാണ്. ജനസമൂഹങ്ങളോട് ഗ്രാമങ്ങളിൽ പോയി നേരിട്ട് സംസാരിച്ചാണ് ഈ രീതിയിൽ തെളിവുകൾ തയ്യാറാക്കുക. ഉദാഹരണത്തിന് നമ്മുടെ നാട്ടിൽ മയിലെണ്ണ എന്നൊക്കെ പറഞ്ഞ് ആന്ധ്രയിൽനിന്നും, തുണിത്തരങ്ങളും മറ്റുമായി ഉത്തരേന്ത്യയിൽനിന്നും ആദിവാസികളും ജിപ്സികളും മറ്റും വരുന്നുണ്ട്. അവരെ കണ്ട് അവരിവിടെ എങ്ങനെ വന്നു! ഇനി എങ്ങോട്ട് പോകുന്നു? അവർ ഈ രീതികൾ എങ്ങനെ പഠിച്ചു? അവരുടെ സമ്പ്രദായങ്ങളെന്തൊക്കെയാണ് എന്നിവ പഠിക്കുക. ഇവയിലൂടെ യുഗയുഗാന്തരങ്ങളായി മനുഷ്യന്റെ സഞ്ചാരം എങ്ങനെയായിരുന്നു, മാറ്റങ്ങളെങ്ങനെവന്നു. മൂല്യങ്ങളെങ്ങനെയായിരുന്നു. എന്നൊക്കെ പഠിക്കാനാവും.

പഴയ ക്ഷേത്രങ്ങൾ ചരിത്രമൂല്യമുള്ളവ തന്നെയാണ്, സംശയമില്ല. പക്ഷെ കൊസാംബി പറയുന്നത് പുതുതായി ഒരു ക്ഷേത്രമുണ്ടാകുന്നതിൽനിന്നും ചരിത്രകാരന് പാഠങ്ങളുൾക്കൊള്ളാനുണ്ടെന്നാണ്. ചരിത്രപ്രസിദ്ധമായ ഒരു മഹാക്ഷേത്രത്തിനടുത്ത് മറ്റൊരു ക്ഷേത്രം പുതുതായി ഉണ്ടാകുമ്പോൾ അവിടെ ആരാണ് പതിവായി പോകുന്നത്, അവിടെയും ആദ്യത്തെ ക്ഷേത്രത്തിലും ഒരുപോലെ വഴിപാടുനടത്തുന്നതാരാണ്, തുടങ്ങിയ കാര്യങ്ങൾ മനസിലാക്കിയാൽ സമൂഹത്തിൽ മതങ്ങളെങ്ങനെയുണ്ടായെന്നും വിശ്വാസങ്ങൾ വളർന്നതെങ്ങനെയെന്നും മറ്റും ഏറെക്കുറെ മനസിലാക്കാനാവും. ഇങ്ങനെ ഇന്നത്തെ സ്ഥിതിയിൽ നിന്നാരംഭിച്ചിട്ട് പഴയ കാലത്തിലേക്കെത്തുക എന്ന രീതിയിലാണ് കൊസാംബി ചരിത്ര രചന നടത്തുന്നത്. അദ്ദേഹത്തിന്റെ പ്രാചീന മനുഷ്യരുടെ *സംസ്കാരവും നാഗരികതയും* എന്ന കൃതിയിൽ ഇന്ത്യൻ ഗവൺമെന്റ്, സ്വാതന്ത്ര്യം, സ്വാതന്ത്ര്യസമരം ഇതൊക്കെയാണ് പറഞ്ഞു തുടങ്ങുന്നത്. ഇങ്ങനെ ഇന്നത്തെ സ്ഥിതികൾ വിശദീകരിച്ച് പുറകോട്ട് പോവുന്നു. റിച്ചാർഡ് ലീക്കേയെപ്പോലുള്ള നരവംശ ശാസ്ത്രജ്ഞർക് ഒരു കുട്ടിയുടെ കവിളെല്ലിന്റെ ഭാഗം കിട്ടി

യെന്നിരിക്കട്ടെ. അതുപയോഗിച്ച് എന്നാൽ ആ കവിളെങ്ങനെയായായിരുന്നു അപ്പോൾ മറ്റെ കവിളെങ്ങനെ ആയിരിക്കണം അതിലുണ്ടായിരുന്ന പല്ലുകളെങ്ങനെ ആയിരുന്നു. അവ നീണ്ടതായിരുന്നോ? കുട്ടിയുടെ ഭക്ഷണരീതി എന്തായിരുന്നു? എന്നിവയൊക്കെ കണ്ടുപിടിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ കാലത്തെ സമൂഹമെങ്ങനെയായിരുന്നു എന്നതിനെക്കുറിച്ച് വിലപ്പെട്ട രേഖകളുണ്ടാക്കാനാവും. ഇത്തരം ഒരു പഠനത്തിന് പലപ്പോഴും ഒന്നോ രണ്ടോ എല്ലിൻ കഷ്ണങ്ങൾ വിലപ്പെട്ട തെളിവുകളാവും. അതുപോലെതന്നെ ചരിത്രത്തിന്റെ ഒരു മൂലക്ക് ഒരു ഗ്രാമത്തിൽ പത്തു നാൽപത് ആളുകൾകൂടി പൂജിക്കാൻ ഉണ്ടാക്കിവച്ചിരുന്ന കല്ലും ആ കല്ലിൽ പതിച്ച സിന്ദൂരവും അവിടെ അവർ വരുമ്പോൾ ചൊല്ലുന്ന പ്രാർഥനാഗാനങ്ങളും അതിനുവേണ്ടി ഒരാണ്ടിൽ അവർ തെരഞ്ഞെടുക്കുന്ന വിശേഷദിവസങ്ങളും ഇവയെല്ലാം വച്ചുകൊണ്ട് ഒരായിരം കൊല്ലമായി ഒരു സമൂഹം എങ്ങനെയാണ് പോയിക്കൊണ്ടിരുന്നത് എന്നതിന്റെ ചില രൂപരേഖകൾ വരച്ചുണ്ടാക്കാൻ ചരിത്രകാരന് കഴിയും. കൊസാംബി ഈ രീതികൾ വളരെ വിപുലമായി ഉപയോഗിച്ചിട്ടുണ്ട്. ഇങ്ങനെയാണ് ബുദ്ധനെപ്പറ്റിയും മറ്റും പുതിയ ഉൾക്കാഴ്ച അദ്ദേഹം രൂപപ്പെടുത്തിയത്. ബുദ്ധമതം ഉണ്ടായതെങ്ങനെ, ബുദ്ധനെന്നൊരാളെങ്ങനെയുണ്ടായി, അഹിംസാസിദ്ധാന്തമുണ്ടായതെങ്ങനെ, അതിന്റെ അന്നത്തെ പ്രസക്തി എന്തായിരുന്നു എന്നീ കാര്യങ്ങൾ കൊസാംബി ചർച്ചചെയ്യുന്നു. ചണ്ഡാലനായ ഒരു ശിഷ്യൻ നൽകിയ അൽപം പഴകിപ്പോയ മാംസം കഴിച്ചിട്ടാണ് ബുദ്ധൻ മരിച്ചതെന്ന് ഇന്നെല്ലാവരും ഏതാണ്ടംഗീകരിക്കുന്നു. പിന്നെന്തിനാണദ്ദേഹം ജന്തുക്കളെ കൊല്ലരുത് എന്ന് പറയുന്നത്. ഇതൊക്കെ അക്കാലത്തെ സാമൂഹ്യ പരിവർതനവുമായി ബന്ധപ്പെടുത്തി കൊസാംബി വിദശീകരിക്കുന്നു. ചിന്നിച്ചിതറിയ ഗോത്രസമൂഹം ഒരിടത്ത് സ്ഥിരതാമസമുറപ്പിച്ച് കൃഷിക്കാരാവുകയും പിന്നീട് ഇരുമ്പ് കണ്ടുപിടിക്കുകയും ചെയ്തത്. ബുദ്ധനെ എങ്ങനെ സ്വാധീനിച്ചുവെന്നതിന് കൊസാംബി വ്യക്തമായ ചില സൂചനകളും നൽകു

ന്നു. പിന്നീട് റൊമിലാ ഥാപ്പറും ആർ എസ് ശർമയും ഒക്കെ ഈ സൂചനകളെ വ്യാഖ്യാനിക്കുന്നുണ്ട്. ഇങ്ങനെ ചരിത്രത്തിൽ ഇതുവരെ ഇരുളടഞ്ഞതായി കിടന്നിരുന്ന നിരവധി സ്ഥലങ്ങളിൽ വെളിച്ചം വീശപ്പെടുകയാണ്. ഇന്ത്യാചരിത്രത്തിലെ പല മുൻവിധികളും ഇന്ന് പൊളിച്ചെഴുതപ്പെടുകയാണ്. ഇന്ത്യാ ചരിത്രത്തിലെ സുവർണയുഗമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ഗുപ്തയുഗം യഥാർഥത്തിൽ അങ്ങനെയായിരുന്നില്ല എന്നും, 'ഒരു സുവർണ'യുഗത്തിനുവേണ്ട വിശേഷങ്ങൾ ഗുപ്തയുഗത്തെക്കാളേറെ മറ്റു ചില കാലങ്ങളിൽ ഉണ്ടായിരുന്നെന്നും റൊമിലാ ഥാപ്പർ തെളിയിക്കുന്നു. ഗുപ്തയുഗത്തിന് സുവർണയുഗ പദവിയിലേക്കുള്ള ഉയർച്ച സ്വാതന്ത്ര്യ സമരക്കാലത്തെ ചരിത്രകാരൻമാരുടെ സൃഷ്ടിയാണെന്നും ഒരടിമ രാജ്യമെന്ന അപകർഷതാബോധത്തിൽനിന്ന് രക്ഷനേടാനുള്ള ഒരുപാധിയായിരുന്നു ഇതെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

വളരെയേറെ ശാസ്ത്രീയ വീക്ഷണമുള്ളയാളും കേരള ചരിത്രത്തെ ശാസ്ത്രത്തിന്റെ ആദ്യപടവുകളിൽ കയറ്റിയ ആളുമായ ഇളംകുളം കുഞ്ഞൻപിള്ളക്ക് പോലുമുണ്ട് ഈ എംപയർ മാനിയ! അതുകൊണ്ടാണദ്ദേഹം പറഞ്ഞത് തിരുവഞ്ചിക്കുളത്ത് രണ്ടാം ചേരസാമ്രാജ്യം സ്ഥാപിക്കപ്പെട്ടു എന്ന്. നെടുമങ്ങാട് പോലൊരു ചെറിയ സ്ഥലത്തെയാണ് രണ്ടാം ചേരസാമ്രാജ്യം എന്നദ്ദേഹം പറയുന്നത്. അങ്ങനെ വിജയനഗരസാമ്രാജ്യം, ചോളസാമ്രാജ്യം, പാണ്ഡ്യസാമ്രാജ്യം, ചേരസാമ്രാജ്യം, ശാതവാഹനസാമ്രാജ്യം, രാഷ്ട്രകൂടസാമ്രാജ്യം എന്നിങ്ങനെ സാമ്രാജ്യങ്ങൾക്ക് കണക്കില്ല. ഓരോരുത്തരും അവരവരുടെ സ്ഥലങ്ങളെ സാമ്രാജ്യങ്ങളാക്കി ചരിത്രമെഴുതി. അവസാനം ഇന്ത്യാ ചരിത്രത്തിൽ സാമ്രാജ്യങ്ങളേയുള്ളു എന്നായി. ഒരു വലിയ സാമ്രാജ്യത്തിന് കീഴിൽ അധസ്ഥിതരായി കഴിയുമ്പോഴുണ്ടായ അപകർഷതാ ബോധത്തിന്റെ ഫലമാണ് ഈ 'എംപയർ മാനിയ.' അതുപോലെയാണ് "ഇവിടെ ജനാധിപത്യം നിങ്ങൾ തരികയൊന്നും വേണ്ട ഞങ്ങളുടെ കൈയിലതുണ്ടായിരുന്നു" എന്ന് കാണിക്കാനാണ് ചാണക്യന്റെ കാലത്തും മറ്റും ജനാധിപത്യമാണിവിടെ നിലവിലിരുന്നതെന്ന്

കെ പി ജയ്സ്വാളിനെപ്പോലുള്ളവർ എഴുതിപ്പിടിപ്പിച്ചത്. ഇത്തരത്തിലുള്ള പല ചരിത്രങ്ങളും ചരിത്രത്തിലുണ്ടായിരുന്ന പല ധാരണകളും തെറ്റാണെന്ന് ഇന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കഴിഞ്ഞ മുപ്പത് വർഷംമുമ്പ് നാം ഇന്ത്യാ ചരിത്രമെന്ന് വിചാരിച്ചിരുന്നതിന്റെ നേരെ കീഴ്മേൽ മറിഞ്ഞ അവസ്ഥയാണ് ഇന്ത്യാ ചരിത്രത്തിലിന്നുള്ളതെന്ന്. അത് വീണ്ടും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുരോഗമിക്കലിൽ ശാസ്ത്രത്തിന്റെ സമ്പ്രദായങ്ങളായ ആർക്കിയോളജിയും കാർബൺ 14 രീതിയും പോളൻ അനാലിസിസും ഒക്കെ ഉപയോഗിക്കപ്പെടുന്നു. കാർബൺ മെത്തേഡ് ഫിസിക്സിൽ നിന്നാണ്. പോളൻ അനാലിസിസ് ബയോളജിയിൽനിന്നും പഴയ മൂല്യവ്യവസ്ഥകളെക്കുറിച്ച് ധാരണകളുണ്ടാക്കാൻ ദർശനങ്ങളെ ഉപയോഗപ്പെടുത്തുന്നു. മനഃശാസ്ത്രത്തിൽനിന്ന് പല ഉപയോഗങ്ങളുമുണ്ടാക്കുന്നു. ഇങ്ങനെ ചരിത്രത്തിൽ വന്നുകൊണ്ടിരിക്കുന്ന വമ്പിച്ച മാറ്റങ്ങളെക്കുറിച്ചുള്ള ഒരു വിവരണമാണ് ഞാനിവിടെ നൽകിയത്.

(ഭാരത ജനവിജ്ഞാനജാഥയുടെ അനുബന്ധ പരിപാടിയായി കേരള ശാസ്ത്ര–സാഹിത്യ പരിഷത്ത് യൂണിവേഴ്സിറ്റി കോളെജ് സെൻറിനറി ഹാളിൽ 1987 ഒക്ടോബർ 2 മുതൽ ഒക്ടോബർ 11 വരെ സംഘടിപ്പിച്ച ദശദിന ശാസ്ത്ര പ്രഭാഷണ പരമ്പരയിൽ നടത്തിയ 'ശാസ്ത്രവും ചരിത്രവും' എന്ന പ്രഭാഷണത്തിന്റെ ലേഖനരൂപം.)

ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് പഠനങ്ങളുടെ ഒരു പൊതു അവലോകനം

മാർക്സിസത്തിന്റെ പദവിയും സ്ഥാനവും സ്വാധീനവും മറ്റ് വിവിധങ്ങളായ ഗവേഷണ പഠന വിഷയങ്ങളുടെ കാര്യത്തിൽ എന്തുതന്നെയാണെങ്കിലും ശരി ഇന്ത്യാ ചരിത്ര പഠനങ്ങളുടെ കാര്യത്തിൽ അതിന്റെ പദവിയെ സംബന്ധിച്ച് ഇന്നിപ്പോഴും യാതൊരു സംശയവുമില്ല. അത് അതിന്റെ സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞു എന്ന് മാത്രമല്ല ഇന്ത്യൻ മാർക്സിസ്റ്റ് ചരിത്രശാസ്ത്രം തീർച്ചയായും പ്രാധ്യപൂർത്തി കൈവരിക്കുകയും ചെയ്തു. ഇന്ത്യയിലെ മാർക്സിസ്റ്റ് ചരിത്രകാരൻമാർ സാങ്കൽപികമായ രാഷ്ട്രീയാവശ്യങ്ങളുടേതായ ഏതോ പ്രോക്രസ്റ്റിയൻ കട്ടിലിന് ഇണങ്ങുന്ന തരത്തിൽ ചരിത്ര വിവരങ്ങളും വസ്തുതകളും തത്തിപ്പൊത്തിവയ്ക്കുന്നതിൽ നിഷ്ണാതരോ അല്ലെങ്കിൽ ചരിത്ര പാണ്ഡിത്യത്തിന്റെ മുഖ്യധാരയുമായി വിദൂര ബന്ധംപോലുമില്ലാതെ നിഗൂഢവും വിചിത്രവുമായ ഏതോ നേരംപോക്കിൽ ഏർപെട്ടവരോ ആയ ആളുകളാണെന്ന ധാരണ ഇന്നിപ്പോഴും മാറിക്കഴിഞ്ഞു. അപഗ്രഥനത്തിന്റെയും സങ്കൽപനത്തിന്റെയും സംരംഭങ്ങളിൽ മാത്രമല്ല മാർക്സിയൻ ചരിത്രകാരൻമാർ ഏർപെട്ടിരിക്കുന്നത്. സ്വാതന്ത്ര്യത്തിനുമുമ്പ് പൊതുവെ അങ്ങനെയായിരു

ന്നല്ലോ. ചെറുപ്പക്കാരും മുതിർന്നവരുമായ എണ്ണമറ്റ മാർക്സിസ്റ്റ് ചരിത്രകാരൻമാർ ശരിക്കുള്ള സ്ഥലകാല ജോലിയിലും സൂക്ഷ്മാന്വേഷണത്തിലും ഏർപ്പെട്ടുകൊണ്ട് പുതിയ തെളിവുകളും വിവരങ്ങളും വെളിച്ചത്തുകൊണ്ടുവരികയും അങ്ങനെ സൂക്ഷ്മാന്വേഷണത്തിന്റെ പുതിയ മേഖലകൾ തുറക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇത് മുമ്പൊന്നും ഊഹിക്കാൻകൂടി കഴിയുമായിരുന്ന ഒന്നല്ല. അതുകൊണ്ട് ആർതർ മാർവിക്കിനെപ്പോലെ മാർക്സിസ്റ്റല്ലാത്ത ഒരാൾ ബ്രിട്ടനിലെയും പശ്ചിമയൂറോപ്പിലെയും നിലവിലുള്ള സ്ഥിതിയെക്കുറിച്ച് പറഞ്ഞത് അത്രയും തന്നെ ന്യായീകരണത്തോടുകൂടി ഇന്ത്യയിലും വിവാദശങ്കകൂടാതെ നമുക്ക് ആവർത്തിക്കാം.

> ....ഇന്ന് എഴുതപ്പെട്ടുകൊണ്ടിരിക്കുന്ന ചരിത്ര പുസ്തകങ്ങളിൽ ഏറ്റവും ഉത്തേജകങ്ങളായ ചിലത് *മാർക്സിസ്റ്റുകാർ* എന്ന് സ്വയം വിശേഷിപ്പിക്കുന്നതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നവരുടേതാണ്. (1)

എ എൽ മോർടനെയും ഗോർഡൻ ചൈൽഡിനെയും എസ് ലൈലിയെയും വിക്ടർ കൈർനനെയും എറിക് ഹോബ്സ് ബോമിനെയും ഇ പി തോംസനെയും ക്രിസ്റ്റഫർ ഹില്ലിനെയും കൈത് തോമസിനെയും മറ്റനേകം പേരെയും പോലുള്ള പ്രശസ്തരായ പണ്ഡിതൻമാരും അക്കാദമീയൻമാരും രാഷ്ട്രീയ പ്രവർത്തകരും ബ്രിട്ടീഷ് മാർക്സിസ്റ്റ് ചരിത്രശാസ്ത്രത്തിനു കൈവരുത്തിയ പൂർണതയും പക്വതയും അസാധാരണമാംവിധം അപ്രതീക്ഷിതമായ കേന്ദ്രങ്ങളിൽനിന്ന് അത്തരം അംഗീകാരം നേടിയെങ്കിൽ ഇന്ത്യയിലെ സ്ഥിതി അതിലും വളരെയേറെ ആശാവഹമാണ്.

ഫ്രാൻസിൽ മാർക് ബ്ലോച്ചിന്റെ 'ചരിത്രവൃത്താന്ത'ത്തെയും ബ്രിട്ടനിൽ 'ഭൂതവും വർത്തമാനവും' എന്ന ജർണലിനെയും കേന്ദ്രീകരിച്ചുകൊണ്ട് വളർന്നുവന്ന പ്രസ്ഥാനങ്ങളുടെ മാതൃകയിൽ ഭൗതികവും ശാസ്ത്രീയവുമായ ചരിത്രശാസ്ത്രത്തിനുവേണ്ടിയുള്ള ഒരു സംഘടിതപ്രസ്ഥാനം ഇന്ത്യയിലും രൂപീകരിക്കുന്നതിനുവേണ്ടി വളരെയേറെ

വാദിക്കാമെന്നിരുന്നാൽതന്നെയും 1980–കളിലെ ഇന്ത്യയിൽ നമ്മെം വളരെയധികം അനുകൂലമായ സ്ഥിതിയിലായിരുന്നു. ഒരു കൊസാംബിയെയോ ഒരു ശർമയെയോ അവഗണിക്കാൻ കഴിയുന്ന, അൽപമെങ്കിലും മേൽവിലാസമുള്ള ഏതെങ്കിലും ഇന്ത്യൻ ചരിത്രകാരനുണ്ടോ? ഉദാഹരണത്തിന് വളരെ കൊട്ടിഘോഷിക്കപ്പെട്ടതും സ്വാതന്ത്ര്യാനന്തരയുഗത്തിൽ കൂട്ടായ പരിശ്രമത്തിലൂടെ പൂർത്തീകരിക്കപ്പെട്ടതുമായ ആദ്യത്തെ ബഹുവാല്യ സമ്പൂർണ ഇന്ത്യാ ചരിത്രമാണല്ലോ ഭാരതീയ വിദ്യാഭവന്റെ *ഇന്ത്യൻ ജനതയുടെ ചരിത്രവും സംസ്കാരവും*. ഒരൊറ്റ മാർക്സിസ്റ്റ് ചരിത്രകാരനെയും അതിൽ ഉൾപെടുത്തണമെന്ന് തോന്നിയില്ല. വാല്യങ്ങൾക് അനുബന്ധമായി ചേർത ദീർഘമായ ഗ്രന്ഥസൂചികകളിൽ പോലും ബോധപൂർവം അവരെ അവഗണിക്കുകയാണ് ചെയ്തത്. രജനിപാം ദത്തിന്റെയും ഭൂപേന്ദ്രനാഥ് ദത്തയുടെയും എസ് എ ഡാങ്കെയുടെയും ഡി ഡി കൊസാംബിയുടെയും ആർ എസ് ശർമയുടെയും മറ്റുള്ളവരുടെയും കൃതികൾ എത്രയോ കാലമായി ലഭ്യമാണ്. വേണമായിരുന്നെങ്കിൽ അവ ചേർകാമായിരുന്നു. പക്ഷെ നിശബ്ദതയുടെ അജ്ഞമോ ബോധപൂർവമോ ആയ ഗൂഢാലോചനകളുടെ ദിനങ്ങൾ ഇന്ത്യയിൽ കഴിഞ്ഞുപോയിട്ട് കാലമേറെയായി. മുരത്ത മാർക്സിസ്റ്റ് വിരുദ്ധൻമാരായ ചരിത്രകാരൻമാർപോലും മാർക്സിസ്റ്റുകാർ പറയുന്നത് ചെവിക്കൊള്ളേണ്ടിവരുന്നു, ചെവിക്കൊള്ളുകയും ചെയ്യുന്നു. എന്നുതന്നെയല്ല ഇന്നോളം അജ്ഞാതമോ അവ്യക്തമോ ആയിരുന്ന സ്രോതസുകളിൽനിന്ന് മാർക്സിസ്റ്റുകാർ ചികഞ്ഞെടുത്ത പുതിയ വസ്തുതകളുടെ വൻശേഖരത്തെ ആശ്രയിക്കാതെ കഴിക്കാൻ ഇവരിൽ ഒറ്റയാൾക്കും ആവുകയുമില്ല.

II

ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനുശേഷം ചരിത്രശാസ്ത്രത്തിൽ ഉണ്ടായ മുന്നേറ്റത്തെ വർണോജ്വലമെന്നും അദ്ഭുതകരമെന്നുമേ വിശേഷിപ്പിക്കാവു. കഴിഞ്ഞ രണ്ടോ മൂന്നോ

പതിറ്റാണ്ടുകാലത്തിനിടക്ക് ഭൂതകാലത്തെക്കുറിച്ചുള്ള നമ്മുടെ ധാരണക്ക് സമൂലമായ മാറ്റംവന്നിരിക്കുന്നു. അതിന്റെ ഖ്യാതി അപ്പാടെ മാർക്സിസ്റ്റുകാർക്കുള്ളതാണെന്ന് അവകാശപ്പെടുന്നത് ഒട്ടൊരു അനീതിയും അസത്യവുമാവാമെന്ന് വരികിലും ഈ പ്രക്രിയക്ക് മാർക്സിസ്റ്റുകാർ കാതലായ സംഭാവന നൽകി എന്ന പ്രസ്താവത്തെ ആർക്കും കുറ്റപ്പെടുത്താനാവില്ല.

അഭിമാനത്തോടും അന്തസോടുംകൂടി തങ്ങളുടെ കൊടി ഉയർത്തിപ്പിടിക്കുന്നവരുണ്ട്. സ്വന്തം വിശ്വാസപ്രമാണം പ്രഖ്യാപിക്കാൻ വിസമ്മതിക്കുമ്പോഴും തന്നെ തങ്ങളുടെ പഠനത്തിന് മാർക്സിസ്റ്റ് സാമഗ്രികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവരുമുണ്ട്. ഈ രണ്ട് കൂട്ടരെയും നമുക്ക് മാർക്സിസ്റ്റുകാരുടെ കൂട്ടത്തിൽ ഉൾപെടുത്താം. പീഡിതരുടെയും ചൂഷിതരുടെയും നിസ്വരുടെയും ദ്രഷ്ടരുടെയും മുന്നേറിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനം അതിന്റെ ശക്തമായ ആഘാതം ഏകാന്തശാന്തമായ അക്കാദമീയ ലോകത്തിൻമേൽപോലും ഏൽപിച്ചു. അതിന്റെ ഫലമായി വർഗത്തിന്റെയും ജാതിയുടെയും സാമൂഹ്യ സാമ്പത്തിക ചരിത്രത്തിന്റെയും പ്രശ്നങ്ങളിൽ വ്യാപകമായ താൽപര്യം ജനിച്ചു. ഈ പുതിയ വിശപ്പുകൾ ശമിപ്പിക്കുന്നതിനുവേണ്ടി ഊഷരവും എന്നാൽ പുറംപകിട്ടുള്ളതുമായ സിദ്ധാന്തങ്ങൾ പടിഞ്ഞാറുനിന്ന് ഇറക്കുമതി ചെയ്യാൻ നോക്കുന്നുണ്ടെങ്കിലും യഥാർഥ പണ്ഡിതൻമാരിൽ ഒട്ടുമുക്കാലും പേരും ചരിത്രപരമായ ഭൗതികവാദത്തിന്റെ രീതിശാസ്ത്രത്തിലേക്കാണ് അനിവാര്യമായും നയിക്കപ്പെടുന്നത്. പക്ഷെ ഇവിടെയും പുറംപകിട്ടുള്ള പടിഞ്ഞാറിന്റെ നാശംപിടിച്ച സ്വാധീനങ്ങൾ—ഗുൻഡർ ഫ്രാങ്കിനെയും അമീർ സമീനെയും വെല്ലർസ്തൈനെയും മറ്റും പോലെയുള്ള എഴുത്തുകാരുടെ 'മൂന്നാം ലോകയിസ'ങ്ങളും ഫ്രാൻസിൽനിന്നുള്ള ഘടനാവാദങ്ങളുടെ വകതിരിച്ചുള്ള ഇനങ്ങളും യുണൈറ്റഡ് സ്റ്റേറ്റ്സിൽനിന്നുള്ള (റീഖ് മിൽസും മറ്റുള്ളവരും) 'അധികാരവരേണ്യവർഗം', 'പദവി' എന്നീ സങ്കൽപനങ്ങളും മറ്റും—അങ്ങിങ്ങ് കാണാൻ കഴിയും.

'കീഴാളർ ചരിത്രകാരൻമാർ' എന്ന് സ്വയം വിശേഷിപ്പിച്ച് നടക്കുന്നവർ ഈ ഇനങ്ങളിലെ ഒരു ഗ്രൂപ്പ് മാത്രമാകുന്നു.[2] മാർക്സിസ്റ്റ് ചരിത്രപഠനത്തിൽ അവർ തുറക്കുന്ന വളരെ വിലപ്പെട്ട പുതിയ മേഖലകളുടെ പ്രാധാന്യം കുറക്കുവാൻ യാതൊരുതരത്തിലും ശ്രമിക്കാതിരിക്കെത്തന്നെയും നവ മാർക്സിയൻ പരിഷ്കരണങ്ങളിലേക്കുള്ള അവരുടെ ചില കാടുകയറലിനെതിരെ മുന്നറിയിപ്പ് നൽകാതെ തരമില്ല. ഈ സ്നേഹിതൻമാരെയും കൂടി ഉദ്ദേശിച്ചുകൊണ്ടാണ് റാംശരൺ ശർമ ഇങ്ങനെ എഴുതിയത്:

> അടിത്തറ—മേൽപുര എന്ന ആശയത്തെ മുറുകെപ്പിടിക്കുന്നതിനെ പീറ മാർക്സിസമെന്നും യാന്ത്രിക ഭൗതികവാദമെന്നും സാങ്കേതികവിദ്യാ നിർണീനതാവാദമെന്നും മറ്റും ചിലപ്പോഴും വിളിക്കാറുണ്ട്. പക്ഷെ ചരിത്രപരമായ ഭൗതികവാദത്തെ ശുദ്ധീകരിക്കാൻ ശ്രമിക്കുമ്പോഴും, ഇടുങ്ങിയ ഇരുൾവഴികളിലേക്ക് നമ്മെ നയിച്ചേക്കാവുന്ന തരത്തിലുള്ള പടുത്വത്തെക്കുറിച്ച് മുൻകരുതലുണ്ടായിരിക്കണം. പക്ഷെ ചരിത്രപരമായ ഭൗതികവാദത്തെ നശിപ്പിക്കുകയും യാഥാർഥ്യങ്ങളെ സമഗ്രമായി ഗ്രഹിക്കുക എന്ന് അതിന്റെ രചനാത്മകവും ഫലപ്രദവുമായ പങ്ക് കവർന്നെടുക്കുകയും ചെയ്യാനിടയാക്കുന്ന നിലയിലേക്ക് ആ 'ശുദ്ധീകരണ'ത്തെ കൊണ്ടെത്തിക്കുവാൻ പാടില്ല. അത്തരമൊരു സ്ഥിതിയിൽ 'പീറ'ക്ക് ബന്ധം വരുന്നത് ബഹുജനങ്ങളുമായിട്ടാണ്, അല്ലാതെ പരിഷ്കാരം നേടിയ വർഗങ്ങളുമായിട്ടല്ല; അതിൽപെട്ട ചില ആളുകൾ ചരിത്രപരമായ ഭൗതികവാദത്തിന് പിന്നാലെ പായുന്നത് അതിലുള്ള ബോധ്യത്തെക്കാളേറെ പരിഷ്കാരമെന്ന നിലയിലാണല്ലോ.[3]

നവജാതമായ വ്യവസായവൽകരണത്തിന്റെ പങ്ക് കുറച്ചുകാണുക, വ്യാവസായിക തൊഴിലാളിവർഗത്തിന്റെ ചരിത്രപരമായ ഭാഗധേയത്തെ അവഗണിക്കുക, കർഷക സമര പ്രവർത്തനത്തിന് സ്വയംഭൂവത്വം കൽപിക്കുക, ചരിത്രത്തിലെ ഒരു വർഗമെന്ന നിലയിൽ കർഷകസമൂഹത്തിന് ഒരുതരം ദിവ്യ പരിവേഷം ചാർത്തിക്കൊടുക്കുക—ഇവയെ

ല്ലാമാണ്. 'കീഴാളർ ചരിത്രകാരൻമാ'രുടെ മുഖമുദ്ര. അതു കൊണ്ട് ജാവേദ് ആലമിന്റെ താഴെക്കൊടുത്തിരിക്കുന്ന വിമർശനത്തോട് യോജിക്കാതിരിക്കാൻ വിഷമമാണ്.

> ....മേൽപറഞ്ഞ ഗ്രന്ഥകർത്താക്കളുടെ കാഴ്ചപ്പാടിന്, ലെനിൻ വികസിപ്പിച്ചെടുക്കുകയും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനം പരിപോഷിപ്പിക്കുകയും ചെയ്ത മാർക്സിസ്റ്റ് വിപ്ലവസിദ്ധാന്തത്തോടുള്ള തിനെക്കാളേറെ അടുപ്പം ഫ്രാങ്ക്ഫർട് സ്കൂളിനോടാണെന്ന് തോന്നുന്നു.[4]

'കീഴാളർ ചരിത്രകാരൻമാർ' അവരുടെ വിശേഷണം സ്വീകരിച്ചിട്ടുള്ളത് അന്തോണിയോ ഗ്രാംഷിയിൽ നിന്നാണ്. മഹാനായ ആ ഇറ്റാലിയൻ മാർക്സിസ്റ്റ് പറഞ്ഞു വെച്ചതിന്റെ മർമം ഇവർക്കെങ്ങനെ പിടികിട്ടാതെ പോയി എന്ന് സുനീത് ചോപ്ര സമർഥമായി തെളിയിച്ചുകാട്ടിയിട്ടുണ്ട്.[5]

> 'മൂന്നാം ലോകയിസ്ക്കാരായ ഈ നവ മാർക്സിസ്റ്റുകാരുടെ വിവിധ വശങ്ങൾ പരിശോധനാവിധേയമാക്കിക്കൊണ്ടുള്ള പ്രയോജനപ്രദമായ ഒരു ലേഖന സമാഹാരം പീറ്റർ ലിംകെബ്ലോയും ബ്രൂസ് മക്ഫാർലെയിനും കൂടി അടുത്തകാലത്ത് പുറത്തിറക്കിയിട്ടുണ്ട്. ഈ നവ മാർക്സിസ്റ്റുകാരുടെ തെറ്റായ ധാരണകളെയാണ് നമ്മുടെ കീഴാളർ ചരിത്രകാരൻമാർ അമിതമായി ആശ്രയിക്കുന്നത്.[6]

III

ഇന്ത്യാ ചരിത്ര പഠനത്തിൽ മാർക്സിസം ഗുരുതരമാം വിധം തെറ്റായി പ്രയോഗിക്കുന്നതിനുള്ള പ്രത്യേകാവകാശം നവ മാർക്സിസ്റ്റുകാർക് മാത്രമുള്ളതല്ല. ഇന്ത്യയെ സംബന്ധിച്ചുള്ള മാർക്സിന്റെ എഴുത്തുകളുടെ വൻ ശേഖരത്തിൽനിന്ന് ചികഞ്ഞെടുത്ത ചില പ്രത്യേക വാചകങ്ങളുടെ ഉദാരമായ വ്യാഖ്യാനവും സ്വീകരവും ഈ രംഗത്തെ നമ്മുടെ മഹാൻമാരായ ആദ്യകാല പ്രണേതാക്കളിൽ ചിലരെപ്പോലും വഴിതെറ്റിച്ചിട്ടുണ്ട്. 'കിഴക്കൻ സോഷ്യലിസ്റ്റ് പ്രതീപം', 'പ്രാചീന ഇന്ത്യൻ സമൂഹത്തിന്റെ മാറ്റമില്ലാ

ത്ത സ്വഭാവം', 'ഏഷ്യാറ്റിക് ഉൽപാദനരീതി' മുതലായ ചില ജഡീഭൂത പ്രയോഗങ്ങളും അത്തരം പ്രേതങ്ങളാണ്. 1950–കളും മുതൽക്ക് ഡി ഡി കൊസാംബിയും ആർ എസ് ശർമയും ഇർഫാൻ ഹബീബും മറ്റും നടത്തിയ നിശിതമായ കണ്ടെത്തലുകളും അവസാനമായി ഒഴിച്ചുകൂടാനാവാത്തവിധം ഇന്ത്യയുടെ ബാധ മാർക്സിസ്റ്റ് ചരിത്രകാരൻമാരിൽ ആവേശിച്ചുകൊണ്ടേയിരുന്നു.

ദാമോദർ ധർമാനന്ദ് കൊസാംബി ഇന്ത്യയിൽ മാർക്സിസ്റ്റ് ചരിത്രശാസ്ത്രത്തിന് ഭദ്രമായ അടിത്തറ പാകിയ തന്റെ മൗലികകൃതിയായ *ഇന്ത്യാ ചരിത്രപഠനത്തിന് ആമുഖ*ത്തിൽ പ്രസ്താവിക്കുന്നു:

> മാർക്സിന്റെ സിദ്ധാന്തങ്ങളും സ്വീകരിക്കുക എന്നാൽ അദ്ദേഹത്തിന്റെ എല്ലാ നിഗമനങ്ങളും (ഔദ്യോഗിക കക്ഷിരാഷ്ട്രീയ മാർക്സിസ്റ്റുകാരുടെത് അതിലും കുറച്ചും) എപ്പോഴും അന്ധമായി ആവർത്തിക്കുക എന്നല്ല അർഥം. ഗ്രീസിന്റെയും റോമിന്റെയും അതേ അർഥത്തിലുള്ള ഒരു ക്ലാസിക് അടിമത്ത സമ്പദ്ഘടന ഒരിക്കലും ഇന്ത്യക്കുണ്ടായിരുന്നില്ല എന്ന് തെളിയിച്ചു കാട്ടുന്നതായിരിക്കും. ചില ആളുകളും സ്വതന്ത്രരല്ലായിരുന്നുവെന്നും ഏതോ തരം അടിമത്തം ഉണ്ടായിരുന്നുവെന്നുമുള്ള മുരത്തവാദമല്ല ഇവിടെ പ്രശ്നം. പ്രശ്നം അളവിന്റേതാണ്. അതിലുണ്ടാകുന്ന വൻ മാറ്റം ഗുണത്തെയും കൂടി മാറ്റിത്തീർക്കുന്നു. ശരിക്കും കുഴക്കുന്ന ചോദ്യം ഏഷ്യാറ്റിക് ഉൽപാദനരീതി എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണെന്നുള്ളതാണ്. അത് ഒരിക്കലും മാർക്സ് ശരിക്കും നിർവചിക്കുകയുണ്ടായില്ല. ഏഷ്യയിൽ സാംസ്കാരികമായി ചൈനയും ഇന്ത്യയും ആധിപത്യം വഹിക്കുന്നു. ചൈന അതിന്റെ മഹത്തായ പുരാവൃത്തവും രാജസഭകളും കുടുംബരേഖകളും ശിലാലിഖിതങ്ങളും ഉൽഖനനം വഴി ഇപ്പോൾ കണ്ടെടുത്തിട്ടുള്ള നാണയങ്ങളുംകൂടിച്ചേർന്ന് ഇന്ത്യയുടെ കാര്യത്തിൽ എന്തെങ്കിലും പ്രതീക്ഷിക്കാൻ കഴിയുന്നതിനെക്കാൾ എത്രയോ കൂടുതൽ ഭംഗിയായി ഏതാണ്ട് 1000 ബി സി മുതൽക്കുള്ള

ചിത്രം നൽകുന്നുണ്ട്. 841 ബി സി മുതൽക്കിങ്ങോട്ടുള്ള ചൈനീസ് കാലാനുക്രമണിക ശരിക്കും തർക്കമറ്റതാണ്. വെളിപാട് അസ്ഥികളുടെ ശ്രദ്ധാപൂർവമായ പഠനം വഴി അത് ഏതാണ്ട് 1400 ബി സി വരെ പിന്നിലേക്ക് തള്ളാവുന്നതുമാണ്. ഇന്ത്യയിൽ ദീർഘമായ വിടവുകൾ നികത്തുന്നതിനുള്ള രേഖകൾ പിന്നീട് കണ്ടെത്തിയേക്കാമെന്നുള്ള പ്രതീക്ഷ അസ്ഥാനത്താണ്. കാരണം അപ്രകാശിതമായ സംസ്കൃത കൃതികളുടെ വൻ ശേഖരത്തിൽ മൂർത്തമായ ചരിത്ര പ്രാധാന്യമുള്ള യാതൊന്നും തന്നെ ഫലത്തിൽ ഇല്ലെന്ന് അറിവായിട്ടുണ്ട്. ഇന്ത്യയെക്കുറിച്ച് മാർക്സ് പറഞ്ഞതുതന്നെയും അതേ നിലയിൽ എടുക്കാൻ കഴിയില്ല. [7]

"കക്ഷിരാഷ്ട്രീയ മാർക്സിസ്റ്റുകാരെ"ക്കുറിച്ചുള്ള കൊസാംബിയുടെ ഒട്ടു കടുത്ത വാക്കുകൾ നേരിട്ട് ഉന്നംവക്കുന്നത് പ്രാചീന ചരിത്രത്തിലേക്കുള്ള എസ് എ ഡാങ്കെയുടെ പ്രസിദ്ധവും എന്നാൽ ദൗർഭാഗ്യകരവുമായ കടന്നുകയറ്റത്തെയാണ്. [8] യൂറോപ്പിലെ മാതിരിയുള്ള ക്ലാസിക് അടിമത്തം ഇന്ത്യയിൽ നിലനിന്നിരുന്നില്ല എന്ന് കൊസാംബി സമർഥിക്കുന്നിടത്താണ് ഡാങ്കെക്ക് ശരിക്കും കാലിടറുന്നത്. ഏറക്കുറെ പൂർണമായിത്തന്നെ സാഹിത്യപരമായ (വ്യക്തിനിഷ്ഠമായ) തെളിവുകളെ ആധാരമാക്കിക്കൊണ്ടും ലഭ്യമായ ശിലാലിഖിതങ്ങളെയും പുരാവസ്തുവിവരങ്ങളെയുംപോലും ഒഴിവാക്കിക്കൊണ്ടും ഡാങ്കെ തന്റെ കഥ പഴംപുരാണങ്ങളിലും കെട്ടുകഥകളിൽനിന്നും ഒട്ടുമുക്കാലും തിരിച്ചറിയാൻ കഴിയാത്ത തരത്തിലാക്കിയിരിക്കുന്നു. 1949—ൽ തന്നെ കൊസാംബി ഡാങ്കെയുടെ കൃതിക്കെതിരായി ഒരു നിശിത വിമർശനം നടത്തി. [9] സംഘടിത തൊഴിലാളിവർഗത്തിലും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും ഡാങ്കെ വഹിച്ചിരുന്ന സ്ഥാനമില്ലായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കൃതി ആ സംഹാരക്രിയയെ അതിജീവിക്കുമായിരുന്നില്ല. "കക്ഷിരാഷ്ട്രീയ മാർക്സിസ്റ്റുകാർ"ക്ക് നേരെയുള്ള ഈ കടുത്ത പരിഹാസത്തിനു കാരണവും അതുതന്നെ.

ധൈഷണികമായി കൊസാംബി ഏൽപിച്ച കനത്ത അടിയെ അതിജീവിച്ച ഡാങ്കെ ഇന്ത്യൻ മാർക്സിസത്തിന് പിന്നെയും ഒരു ദുരന്തംകൂടി വരുത്തിവെക്കുന്ന പരിപാടിയുമായി മുന്നോട്ടുപോയി എന്നത് സമീപകാല ചരിത്രമാണ്. തന്റെ മരുമകനായ ബാനി ദേശ് പാണ്ഡെയുടെ *വേദാന്തത്തിന്റെ പ്രപഞ്ചം* (1974) എന്ന പുസ്തകത്തിനുള്ള അവതാരികയായിട്ടാണ് അത് പ്രത്യക്ഷപ്പെട്ടത്. ഡാങ്കെ തന്നെ ചെയർമാനായുള്ള സി പി ഐ യുടെ വിദ്യാഭ്യാസ വകുപ്പ് മാർക്സിസ്റ്റ് തത്വചിന്തകൻമാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുവാനും ആ പുസ്തകത്തെയും അതിന്റെ അവതാരികയെയും അർഥശങ്കക്കിടയില്ലാത്ത വിധം അപലപിക്കുവാനും നിർബന്ധിതമായി. അവരുടെ നിഗമനം ഡാങ്കെയും മരുമകനും "...പൊതുവെ മാർക്സിസം–ലെനിനിസത്തിന്റെയും ശാസ്ത്രീയ ചിന്തയുടെയും മൗലികതത്വങ്ങളെ ഗുരുതരമായി ലംഘിക്കുകയും നമ്മുടെ സംസ്കാരത്തിന്റെയും തത്വചിന്തയുടെയും പൊതുവായ നേട്ടങ്ങളുടെ നേർക് കണ്ണടക്കുകയും ജീർണിച്ച ഭരണ, ചൂഷകവർഗങ്ങളുടെ സമ്മർദങ്ങളുടെയും ആവശ്യങ്ങളുടെയും പരിണതഫലമായ നിഷേധാത്മക സവിശേഷതകളെ മഹത്വവൽകരിക്കുകയും ചെയ്തു" എന്നാണ്.[10]

പക്ഷെ ബീഭത്സമായ ഈ സംഭവത്തിൽ നമുക്ക് കൃതജ്ഞരായിരിക്കുവാൻ വകയുണ്ട്. മാർക്സിസ്റ്റ് നിലപാടിൽ നിന്നുകൊണ്ട് വേദാന്തത്തെക്കുറിച്ചെഴുതിയ ലേഖനങ്ങളുടെ നല്ലൊരു സമാഹാരം നമുക്ക് കിട്ടിയല്ലോ. അതിവല്ലഭനായ "കക്ഷിരാഷ്ട്രീയക്കാര"നെ തിരുത്താൻ "കക്ഷിരാഷ്ട്രീയക്കാർ" തന്നെ മുന്നോട്ടുവരുന്നു. ഈ കാഴ്ച കാണാൻ കൊസാംബി ജീവിച്ചിരുന്നെങ്കിൽ കക്ഷിരാഷ്ട്രീയക്കാർകിടയിൽപോലും കാര്യാദികം അത്രക്ക് മോശമല്ല എന്ന് അദ്ദേഹം സമ്മതിച്ചുതരുമായിരുന്നു. അവർകും കക്ഷിരാഷ്ട്രീയേതരൻമാരെപ്പോലെതന്നെ തീർചയായും ചിലപ്പോഴെല്ലാം തെറ്റുപറ്റാമെന്നുള്ളതും ശരിതന്നെ.

മാർക്സിയൻ ആപ്തവാക്യങ്ങളും ഒറ്റപ്പെട്ട ഉദ്ധര

ണികളും അമ്പേ അക്ഷരാർഥ മാത്രമായി സ്വീകരിക്കുന്ന തിന്റെ അപകടം ഇർഫാൻ ഹബീബും ഇ എം എസ് നമ്പൂതിരിപ്പാടും റൊമീലാ ഥാപ്പറും ആർ എസ് ശർമയും മറ്റും പലപ്പോഴും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ശർമ ഓർമിപ്പിക്കുന്നു:

> വ്യാവസായിക വിപ്ലവത്തിന്റെ ആഗമനത്തിനു മുമ്പത്തെ ഏഷ്യൻ സമൂഹത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തെക്കുറിച്ചുള്ള കാറ്റ് മാർക്സിന്റെ അടിസ്ഥാന രൂപകൽപന കാരണം ചരിത്രത്തിന്റെ ഭൗതികമായ വ്യാഖ്യാനത്തിനു മുതൽക്കൂട്ടുന്നവർപോലും സാമൂഹികവികാസം എന്ന വസ്തുതയെ തീരെ ശ്രദ്ധിക്കുകയുണ്ടായില്ല. വ്യാവസായിക പൂർവകാലഘട്ടത്തിൽ, രാജാക്കൻമാരുടെ വംശീയഭരണത്തിൽ ഉണ്ടാകുന്നതുപോലെ മന്ദഗതിയിൽ സാമൂഹിക മാറ്റങ്ങൾ ഉണ്ടാവുക സാധ്യമല്ലെന്നുള്ളത് സത്യമാണ്. പക്ഷെ അവ ഉണ്ടായിട്ടേയില്ല എന്ന സിദ്ധാന്തവുമായി മുന്നോട്ടു പോകുന്നത് തെറ്റായിരിക്കും. [11]

IV

മാർക്സിസ്റ്റ് പാഠങ്ങളുടെ ബാലിശമായ വായനയിൽനിന്ന് നമുക്ക് കിട്ടിയ പൈതൃകമായ വരട്ടുതത്വങ്ങളെയും ജഡീഭൂത പ്രയോഗങ്ങളെയും മുറിച്ചുകടക്കുക എളുപ്പമായിരുന്നു, നല്ല കാലത്തിനു മുറിച്ചുകടക്കുകയും ചെയ്തു. പക്ഷെ കഴിഞ്ഞ ഒന്നരയോ മറ്റോ നൂറ്റാണ്ടിന്റെ യാഥാസ്ഥിതിക ചരിത്രകാരൻമാരിൽനിന്ന് നമുക്ക് കിട്ടിയ പൈതൃകമായ ജഡീഭൂത പ്രയോഗങ്ങളെയും വരട്ടുതത്വങ്ങളെയും ഗോത്ര സ്മൃതികളെയും ഐതിഹ്യങ്ങളെയും സംബന്ധിച്ച് അങ്ങനെയായിരുന്നില്ല. ഇന്ത്യാ ചരിത്രത്തിന്റെ സമഗ്രമായ പുനർനിർമാണത്തിനുള്ള ആധുനിക ശ്രമം ജയിംസ് മില്ലിൽനിന്ന് തുടങ്ങുന്നു എന്ന് പറയാം. ഇന്ത്യയിലെ സൈനികവും സൈനികേതരവുമായ ഭരണമേധാവികളായി ബ്രിട്ടനിൽനിന്ന് തെരഞ്ഞെടുത്തയക്കുന്നവരെ പഠിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യാ ചരിത്രത്തിന്റെ ഒരു മാനുവൽ അദ്ദേഹം തയ്യാറാക്കി. അതിനു മുമ്പുതന്നെയും

സഞ്ചാരികളുടെ കഥനങ്ങളും ഇന്ത്യൻ നിയമങ്ങളുടെ ബ്രിട്ടീഷ് ക്രോഡീകരണങ്ങളും പ്രാചീന ഇന്ത്യൻ ഗ്രന്ഥങ്ങളുടെ ഒറ്റപ്പെട്ട പരിഭാഷകളും ഉണ്ടായിരുന്നെങ്കിലും കാലാനുക്രമണികയായി ചിട്ടപ്പെടുത്തിയ ചരിത്രത്തിനുവേണ്ടിയുള്ള ആദ്യത്തെ ശ്രമം മിൽസിന്റെ 1817–ൽ പ്രസിദ്ധീകരിച്ച *ബ്രിട്ടീഷ് ഇന്ത്യയുടെ ഒരു ചരിത്രം* ആണ്. ഇന്ത്യാ ചരിത്രത്തിന് ഹിന്ദു, മുസ്ലിം, ബ്രിട്ടീഷ് കാലഘട്ടങ്ങളെ എന്ന ജൂഗുപ്സാവഹമായ കാലഗണന നൽകിയത് അദ്ദേഹമാണ്. ഇന്ത്യാ ചരിത്ര രചനയിൽ ഇക്കാലങ്ങളിലിത്രയും സമൂലമായ മാറ്റമുണ്ടായിട്ടും ഒടുക്കത്തേക്കെങ്കിലും ഈ കാലഗണന ഒന്ന് തുലഞ്ഞുപോകാൻ കൂട്ടാക്കുന്നില്ല എന്ന് മാത്രമല്ല പല വേഷത്തിലും പിന്നെയും പിന്നെയും തലപൊന്തിച്ചുകൊണ്ടിരിക്കുകയുമാണ്. മില്ലോ അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രങ്ങളെയും ലക്ഷ്യങ്ങളെയും ഉൾക്കൊണ്ട അദ്ദേഹത്തിന്റെ അടുത്ത അനുയായികളോ ബ്രിട്ടീഷ് കാലഘട്ടത്തിന് 'ക്രിസ്ത്യൻ' എന്ന വിശേഷണം ഒരിക്കലും ചേർക്കാതിരുന്നത് രസകരം തന്നെ. വാസ്തവം പറഞ്ഞാൽ ഭരണാധികാരികളുൾപ്പെടെയുള്ള ന്യൂനപക്ഷത്തിന്റെ മതംവച്ച് 'മുസ്ലിം കാലഘട്ടം' എന്ന് വിശേഷിപ്പിക്കാമെങ്കിൽ ബ്രിട്ടീഷ് കാലഘട്ടത്തെ 'ക്രിസ്ത്യൻ' എന്നും നല്ലതുപോലെ വിശേഷിപ്പിക്കാം. പിൽകാലത്ത് ദേശാഭിമാന മനസ്കനായ മേജർ ബി ഡി ബസു എന്ന ചരിത്രകാരൻ തന്റെ ചരിത്രഗ്രന്ഥത്തിന് *ഇന്ത്യയിൽ ക്രിസ്ത്യൻ അധികാരത്തിന്റെ ഉദയം* എന്ന് പേര് നൽകി. പക്ഷെ ആ വിശേഷം പതിയുകയുണ്ടായില്ല.

ജയിംസ് മില്ലും അദ്ദേഹത്തിന്റെ അടുത്ത അനുയായികളായ മെക്കാളെയും എൽഫിൻസ്റ്റനും മറ്റും ഒരിക്കലും ഇന്ത്യൻ പൈതൃകത്തിന്റെ ആരാധകരായിരുന്നില്ല. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള തന്റെ മിനിട്ട്സിലെ മെക്കാളെയുടെ രേഖപ്പെടുത്തൽ കുപ്രസിദ്ധമാണല്ലോ. അതിൽ ഇന്ത്യൻ പൈതൃകത്തിന്റെ ദാരിദ്ര്യം എന്ന പേരുദോഷത്തിനിരയാക്കപ്പെട്ട ഇന്ത്യൻ പൈതൃകത്തെ അദ്ദേഹം കണക്കിന് കൊച്ചാക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. അത് അത്രമേൽ പ്രസിദ്ധമായതുകൊണ്ട് ഉദ്ധരി

ക്കേണ്ട ആവശ്യമില്ലല്ലോ. അഹന്ത മുഴുത്ത ഈ സാമ്രാജ്യത്വ ചരിത്ര വൃത്താന്തകാരൻമാരുടെ തൊട്ടുപിന്നാലെ 19–ാം നൂറ്റാണ്ടിന്റെ മധ്യത്തോടടുപ്പിച്ച് ദിവ്യത്വത്തിന്റെ പരിവേഷമണിഞ്ഞ ഇന്ത്യാവാദികളും വരുന്നു. അവരുടെ മുമ്പന്തിയിൽ നിൽക്കുന്നത് 'അഭിനവസായണ'നായ മാക്സ് മുള്ളറാണ്. യൂറോപ്പിലെ വ്യാവസായിക വിപ്ലവത്തിന്റെ ഭീകരതകളിൽ ദുഃഖിതരും മനംമടുത്തവരുമായ ഇന്ത്യാവാദികളും അന്യരും വിചിത്രവുമായ കിഴക്കിലേക്ക് ഒരു രക്ഷാമാർഗം അത്യാകാംക്ഷയോടെ നേടുകയായിരുന്നു. അത് അവർ ഇന്ത്യയിൽ കണ്ടെത്തി; അല്ല, തങ്ങളുടെ തളർന്ന നാഡികൾക്ക് ലേപനമെന്ന നിലയിൽ നിർമിച്ചെടുത്തു എന്നു പറയുന്നതാവും ഏറെ ശരി. ഭൗതികമാത്രമായ പടിഞ്ഞാറിന്റെ വെറും ലൗകികമായ കടിപിടികളുടെ വിപരീത താരതമ്യമെന്ന നിലയിൽ കിഴക്കൻ ദേശത്തെ ഹിന്ദുക്കളുടെ ഉൽകൃഷ്ടമായ ആത്മീയ സപര്യയെ അവർ പ്രകീർത്തിച്ചു. അങ്ങനെ അനശ്വരമായ ഇന്ത്യൻ സ്വഭാവത്തിന്റെ പ്രസിദ്ധമായ പര 'ലോകത്വം' ജനിച്ചു, അഥവാ നിർമിച്ചെടുത്തു. 'കിഴക്കൻ സോഷ്മരാപ്രഭുത്വ'വും കൂടി ഇതിനോടു ചേർത്തു. പടുതയെഴുന്ന ജനാധിപത്യമുറകളും—അവ പാശ്ചാത്യനു, വിശേഷിച്ചും ദൈവനിയോഗിതനായ ബ്രിട്ടീഷുകാരനു എത്രയോ സ്വാഭാവികമായി വരുന്നതാണു—പയറ്റാൻ തക്ക പകുത നമുക്കു കൈവന്നുകഴിഞ്ഞിട്ടില്ലെന്നു നമ്മെ പറഞ്ഞു ബോധ്യപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിച്ച ഒരു പ്രത്യയശാസ്ത്രായുധമാണ് ഈ ദുഷ്പ്രഭുത്വവാദം. പിന്നെ 'മാറ്റമില്ലാത്ത സമൂഹം' എന്ന വാദം വന്നു. ആ സമൂഹത്തിൽ മാറ്റത്തിന്റെ ആദ്യകിരണങ്ങളും അത്യുദാരതയോടെ ചൊരിഞ്ഞത് യജമാനവംശികളായ ബ്രിട്ടീഷുകാരായിരുന്നത്രെ! പക്ഷെ ഇന്ത്യാവാദികളും ചോദിച്ചു: സാധ്യമായ ഏറ്റവും നല്ല സമൂഹങ്ങളിൽവച്ച് ഏറ്റവും നല്ലതായ ഇതിൽ അവിടെയും ഇവിടെയും ചില്ലറ ചില ക്രമീകരണങ്ങളുംകപ്പുറത്ത് ഒരു മാറ്റമെന്തിന്? ജനാധിപത്യത്തിന്റെ പ്രശ്നത്തിലും ഇന്ത്യാവാദികളും വഴങ്ങിയില്ല. പഞ്ചായത്തുകളുടെയും ഗോത്രസമിതികളുടെയും ഗ്രാമറിപ്പബ്ളിക്കുകളുടെയും പ്രാചീനമായ പാരമ്പര്യങ്ങ

ളിൽ അവർ ഹിന്ദു ജനാധിപത്യത്തിന്റെ ഏറ്റവും കവിതാത്മകമായ സാക്ഷാത്കാരം ദർശിച്ചു. ജാതികളെയും അയത്തത്തെയും ബ്രാഹ്മണ മേധാവിത്വത്തെയുംകുറിച്ചുള്ള അസൗകര്യമായ ചോദ്യങ്ങളിൽനിന്ന് നിരംപിടിപ്പിച്ച സമർഥമായ വിശദീകരണങ്ങളിലൂടെ ഒഴിഞ്ഞുമാറി. ആര്യൻ, ദ്രാവിഡൻ എന്ന് രണ്ടായുള്ള വംശീയവിഭജനം ഇന്ത്യാവാദികം പ്രചരിപ്പിച്ച ദോഷകരവും അശാസ്ത്രീയവുമായ മറെറാരു മിഥ്യയാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോടെ ദേശീയതയുടെ ഉദയത്തോടൊപ്പം മുഖ്യമായും ഇന്ത്യക്കാരായ ചരിത്രകാരൻമാരുടെ ഒരു മൂന്നാം തലമുറ മുന്നോട്ടുവന്നു. പാശ്ചാത്യരായ ഇന്ത്യാവാദികം ഇന്ത്യയുടെമേൽ ചൊരിഞ്ഞ അപമാനങ്ങളും ഇന്ത്യക്കാരുടെ ആത്മാഭിമാനം തട്ടിയുണർത്തുവാൻ പറ്റിയ ഉപകരണങ്ങളാണെന്ന് അവർ കണ്ടു. ഞങ്ങളും ദരിദ്രരാണ്, പക്ഷെ അതുകൊണ്ട് ആർക്ക് ചേതം? ആത്മാവിന്റെ ഉന്നത മൂല്യങ്ങൾക്കുവേണ്ടിയാണ്, അല്ലാതെ നിസാരമായ ലൗകിക കാര്യങ്ങൾക്കുവേണ്ടിയല്ല ഞങ്ങളുടെ പൂർവികർ നിലകൊണ്ടത്. അൽപസ്വൽപം വൃത്തിഹീനതയും ഇല്ലായ്മയുമുണ്ടെങ്കിൽ അതെല്ലാം കയ്യേറക്കാരനായ ആ പാശ്ചാത്യന്റെ സൃഷ്ടികളാണ്. ബ്രിട്ടൻ വലിയ സാമ്രാജ്യ സ്രഷ്ടാവാണെങ്കിൽ ഞങ്ങളും ഒരുകാലത്ത് അങ്ങനെയായിരുന്നു. ഞങ്ങൾക്കേ ഞങ്ങളുടെ അശോകൻമാരും സമുദ്രഗുപ്തൻമാരും ഹർഷൻമാരും രാജരാജചോളൻമാരും അക്ബറൻമാരും മറ്റും ഉണ്ടായിരുന്നല്ലോ. ഗുപ്തസാമ്രാജ്യത്തിൽ ഒരു സുവർണയുഗം കണ്ടെത്തുകയോ കണ്ടുപിടിക്കുകയോ ചെയ്തു. ഇന്ത്യാചരിത്രം മഹത്തായ സാമ്രാജ്യങ്ങളുടെ ചരിത്രമായി മാറി. സാമ്രാജ്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഇന്ത്യയുടെ ഭൂതകാലത്തിന് ഗാംഭീര്യവും ധീരതയും പകരാൻവേണ്ടി രജപുത്രവീരൻമാരെയും ശിവജികളെയും മിനുക്കിയെടുത്തു. മുഗളൻമാരെ, നാടുകീഴടക്കിയ ബ്രിട്ടീഷുകാരുടെ ഒരുതരം മുൻഗാമികൾ എന്ന നിലയിൽ കറുത്ത ഛായത്തിൽ ചിത്രീകരിച്ചു. മുസ്ലിം ചരിത്രകാരൻമാരും ഒട്ടും വിട്ടുകൊടുത്തില്ല. അവർ നാണയത്തിന്റെ മറുവശം—ജാതികൊണ്ട് മലീമസമായ,

ബിംബാരാധനക്കാരായ ബർബരൻമാരെ പരിഷ്കൃതരാക്കുവാൻ പ്രവാചകന്റെ പ്രേഷിതൻമാർ ശ്രമിക്കുകയായിരുന്നു എന്ന്—പുറത്തുകൊണ്ടുവന്നു.

സ്വാതന്ത്ര്യസമരത്തെ സഹായിക്കുന്നതിൽ ഇരുമതങ്ങളിലെയും ദേശീയവാദികളായ ചരിത്രകാരൻമാർ മഹത്തായ കർമ്മമാണ് നിർവഹിച്ചതെന്ന വസ്തുതയും അതുപോലെതന്നെ മഹത്തായ വീണ്ടെടുക്കൽ ദൗത്യത്തിന് തുടക്കം കുറിച്ച ഇന്ത്യാവാദികളുടെ സേവനങ്ങളും നിഷേധിക്കാനാവാത്തവയാണ്. പക്ഷെ ഈ പണ്ഡിതൻമാരും ദേശാഭിമാനികളും ചെയ്ത വലിയ കാര്യങ്ങളുടെ കൂടെത്തന്നെ ഇന്ത്യാചരിത്രത്തിൽ കണ്ടമാനം പായലും അടിഞ്ഞുകൂടി. അത് നീക്കംചെയ്യേണ്ടതു് മാർക്സിസ്റ്റ് ചരിത്രകാരൻമാരുടെ കടമയായിത്തീരുകയും ചെയ്തു. നെല്ലും പതിരും തിരിക്കുന്ന ജോലി സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നുവെങ്കിലും അതിന് ശരിക്കും ആക്കംവച്ചത് സ്വാഭാവികമായും സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ്. വർഗീയവാദികളും 'സ്ഥിതവാദികൾ'ളും ചരിത്രശാസ്ത്രത്തിലെ തങ്ങളുടെ നിഗൂഢ താൽപര്യങ്ങളുമായി അപ്പോഴും രംഗത്തുതന്നെ ഉണ്ടായിരുന്നെങ്കിലും 1950 കൾ മുതൽക് പ്രതിഭാശാലികളായ ചരിത്രകാരൻമാരുടെ ഒരു പുതിയ തലമുറ രംഗം ഏറ്റെടുത്തു. അവർ തീർച്ചയായും പ്രതിജ്ഞാബദ്ധതയിൽനിന്ന് വിമുക്തരായിരുന്നില്ല.

നാടിന്റെ സ്വാതന്ത്ര്യത്തോടും ജനങ്ങളുടെ ക്ഷേമത്തോടും ഇന്ത്യയിലെ മർദിതരായ ജനകോടികളുടെ സ്വാതന്ത്ര്യത്തിലേക്കും സുസ്ഥിതിയിലേക്കും പരിവർത്തിപ്പിക്കാവുന്ന തരത്തിലുള്ള കൂടുതൽ പൂർണവും അർഥവത്തുമായ ഒരു സ്വാതന്ത്ര്യത്തോടും അവർ നിശ്ചയമായും പ്രതിജ്ഞാബദ്ധരായിരുന്നു. ഈ പ്രതിജ്ഞാബദ്ധത കാരണം സമൂഹഘടനയുടെയും ജാതിഘടനയുടെ പരിണാമത്തിന്റെയും വർഗഘടനയുടെയും അധികാരഘടനയുടെയും ചരിത്രം തേടിപ്പിടിക്കുക എന്ന കടമ ഒരു വെല്ലുവിളിയായി അവർക് ഏറ്റെടുക്കേണ്ടിവന്നു. ഉരുത്തിരിയുന്ന രൂപമാതൃകയുടെ യഥാർഥ പ്രക്രിയകളുടെയും ഘടനകളുടെയും

ഒരു മിന്നാട്ടം കിട്ടണമെങ്കിൽ മിഥ്യകളെയും ജഡീഭൂത പ്രയോഗങ്ങളെയും പിച്ചിച്ചീന്തണം. ചരിത്രപരമായ ഭൗതികവാദം അതിന്റെ നിരവധിയായ ബദലുകൾക്കിടയിൽ ഏറ്റവും നന്നായി ശോഭിക്കുന്നത് ഇവിടെയാണ്.

ആർ എസ് ശർമ ഒരു പ്രത്യേക മാർഗമാണ് തെരഞ്ഞെടുത്തത്. അത് ഒട്ടനേകം ആധുനിക ഇന്ത്യൻ ചരിത്രകാരൻമാരുടെ മാർഗത്തെ പ്രതിഫലിപ്പിക്കുന്നുമുണ്ടാകാം. ആ മാർഗത്തിന് ഒരുതരം പശ്ചാത്തലമെന്ന നിലയിൽ അദ്ദേഹം താഴെപ്പറയുന്ന വിശദീകരണം നൽകിയിരിക്കുന്നു:

> ചരിത്രകാരൻമാർകിടയിൽ 'സിദ്ധാന്തമില്ലെങ്കിൽ ചരിത്രവുമില്ല' എന്ന സന്തോഷകരമായ ഒരു അവബോധം അടുത്തകാലത്തായി ഉണ്ടായിട്ടുണ്ട്. ചരിത്രരചനകൾക് ആധാരമായി വർത്തിക്കുന്ന സങ്കൽപങ്ങളുടെ പരിശോധനക്കായി നടത്തപ്പെടുന്ന സെമിനാറുകൾ ഇപ്പോഴും ദുർബലമാണെങ്കിൽ തന്നെയും ഇന്ത്യാചരിത്ര പഠനത്തിലെ കൊളോണിയലും കപടദേശീയവും സങ്കുചിതവും അവ്യക്തവുമായ സമീപനങ്ങൾകെതിരായി നിലകൊള്ളുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ട്. പക്ഷെ സിദ്ധാന്തങ്ങൾകും മാതൃകകൾകും വേണ്ടിയുള്ള അന്വേഷണം നമ്മളിൽ ചിലരെ സാമൂഹികശാസ്ത്രത്തിന്റെ കൈണിയിൽകൊണ്ട് ചാടിച്ചിട്ടുണ്ട്; മറ്റുള്ളവരും അതിൽ വീഴുമെന്ന അപകടവും ശരിക്കുമുണ്ട്. ഇന്ത്യയിൽ അന്വതുകൾ വരെയും ചരിത്രപരമായ രീതിയും സമീപനവുമാണ് സാമൂഹികശാസ്ത്രത്തിനും രാഷ്ട്രമീമാംസക്കും സാമ്പത്തികശാസ്ത്രത്തിനും ഭാഷാശാസ്ത്രത്തിനും മറ്റും സ്വീകരിച്ചുപോന്നിരുന്നത്. സാമ്പത്തികശാസ്ത്രത്തിലെ വളർച എന്ന സങ്കൽപനത്തിനും സാമൂഹികശാസ്ത്രത്തിലെ ആധുനികവൽകരണത്തിനും വ്യവസായവൽകരണത്തിനും ചരിത്രവുമായി വളരെയടുത്ത ബന്ധമുണ്ടെങ്കിൽതന്നെയും മറ്റ് സാമൂഹികശാസ്ത്രങ്ങളുടെ മാതൃകകൾ ചരിത്രത്തിൽ സ്വീകരിക്കണമെന്ന മുറവിളിയുമുണ്ട്. പക്ഷെ മാതൃകകളും പിന്നെ മാതൃകകളുമുണ്ട്. അവയിൽ ഏതെല്ലാമാണ് ലക്ഷ

ണയുക്തമായവയെന്നും അപഗ്രഥനത്തിനുള്ള സാമഗ്രികളായി ഉപയോഗിക്കാൻ കഴിയുന്നവയെന്നും നമ്മൾ തീരുമാനിക്കണം. [12]

V

ശർമ സൂചിപ്പിച്ചതുപോലെ 1950 കളുടെ ആദ്യം ഇന്ത്യാ ചരിത്ര ശാസ്ത്രത്തിൽ വഴിത്തിരിവ് കുറിച്ചു. അത് തികച്ചും ന്യായവുമാണ്. ചരിത്രത്തിലെന്നപോലെ ചരിത്രശാസ്ത്രത്തിലും വിതാനസീമകളും അഥവാ വഴിത്തിരിവുകളുടെ പ്രാധാന്യം ഒരിക്കലും പെരുപ്പിച്ച് പറയേണ്ടതില്ല. പക്ഷെ നമ്മൾ നമ്മുടെ വഴിത്തിരിവ് കാലഘട്ടത്തിലെത്തുന്നതിന് ഏതാണ്ട് മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇന്ത്യാ ചരിത്രത്തെ സംബന്ധിക്കുന്ന മാർക്സിസ്റ്റ് രചനകൾ വരാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. അതിന്റെ തുടക്കം എം എൻ റോയിയുടെ *ഇന്ത്യ പരിവർത്തനത്തിൽ* എന്ന കൃതി പ്രസിദ്ധീകരിച്ച 1922–ലാണെന്ന് പറയാം. അതുകഴിഞ്ഞ് ഏറെ താമസിയാതെ രജനി പാംദത്തിന്റെ *ആധുനിക ഇന്ത്യ* 1926–ൽ വന്നു. കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം താഷ്കെന്റിൽ സ്ഥാപിതമായതു മുതൽക്കുതന്നെ അതുമായി ബന്ധപ്പെട്ടിരുന്ന ആളാണ് എം എൻ റോയ്. ബ്രിട്ടീഷ് കമ്യൂണിസ്റ്റ് പാർടിയുടെ ഒരു സമുന്നതാംഗം എന്ന നിലയിൽ ദത്തും ഇന്ത്യൻ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു. കോമിൻറേണിന്റെ പ്രമേയങ്ങളിൽ വിശേഷിച്ചും കൊളോണിയൽ സിദ്ധാന്തത്തിൽനിന്നാണ് ഇരുവരും ഇന്ത്യയുടെ വർഗപരമായ അപഗ്രഥനത്തിനുള്ള തങ്ങളുടെ മുഖ്യ രേഖാരൂപങ്ങൾ സ്വീകരിച്ചത്. കോളനികളുടെ സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന കോമിൻറേൺ നയത്തോട് തുടക്കംമുതൽക്കേ ചില അരുതായ്മകൾ റോയിക്കുണ്ടായിരുന്നു. അത് അവസാനം 1926–ൽ അദ്ദേഹത്തെ ആ സമിതിയിൽനിന്ന് പുറത്താക്കുന്നതിൽ കലാശിച്ചു. എന്നിട്ടുകൂടിയും ഒന്നോ ഒണ്ടോ പതിറ്റാണ്ടുകൂടി അദ്ദേഹം കോമിൻറേണിനോടില്ലെങ്കിലും മാർക്സിസത്തോട് തുടർന്നും കൂറ് പുലർത്തിയിരുന്നു. ഈ കാലയളവിൽ മാർക്സി

സ്റ്റഡി രീതി സ്വീകരിച്ചുകൊണ്ടുള്ളതെന്ന് അവകാശപ്പെട്ടുകൊണ്ട് അദ്ദേഹം ഇന്ത്യയുടെ ഭൂത, വർത്തമാനങ്ങളെക്കുറിച്ച് ഒട്ടേറെ പുസ്തകങ്ങളും എഴുതി. ഇന്ത്യൻ തത്വചിന്തയെയും പൈതൃകത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ പുസ്തകം അപൂർണമെന്നല്ല ഉപരിപ്ലവംപോലുമാണെന്ന് വരികിൽത്തന്നെയും നമ്മുടെ പൈതൃകത്തിലെ ഭൗതിക സംസ്കാരത്തിന്റെയും ഭൗതിക ചിന്തയുടെയും അംശങ്ങളും പുറത്തുകൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. പിൽകാലത്തെ അദ്ദേഹത്തിന്റെ ചാഞ്ചാട്ടങ്ങളും വിശ്വാസഹത്യയും ഇരിക്കെത്തന്നെയും മാർക്സിസ്റ്റ് ചരിത്രത്തിന്റെയും ഇന്ത്യാ പഠനത്തിന്റെയും ഒരു ആദ്യകാല പ്രണേതാവ് എന്ന ചരിത്രപരമായ അവകാശം അദ്ദേഹത്തിന് വകവച്ചുകൊടുക്കാൻ വിമ്മിട്ടം കാട്ടുന്നത് തെറ്റായിരിക്കും.

ആർ പി ദത്തിന്റെ കൂടുതൽ സമഗ്രവും ബൃഹത്തുമായ കൃതി, ബ്രിട്ടീഷ് കാലഘട്ടത്തിലും തൊഴിലാളിവർഗ രാഷ്ട്രീയത്തിന്റെയും തന്ത്രത്തിന്റെയും കാലികമായ ആവശ്യങ്ങളിലും ഒതുങ്ങുന്നതാണെങ്കിൽകൂടിയും, ഇന്ത്യൻ ചിന്തയിലും സമരത്തിലും കൂടുതൽകാലം നിലനിൽകുന്ന മുദ്ര പതിപ്പിച്ചു. *ന്യൂയോർക് ഹെറാൾഡ് ട്രിബ്യൂണിൽ* ലണ്ടനിൽ നിന്ന് വല്ലപ്പോഴുമുള്ള വാർത്തയും നിരൂപണവും എന്ന നിലയിൽ പ്രസിദ്ധീകരിച്ച ഇന്ത്യയെക്കുറിച്ചുള്ള മാർക്സിന്റെ ലേഖനങ്ങളെ ആധാരമാക്കിക്കൊണ്ടും സ്വന്തം ഗവേഷണത്തിലൂടെ വസ്തുതകളുടെ ഒരു ഭീമാകാരമായ കൂമ്പാരം ശേഖരിച്ചുകൊണ്ടും ദത്ത് ഇന്ത്യയെക്കുറിച്ചുള്ള മാർക്സിസ്റ്റ് പഠനങ്ങൾക് വളരെ ശക്തമായ ഒരു അടിത്തറയും തൊഴിലാളിവർഗ രാഷ്ട്രീയത്തിനും അടവിനും തന്ത്രത്തിനും സൈദ്ധാന്തികമായ ഒരു ചട്ടക്കൂടും പടുത്തുയർത്തി. പിന്നീട് അദ്ദേഹം തന്റെ പുസ്തകം *ഇന്ത്യ ഇന്ന്* എന്ന പേരിൽ പിന്നെയും വിപുലീകരിച്ചു. അത് കമ്യൂണിസ്റ്റുകാരുടെ ഒന്നിലധികം തലമുറകൾക്, അത്യന്താപേക്ഷിതമായി വായിച്ചിരിക്കേണ്ട ഒരു പാഠപുസ്തകമായി വർത്തിച്ചു.

അമ്പതുകൾവരെയുള്ള കാലാനുക്രമണികയിൽ ഉൾപെടുത്താവുന്ന മറ്റ് പ്രധാനപ്പെട്ട പേരുകൾ ഭൂപേന്ദ്രനാഥ്

ദത്തും സുശോഭൻ സർക്കാറും എസ് എ ഡാങ്കെയുമാണ്. താന്താങ്ങളുടെ സംസ്ഥാനങ്ങളെക്കുറിച്ചെഴുതുക വഴി കേരളത്തിലെ ഇ എം എസ് നമ്പൂതിരിപ്പാടും ആന്ധ്രയിലെ പി സുന്ദരയ്യയും ബംഗാളിലെ ഭവാനിസെന്നും ഇന്ത്യൻ പഠനങ്ങൾക് ഒരു പുതിയ പ്രാദേശിക മാനം നൽകി. ഈ പ്രാദേശിക പഠനങ്ങൾ ഭൂപരിഷ്കാരങ്ങൾക്കും ഭാഷാ സംസ്ഥാനങ്ങൾക്കും രാഷ്ട്രീയ വിമോചനത്തിനും വേണ്ടിയുള്ള അടിയന്തര രാഷ്ട്രീയ സമരങ്ങളെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണെങ്കിലും ചരിത്രപരവും സാമൂഹികവുമായ പ്രവേശകങ്ങൾ അവയിലുണ്ട്. അവ ആ മേഖലകളിൽ പുതിയ വെളിച്ചം വീശി. നമ്പൂതിരിപ്പാടിന്റെ ഇംഗ്ലീഷിലുള്ള *കേരളത്തിലെ കർഷക പ്രസ്ഥാനത്തിന്റെ ലഘുചരിത്രവും* മലയാളത്തിലുള്ള മറ്റനവധി ലേഖനങ്ങളും പുസ്തകങ്ങളും പിൽകാലത്തെ അദ്ദേഹത്തിന്റെ വിശദമായ പഠനങ്ങൾക് തറയൊരുക്കി.

ഭൂപേന്ദ്രനാഥ് ദത്തയുടെ *ഇന്ത്യൻ സാമൂഹിക നയത്തിലെ പഠനങ്ങൾ*, സുശോഭൻ സർക്കാറിന്റെ *ഇതിഹാസേർധാര* (ബംഗാളിയിൽ)—1944—ൽ പ്രസിദ്ധീകരിച്ച ഇവ രണ്ടും ശരിക്കും പുതിയ നിലങ്ങൾ ഉഴുതുമറിച്ചു. അവയെ തീർച്ചയായും നാഴികക്കല്ലുകളായി കണക്കാക്കേണ്ടതാണ്. അഹിത്ബെൻ എന്ന തൂലികാനാമത്തിൽ സെൻ 1946—ൽ "ബംഗാളിലെ നവോത്ഥാനത്തെക്കുറിച്ചുള്ള കുറിപ്പുകൾ" എന്ന ചെറുതെങ്കിലും അത്യന്തം വിലപ്പെട്ട ഒരു ലഘുപ്രബന്ധം പ്രസിദ്ധീകരിച്ചു. കൂടാതെ ലേഖനങ്ങളുടെ ഒരു പരമ്പരതന്നെ അദ്ദേഹത്തിന്റേതായുണ്ട്. പക്ഷെ സർക്കാറിന്റെ കൃതികളിലേറെയും ഇന്ത്യയെക്കുറിച്ചുള്ളവയല്ല.

മഹാനായ വിവേകാനന്ദന്റെ സഹോദരനും ലെനിന്റെ സുഹൃത്തുമായിരുന്ന ഭൂപേന്ദ്രനാഥ് ദത്തയാണ് പ്രാചീന ഇന്ത്യാ ചരിത്രത്തെ മാർക്സിസത്തിന്റെ ഭാഷയിൽ വ്യാഖ്യാനിക്കുവാനുള്ള കാര്യമായ ശ്രമം ആദ്യമായി നടത്തിയത്. ആ രീതിയിൽ അതിനു ഇന്ത്യയെക്കുറിച്ചുള്ള മാർക്സിയൻ പഠനങ്ങളുടെ ചരിത്രത്തിൽ നിഷ്കൃഷ്ടമായ ഒരു മാന്യസ്ഥാനമുണ്ട്. പക്ഷെ ദൗർഭാഗ്യവശാൽ ദത്തയുടെ കൃതിയിലും പിൽകാലത്ത് ഡാങ്കെ വരുത്തിവച്ച എല്ലാത്ത

രം തെറ്റുകളും (അവ നമ്മെ നേരത്തെ ചർച്ച ചെയ്തതാണല്ലോ) കടന്നുകൂടിയിട്ടുണ്ട്. യൂറോപ്പിന്റെയും പശ്ചിമേഷ്യയുടെയും പ്രാചീന ചരിത്രത്തിലുള്ള തന്റെ അപാരമായ അവഗാഹം ഉപയോഗിച്ചുകൊണ്ട് അതിന്റെ തനി സാധർമ്യങ്ങൾ ഇന്ത്യയിൽ കണ്ടെത്താനാണ് അദ്ദേഹം ശ്രമിച്ചത്. 'ഇന്ത്യൻ അസാധാരണത്വം' എന്ന വാദത്തെ ഇത്തരത്തിൽ തകർത്തിട്ടുണ്ടാവാം. ആർ പി ദത്ത് മുമ്പേ ചെയ്തതുപോലെ ദത്തയും യൂറോപ്പിൽ പിറന്ന മാർക്സിസം ഇന്ത്യയെപ്പോലെ "നിസ്തുലവും അസാധാരണവു"മായ ഒരു രാജ്യത്തിന്റെ കാര്യത്തിൽ പ്രയോഗിക്കാവുന്നതല്ല എന്ന് വാദിച്ചവരെ തറപറ്റിക്കാൻ ശ്രമിച്ചു. തന്റെ സഹോദരന്റെ ഒരു മൗലിക ജീവചരിത്രമുൾപ്പെടെ മറ്റ് നിരവധി പുസ്തകങ്ങളും കൂടാതെ ഇന്ത്യൻ കലയുടെ സാമൂഹികാംശങ്ങളെക്കുറിച്ചുള്ള ഒരു പുസ്തകവുംകൂടി ദത്ത രചിച്ചിട്ടുണ്ട്.

എ എൻ ബോസിന്റെ 1940 ആദ്യത്തിൽ പ്രസിദ്ധീകരിച്ച *ഉത്തരേന്ത്യയിലെ സാമൂഹികവും ഗ്രാമീണവുമായ സമ്പദ്ഘടന* എന്ന രണ്ട് വാല്യങ്ങളുള്ള പഠനം മാർക്സിയൻ എന്ന് ഉറക്കെ പ്രഖ്യാപിക്കുന്നില്ലെങ്കിലും വളരെ ശാസ്ത്രീയവും ഭൗതികാധിഷ്ഠിതവുമായ ഒരു കൃതിയാണ്. പല മാർക്സിസ്റ്റ് ചരിത്രകാരൻമാരും ബോസിന്റെ കൃതിയെ ഉപജീവിക്കുന്നുണ്ട്. മാർക്സിസ്റ്റ് പഠനങ്ങളുടെ ഗണനാപ്രസംഗത്തിൽ മാന്യമായ സ്ഥാനം തീർച്ചയായും അർഹിക്കുന്ന ഒരു കൃതിയാണത്. മധ്യയുഗത്തെക്കുറിച്ച് മാർക്സിസ്റ്റ് കാഴ്ചപ്പാടോടുകൂടിയ വളരെ പ്രധാനപ്പെട്ട ഒരു പുസ്തകം 1935–ൽ ഡോക്ടർ കെ എം അഷ്റഫ് പ്രസിദ്ധീകരിച്ചു. പിൽകാലത്ത് ദേശീയ, കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പ്രധാനപ്പെട്ട പങ്കുവഹിച്ച ആളാണ് അദ്ദേഹം.

VI

ഇപ്പോൾ നമ്മൾ ഇന്ത്യയിലെ മാർക്സിസ്റ്റ് ചരിത്രശാസ്ത്രത്തിന്റെ വികാസത്തിന്റെ രണ്ടാം ഘട്ടത്തിലെത്തിയിരിക്കുന്നു. ഇന്ത്യയിലെ പക്വമായ മാർക്സിയൻ ചരിത്രശാസ്ത്രത്തിന്റെ ശരിയായ സ്ഥാപകവർഷം, അങ്ങനെ

യൊന്ന് പറയാൻ കഴിയുമെങ്കിൽ, അതിന്റെ ആവശ്യമുണ്ടെങ്കിൽ, അത് 1956 ആണ്. ആ വർഷത്തിലാണ് ഡി ഡി കൊസാംബി തന്റെ യുഗസംക്രമമായ *അവതാരിക* പ്രസിദ്ധീകരിച്ചതും മാർക്സിയൻ ചരിത്ര ശാസ്ത്രത്തിന്റെ ഒന്നാം ഘട്ടത്തിന് നിർണായകമായ വിരാമമിട്ടതും. കാലിക മാർക്സിസ്റ്റ് പഠനങ്ങളിൻമേൽ ധൈഷണികമായ സ്വാധീനം ചെലുത്തിയ ലേഖനങ്ങളും പുസ്തകങ്ങളും അതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നല്ല. പരിശീലനവും തൊഴിലും കൊണ്ട് ഗണിതശാസ്ത്രജ്ഞനും ശാസ്ത്രജ്ഞനുമായിരുന്ന കൊസാംബിയിൽ ഒരു ആധുനിക ബഹുമുഖ പ്രതിഭയുടെ സർവലക്ഷണങ്ങളും തികഞ്ഞിരുന്നു. തന്റെ മുഖ്യകൃതി പ്രത്യക്ഷപ്പെടുന്നതിന് വളരെ മുമ്പുമുതൽക്കുതന്നെ അദ്ദേഹം ചരിത്ര വിഷയങ്ങളെക്കുറിച്ച് എഴുതാൻ തുടങ്ങിയിരുന്നു. കൊസാംബിയുടെ മുഖ്യകൃതി പുറത്തുവന്ന് നാല് വർഷം കഴിഞ്ഞാണ് ശർമയുടെ ആദ്യത്തെ മുഖ്യകൃതി വരുന്നത്.[16] നാൽപതുകളുടെ അവസാനവും അമ്പതുകളുടെ ആദ്യവുമായി പ്രാചീന ഇന്ത്യൻ ചിന്തകളെയും ജീവിതത്തെയും കുറിച്ചുള്ള വളരെ നല്ല ചില പുസ്തകങ്ങളും ഹിന്ദിയിൽ രാഹുൽ സാംകൃത്യായന്റെ തൂലികയിൽ നിന്ന് പിറന്നുവീണു. ഇനിയും മറ്റ് പലതുമുണ്ട്. പക്ഷെ അവയൊന്നും തന്നെ മൗലികതയിലോ പിൽകാലത്ത് പെലുത്തിയ സ്വാധീനത്തിലോ കൊസാംബിയുടെ *അവതാരിക*യോട് കിടപിടിക്കുന്നവയല്ല. 1966-ൽ 58-ാമത്തെ വയസിൽ അകാലചരമം പ്രാപിക്കുന്നതുവരെയും പിന്നെയും രണ്ട് പ്രമുഖ ഗ്രന്ഥങ്ങളുടെയും എണ്ണമറ്റ ലേഖനങ്ങളുടെയും പഠനരേഖകളുടെയും രചനയിലൂടെ അദ്ദേഹം തന്റെ മഹത്തായ സപര്യ തുടർന്നുകൊണ്ടേയിരുന്നു.[17] അദ്ദേഹത്തിന്റെ വളരെ വിലപ്പെട്ട പഠനരേഖകളിലും നിരൂപണങ്ങളിലും ലേഖനങ്ങളിലും ഒട്ടുമുക്കാലും തീരെ പ്രചാരമില്ലാത്ത പഠന, ഗവേഷണ ജർണലുകളുടെ ഇരുണ്ട താളുകളിൽ ഇപ്പോഴും മറഞ്ഞുകിടക്കുകയാണെന്നുള്ളത് പരിതാപകരമായ ഒരു കാര്യമാണ്.

1950-കളും 1960-കളും 1970-കളും അത്യധികം കഴിവുള്ള ഒട്ടേറെ മാർക്സിസ്റ്റ് ചരിത്രകാരൻമാരുടെ ആവിർ

ഭാവത്തിന് സാക്ഷ്യം വഹിച്ചു. ചിലർ വളരെ ചെറുപ്പവും മറ്റുചിലർ അത്ര ചെറുപ്പമല്ലാത്തവരുമാണ്. അവരിൽ ആർ എസ് ശർമ [18], റൊമീല ഥാപ്പർ[19], ദേവരാജ് ചനാന[20], ഡി എൻ ഝാ, സുവീര ജൈസ്വാൾ, വിവേകാനന്ദ് ഝാ എന്നിവർ പ്രാചീന ചരിത്രത്തിന് നൽകിയ സംഭാവനകളാണ് ഏറ്റവും മുന്നിട്ടുനിൽക്കുന്നത്. മധ്യയുഗത്തിലേക്ക് കടക്കുമ്പോൾ മൂന്ന് പേരുകളാണ് മുന്നിട്ടുനിൽക്കുന്നത്; മധ്യയുഗത്തിന്റെ പൂർവാർധത്തെക്കുറിച്ച് ഡോക്ടർ കെ എം അഷ്റഫും [21] ഉത്തരാർധത്തെക്കുറിച്ച് ഇർഫാൻ ഹബീബും [22] പഠനം നടത്തി. ഇർഫാന്റെ പിതാവായ മൊഹമ്മദ് ഹബീബ് മധ്യയുഗ ചരിത്രപഠനത്തിന് നൽകിയ സംഭാവനയും എടുത്തുപറയത്തക്കതാണ്.

ആധുനിക കാലഘട്ടത്തിലേക്ക് കടന്നാൽ രചനയിലേർപ്പെട്ട അനേകം പേരുണ്ട്. വ്യത്യസ്തമായ കഴിവുകളും സ്വഭാവവിശേഷങ്ങളുമുള്ള ഇ എം എസ് നമ്പൂതിരിപ്പാടും അയോധ്യാസിങ്ങും എ ആർ ദേശായിയും ഹിരൺ മുഖർജിയും ബിപിൻ ചന്ദ്രയും സുമീത് സർകാറും ഹർബൻസ് മുഖിയയും മറ്റൊരുപറ്റമാളുകളും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെയും ആധുനിക കാലഘട്ടത്തിന്റെയും വികാസവും പ്രശ്നങ്ങളും ചരിത്രകഥനത്തിന് വിധേയമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

(മാർക്സിന്റെ ജൻമ ശതാബ്ദിയോടനുബന്ധിച്ച് 1983–ൽ കോട്ടയത്ത് നടന്ന ഒരു സെമിനാറിൽ അവതരിപ്പിച്ച പഠനരേഖയുടെ പരിഷ്കരിച്ച രൂപമാണിത്)

കുറിപ്പുകൾ

1. Arthur Marwick THE NATURE OF HISTORY, 1971, London p. 42

2. See Ranjit Guha — SUBALTERN STUDIES (FOUR VOLUMES), Delhi Ranjit Guha, ELEMENTARY ASPECTS OF PEASANT INSURGENCY IN COLONIAL INDIA, New Delhi, 1983

3. Ram Sharan Sharma — METERIAL CULTURE AND SOCIAL FORMATIONS IN ANCIENT INDIA, Delhi 1983 p. XIX (Hereafter MATERIAL CULTURE)

4. Jawed Alam, in — SOCIAL SCIENTIST, No. 117, Thiruvananthapuram

5. IBID., No. III

6. Peter Limqueco and Bruce Mcfarlanc — NEO-MARXIST THEORIES of DEVELOPMENT, London, 1983

7. D. D. Kosambi — AN INTRODUCTION TO THE STUDY OF INDIAN HISTORY, Bombay, 1956 p. 10 (Hereafter INTRODUCTION)

8. S. A. Dange — INDIA FROM PRIMITIVE COMMUNISM TO SLAVERY, Bombay,1949

9. See — ANNALS OF THE BHANDARKAR ORIENTAL RESEARCH INSTITUTE, XXI, Poona, 1949

10. — MARXISM AND VEDANTA (Papers of the conference on The Universe of Vedanta), New Delhi, 1976, p. 191

11. R. S. Sharma — PERSPECTIVES AND ECONOMIC HISTORY OF EARLY INDIA, Delhi 1983, p. 17

12. R. S. Sharma — METERIAL CULTURE, p. 1

13. B. N. Dutta — STUDIES IN INDIAN SOCIAL POLITY, Calcutta 1944

14. Sushabhan Sircar — ITIHASAR DHARA was later translated to English and published by

P. P. H., Delhi 1975 under the title A MARXIAN GLIMPSE OF HISTORY. His NOTES ON BENGAL RENAISSANCE was published in 1946 by PPH.

15. A. N. Bose — SOCIAL AND RURAL ECONOMY OF NORTHERN INDIA, (2 Volumes), Calcutta, 1942-45

16. R. S. Sharma — SOME ECONOMIC Aspect of the CASTE SYSTEM IN ANCIENT INDIA, Patna, 1952

17. D. D. Kosambi — MYTH AND REALITY, Bombay, 1962

18. R. S. Sharma — (Besides those listed above) ASPECTS OF POLITICAL IDEAS AND INSTITUTIONS INANCIENT INDIA, New Delhi, 1959, INDIAN FEUDALISM, Calcutta, 1965, SOCIAL CHANGES IN EARLY MEDIEVAL INDIA, New Delhi, 1969

19. R. Thaper — ASOKA AND DECLINE OF MAURYA EMPIRE Oxford, 1961. A HISTORY OF INDIA, Penguin, Sussex, 1966. FROM LINEAGE TO STATE, Oxford, London, 1983

20. Devaraj Chanana — SLAVERY IN ANCIENT INDIA, 1960

21. K. M. Asharaf — LIFE AND CONDITION OF THE PEOPLE OF HINDUSTAN (1200-1550), Calcutta, 1935

22. Irfan Habib — AGRARIAN SYSTEM OF MUGHAL INDIA, Aligarh, 1962

കീഴാളർ ചരിത്രത്തിന്റെ മേലാളർ ചായ്‌വ്

ആധുനിക ശൈലിയിലുള്ള ഇന്ത്യാ ചരിത്രരചന ആരംഭിച്ചത് 1818–ൽ ജയിംസ് മിൽ എഴുതി പ്രസിദ്ധീകരിച്ച *ഇന്ത്യാ ചരിത്രം (ഹിസ്റ്ററി ഓഫ് ഇന്ത്യ)* എന്ന ഇംഗ്ലീഷ് പാഠപുസ്തകത്തോടെയാണെന്ന് പറയാം. അതിനുമുമ്പും ഇന്ത്യയുടെ പ്രാചീന നിയമസംഹിതകളെയും ധർമശാസ്ത്രങ്ങളെയും അധികരിച്ച് ഉണ്ടായിട്ടുള്ള ചുരുക്കം ചില ആദ്യകാല ഇംഗ്ലീഷ് കൃതികളിൽ ചരിത്ര പ്രാധാന്യം അർഹിക്കുന്ന പരാമർശങ്ങളും വിശകലനങ്ങളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എങ്കിലും സമഗ്രമായ ഇന്ത്യാ ചരിത്ര രചനക്ക് തുടക്കം കുറിച്ചത് ജയിംസ് മിൽ തന്നെ. അദ്ദേഹത്തിന് സംസ്കൃതമോ മറ്റ് ഇന്ത്യൻ ഭാഷകളോ അറിവില്ലായിരുന്നുവെന്ന് മാത്രമല്ല അദ്ദേഹം ഇന്ത്യ സന്ദർശിച്ചതായും തെളിവുകളും ഇല്ല. പ്രശസ്ത ഭാഷാശാസ്ത്രജ്ഞനും നീതിന്യായാധിപനും ആയിരുന്ന സർ വില്യം ജോൺസ് മുതൽ പേർ മുൻകയ്യെടുത്ത് 1784–ൽ കൽകത്ത കേന്ദ്രമായി സ്ഥാപിച്ച ഏഷ്യാറ്റിക് സൊസൈറ്റി വിവർതനം ചെയ്തും അല്ലാതെയും പ്രസിദ്ധീകരിച്ച പ്രാചീന ഭാരതീയ കൃതികളും മുഗൾ ചക്രവർത്തിമാരുടെ സദസ്യർ തയ്യാറാക്കിയ പേർഷ്യൻ രേഖകളുടെ വിവർതനവും ചില പടിഞ്ഞാറൻ യാത്രക്കുറിപ്പുകളും മാത്രമായിരുന്നു ജയിംസ് മില്ലിന്റെ ആധാരരേഖകൾ. 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അനാവര

ണം ചെയ്യപ്പെട്ട അദ്ഭുതകരമായ ഭാരതീയ ചരിത്രാവശിഷ്ടങ്ങളോ 20–ാം നൂറ്റാണ്ടിന്റെ പ്രഥമ പാദത്തിൽ കണ്ടുപിടിക്കപ്പെട്ട മോഹൻജദാരോ–ഹാരപ്പ സംസ്കാരവിശേഷങ്ങളോ പിൽക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട അനവധി പ്രാചീന സംസ്കൃത–പാലിഗ്രന്ഥാവലികളോ ഒന്നും സഹായത്തിനില്ലാതെ ജയിംസ് മിൽ നിർവഹിച്ച കൃത്യം വിസ്മയകരംതന്നെ. ഇന്ത്യാ ചരിത്രത്തിന് ഒരു ചട്ടക്കൂടിൽ പ്രാഥമിക കാലഗണനാക്രമവും (അവയെല്ലാം പിൽകാലത്ത് തിരുത്തേണ്ടിവന്നുവെങ്കിലും) നൽകാൻ ജയിംസ് മില്ലിനു കഴിഞ്ഞു. പക്ഷെ അഭിനന്ദനാർഹമായ ഈ പ്രാഥമിക ചുവടുവെപ്പുകളോടൊപ്പം തന്നെ വളരെ പിഴച്ച ചില കാൽവെപ്പുകളും അദ്ദേഹം നടത്തി. മില്ലിന്റെ പുസ്തകം അനേക പതിറ്റാണ്ടുകളം ഇന്ത്യയുടെ ആധികാരിക ചരിത്രഗ്രന്ഥമായി തുടർന്നു. ഐ സി എസ് വിദ്യാർഥികളും ബ്രിട്ടീഷ് സർവകലാശാലാ വിദ്യാർഥികളും അത് വേദപുസ്തക സമാനമായി. അന്നത്തെ ബ്രിട്ടീഷ് ഭരണമണ്ഡലങ്ങളിലെ അഭിപ്രായങ്ങളും താൽപര്യങ്ങളും അതിൽ വ്യക്തമായി പ്രതിഫലിച്ചിരുന്നു. പിൽകാലത്ത് പടിഞ്ഞാറൻ പണ്ഡിതൻമാർ ഇന്ത്യക്ക് അനുവദിച്ചുകൊടുത്ത അൽപാൽപമായ മേൻമകളംപോലും ജയിംസ് മിൽ നിഷേധിച്ചു. ഇന്ത്യ പ്രാകൃതമായ സ്വേച്ഛാധിപത്യത്തിന്റെയും വികൃതമായ അനാചാരങ്ങളുടെയും നാടാണെന്നും തുടക്കംതൊട്ടേ സഹസ്രാബ്ദങ്ങളായി മാറ്റമൊന്നുമില്ലാതെ തുടരുന്ന ഈ വ്യവസ്ഥിതി അവസാനിപ്പിക്കുകയെന്നതാണ് ബ്രിട്ടന്റെ മഹനീയ ദൗത്യം എന്നുംവരെ മിൽ എഴുതിപ്പിടിപ്പിച്ചു. അന്നത്തെ ബ്രിട്ടീഷ് സാഹചര്യങ്ങളിൽ മിൽ ഒരു ഉൽപതിഷ്ണു ആയിരുന്നുവെങ്കിലും തങ്ങംവെട്ടിപ്പിടിച്ച ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങളുടെ സവിശേഷ സംസ്കാരത്തെയോ മഹത്വത്തെയോ മനസിലാക്കാൻ മാത്രം അക്കാലത്തെ ബ്രിട്ടീഷ് ഉൽപതിഷ്ണുത്വം വളർന്നിരുന്നില്ല.

പിൽകാലത്ത് മില്ലിന്റെ മുൻവിധികളും തെറ്റിപ്പോയ കാലഗണനകളും തിരുത്തപ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ ചരിത്ര ചട്ടക്കൂടും കാഴ്ചപ്പാ

ടും തുടർന്നു എന്നത് ഒരു മഹാദുരന്തമായി. ഈ വികലമായ കാഴ്ചപ്പാടിൽ പ്രധാനപ്പെട്ട ഒന്ന് 'മാറ്റമില്ലാത്ത' ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയെക്കുറിച്ചുള്ള സങ്കൽപനമായിരുന്നു. മില്ലിനുശേഷവും പലർ പകർത്തിവിട്ട ഈ സങ്കൽപനം മഹാനായ മാർക്സിനെപ്പോലും തെറ്റിദ്ധരിപ്പിച്ചിരിക്കാൻ ഇടയുണ്ടെന്നു സമകാലിക ഭാരതീയ മാർക്സിസ്റ്റ് ചരിത്രകാരൻമാരുൾപ്പെടെ പലരും സംശയിക്കുന്നു. ഇതിനേക്കാൾ അപകടകരമായ ഒന്നായിരുന്നു ചരിത്രകാലഘട്ട നിർണയത്തെക്കുറിച്ചുള്ള മില്ലിന്റെ നിഗമനങ്ങൾ. ഇന്ത്യാ ചരിത്രത്തെ ഹൈന്ദവകാലം, മുസ്ലിംകാലം, ബ്രിട്ടീഷ്കാലം (ക്രിസ്ത്യൻ എന്നു വിശേഷിപ്പിച്ചില്ലെന്നു മാത്രം) എന്നിങ്ങനെ മൂന്നായിട്ടാണ് മിൽ തിരിച്ചത്. പിൽക്കാലത്ത് ചിലർ മതത്തിന്റെ പേരുകൾ ഒഴിവാക്കിയെങ്കിലും പ്രാചീനം, മധ്യം, ആധുനികം എന്നീ ഘട്ടങ്ങളിൽ പഴയ പിശകായ മതസങ്കൽപം ഒളിഞ്ഞുനിന്നു. ഇപ്പോഴും അതിന്റെ പിടിയിൽനിന്ന് ഇന്ത്യാ ചരിത്രരചന തികച്ചും മോചിപ്പിക്കപ്പെട്ടിട്ടില്ല. ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിക്കുകയും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം തുടരുകയും ചെയ്ത വർഗീയ സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും വഴിവെച്ച പല ഘടകങ്ങളിൽ ഇത്തരം വർഗീയ ചരിത്രരചന ചെറിയ പങ്കല്ല വഹിച്ചിട്ടുള്ളത്.

ജയിംസ് മില്ലിനുശേഷം കോൾബ്രുക്ക്, വിത്സൻ, സ്മിത്ത്, എൽഫിൻസ്റ്റൺ തുടങ്ങിയ ചരിത്രകാരൻമാരും മാക്സ് മുള്ളർ, ജേക്കോബി തുടങ്ങിയ ഇന്തോളജിസ്റ്റുകളും കൂടുതൽ അനുഭാവപൂർണവും വസ്തുതാസമ്പന്നവും ആയ ഇന്ത്യാ ചരിത്രപഠനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവരിൽ ചിലർ ഭാരതീയ ചരിത്രത്തെയും പൈതൃകത്തെയും കണക്കിലേറെ പ്രശംസിച്ചിട്ടുമുണ്ട്. എന്നാൽ മുൻവിധിയുള്ളവരും അല്ലാത്തവരുമായ പടിഞ്ഞാറൻ ചരിത്രകാരൻമാരുടെ വീക്ഷണങ്ങൾക്കുണ്ടായിരുന്ന സാമ്രാജ്യത്വ ചായ്വിനു പ്രതിക്രിയ ചെയ്യാൻ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മാവുൾക്കൊണ്ട ചരിത്രകാരൻമാർ വേണ്ടിവന്നു. 1920–കളിലും 30–കളിലും ആണ് ഈ ചരി

ത്രകാരൻമാർ പ്രാമാണ്യം നേടിയത്. കെ പി ജയസ്വാൾ, ആർ സി മജ്ജൂംദാർ, എച്ച് സി റായ് ചൗധരി, ആർ കെ മുഖർജി തുടങ്ങിയവരാണ് ഈ നിരയിലെ ആദ്യപഥികർ. ഇവർക് പൂറമെ രാഷ്ട്രീയ ചരിത്രത്തെക്കാൾ സാംസ്കാരിക പൈതൃകത്തെ മുൻനിർത്തി പഠനം നടത്തിയ ആർ ജി ഭണ്ഡാർകറെപ്പോലുള്ളവർ വേറെയുമുണ്ട്.

ഈ ദേശീയ ചരിത്രകാരൻമാരിൽ മൂന്ന് വിഭാഗങ്ങൾ പ്രത്യക്ഷപ്പെട്ടു. വർഗീയ സങ്കൽപനങ്ങളെയും ബ്രിട്ടീഷ് വികൃതവൽകരണങ്ങളെയും ഒരേപോലെ എതിർത്ത മതേതര ജനാധിപത്യ വീക്ഷണമുള്ള ചരിത്രകാരൻമാരാണ് ഒരുവിഭാഗം. സ്വാതന്ത്ര്യാനന്തരം ഇന്ത്യാ ഗവൺമെൻറിനുവേണ്ടി സ്വാതന്ത്ര്യസമര ചരിത്രം നാലുഭാഗങ്ങളിലായി എഴുതിയ താരാചന്ദ്, കെ പി ജയസ്വാൾ, മുഹമ്മദ് ഹബീബ്. ആർ കെ മുഖർജി തുടങ്ങിയവർ ഈ വകുപ്പിൽപെടുന്നു. ഹൈന്ദവ പാരമ്പര്യത്തെ മുഖ്യധാരയായി കരുതുകയും ബ്രിട്ടീഷുകാരെന്നപോലെ മുസ്ലിങ്ങളും ഇന്ത്യയെ ആക്രമിച്ച് കീഴ്പ്പെടുത്തുകയായിരുന്നുവെന്ന് വാദിക്കുകയും ചെയ്യുന്ന ആർ സി മജ്ജൂംദാർ, കെ മുൻഷി തുടങ്ങിയവർ രണ്ടാംവിഭാഗത്തിൽപെടുന്നു. ഇതേ പ്രാകൃത–വർഗീയവീക്ഷണം മുസ്ലിങ്ങളുടെ ഭാഗത്തുനിന്നുകൊണ്ട് അവതരിപ്പിക്കുന്ന ഇഷ്ത്യാക്ക് ഹുസൈൻ ഖുറേഷി തുടങ്ങി ഈ വിഭാഗത്തിൽതന്നെ ചേർക്കാവുന്ന മറുപുറക്കാരുമുണ്ട്. മൂന്നാമത്തെ വിഭാഗത്തെ മാർക്സിസ്റ്റുകാർ എന്ന് എളുപ്പത്തിൽ പറയാമെങ്കിലും അവരിൽ ചിലർ മാത്രമേ തങ്ങൾ മാർക്സിസ്റ്റുകാർ ആണെന്ന് അവകാശപ്പെടുന്നുള്ളു. ഇന്ത്യയിലെ മാർക്സിസ്റ്റ് ചരിത്രരചനയുടെ ആരംഭം 1922–ൽ ജനീവയിൽനിന്നും എം എൻ റോയ് പ്രസിദ്ധീകരിച്ച *മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യ* (ഇന്ത്യ ഇൻട്രാൻസിഷൻ) ആണെന്ന് പറയാം. 1926–ൽ രജനീ പാംദത്ത് *ആധുനിക ഭാരതം* (മോഡേൺ ഇന്ത്യ) എഴുതി പ്രസിദ്ധീകരിച്ചതോടെ ആധുനിക ഭാരതത്തിൻെറ ചരിത്രത്തിൽ മാർക്സിസം ഗണ്യമായ ഒരു ശക്തിയായ്ി തീർന്നു. 1930–കളുടെ ആദ്യം ഡോക്ടർ കെ എം അഷ്റഫ് മധ്യകാല ഭാരതീയ ചരിത്രവും 40–കളിൽ ഡോക്ടർ ഭൂപേന്ദ്രനാഥ് ദത്ത പ്രാചീനഭാരതീയ ചരിത്ര

വും മാർക്സിസ്റ്റ് വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചതോടെ മാർക്സിസ്റ്റ് ചരിത്രരചന അതിവേഗം പകപതയിലേക്ക് മുന്നേറുകയായിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ ഇന്ത്യയെക്കുറിച്ച് മാർക്സ് *ന്യൂയോർക് ഹെറാൾഡ് ട്രിബ്യൂണി*നയച്ച ലേഖനങ്ങളും പരിമിതികളും ഉള്ളവയെങ്കിലും വളരെയേറെ ഉൾകാഴ്ചയും പ്രസക്തിയും ഉള്ളവയാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടു.

II

ഈ കാലയളവിൽ മറ്റ് പല പ്രതിഭാശാലികളും മാർക്സിസ്റ്റ് പക്ഷത്തുനിന്നും ചരിത്രരചനക്ക് സംഭാവന നൽകിയിട്ടുണ്ട്. എങ്കിലും 1956–ൽ പ്രസിദ്ധീകരിച്ച ദാമോദർ ധർമാനന്ദ് കൊസാംബി (1907–1966) യുടെ *ഇന്ത്യാ ചരിത്രപഠനത്തിനൊരു മുഖവുര* (ഇൻട്രഡക്ഷൻ ടു ദി സ്റ്റഡി ഓഫ് ഇന്ത്യൻ ഹിസ്റ്ററി) ആണ് ഇന്ത്യാ ചരിത്രപഠന പുരോഗതിയിലെ നിർണായക നാഴികക്കല്ലായി കരുതപ്പെടുന്നത്. ഈ നാഴികക്കല്ലിനെ തുടർന്ന് വന്ന കഴിഞ്ഞ മൂന്നര പതിറ്റാണ്ട് കാലത്ത് ഇന്ത്യാ ചരിത്രപഠനങ്ങളിലും അവയിൽ മാർക്സിസത്തിനുള്ള സ്വാധീനത്തിലും വമ്പിച്ച ഒരു കുതിച്ചുചാട്ടം തന്നെയാണ് അനുഭവപ്പെട്ടത്. ഇപ്പോഴും ഇന്ത്യൻ സർവകലാശാലകളിൽ ചരിത്രഗവേഷണത്തിലും അധ്യാപനത്തിലും ഏർപെട്ടിട്ടുള്ളവരിൽ ഭൂരിപക്ഷവും മാർക്സിസ്റ്റുകാരോ മാർക്സിസത്തോട് ചായ്വുള്ളവരോ ആണെന്ന് തറപ്പിച്ച് പറയാം. ചരിത്രകാരൻമാരുടെയും അധ്യാപകരുടെയും ഗവേഷകരുടെയും അംഗീകൃത സംഘടനയായ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിന്റെ പ്രമുഖ ഭാരവാഹികളെ പരിശോധിച്ചാൽ അത് വ്യക്തമാകും.

അടുത്ത ഏതാനും വർഷങ്ങളായി ഇന്ത്യൻ രാഷ്ട്രീയത്തിൽ വലിയ തോതിൽ തലപൊക്കിയിട്ടുള്ള വർഗീയതയുടെ പശ്ചാത്തലത്തിൽ കുറെക്കാലമായി പത്തിയടക്കി കഴിഞ്ഞിരുന്ന വർഗീയ ചരിത്രകാരൻമാർ ഫണമുയർത്തി ചീറ്റിത്തുടങ്ങിയിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കുന്നില്ല.

ചില സംസ്ഥാനങ്ങളിൽ അക്കൂട്ടർക്ക് ഭരണാധികാരം ലഭിച്ചതോടെ ഈ പ്രവണത സമീപഭാവിയിൽ കൂടുതൽ ശക്തിപ്പെടാനും ഇടയുണ്ട്. പക്ഷെ, ഗവേഷണത്തിന്റെ ഗതനതകൊണ്ടോ വസ്തുതകളുടെ അനിഷേധ്യതകൊണ്ടോ മാർക്സിസ്റ്റ് ചരിത്രരചയിതാക്കളെ കീഴ്പ്പെടുത്താൻ വർഗീയവാദികൾക്ക് അത്രയെളുപ്പമൊന്നും കഴിയില്ല. അയോധ്യാ പ്രശ്നത്തെ മുൻനിർത്തിയുള്ള വിവാദങ്ങളിൽ മാർക്സിസ്റ്റുകാരെയും മറ്റ് മതേതര ദേശീയവാദികളെയും ചരിത്രവസ്തുതകളുടെ അടിസ്ഥാനത്തിൽ തോൽപിക്കാൻ വർഗീയവാദികൾക്ക് കഴിഞ്ഞിട്ടില്ല. അംഗീകരിക്കപ്പെട്ട ചരിത്രപണ്ഡിതരെ കാര്യമായ അളവിൽ അണിനിരത്താനും രാമജൻമഭൂമിക്കാർക്ക് സാധിച്ചിട്ടില്ലെന്ന് ദിനപത്രങ്ങളിൽവന്ന വാർതകൾ തന്നെ സാക്ഷ്യം വഹിക്കുന്നു.

പരമ്പരാഗത ദേശീയ ചരിത്രകാരൻമാരുടെ പരിമിതികൾ ചൂണ്ടിക്കാട്ടാനും ദേശാഭിമാനം കൈവിടാതെതന്നെ നമ്മുടെ പൈതൃകത്തിലെ പുഴുക്കുത്തുകൾകും വൈരുധ്യങ്ങൾകും നേരെ ശാസ്ത്രത്തിന്റെ വെള്ളിവെളിച്ചം വീശാനും മാർക്സിസ്റ്റ് ചരിത്രകാരൻമാർക്ക് സാധിച്ചതിനാൽ രാഷ്ട്രീയത്തിൽ മാർക്സിസം അംഗീകരിക്കാത്ത ദേശീയവാദികൾകുപോലും ഈ വീക്ഷണം സ്വീകാര്യമായിവരുന്നു. ഇന്ത്യയുടെ ഭൂതകാലത്തെ കണക്കിലേറെ ആദർശവൽകരിക്കുകയും അധഃസ്ഥിതവിഭാഗങ്ങളുടെയും അസ്പൃശ്യ ജാതിക്കാരുടെയും ദുരിതങ്ങളുടെയും സമരങ്ങളുടെയും നേരെ കണ്ണടയ്ക്കുകയും ചെയ്ത പരമ്പരാഗത ചരിത്രരചനകൾക് തിരുത്തലായിരുന്നു മാർക്സിസ്റ്റുകാരുടെയും മാർക്സിസ്റ്റ് ചായ്വുള്ളവരുടെയും രചനകൾ. അങ്ങനെ ഭൂപ്രഭുക്കളുടെയും നാടുവാഴികളുടെയും മഹാബ്രാഹ്മണരുടെയും സൈനികത്തലവൻമാരുടെയും ചരിത്രം ഭൂരിപക്ഷ വിഭാഗത്തിന്റെ സത്യകഥാകഥനമായി മാറുന്ന കാഴ്ചയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം കാണുന്നത്. അതോടൊപ്പം ഉൽപാദന സമ്പ്രദായങ്ങളുടെ ക്രമപ്രവൃദ്ധമായ വികാസവും അതോടൊപ്പം രൂപംകൊണ്ട ഉൽപാദനബന്ധങ്ങളുടെ ഗതിവിഗതികളും പഴയ ചരിത്രകാരൻമാർക് അപ്രസക്തമായിരുന്നു. പുതിയ ചരിത്ര

കാരൻമാർ അക്കാദമിക് പ്രഥമസ്ഥാനം കൽപിച്ചു.

ഇതിന്റെയെല്ലാം ഫലമായി ചരിത്രമെന്നുള്ളത് ഗവേഷണവിഷയവും അക്കാദമിക് അഭ്യാസവും എന്ന നിലവിട്ട് കുത്തകവാഴ്ചക്കും ഭൂപ്രഭുത്വത്തിനും ജാതിമേധാവിത്വത്തിനും എതിരെ പൊരുതുന്ന ജനകോടികളുടെ സമരായുധങ്ങളിൽ ഒന്നായി മാറി. ആർ എസ് ശർമ, റൊമീലാ ഥാപ്പർ, ഇർഫാൻ ഹബീബ്, എം ജി എസ് നാരായണൻ, കെ എൻ പണിക്കർ തുടങ്ങി അനേകം പണ്ഡിതർ ഈ പഠനമേഖലയെ അർഥവത്തും പ്രസക്തവും ആക്കിത്തീർക്കുന്നു. ഇവരുടെയെല്ലാം ശിഷ്യരായി ഡസൻകണക്കിന് യുവചരിത്രകാരൻമാർ കേരളമുൾപ്പെടെ ഇന്ത്യയിലെ പല സർവകലാശാലകളിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

ഈ സാഹചര്യത്തിലാണ് കഴിഞ്ഞ എട്ടുപത്ത് വർഷക്കാലത്ത് ശാസ്ത്രീയ ചരിത്രരചനക്കെതിരെ ചില ഫാഷണബിൾ വെല്ലുവിളികൾ ഉയർന്നുവന്നിട്ടുള്ളത്. ഇത്തരം വെല്ലുവിളികൾ പലതുമുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ടവയായി കാണുന്നത് രണ്ടെണ്ണമാണ്.

ഈ രണ്ടെണ്ണത്തിൽ കാലഗണനകൊണ്ട് അൽപം കൂടുതൽ പഴക്കം അവകാശപ്പെടാവുന്നത് സർ ലൂയി നെമിയർ എന്ന ബ്രിട്ടീഷ് ചരിത്രപണ്ഡിതൻ ബ്രിട്ടീഷ് ചരിത്രരചനയിൽ പ്രയോഗിച്ച ഒരു സമ്പ്രദായമാണ്. ഈ ചരിത്രശൈലിയോട് അനുകൂലിക്കുന്ന ഗ്രന്ഥങ്ങൾ ബ്രിട്ടനിലെ കേംബ്രിഡ്ജ് സർവകലാശാലയിൽനിന്ന് പരമ്പരയായി പുറത്തുവരിക കാരണം അവയെ കേംബ്രിഡ്ജ് സ്കൂൾ അഥവാ പ്രസ്ഥാനമെന്ന് പൊതുവെ വിളിക്കുന്നു. പ്രധാനമായും ബ്രിട്ടന്റെ ചരിത്രത്തെ ആസ്പദമാക്കിയാണ് ഈ പ്രസ്ഥാനത്തിൽപെട്ട പുസ്തകങ്ങൾ ആദ്യം പുറത്തുവന്നതെങ്കിലും ഇന്ത്യാ ചരിത്രത്തിൽ തൽപരരായ ഇംഗ്ലീഷുകാരും ഇന്ത്യക്കാരും പങ്കുചേർന്ന് ഇന്ത്യയെയും മറ്റ് ദക്ഷിണേഷ്യൻ രാജ്യങ്ങളെയും കുറിച്ച് പ്രത്യേകമൊരു പരമ്പരതന്നെ ഇറക്കിയിട്ടുണ്ട്. ചരിത്രം പഠിക്കാനും രചിക്കാനും വേണ്ടത് വർഗ സിദ്ധാന്തങ്ങളോ ഉൽപാദന സമ്പ്രദായ അന്വേഷണങ്ങളോ ഒന്നുമല്ലെന്നും അതതുകാലങ്ങളി

ലെ വരേണ്യനായകരുടെ ഡയറികളും ജീവചരിത്രങ്ങളും രഹസ്യരേഖകളും പരിശോധിച്ച് വിലയിരുത്തുകയാണ് വേണ്ടതെന്നും അവർ പറയുന്നു. പുറമേക്കുള്ള അവരുടെ നാട്യങ്ങളും പ്രഖ്യാപനങ്ങളും സംവാദങ്ങളുമെല്ലാം യാഥാർഥ്യങ്ങളെ മറച്ചുവെക്കാനുള്ള അടവുകളാണെന്നും അവർ കരുതുന്നു. ഈ മാർഗം ഉപയോഗിച്ച് ജനാധിപത്യത്തിന്റെയും മാനവിക മൂല്യങ്ങളുടെയും ക്രിസ്ത്യൻ സംസ്കാരത്തിന്റെയും മഹോന്നത വക്താക്കളായി ഞെളിഞ്ഞ് രാജ്യം ഭരിച്ചുനടന്ന പല പ്രാമാണികരുടെയും തനിനിറം വെളിക്കുകൊണ്ടുവരാൻ നേമിയർക്കും കൂട്ടർക്കും സാധിച്ചിട്ടുണ്ട്. ഇർഫാൻ ഹബീബ് പറയുന്നു:

> 18–ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ പാർലമെന്ററി രാഷ്ട്രീയത്തിന്റെ ഉള്ളുകള്ളികളും അനാവരണം ചെയ്യാൻപറ്റിയ ഒന്നായിരുന്നു നേമിയറിന്റെ ശൈലി. പൊതുജന നേതാക്കളും രാഷ്ട്രീയ പ്രമുഖരും പരസ്യമായി നടത്തുന്ന പ്രഖ്യാപനങ്ങളെ അവരുടെ സ്വകാര്യരേഖകളിലും ഡയറികളിലും പ്രകടിപ്പിക്കുന്ന താൽപര്യങ്ങളും ചിന്തകളുമായി താരതമ്യപ്പെടുത്തി ക്കാണിക്കുക എന്നതായിരുന്നു നേമിയർ സമ്പ്രദായത്തിന്റെ കാതൽ. ഈ സമ്പ്രദായത്തോട് അടിസ്ഥാനപരമായി എതിർപ്പ് പ്രകടിപ്പിക്കേണ്ട കാര്യമൊന്നുമില്ല. നേരെമറിച്ച് ആ സമ്പ്രദായംകൊണ്ട് പലരുടെയും ആന്തരോദ്ദേശ്യങ്ങളും വെളിവാക്കാൻ കഴിയുന്നതിനു പുറമേ പല സംഭവങ്ങളും തമ്മിൽ പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്ത കാര്യകാരണബന്ധങ്ങളും കണ്ടെത്താനും കഴിയും. ഒരു ദൗർബല്യം മാത്രമേ ഈ സമ്പ്രദായത്തിനുള്ളു. ഇത്ര സൂക്ഷ്മമായി ഓരോ മരത്തെയും പരിശോധിച്ചുകൊണ്ടിരിക്കുന്നതിനിടക്ക് വനം കണ്ണിൽപെടാതെ പോകുമോ എന്നതാണത്. 'തിരുത്തൽവാദി'കളും വിഗ്രഹഭഞ്ജകരുമായി അറിയപ്പെടാൻ ആഗ്രഹിക്കുന്ന നേമിയർ സമ്പ്രദായക്കാർ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ പുറപ്പെടുമ്പോഴും ഈ ആപത്തുകൾ ധാരാളമുണ്ട്. (ഇന്ത്യാ ചരിത്ര

വ്യാഖ്യാനം മാർക്സിസ്റ്റ് സമീപനം, ചിന്ത പ്രസിദ്ധീകരണം. പേജ് 62)

മരങ്ങളുടെ പുറകേ നടന്ന് വനം കാണാതെപോയ കേംബ്രിഡ്ജ് സ്കൂളുകാരുടെ കൃതികളിൽ വളരെ മെച്ചപ്പെട്ട ഒന്നാണ് അനിൽ സീലിന്റെ *ഇന്ത്യൻ ദേശീയവാദത്തിന്റെ ഉയർച്ച* (ഇമേർജൻസ് ഓഫ് ഇന്ത്യൻ നാഷണലിസം) 19–ാം നൂറ്റാണ്ടിലെ ഇന്ത്യൻ നേതാക്കളുടെ ആദർശവൽകരിക്കപ്പെട്ട പ്രതിച്ഛായക്ക് അകത്ത് ഒളിഞ്ഞിരിക്കുന്ന ജാതിക്കുശുമ്പുകളും സ്വകാര്യ താൽപര്യങ്ങളും വൈയക്തിക ദൗർബല്യങ്ങളും മറ്റും പുറത്തുകൊണ്ടുവരാനും പല സംഭവങ്ങളുടെയും ഇതുവരെ അറിയപ്പെടാതിരുന്ന പരസ്പര ബന്ധങ്ങൾ അനാവരണം ചെയ്യാനും മറ്റും സീലിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ 19–ാം നൂറ്റാണ്ടിലെ ദേശീയ പ്രസ്ഥാനത്തിൽ ഇന്ത്യയിലാകെ സംഭവിച്ചത് ചില സ്വാർഥികളും കുശുമ്പൻമാരും ആയ നേതാക്കൻമാരുടെ ഉപജാപങ്ങളും പരസ്യനാടകങ്ങളും മാത്രമായിരുന്നുവെന്ന് തോന്നും സീലിന്റെ പുസ്തകം വായിച്ചാൽ. ദാദാഭായ് നവറോജി, ഡബ്ല്യൂ സി ബാനർജി, രമേശ് ചന്ദ്രദത്ത് തുടങ്ങിയ പ്രതിഭാശാലികളും അവരുടെ പിന്നിൽ അണിയണിയായി നിരന്ന ബഹുജനങ്ങളുമെല്ലാം വെറും ഒരു ഉപജാപകവൃന്ദമായിരുന്നുവെന്ന് പറഞ്ഞാൽ അത് കടുംകൈ തന്നെ. കേംബ്രിഡ്ജ് സ്കൂളിന്റെ ശക്തിദൗർബല്യങ്ങളല്ല ഈ ലേഖനത്തിന്റെ മുഖ്യപ്രമേയം. അതുകൊണ്ട് താരതമ്യത്തിനായി അതിനെയെന്ന് പരാമർശിച്ചുപോകുന്നുവെന്ന് മാത്രം.

കേംബ്രിഡ്ജ് സ്കൂളുകാരെക്കാൾ സ്വാധീനശക്തിയും പ്രത്യയശാസ്ത്രപരവുമായ വായ്ത്തലയും ഉള്ളത് സബാൾടേൺ അഥവാ കീഴാളർ ചരിത്രകാരൻമാർക്കാണ്. അവരുടെ നിലപാടുകൾ പരിശോധിക്കാം.

III

1982–ൽ "കീഴാളർ പഠനങ്ങൾ 1, ദക്ഷിണേഷ്യൻ ചരിത്രത്തെയും സമൂഹത്തെയും കുറിച്ചുള്ള ലേഖനങ്ങൾ." (*സബാൾടേൺ സ്റ്റഡീസ് I, റൈറ്റിംഗ്സ് ഓൺ സൗത്ത് ഏഷ്യൻ*

ഹിസ്റ്ററി ആൻറ് സൊസൈറ്റി) എന്ന പേരിൽ രഞ്ജിത് ഗുഹ എഡിറ്റ് ചെയ്ത പുസ്തകം ദൽഹിയിൽനിന്നും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസുകാർ പുറത്തിറക്കിയതോടെയാണ് ഈ ചരിത്രരചനാ പ്രസ്ഥാനം മറനീക്കി അരങ്ങത്തെത്തുന്നത്. ഇക്കഴിഞ്ഞ എട്ട് വർഷക്കാലത്ത് അഞ്ച് സബാൾട്ടേൺ പഠനസമാഹാരങ്ങൾ കൂടി പ്രസിദ്ധീകരിക്കപ്പെട്ടു. കൂടാതെ ഈ പഠനങ്ങൾകൊക്കെ അടിസ്ഥാനമായി വർത്തിക്കുന്ന പരിഗണനകളും സങ്കൽപനങ്ങളും ക്രോഡീകരിച്ചുകൊണ്ട് രഞ്ജിത് ഗുഹ തന്നെ എഴുതിയ *എലിമെൻറ്സ് ആസ് പെക്ട്സ് ഓഫ് പൊസൻറ് ഇൻസർജൻസി ഇൻ കൊളോണിയൽ ഇന്ത്യ* എന്ന ഒരു ചരിത്രശാസ്ത്ര ഗ്രന്ഥവും 1983–ൽ പുറത്തുവന്നു. "കൊളോണിയൽ ഭാരതത്തിലെ കാർഷിക കലാപങ്ങളുടെ പ്രാഥമികവശങ്ങൾ" എന്നോ മറ്റോ തർജ്ജമചെയ്യാം.

1950–കളിൽ ലോകയുവജന പ്രസ്ഥാനവും അതുവഴി മാർക്സിസം–ലെനിനിസവും ആയി താത്വികവും പ്രായോഗികവുമായി ബന്ധപ്പെട്ടിരുന്ന രഞ്ജിത് ഗുഹ പിന്നീട് ഇംഗ്ളണ്ടിലെ സസക്സ് സർവകലാശാലയിൽ പ്രൊഫസറായി. ഈ പുസ്തക പരമ്പര ആസൂത്രണം ചെയ്യുമ്പോഴും പ്രസിദ്ധീകരിക്കുമ്പോഴും അദ്ദേഹം ആസ്ത്രേലിയൻ സർവകലാശാലയിൽ ഗവേഷണ–അധ്യാപന വൃത്തികളിൽ ഏർപ്പെട്ടിരിക്കുകയാണ്. ഗുഹക്ക് പുറമെ സുമിത് സർക്കാർ, പാർഥാ ചാറ്റർജി, ഗ്യാൻ പാണ്ഡെ, ഡേവിഡ് ഹാർഡിമാൻ തുടങ്ങി സാമാന്യം അറിയപ്പെടുന്ന രണ്ട് ഡസനിലേറെ യുവചരിത്രകാരൻമാർ ഈ പദ്ധതിയിൽ പങ്കെടുക്കുകയും എഴുതുകയും ചെയ്യുന്നുണ്ട്. ഇവരിൽ ചിലരെല്ലാം മാർക്സിസ്റ്റുകാർ എന്ന് അവകാശപ്പെടുന്നവരാണ്. ഈ പരമ്പര ആരംഭിക്കുന്നതിന് മുമ്പുള്ള അവരുടെ പ്രബന്ധങ്ങളും പുസ്തകങ്ങളും ചരിത്രവിദ്യാർഥികളെ ആകർഷിച്ചിട്ടുമുണ്ട്. കീഴാളർ പ്രസ്ഥാനം മാർക്സിസ്റ്റ് ചരിത്രരചനകളുടെ യുക്തിയുക്തമായ വികാസമാണെന്നും അതല്ല അതിൻെറ നിഷേധമാണെന്നും വാദങ്ങളുണ്ട്. പ്രൊഫസർ ഇർഫാൻ ഹബീബ്,

പ്രൊഫസർ കെ എൻ പണിക്കർ, സുനീത് ചോപ്ര തുടങ്ങി പലരും ഈ പ്രസ്ഥാനത്തിന്റെ ക്രിയാത്മകവശങ്ങളെ അംഗീകരിക്കുന്നതോടൊപ്പം അതിന്റെ അടിസ്ഥാനപരമായ ലക്ഷ്യത്തെയും രീതിയെയും നിശിതമായി വിമർശിക്കുന്നു.

ഇനി ഈ പ്രസ്ഥാനത്തിന്റെ മുഖ്യ സവിശേഷതകളിലേക്ക് കണ്ണോടിക്കാം.

സബാൾടേൺ എന്ന ഇംഗ്ലീഷ് പദത്തിന് തികച്ചും പറഞ്ഞിയ വിവർത്തനമൊന്നുമില്ലെന്നതാണ് കീഴാളർ. അധഃസ്ഥിതരെന്നും അൽപം സംസ്കൃതവൽകരിച്ച് പറയാം. അധ്വാനിക്കുന്ന വർഗങ്ങൾ എന്നോ ചൂഷിത വിഭാഗങ്ങൾ എന്നോ കീഴ്ജാതിക്കാർ എന്നോ പറഞ്ഞാൽ ഉൾകൊള്ളാൻ കഴിയാത്തവിധം വിപുലമായ, അതേസമയം വ്യക്തമായ ജനവിഭാഗങ്ങളെ ഈ പദം സൂചിപ്പിക്കുന്നുവെന്ന് ഗുഹ അദ്ദേഹത്തിന്റെ പഠനങ്ങളുടെ ഒന്നാം വാള്യത്തിന്റെ ആമുഖത്തിൽ തന്നെ വിശദീകരിക്കുന്നു. പ്രശസ്ത ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനും കമ്യൂണിസ്റ്റ് പാർടി നേതാവും ഫാസിസ്റ്റ് വിരുദ്ധ രക്തസാക്ഷിയും ആയ ആൻറോണിയോ ഗ്രാംഷി (1891–1937) അദ്ദേഹത്തിന്റെ *ജയിൽകുറിപ്പുകളിൽ* ഈപദം ഇറ്റാലിയൻ ചരിത്രത്തെക്കുറിച്ച് പരാമർശിക്കുമ്പോഴും പ്രയോഗിച്ചിട്ടുണ്ട്. പൂർണമായും ആ അർഥത്തിലാണ് തങ്ങൾ ഈ പദം ഉപയോഗിക്കുന്നത് എന്ന് ഗുഹ തറപ്പിച്ച് പറയുന്നില്ലെങ്കിലും ഗ്രാംഷിയോട് തങ്ങൾക്കുള്ള കടപ്പാട് അദ്ദേഹം നിഷേധിക്കുന്നില്ല. വർഗം, ജാതി, പ്രായം, ലിംഗം, ഉദ്യോഗം തുടങ്ങി ഏത് പദവിയുമായി ബന്ധപ്പെട്ടുള്ള കീഴാളത്വവും തങ്ങളുടെ ഈ പദപ്രയോഗത്തിൽ ഉൾപെടുന്നുവെന്ന് ഗുഹ അവകാശപ്പെടുന്നു. ഇങ്ങനെയൊക്കെ തന്നെയാണോ ഗ്രാംഷി ഈ പദപ്രയോഗം നടത്തിയത്? അംഗീകൃത മാർക്സിസ്റ്റ് പദപ്രയോഗങ്ങൾ പലതും പൊലീസ് സെൻസർമാരെ കബളിപ്പിക്കാനായി മാറ്റിമറിക്കുക എന്നത് ഗ്രാംഷിയുടെ നോട്ടുബുക്കുകളിൽ സ്ഥിരമായി കാണുന്ന ഏർപാടാണ്. പലേടത്തും വർഗം (ക്ലാസ്) എന്ന് ഒരു തർക

വും കൂടാതെ ഉപയോഗിക്കാവുന്ന സംഘടങ്ങളിൽപോലും 'ഫണ്ടമെൻറൽ ഗ്രൂപ്പ്' മുതലായ സൂത്രപ്രയോഗങ്ങളും അദ്ദേഹം നടത്തുന്നുണ്ട്. ഈ പദപ്രയോഗങ്ങളുടെ യഥാർഥ മൂല്യവും ലക്ഷ്യവും കണ്ടുപിടിക്കുകയെന്നത് ഗ്രാംഷി പഠനങ്ങളിലെ കീറാമുട്ടികളിൽ ഒന്നാണ്. അതുകൊണ്ട് ഗ്രാംഷിയുടെ വളരെ വിലപ്പെട്ട നിഗമനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ആകത്തുകയിൽനിന്ന് അടർത്തിമാറ്റി ചില പദങ്ങളെയോ പദപ്രയോഗങ്ങളെയോ ആശ്രയിക്കുന്നത് അത്ര വിശ്വാസ്യമായ മാർഗമല്ല.

ഇന്ത്യയിലെ ഇതഃപര്യന്തമുള്ള ചരിത്രരചനകളെയെല്ലാം 'ഏലീറ്റ്' അഥവാ വരേണ്യ ചിത്രങ്ങളായി ഗുഹ തിരസ്കരിക്കുന്നു. വരേണ്യ ചരിത്രങ്ങളിൽതന്നെ രണ്ടിനങ്ങളുണ്ട്—കൊളോണിയലും ദേശീയവാദപരവും. സ്വാതന്ത്ര്യാനന്തരം അവ പുത്തൻ കൊളോണിയലിസ്റ്റും പുത്തൻ ദേശീയവാദിയുമായി മാറിയെങ്കിലും അടിസ്ഥാനപരമായി വരേണ്യപ്രകൃതം അഭംഗുരം തുടരുന്നു. ഈ ലേഖനത്തിന്റെ ആദ്യഖണ്ഡത്തിൽ വിവരിച്ച മാതിരിയുള്ള ചരിത്രരചനാവിഭാഗങ്ങളെയൊന്നും ഗുഹയും കൂട്ടരും അംഗീകരിക്കുന്നില്ല. മാർക്സിസ്റ്റ് ചരിത്രകാരൻമാരെപ്പറ്റി ഒന്നും എടുത്തുപറയുന്നില്ല. അവരെ പുത്തൻ ദേശീയ വരേണ്യവാദ ചരിത്രപ്രസ്ഥാനത്തിന്റെ ഉപവിഭാഗമായിട്ടേ കീഴാളർ പ്രസ്ഥാനക്കാർ പരിഗണിക്കുന്നുള്ളു എന്ന് തോന്നുന്നു. മേൽവിവരിച്ച വിവിധ തരത്തിലുള്ള കീഴാളർകെല്പാം സ്വതന്ത്രവും സ്വയം സമ്പൂർണവുമായ ജീവിതശൈലിയും അനുക്തമെങ്കിലും വ്യക്തമായ പ്രത്യയശാസ്ത്ര സംഹിതയും തനതായ സമരചരിത്രവും ഉണ്ടെന്ന് ഗുഹയും മറ്റും വാദിക്കുന്നു. ഇത്തരം സമരങ്ങളെപ്പോലും മേലാളരുടെ നേതൃത്വത്തിലും പ്രത്യയശാസ്ത്ര സ്വാധീനത്തിലും നടക്കുന്നവയായിട്ടാണ് വരേണ്യ ചരിത്രകാരൻമാർ വ്യാഖ്യാനിക്കുന്നത് എന്നവർ പരാതിപ്പെടുന്നു. കീഴാളരുടെ മുദ്രാവാക്യങ്ങളും ലക്ഷ്യങ്ങളും പലപ്പോഴും അവരുടേതായ പ്രത്യേക ഭാഷകളിലും പ്രതീകങ്ങളിലും പൊതിഞ്ഞായിരിക്കും രംഗത്തുവരിക. ചിലപ്പോളവ ജാതി മത്സരങ്ങളുടെയോ വർഗീയ കലഹങ്ങളുടെയോ മൂടുപടം അണി

ഞ്ഞായിരിക്കും പ്രത്യക്ഷപ്പെടുക. മറ്റ് ചിലപ്പോൾ വരേണ്യരുടെ നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാനത്തെ എതിർക്കുകമൂലം സാമ്രാജ്യവാദികളുടെ പിണിയാളുകൾ എന്ന പേരുദോഷം അനർഹമായി പേറിക്കൊണ്ടായിരിക്കും കീഴാളർ തങ്ങളുടെ സമരം നടത്തുക. ചരിത്രത്തിൽ പല മടക്കുകളായി അടിഞ്ഞുകിടക്കുന്ന ഇത്തരം തെറ്റിദ്ധാരണയുളവാക്കാവുന്ന സംഭവങ്ങളെയും മുദ്രാവാക്യങ്ങളെയും പ്രതീകങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ചികഞ്ഞ് കീഴാളർ ചരിത്രത്തെ അനാവരണം ചെയ്യുകയെന്ന ആയാസകരമായ കൃത്യത്തിലാണ് തങ്ങൾ ഏർപെട്ടിരിക്കുന്നതെന്ന് ഗുഹയും മറ്റും പറയുന്നു.

ഇതുവരെയുള്ള ചരിത്രരചനകളിൽ വരേണ്യനേതാക്കൾക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പോലുള്ള വരേണ്യസംഘടനകൾക്കും അമിത പ്രാധാന്യം നൽകുകയും അവരെ അവഗണിച്ചും എതിർത്തും പോരാടിയ കീഴാളരുടെ നേട്ടങ്ങൾകൂടി മേലാളരുടെ കണക്കിൽ വരവുവെക്കുകയും ചെയ്യുന്ന ഏർപാട് തിരുത്തിക്കുറിക്കാൻ കീഴാളർ ചരിത്രകാരൻമാർ ചെയ്യുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണ്. ഈ ശ്രമങ്ങൾ വഴി ഇതേവരെ ചരിത്രത്തിന്റെ ഇരുണ്ട ഊടുവഴികളിൽ മറഞ്ഞുകിടക്കുന്ന അനവധി വീരേതിഹാസങ്ങൾ അനാവരണം ചെയ്യാൻ കീഴാളർ ചരിത്രകാരൻമാർക്കെന്നപോലെ അധഃസ്ഥിതരുടെ ഭാഗത്ത് നിലയുറപ്പിച്ചിട്ടുള്ള മറ്റ് പല ചരിത്രകാരൻമാർക്കും അടുത്തകാലത്തായി കഴിഞ്ഞിട്ടുണ്ട്. അങ്ങനെ പണ്ടത്തെ ചരിത്രഗ്രന്ഥങ്ങളിൽ അടിക്കുറിപ്പുകളിൽപോലും സ്ഥാനം ലഭിക്കാതിരുന്ന ബംഗാളിലെ ടിറു മീർ, ഉത്തർപ്രദേശിലെ മിർസാമുണ്ട, രാമചന്ദ്രദാസ്. മഹാരാഷ്ട്രയിലെ മഹാത്മാഫൂലെ, കേരളത്തിലെ ശ്രീനാരായണഗുരു എന്നിങ്ങനെ എത്രയെത്ര ജനനായകരാണ് ഇപ്പോൾ ഇന്ത്യാ ചരിത്രത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് പ്രവേശിച്ച് തുടങ്ങിയിട്ടുള്ളത്. മഹാരാഷ്ട്രയിലെ വാർളികൾ, മധ്യപ്രദേശിലെ ഭിൽവർഗക്കാർ, പടിഞ്ഞാറൻ ബംഗാളിലെ സാന്താൾകാർ, ഒറീസയിലെ മയൂർ ഭഞ്ജ്വാസികൾ, മലബാറിലെ മാപ്പിളമാർ, വയനാട്ടിലെ കുറിച്യർ എന്നിങ്ങനെ എത്രയോ ജനവിഭാഗങ്ങൾ പഴയ ചരിത്രകാരൻ

മാർ നൽകിയ അപവാദത്തിന്റെ ആവരണങ്ങളും വലിച്ചുകീറി തിളക്കമുറ്റ പോരാളികളായി ചരിത്രത്തിന്റെ താളുകളിൽ പ്രകാശം പരത്തുന്നു. ദേശീയ സമരത്തിന്റെ ഭാഗമായി അംഗീകരിച്ചിരുന്ന പമ്പാരൻ, ചൗരിചൗര, ബാലിയ, സത്താറ, പുന്നപ്ര–വയലാർ, തെലങ്കാന, കാക ദ്വീപ് തുടങ്ങി പല പോരാട്ടങ്ങളും ദുർവ്യാഖ്യാനങ്ങളെ അതിജീവിച്ച് ആദരണീയതയുടെ സമുന്നത പീഠങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്നു.

ഇതെല്ലാം തങ്ങളുടെ മാത്രമായ എന്തോ ഒരു സംഭാവനയാണ് എന്ന അടിസ്ഥാനരഹിതമായ അവകാശവാദം മാത്രമല്ല കീഴാളർ പ്രസ്ഥാനക്കാരുടെ പിശക്. കീഴാളരുടേത് തനതായ ഒരു സ്വയംഭരണ പ്രസ്ഥാനമാണ് എല്ലായ്പോഴും എല്ലായിടത്തും എന്ന വരട്ടുതത്വ പിടിവാശിമൂലം അവർ ചരിത്രത്തെ വളച്ചൊടിക്കുകയും അസൗകര്യപ്രദമായ വസ്തുതകളുടെ നേരെ കണ്ണടയ്ക്കുകയും ചെയ്യുന്നു.

വരേണ്യ നേതൃസ്പർശനമില്ലാതെ നടന്ന സമരങ്ങളും ഉണ്ടാകാം. ചില സമരങ്ങളിൽ വരേണ്യർക്കുള്ള പങ്കിനെ അതിശയോക്തി കലർത്തി പെരുപ്പിച്ച് കാണിക്കുന്ന പ്രവണതയും ഉണ്ടാകാം. അവയൊക്കെ തിരുത്തപ്പെടേണ്ടതുതന്നെ. പക്ഷേ വസ്തുതകളാകെ ഇതിനുവേണ്ടി വളച്ചൊടിക്കുകയും അവഗണിക്കുകയും ചെയ്താലോ? ഗുഹയുടെയും മറ്റും സങ്കൽപപ്രകാരം കമ്യൂണിസ്റ്റുകാരുടെയും ദേശീയവാദികളുടെയും നേതൃത്വത്തിൽ നടന്ന—ഈ നേതാക്കളും ജനനംകൊണ്ടും തൊഴിലുകൊണ്ടും കീഴാളർ ആണെങ്കിൽപോലും—സമരങ്ങൾക്ക് കീഴാളർ ചരിത്രത്തിൽ സ്ഥാനം കാണുകയില്ല. കമ്യൂണിസ്റ്റുകാർ എഴുതിയ ചരിത്രം മാത്രമല്ല കമ്യൂണിസ്റ്റുകാർ നയിച്ച ധീരോദാത്തമായ സായുധസമരങ്ങൾപോലും ഈ 'കീഴാളർ' ബുദ്ധിജീവികർക്ക് അസ്പൃശ്യമാണെന്ന് വരുന്നു.

ഇർഫാൻ ഹബീബ് പറയുന്നു:

"തൊഴിലാളികളുടെയും കർഷകരുടെയും ഗോത്രവർഗക്കാരുടെയും പോരാട്ടങ്ങൾ കൂടുതൽ വെളിപ്പെടുത്തുന്നതിനുള്ള കീഴാളർ പക്ഷക്കാരുടെ ശ്രമം സ്വാഗതാർഹം

തന്നെ. എന്നാൽ അവരുടെ ചരിത്ര പരിപ്രേക്ഷ്യം അംഗീകാര്യമല്ലാത്ത വിധം സങ്കുചിതമാണ് എന്ന് പറഞ്ഞേ തീരൂ. സമൂഹത്തിൽ പൊതുവെ വ്യാപിക്കുന്ന ആശയങ്ങളും പലപ്പോഴും വരേണ്യർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരുടെ സ്വാധീനവും കീഴാളർ വർഗക്കാരുടെ ഇടയിൽ വളരെ ഗണ്യമായി ഉണ്ട് എന്ന വസ്തുത ഗുഹ വാദിക്കുന്നതുപോലെ ഒരു നിസാര ഘടകമല്ല. അത് കേന്ദ്ര പ്രാധാന്യമുള്ള ഒരു ഘടകം തന്നെയാണ്. കീഴാളർ എന്ന പദം അന്തോണിയോ ഗ്രാംഷി അവശേഷിപ്പിച്ച *ജയിൽകുറിപ്പുകളിൽ*നിന്നാണല്ലോ ഗുഹയും മറ്റും കടംകൊണ്ടത്. എന്നാൽ കർഷകർക് സ്വന്തം നിലയിൽ ഒരു പ്രത്യയശാസ്ത്രം നിർമിക്കാനോ ബുദ്ധിജീവി വിഭാഗത്തിന് രൂപംനൽകാനോ കഴിയുകയില്ലായെന്ന് ഗ്രാംഷി തറപ്പിച്ച് പറഞ്ഞിട്ടുണ്ട്. ദേശീയ പ്രസ്ഥാനം രംഗത്തുവന്നതിനെ തുടർന് ബഹുജനസമരങ്ങളുടെ സ്വഭാവം ഗുണപരമായും ഗണപരമായും മാറുകയുണ്ടായി. 1857-ലെ ലക്ഷ്യമില്ലാത്ത കർഷക പോരാളികളിൽനിന്നും തികച്ചും വ്യത്യസ്തരായിരുന്നു 1920-കളിലെയും 1930-കളിലെയും കർഷക പ്രക്ഷോഭകാരികൾ. മുൻകൂറായി സാമൂഹ്യ പരിഷ്കർതാക്കൾ ജാതിവ്യവസ്ഥയെക്കുറിച്ച് വിമർശനം നടത്താതെ ജാതിഭിത്തികളെ ഉല്ലംഘിച്ചുകൊണ്ടുള്ള വ്യാപകമായ കർഷക സമരങ്ങളെക്കുറിച്ച് സങ്കൽപിക്കാൻപോലും സാധ്യമല്ല. കർഷകരുടെ അസ്വസ്ഥതകൾ ദേശീയ പ്രസ്ഥാനത്തിന് വീര്യം പകർന മുഖ്യഘടകങ്ങളിൽ ഒന്നായിരുന്നുവെന്ന് പറയുന്നതുപോലെ തന്നെ കർഷക പ്രസ്ഥാനത്തിന് ദേശീയ പ്രസ്ഥാനം ആഴം നൽകി എന്നതും കർഷകർക് വർഗബോധം തെളിയാൻ അരങ്ങൊരുക്കിയെന്നതും വാദിച്ച് ഉറപ്പിക്കാവുന്ന വസ്തുതകളാണ്." (ടി പുസ്തകം, പുറം 67–68)

IV

കീഴാളർ ചരിത്രകാരൻമാരുടെ ഈ തെറ്റുകൾ വെറും അക്കാദമീയവും സൈദ്ധാന്തികവും ആയ പിടിപ്പുകേടുക

ളായി തിരസ്കരിക്കാനാവില്ല. കേംബ്രിഡ്ജ് പ്രസ്ഥാന ക്കാരെപ്പോലെ കീഴാളർ പ്രസ്ഥാനം വരേണ്യരുടെ ഫാഷൻ പ്രസ്ഥാനമായി സ്വയം നശിച്ചുകൊള്ളുമെന്ന് വിചാരി ക്കുന്നതും പിശക്. തീർച്ചയായും കേംബ്രിഡ്ജുകാരെ പ്പോലെ ഗുഹ പ്രഭൃതികളുടെ പരിശ്രമവും ചരിത്രത്തി ന്റെ ചില വശങ്ങളെ അനാവരണം ചെയ്യാൻ സഹായിക്കും. എന്നാൽ അധ:സ്ഥിതരുടെയും അധ്വാനിക്കുന്നവരുടെയും അവഗണിക്കപ്പെടുന്നവരുടെയും സവിശേഷ ചരിത്രശാസ് ത്രം എന്ന നിലയിൽ അവർക്ക് ലഭിക്കാവുന്ന പ്രശസ്തി അധ:സ്ഥിതരുടെ വർഗസമരങ്ങൾക്കും സാമൂഹ്യ മുന്നേറ ത്തിനും ദോഷം ചെയ്യും. അധ:സ്ഥിത വിഭാഗങ്ങളെ അവ രുടെ സ്വാഭാവിക സഖ്യശക്തികളിൽനിന്ന് ഒറ്റപ്പെടു ത്തും. അധ:സ്ഥിതരുടെ സമരങ്ങളെ സമൂഹത്തിന്റെ സമ ഗ്രവിപ്ലവത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനുപകരം അവ രുടെ വിഭാഗീയവും സങ്കുചിതവുമായ താൽപര്യങ്ങളുടെ തിരിക്കുറ്റിയിൽ കെട്ടിയിടും. അധ:സ്ഥിതരുടെ ഇടയി ലെ ഏറ്റവും പാകപ്പെട്ട വിഭാഗമായ വ്യവസായ തൊഴിലാ ളികൾക്കുപോലും അവരുടെ സ്വന്തമായ അവബോധംകൊ ണ്ട് സമൂഹ നേതൃത്വത്തിലേക്ക് ഉയരാനോ സോഷ്യലി സ്റ്റ് ശക്തിയായി വളരാനോ കഴിയില്ലെന്ന് ലെനിൻ പ റയുകയുണ്ടായി. ലെനിൻ പറയുന്നു:

> സോഷ്യൽ ഡമോക്രാറ്റിക് ബോധം തൊഴിലാളികൾ കിടയിൽ സാധ്യമല്ലായിരുന്നുവെന്ന് ഞങ്ങൾ പറഞ്ഞു വല്ലൊ. അത് വെളിയിൽനിന്ന് അവർക്കെത്തിച്ചുകൊ ടുക്കാനേ സാധിക്കൂ. തൊഴിലാളിവർഗത്തിന് തന്നിച്ച് അതിന്റെ സ്വന്തം യത്നംകൊണ്ട് മാത്രം കേവലം ട്രേഡ് യൂണിയൻ ബോധമേ വളർത്തിക്കൊണ്ടുവരാൻ കഴിയുള്ളുവെന്ന് എല്ലാ രാജ്യങ്ങളുടെയും ചരിത്രം തെളിയിക്കുന്നു. യൂണിയനുകളിൽ സ്വയം സംഘടി ക്കേണ്ടതിന്റെയും മുതലാളിമാരോട് പോരാടേണ്ടതി ന്റെയും തക്കതായ തൊഴിൽ നിയമങ്ങളുണ്ടാക്കാൻ ഗ വൺമെന്റിനെ നിർബന്ധിക്കേണ്ടതിന്റെയും ആവ ശ്യകതയെ സംബന്ധിച്ച ബോധമാണിത്. സോഷ്യ

ലിസ്റ്റ് സിദ്ധാന്തമാകട്ടെ, വളർന്നുവന്നിട്ടുള്ളത് സ്വത്തുടമ വർഗങ്ങളുടെ അഭ്യസ്തവിദ്യരായ പ്രതിനിധികളും അതായത് ബുദ്ധിജീവികളും സജ്ജമാക്കിയിട്ടുള്ള ദാർശനികവും ചരിത്രപരവും അർഥശാസ്ത്രപരവുമായ സിദ്ധാന്തങ്ങളുടെ ഉള്ളിൽനിന്നാണ്. ആധുനിക ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകൻമാരായ മാർക്സും എംഗൽസും തന്നെ, അവരുടെ സാമൂഹ്യപദവി നോക്കിയാൽ, ബൂർഷ്വാ ബുദ്ധിജീവികളായിരുന്നു. റഷ്യയിലും ഇതേപോലെ സോഷ്യൽ ഡമോക്രസിയുടെ സിദ്ധാന്തപരമായ വിജ്ഞാനം തൊഴിലാളി പ്രസ്ഥാനത്തിന്റെ സ്വതഃസിദ്ധമായ വികസനത്തിൽനിന്ന് തികച്ചും സ്വതന്ത്രമായിട്ടാണ് വളർന്നുപൊങ്ങിയത്. വിപ്ലവകാരികളായ സോഷ്യലിസ്റ്റ് ബുദ്ധിജീവികളുടെ ചിന്തയുടെ വളർച്ചയിൽനിന്നാണ് സ്വാഭാവികമായും അനിവാര്യമായും അതുദ്ഭവിച്ചത്. നാമിവിടെപ്പറയുന്ന ആ കാലത്ത്—അതായത് 1890–1900–ന്റെ മധ്യത്തിൽ—ഈ സിദ്ധാന്തം തൊഴിലാളി വിമോചന ഗ്രൂപ്പിന്റെ പൂർണരൂപത്തിലുള്ള പരിപാടിയിൽ പ്രതിഫലിച്ചിരുന്നുവെന്ന് മാത്രമല്ല, റഷ്യയിലെ യുവ വിപ്ലവകാരികളിൽ ഭൂരിപക്ഷത്തെയും അത് അതിന്റെ ഭാഗത്തേക്ക് ആകർഷിക്കുകയും ചെയ്തിരുന്നു. (ലെനിൻ, *തെരഞ്ഞെടുത്ത കൃതികൾ*, വാള്യം 1, പുറം 161, പ്രഭാത് ബുക്സ്)

തൊഴിലാളിവർഗത്തിന്റെ സ്ഥിതിപോലും ഇതാണെങ്കിൽ കീഴാളർ ചരിത്രകാരൻമാർ വിഭാവനം ചെയ്യുന്ന വരേണ്യരഹിത സമരങ്ങളുടെ സ്ഥിതി എന്താകും. വർഗപദ പ്രയോഗങ്ങൾപോലും ഉപേക്ഷിക്കുന്ന 'കീഴാളർ' വർഗേതര പദപ്രയോഗത്തിലൂടെ വർഗവ്യവസ്ഥക്ക് മൂടുപടമിടുന്നു. വർഗവൈരുധ്യങ്ങളെ മറച്ചുവെക്കുന്നു. യഥാർഥ കീഴാളർ വിഭാഗങ്ങളുടെ കൂട്ടായ്മക്ക് വിലങ്ങുതടി സൃഷ്ടിക്കുന്നു. മാർക്സിസത്തിനും സോഷ്യലിസത്തി

നുമെതിരെ ലോകവ്യാപകമായി അപശബ്ദങ്ങളും അപവാദങ്ങളും ഉയരുന്ന സാഹചര്യത്തിൽ 'കീഴാളർ' എന്ന ഓമനവിശേഷണം സ്വയം പതിപ്പിച്ച് വന്നിട്ടുള്ള ഈ ചരിത്രപ്രസ്ഥാനം മേലാളരുടെ പ്രത്യയശാസ്ത്ര ഭണ്ഡാഗാരത്തിലേക്ക് ഒരു മുതൽകൂട്ടുതന്നെ.

ഡി ഡി കൊസാംബി

ഇരുപതാം നൂറ്റാണ്ട് ലോകത്തിന് സംഭാവന ചെയ്ത കൈവിരലിലെണ്ണാവുന്ന മഹാപ്രതിഭാശാലികളിൽ അഗ്രഗണ്യനാണ് ദാമോദർ ധർമാനന്ദ് കൊസാംബി. (1907 ജൂലായ് 31–1966 ജൂൺ 29) മരണാനന്തരവും അനുക്രമം വ്യാപിച്ചുവരുന്ന അദ്ദേഹത്തിന്റെ വിശ്വപ്രശസ്തിക്കാധാരം പ്രാചീന ചരിത്രപഠനത്തിന് നൽകിയ മൗലിക സംഭാവനകളും അണെങ്കിലും ബൗദ്ധികവികാസത്തിന്റെ അന്ത്യദശയിലാണ് ഈ മേഖലയിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്.

ഗൗതമ ബുദ്ധനെയും അദ്ദേഹത്തിന്റെ കാലത്തെയും സിദ്ധാന്തങ്ങളെയുംകുറിച്ചുള്ള പഠനത്തിൽ ഗണ്യമായ സംഭാവന നൽകിയ പിതാവ് ധർമാനന്ദ് കൊസാംബിയിൽനിന്നും ചെറുപ്പംതൊട്ടേ ഭാരതീയ പൈതൃകത്തിലും ചരിത്രത്തിലും ദാമോദറിന് താൽപര്യവും അറിവും ഉളവായിരുന്നു എങ്കിലും ഒരു ഗണിതശാസ്ത്രജ്ഞൻ എന്ന നിലയിലായിരുന്നു ദാമോദറിന്റെ ആദ്യകാല പരിശീലനവും വിദ്യാഭ്യാസവും. അന്ന് പോർതുഗീസ് കോളനിയായിരുന്ന ഗോവയിൽ ജനിച്ച ദാമോദർ ഇന്ത്യയിൽ അൽപകാലം സ്കൂൾ വിദ്യാഭ്യാസം ചെയ്തശേഷം 11–ാം വയസിൽ അച്ഛനോടൊപ്പം അമേരിക്കയിലെത്തി. അവിടത്തെ പേരുകേട്ട ഹാർവാഡ് സർവകലാശാലയിൽ അച്ഛൻ അന്ന് അധ്യാപകനായിരുന്നു. ഹാർവാഡ് സർവകലാശാലയോടനുബ

ന്ധിച്ച കേംബ്രിഡ്ജ് ലാറ്റിൻ സ്കൂളിൽ പഠനം പൂർത്തിയാക്കിയശേഷം അച്ഛന്റെ സർവകലാശാലയിൽനിന്ന് ദാമോദർ ബിരുദമെടുത്തു. ഗണിതവും ചരിത്രവും ഭാഷകളുമായിരുന്നു വിഷയങ്ങൾ. ഈ കാലയളവിൽ ഇംഗ്ലീഷിനും ഗണിതശാസ്ത്രത്തിനും പുറമേ ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച്, ജർമൻ തുടങ്ങിയ ഭാഷകളിലും ദാമോദർ അവഗാഹം നേടി. അച്ഛനിൽനിന്നും പഠിച്ചു തുടങ്ങിയ സംസ്കൃതവും പാലിയും പേർഷ്യനും വേറെ. മാതൃഭാഷയായ മറാത്തിയുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ. എങ്കിലും അടിസ്ഥാനവിശേഷവൽകരണം ഗണിതശാസ്ത്രവും സ്റ്റാറ്റിസ്റ്റിക്കൽ തിയറിയും ജനിതകവും ആയിരുന്നു.

ഹാർവാഡിലെ പ്രശസ്തമായ ബിരുദവുമായി 1939–ൽ ഇന്ത്യയിൽ തിരിച്ചെത്തിയശേഷം അൽപകാലം അദ്ദേഹം ബനാറസ് ഹിന്ദു സർവകലാശാലയിലും അലിഗഡ് മുസ്ലീം സർവകലാശാലയിലും അധ്യാപനം നടത്തി. 1932–ൽ പൂനയിൽ സ്ഥിരതാമസമാക്കുകയും അവിടത്തെ പേരുകേട്ട ഫെർഗുസൻ കോളെജിൽ ഗണിതശാസ്ത്ര പ്രൊഫസറായി പ്രവേശിക്കുകയും ചെയ്തു. ധർമാനന്ദ് കൊസാംബിയും വളരെക്കാലം അവിടെ പ്രൊഫസറായിരുന്നു. 1946 വരെ അവിടെ തുടർന്നു.

ഈ 14 വർഷക്കാലത്താണ് ദാമോദർ ധർമാനന്ദ് കൊസാംബിയുടെ വിപുലവും വൈവിധ്യമാർന്നതുമായ വൈജ്ഞാനികലോകം അരികും മൂലയുമില്ലാതെ രൂപംകൊണ്ടത്. തന്റെ വിശേഷവൽകൃത മേഖലകളായ ഗണിതശാസ്ത്രവും സ്ഥിതിവിവരക്കണക്കുശാസ്ത്രവും മറ്റ് മേഖലകളിലേക്കും വ്യാപിച്ചു. ഉദാഹരണത്തിന് ജനിതകത്തിലും മറ്റ് ജീവശാസ്ത്ര വിഭാഗങ്ങളിലും ഗണിതശാസ്ത്രോപാധികം അദ്ദേഹം പ്രയോഗിക്കാൻ തുടങ്ങി. ഗണിതശാസ്ത്രപ്രയോഗമേഖല പിന്നീട് സാമൂഹ്യശാസ്ത്രങ്ങളിലേക്കും വ്യാപിക്കാൻ തുടങ്ങി. 1939–ൽ എത്തിയപ്പോഴേക്കും അദ്ദേഹത്തിന് ഒരു സംഗതി വ്യക്തമായി. തന്റെ താൽപര്യങ്ങൾ ഗണിതശാസ്ത്രത്തിലും ഭൗതികശാസ്ത്രങ്ങ

ളിലും ജീവശാസ്ത്രത്തിലും ഒതുങ്ങുകയില്ല. ഒരു വിശ്വമാനവികതാബോധമെന്നപോലെ താൻ പഠിച്ചുവന്ന പ്രാചീനസാഹിത്യം, വിവിധ ഭാഷകൾ, തത്വശാസ്ത്രം മുതലായവ തന്റെ മൗലിക താൽപര്യമേഖലകൾക്ക് പുറത്തല്ല. അക്കാലത്ത് അദ്ദേഹം തുടങ്ങിയ ഒരു പുതിയ മേഖല—ഇന്ത്യൻ ന്യൂമിസ്മാറ്റിക്സ് അഥവാ ഭാരതീയ പ്രാചീന നാണയ വിജ്ഞാനീയം—ഈ ബൗദ്ധിക വ്യാപനത്തിന് സഹായകരമായി. ചെറുപ്പം മുതലേ അദ്ദേഹത്തിന്റെ ഒരു ഹോബിയായിരുന്നു വിവിധ നാണയ ശേഖരണം. തന്റെ ശേഖരണത്തിലെയും വിവിധ കാഴ്ചബംഗ്ലാവുകളിൽ കണ്ടെത്തിയ പ്രാചീന നാണയങ്ങളും ലോകവിജ്ഞാനീയ പരിശോധനക്കദ്ദേഹം വിഷയമാക്കി. അവയിലെ വിവിധ ലോഹക്കൂട്ടുകളുടെ അനുപാതവും ആ അനുപാതങ്ങളിലെ മാറ്റവും അവയിലെ വിലയേറിയ ലോഹങ്ങളുടെ കൂടുതൽ കുറവുകളും കാലഗണനാക്രമമനുസരിച്ച് പരിശോധിച്ച് ആ നാണയങ്ങളുടെ കാലഘട്ടങ്ങളിലെ രാഷ്ട്ര സമ്പദ്വ്യവസ്ഥ അദ്ദേഹം ഗണിച്ചെടുത്തു. ഇന്ന് നാം നാണയവീർപം എന്ന് വ്യവഹരിച്ച് വരുന്ന പ്രതിഭാസം മൗര്യയുഗത്തിലും ഗുപ്തയുഗത്തിലും മറ്റും ഏതേത് ഘട്ടങ്ങളിൽ പ്രത്യക്ഷമായി എന്നദ്ദേഹം കണ്ടുപിടിച്ചു. എന്നതോടൊപ്പം ആ കാലഘട്ടങ്ങളിലെ സാമൂഹിക—സാമ്പത്തിക—സൈനിക—രാഷ്ട്രീയ—സാംസ്കാരിക—സംഭവങ്ങളും മാറ്റങ്ങളും കൂടി വിശകലനം ചെയ്തപ്പോൾ അതുവരെ അംഗീകൃത ചരിത്രകാരൻമാർ ഒഴിഞ്ഞുമാറിയ ഭൂതകാലത്തിന്റെ ഇരുട്ടറകൾ പലതും തന്റെ മുമ്പിൽ തുറക്കപ്പെടുകയാണെന്നദ്ദേഹത്തിന് ബോധ്യമായി. അംഗീകൃത അക്കാദമീയ ചരിത്രകാരൻമാർ അംഗീകരിച്ചു വന്നതിനേക്കാൾ പ്രാധാന്യവും മുൻതൂക്കവും സാമ്പത്തിക ഘടകങ്ങൾക്കുണ്ട് എന്നും അദ്ദേഹം കണ്ടെത്തി. സ്വാഭാവികമായും ഈ കണ്ടെത്തൽ അദ്ദേഹത്തെ മാർക്സിസത്തിന്റെ പ്രസക്തിയിലേക്ക് നയിച്ചു. മാർക്സും എംഗൽസും ജർമനിലും ഫ്രഞ്ചിലും ഇംഗ്ലീഷിലും ധാരാളം ലാറ്റിൻ—ഗ്രീക് ഉദ്ധരണികളോടെയും പ്രയോഗങ്ങളോടെയും എഴുതിയവയെല്ലാം അതത് ഭാഷകളിൽതന്നെ അത്യാർത്തിയോടെ കൊസാംബി വായിച്ച് പഠി

ച്ചു. അപ്പോഴദ്ദേഹം മറെറാരു വ്യസനകരമായ നിഗമനത്തിലും എത്തിച്ചേർന്നു.

അക്കാദമീയ ചരിത്രകാരൻമാരുടെ കൃതികളും എന്നപോലെ അംഗീകൃത മാർക്സിസ്റ്റ് ചരിത്രകാരൻമാരുടെ കൃതികളും അജ്ഞേയവാദം അപര്യാപ്തം! അക്കാദമീയ ചരിത്രകാരൻമാർ കാലഹരണം വന്ന സിദ്ധാന്തങ്ങളുടെ ചങ്ങലക്കെട്ടുകളിൽ കുടുങ്ങിയപ്പോഴും മാർക്സിസ്റ്റ് ചരിത്രകാരൻമാർ ചില മാർക്സിസ്റ്റ് വാർപ്പ് മാതൃകകളുടെ (സ്റ്റീരിയോടൈപ്സ്) കുടുക്കിൽപെട്ട് ഞെരിഞ്ഞുപോകുന്നു. ചരിത്രവസ്തുതകളും സംഭവങ്ങളും പഠിക്കാനും വിശകലനം ചെയ്യാനുമുള്ള ഒരുപകരണമായി മാർക്സിസത്തെ ഉപയോഗപ്പെടുത്തുന്നതിനുപകരം വസ്തുതകളെയും സംഭവങ്ങളെയും ചില മാർക്സിസ്റ്റ് വാർപ്പ് മാതൃകകളിലൊതുക്കിക്കെട്ടാനാണ് പലരുടെയും ശ്രമം. മാർക്സിസത്തിൻേറതാണെന്ന് ചിലർ ധരിച്ചുവശായ 'പ്രോക്രസ്റ്റിയൻ' കട്ടിലിൽ ചരിത്ര വസ്തുതകളെ പിടിച്ചുകിടത്തിക്കെട്ടി അതിനൊപ്പിച്ചു വസ്തുതകളെയും സംഭവങ്ങളെയും വളച്ചൊടിക്കുകയും വെട്ടി പാകമാക്കുകയും ചെയ്യുന്നതിൻെറ ഉദാഹരണമായി പിൽകാലത്ത് കൊസാംബി എടുത്തുകാട്ടിയത് എസ് എ ഡാങ്കെയുടെ *ഇന്ത്യ ഫ്രം പ്രിമിറ്റീവ് കമ്യൂണിസം ടു സ്ലേവറി* (1949) എന്ന വികൃതാഭ്യാസമായിരുന്നു. അതിനെതിരെ കൊസാംബി നടത്തിയ കുലീനമായ കടന്നാക്രമണം വലിയ കോളിളക്കം സൃഷ്ടിച്ചു.

അങ്ങനെ തൻെറ സേവനം ആവശ്യമായ ഒരു ബൃഹത്തായ മേഖല അദ്ദേഹം കണ്ടെത്തി. ഫെർഗുസൻ കോളെജിലെ സർവകലാശാല പാഠ്യ പദ്ധതിയനുസരിച്ചുള്ള നിത്യനിദാനാധ്യാപനവും പരീക്ഷകളും മറ്റും ഈ വമ്പിച്ച കർതവ്യനിർവഹണത്തിന് ഉപയോഗപ്പെടുത്തേണ്ട വളരെയേറെ സമയവും ഊർജവും നഷ്ടപ്പെടുത്തുന്നതായി തോന്നിയ കൊസാംബി 1946–ൽ ആ ലാവണം ഉപേക്ഷിച്ചു. അത്തരം ബാധ്യതകളൊന്നും ഇല്ലാത്തതും സ്വതന്ത്രമായി ഗവേഷണം നടത്താനും പഠിക്കാനും അവസരം ലഭിക്കുന്നതുമായ മറെറാരു ജോലിയിൽ അദ്ദേഹം പ്രവേശിച്ചു. ബോം

ബെയിലെ ടാറാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച്ചിലെ ഗണിതശാസ്ത്ര പ്രൊഫസറായി. 16 വർഷം അവിടെ തുടർന്നശേഷം 1962–ൽ അദ്ദേഹം മുഴുവൻ സമയവും ഗവേഷണത്തിനും എഴുത്തിനും സമാധാനപ്രസ്ഥാനം തുടങ്ങിയ രംഗങ്ങളിലെ പ്രവർത്തനത്തിനും മറ്റുമായി ജോലിയിൽനിന്ന് വിരമിച്ചു. സ്വയം ഏറ്റെടുത്ത പല കർത്തവ്യങ്ങളും പൂർത്തിയാക്കാൻ കഴിയാതെ 1966–ൽ ആകസ്മികമായി ഉറക്കത്തിൽ ആ മഹാപ്രതിഭ പൊലിഞ്ഞുപോയി.

1931–ൽ നളിനി മഡ്ഗാവ്കറെ വിവാഹം കഴിച്ച അദ്ദേഹത്തിന് രണ്ട് പുത്രിമാരാണുള്ളത്.

II

അമേരിക്കൻ മാർക്സിസ്റ്റ് ചിന്തകനും സുപ്രസിദ്ധ ഇന്തോളജിസ്റ്റുമായ ദെയിൽ റൈപ്പ് 'ശാസ്ത്രീയ ഇന്ത്യൻ ചരിത്രത്തിന്റെ പിതാവ്' എന്നാണ് ഡി ഡി കൊസാംബിയെ വിശേഷിപ്പിക്കുന്നത്. തികച്ചും യുക്തമായ വിശേഷണം തന്നെ. എന്നാൽ ഇന്ത്യൻ മാർക്സിസ്റ്റ് ചരിത്രരചനയിൽ ആദ്യപഥികനൊന്നുമായിരുന്നില്ല അദ്ദേഹം. ഇന്ത്യയെപ്പറ്റി *ന്യൂയോർക് ഹെറാൾഡ് ട്രിബ്യൂണിൽ* എഴുതിയ ലേഖനങ്ങളും മറ്റ് ചില കുറിപ്പുകളും ഉൾപെടെ കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ മാർക്സ് എഴുതിയവ കഴിഞ്ഞാൽ ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയെയും ചരിത്രത്തെയും മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ വിശകലനം ചെയ്യാൻ നടത്തിയ ആദ്യത്തെ ഗണ്യമായ ശ്രമം എം എൻ റോയിയുടെ *ഇന്ത്യ ഇൻ ട്രാൻസിഷൻ* (1922) എന്ന കൃതിയിലാണ് കാണുക. പിന്നത്തെ ശ്രമം രജനി പാംദത്തിന്റെ *മോഡേൺ ഇന്ത്യ*യാണ്. (1926) മാർക്സിന്റെ *ട്രിബ്യൂൺ* ലേഖനങ്ങളിൽ ബ്രിട്ടീഷ് കൊളോണിയൽ ഇന്ത്യയെക്കുറിച്ച് വളരെ ഉൾക്കാഴ്ചയുള്ള വിശകലങ്ങളോടൊപ്പം പ്രാചീന ഭാരതീയ ചരിത്രത്തെക്കുറിച്ചും ആനുഷംഗികമായ പല പരാമർശങ്ങളും ഉണ്ടായിരുന്നു. എന്നാൽ റോയിയും ദത്തും പ്രധാനമായും കേന്ദ്രീകരിച്ചത് ആധുനികഭാരതത്തെ സംബന്ധിച്ച കാര്യ

ങ്ങളിലാണ്. 1935–ൽ പ്രസിദ്ധീകരിക്കപ്പെട്ട കെ എം അഷ്റാഫിന്റെ *ലൈഫ് ആൻറ് കണ്ടിഷൻ ഓഫ് പീപ്പിൾ ഇൻ ഹിന്ദുസ്ഥാൻ എ ഡി 1200–1550* മാർക്സിസ്റ്റ് വെളിച്ചം കുറെക്കൂടി പുറകോട്ട് പായിക്കുന്നു. സ്വാമി വിവേകാനന്ദന്റെ സഹോദരനും ആദ്യകാല മാർക്സിസ്റ്റുകാരിൽ ഒരാളുമായ ഭൂപേന്ദ്രനാഥ് ദത്തയുടെ *ഇന്ത്യൻ സോഷ്യൽ പോളിറ്റി* (1944) കുറെക്കൂടി പൂറകോട്ടുപോയി മൗര്യ–ഗുപ്ത കാലഘട്ടങ്ങളെ വിശകലനം ചെയ്യുന്നു. അടുത്ത യത്നം നേരത്തെ പരാമർശിച്ച *ഇന്ത്യ ഫ്രം പ്രിമിറ്റീവ് കമ്യൂണിസം ടു സ്ലേവറി* (1949) യാണ്. വൈദിക കാലത്തെ സാമൂഹ്യപരിണാമങ്ങളെ പരാമർശിക്കുന്ന ഈ കൃതി ഈ പരമ്പരയിലൊന്നാമത്തേതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു എങ്കിലും കൊസാംബിയുടെ നിശിത വിമർശനത്തെ തുടർന്ന് ഡാങ്കെയുടെ ആത്മവിശ്വാസം ചോർന്നുപോയതിനാലാവും പിന്നെയൊന്നും പുറത്തു വന്നുകണ്ടില്ല. ഇതിനിടെ സുശോഭൻ സർക്കാർ അമിത്സെൻ എന്ന തൂലികാനാമമുപയോഗിച്ച് എഴുതിയ *നോട്സ് ഓൺ ബംഗാൾ റിനൈസൻസ്* (1944) ഇ എം എസ് നമ്പൂതിരിപ്പാട് എഴുതിയ *എ ഷോർട് ഹിസ്റ്ററി ഓഫ് പെസന്റ് മൂവ്മെൻറ് ഇൻ കേരള* (1943), *കേരളം മലയാളികളുടെ മാതൃഭൂമി* (1947) തുടങ്ങിയ ഏതാനും ലഘുകൃതികളും പ്രാദേശിക ചരിത്രരചനക്ക് മാർക്സിസ്റ്റ് സംഭാവനയായി പുറത്തുവന്നിട്ടുണ്ട്. 1966–ൽ ജയപ്രകാശ് നാരായണൻ പ്രസിദ്ധീകരിച്ച *വാട്ട് ഈസ് സോഷ്യലിസവും* സമകാലിക ഭാരതത്തെ മാർക്സിസ്റ്റ് ദൃഷ്ടിയിലൂടെ കാണാൻ ഒരു ശ്രമം നടത്തുകയുണ്ടായി.

ഇവയിൽ റോയി, ദത്ത്, ഇ എം എസ് തുടങ്ങിയവരുടെ കൃതികളും സമകാലിക സ്വാതന്ത്ര്യസമരത്തിലെ ഇടതുപക്ഷത്തെ ശക്തിപ്പെടുത്താനും മാർക്സിസ്റ്റ് സ്വതന്ത്രതൊഴിലാളിവർഗ പ്രസ്ഥാനം ഊട്ടിവളർത്താനും ഉപകരിച്ച വിലപ്പെട്ട സംഭാവനകളാണ്. ദത്തിന്റെ കൃതി പിൽകാലത്ത് *ഇന്ത്യാ ടുഡെ* എന്ന പേരിൽ അനേകം പതിപ്പുകളിറങ്ങി. ഒന്നുരണ്ട് തലമുറകളിലെ കമ്യൂണിസ്റ്റ് വിപ്ലവകാരികളുടെ രാഷ്ട്രീയ വിദ്യാഭ്യാസത്തിനുതകി. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ അവ ചിലതിൽ പോരായ്മകളും

കണ്ടെക്കാം. ഉദാഹരണത്തിന് റോയിയുടേത്. തൊഴിലാളി വർഗ പ്രസ്ഥാനം എന്നതുപോലെ അവസാനം റോയിയെ തന്നെ വർഗശത്രുക്കളുടെ ചേരിയിൽ എത്തിച്ച നിഗമനങ്ങളുടെ ബീജാങ്കുരങ്ങൾ *ഇന്ത്യ ഇൻട്രാൻസിഷനിൽ* കണ്ടെത്താം. എന്നാൽ പ്രാചീന ഘട്ടങ്ങളിലേക്ക് കടക്കുമ്പോഴാണ് ഈ അഭിവന്ദ്യരായ ആദ്യപഥികരുടെ സ്ഥലജലഭ്രമം കൂടുതൽ പ്രകടമാവുന്നത്. ഡാങ്കെയെക്കുറിച്ച് മേൽ പരാമരശിച്ച വിമർശനം കൊസാംബി ഉപസംഹരിക്കുന്നതിങ്ങനെയാണ്:

> മാർക്സിസം തനതായ ചിന്തക്കുപകരം പോന്ന ഒന്നല്ല. പ്രത്യുത അതൊരു വിശകലനോപാധിയാണ്. പ്രസക്തമായ വസ്തുതകളെക്കുറിച്ച് ശരിയായ ധാരണയും ചുരുങ്ങിയ തോതിലെങ്കിലും വിശകലന സാമർഥ്യവും അതിന് കൂടിയേതീരു. അടിസ്ഥാനരഹിതമായ ഊഹാപോഹങ്ങൾക്കിടയിൽ മാർക്സിന്റെയും എംഗൽസിന്റെയും ഉദ്ധരണികൾ ഇടക്കിടക്ക് തിരുകിക്കയറ്റിയതുകൊണ്ടുമാത്രം മതിയാവില്ല.
>
> അപര്യാപ്തമായ പ്രമാണാവതരണം, ശരിയോ എന്ന് പരിശോധിക്കാത്ത(പരിശോധിക്കാനാവാത്ത) രണ്ടാംകൈ റഫറൻസുകൾ അടിച്ചുവിടുന്ന ശീലം, വസ്തുതകളെക്കുറിച്ചുള്ള അൽപജ്ഞത, വ്യാഖ്യാനത്തിൽ യുക്തിയുടെ അഭാവം എന്നിവ പരാമർശിത ഗ്രന്ഥത്തിന്റെ സവിശേഷതകളാണ്. അതുകൊണ്ട് ഇന്ത്യാചരിത്രത്തെ സംബന്ധിച്ചിടത്തോളം ഗ്രന്ഥകർതാവിന്റെ ഒരൊറ്റ പ്രസ്താവനയിൽപോലും വിശ്വാസമർപിക്കാനാവില്ല. (Annals, BOR Institute, Vol. xxix p. 277)

ഡാങ്കെയെപ്പറ്റി പറഞ്ഞ കാര്യങ്ങൾ കുറെയൊക്കെ ഇത്തക്കും അഷ്റഫിനും ബാധകമാണ്. കൊസാംബിക്ക് പുറമെ ഈ പ്രമാദങ്ങൾ പലതും സമകാലിക മാർക്സിസ്റ്റ് ചരിത്രകാരൻമാരായ ആർ എസ് ശർമ, ഹർബൻസ് മുഖ്യ, ഇർഫാൻ ഹബീബ് തുടങ്ങിയവർ താന്താങ്ങളുടെ കൃതികളിലൂടെ തിരുത്തിയിട്ടുമുണ്ട്. എന്നാൽ ഈ തിരുത്തൽ പ്രസ്ഥാനത്തിന്റെ തുടക്കം കൊസാംബിയിൽ നിന്നായിരുന്നു. അങ്ങനെ പടിപടിയായി ചരിത്ര വിജ്ഞാനീയ

ത്തിലേക്ക് 1940–കളുടെ അന്ത്യത്തോടെ കൊസാംബി പ്രവേശിച്ചു എങ്കിലും തന്റെ ആദ്യ പ്രമേയങ്ങളൊന്നും അദ്ദേഹം കൈവെടിഞ്ഞിരുന്നില്ല. ടാറാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗണിതശാസ്ത്ര പ്രബന്ധങ്ങൾ എഴുതി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. മരണത്തിന് തൊട്ടുമുമ്പ് അദ്ദേഹം പ്രസിദ്ധീകരണത്തിനായി അയച്ച കൈയെഴുത്തുപ്രതി 'പ്രൈം നമ്പേഴ്സ്'നെക്കുറിച്ചുള്ളതായിരുന്നു. പാഥ്ജോമട്രി അദ്ദേഹത്തിന് ഹിതകാരിയായ മറെറാരു വിഷയമായിരുന്നു.

കൊസാംബി തന്റെ ബഹുമുഖ പ്രതിഭ പ്രകടമാക്കിയ മറെറാരു രംഗം 'പാഠവിമർശനം' (ടെക്സ്ചൽ ക്രിട്ടിസിസം) ആയിരുന്നു. മഹാകവി ഭർതൃഹരിയുടെ ശതകത്രയത്തിന്റെ ഒരു ശുദ്ധപാഠം വ്യാഖ്യാനത്തോടുകൂടി പണ്ഡിത് കെ വി കൃഷ്ണമൂർത്തി ശർമയുമായി സഹകരിച്ച് അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. (1945) കൊസാംബിയുടെ മറെറാരു ശുദ്ധീകരിച്ച പാഠം ഹാർവാഡ് ഓറിയൻറൽ സീരീസ് പ്രസിദ്ധീകരിച്ച വിദ്യാകരന്റെ *സുഭാഷിത രത്നകോശ* മാണ്. (1957) സംസ്കൃതത്തിലും പാലിയിലുമുള്ള അദ്ദേഹത്തിന്റെ അസൂയാർഹമായ അവഗാഹത്തിന് സാക്ഷ്യം വഹിക്കുന്ന ശുദ്ധപാഠ പ്രസിദ്ധീകരണങ്ങൾ വേറെയുമുണ്ട്.

ഗംഭീരാശയനായ ഈ ഗണിതശാസ്ത്രജ്ഞനിൽ നാമെടുത്തു വന്ന അതിപ്രഗദ്ഭനായ മാർക്സിസ്റ്റ് ചരിത്രകാരനെ ലോകം അറിയാൻ തുടങ്ങിയത് പൂനയിലെ വിശ്വപ്രസിദ്ധമായ ഓറിയൻറൽ ഭണ്ഡാർകാർ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന *ആനാൽസ്*, *ന്യൂ ഇന്ത്യൻ ആൻറിക്വറി*, *റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ജേർണൽ* തുടങ്ങിയ ഗവേഷണ പ്രധാനമായ കാലികങ്ങളിലും മറും വന്നുതുടങ്ങിയ ചെറുലേഖനങ്ങളിലൂടെയും പുസ്തക വിമർശനങ്ങളിലൂടെയുമാണ്. അവയിൽ ഭാരതീയ വിദ്യാഭവൻ ഇറക്കിയ ബഹുവാല്യചരിത്രത്തിന്റെ ആദ്യത്തെ മൂന്ന് വാല്യങ്ങളെയും സോവിയറ് ഗ്രന്ഥകർത്രി പ്രൊഫസർ കെ എ അൻറനോവയുടെ 'ഇന്ത്യൻ ഫ്യൂഡലിസ'ത്തെയും കുറിച്ചുള്ള ഖണ്ഡനവിമർശനങ്ങൾ ശ്രദ്ധേയങ്ങളാണ്. ജർമൻ ഡമോക്രാറിക് റി

സ്പഞ്ളിക്ക് പൗരനും മാർക്സിസ്റ്റ് ഇന്തോളജിസ്റ്റുമായ വാഡർ റൂബനും കൊസാംബിയുടെ കൂർത്ത വിമർശന ശരങ്ങൾക്കിരയായവരിൽപെടുന്നു, എന്നാൽ ജോർജ് തോംസൺ, ഗോർഡൻ ചൈൽഡ്, ജെ ഡി ബർണൽ, മാർക് ബ്ലോക്ക് തുടങ്ങിയ മാർക്സിസ്റ്റ് പണ്ഡിതർ കൊസാംബിയുടെ ആരാധനാപാത്രങ്ങളായിരുന്നു. അവരിൽ പലരെയും തന്റെ ചിന്തകനായി സമർഥിക്കാൻ കൊസാംബി ഉദ്ധരിക്കാറ് പതിവുണ്ട്.

III

ഇന്ത്യാചരിത്ര പഠനവും മാർക്സിസ്റ്റ് ചരിത്രവിജ്ഞാനീയവും സംബന്ധിച്ച് കൊസാംബിയുടെ പ്രഥമ ഗ്രന്ഥമായ *ഇന്ത്യാചരിത്ര പഠനത്തിനൊരു മുഖവുര* പുറത്തുവന്നത് 1956-ലാണ്. അതോടെ ഇന്ത്യാചരിത്ര പഠനത്തിൽ പൊതുവെയും മാർക്സിസ്റ്റ് ചരിത്രരചനയിൽ പ്രത്യേകിച്ചും ഒരു വഴിത്തിരിവുണ്ടായി എന്ന് പറയാം—പ്രാഥമികമായ തപ്പിത്തടയലിൽനിന്നും കുണ്ടുകുഴികളിൽനിന്നും ശാസ്ത്രത്തിന്റെ രാജപാതയിലേക്കുള്ള വഴിത്തിരിവ്. മാർക്സിസ്റ്റുകാരായാലും ശരി മാർക്സിസ്റ്റിതരരായാലും ശരി ഈ ചരിത്രം സൃഷ്ടിച്ച ചരിത്രശാസ്ത്രകൃതിയെ അവഗണിച്ച് മുന്നോട്ടുപോകാൻ ഗൗരവബോധമുള്ള ഒരിന്ത്യൻ ചരിത്രകാരനും സാധ്യമല്ല. തുടർന്നുവന്ന അദ്ദേഹത്തിന്റെ *മിത്തും യാഥാർഥ്യവും* (1962) *പ്രാചീനഭാരതത്തിന്റെ സംസ്കാരവും നാഗരികതയും ചരിത്രരൂപരേഖയിൽ* (1965) എന്നീ ഗ്രന്ഥങ്ങൾ *മുഖവുര*യിൽ ആവിഷ്കരിച്ച സിദ്ധാന്തങ്ങളുടെയും സമീപനത്തിന്റെയും പ്രയോഗങ്ങളാണെന്ന് പറയാം. പുസ്തകരൂപത്തിൽ വന്നിട്ടുള്ള അദ്ദേഹത്തിന്റെ നാലാമത്തെ കൃതി (പ്രസിദ്ധീകരണക്രമമനുസരിച്ച് രണ്ടാമത്തെ)യായ *രോഷജനകമായ പ്രബന്ധങ്ങൾ* (1957) വിലപിടിച്ചതെങ്കിലും ലളിതമായ പത്രശൈലിയിൽ എഴുതിയ ലേഖനങ്ങളുടെ ഒരു ലഘുസമാഹാരമാണ്. സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ സർവഥാ അർഹമായ 130-ഓളം പ്രബന്ധങ്ങൾ ഇപ്പോഴും ദുർലഭമായ കാലിക പ്രസി

ദ്ധീകരണങ്ങളിലായി ചിതറിക്കിടക്കുകയാണ്. കൊസാംബിയുടെ വിജ്ഞാന ഗവേഷണങ്ങളുടെ പരപ്പും ആഴവും ഗ്രഹിക്കാൻ ഇവയൊക്കെ പഠിക്കേണ്ടതുണ്ട്. എങ്കിലും ഇപ്പോഴത്തെ നമ്മുടെ ചുരുങ്ങിയ ലക്ഷ്യത്തിന് ആദ്യം പറഞ്ഞ മൂന്ന് പുസ്തകങ്ങളും ചുരുക്കി പരിശോധിച്ചുപോകാനേ കഴിയൂ.

ചരിത്രം എന്നാലെന്ത്? ''ഉൽപാദനോപാധികളുടെയും ബന്ധങ്ങളുടെയും ഒന്നിനുപുറകെ ഒന്നായി വരുന്ന വികാസങ്ങളെ കാലഗണനാക്രമത്തിൽ അവതരിപ്പിക്കലാ''ണ് ചരിത്രം എന്നദ്ദേഹം *മുഖവുര*യുടെ തുടക്കത്തിൽതന്നെ നിർവചിക്കുന്നു. സമഗ്രമായ ഈ മാർക്സിസ്റ്റ് നിർവചനത്തെ മുറുകെ പിടിച്ചുകൊണ്ട് മാർക്സ് തന്നെ സന്ദർഭവശാൽ ചെയ്തതും 'വേദവാക്യം' പോലെ ചിലരുദ്ധരിച്ച് നടക്കുന്നതുമായ ചില പ്രസ്താവനകളെ കൊസാംബി നിരാകരിക്കുന്നു. മാർക്സ് യൂറോപ്പിനെ അടിസ്ഥാനപ്പെടുത്തി വകതിരിച്ച ചില സംവർഗങ്ങളെ അപ്പാടെ യാന്ത്രികമായി ഇന്ത്യയിലേക്ക് ആരോപിക്കാനുള്ള ശ്രമങ്ങളെയും കൊസാംബി എതിർക്കുന്നു.

ഒന്നുരണ്ടുദാഹരണങ്ങളും പരിശോധിക്കാം. മുഖ്യമായും യൂറോപ്പിനെ കേന്ദ്രീകരിച്ച് നടത്തിയ പഠനങ്ങളിലൂടെ സമൂഹത്തിന്റെ നാല് വികാസദശകളും മാർക്സും എംഗൽസും വേർതിരിച്ചെടുത്ത് കാട്ടി—പ്രാകൃത കമ്യൂണിസം, അടിമത്തം, നാടുവാഴിത്തം, മുതലാളിത്തം എന്നിങ്ങനെ. അഞ്ചാമത്തെ ഘട്ടം സോഷ്യലിസമായിരിക്കും എന്നും അവർ വിധിച്ചു. യൂറോബാഹ്യമായ, പ്രത്യേകിച്ചും ഏഷ്യൻ രാഷ്ട്രങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ ഈ നാല് ഘട്ടങ്ങളിലൊന്നുംപെടാത്ത 'ഏഷ്യൻ ഉൽപാദന സമ്പ്രദായം' (ഏഷ്യാറ്റിക് മോഡ് ഓഫ് പ്രൊഡക്ഷൻ) എന്നൊരാശയവും മാർക്സ് മുന്നോട്ടുവെച്ചു. ഇഷ്യയിലെ 'ഏഷ്യൻ ഉൽപാദന സമ്പ്രദായം' വർഗവിഭജനത്തിനു മുമ്പിലത്തെ പ്രാകൃത കമ്യൂണിസ്റ്റ് വ്യവസ്ഥക്കുശേഷം ബ്രിട്ടീഷുകാർ വരുംവരെ ഒരു 'പരിവർതനരഹിത' (അൺ ചേഞ്ചിങ്ങ്) സമൂഹമായിരുന്നു എന്നും മാർക്സ് ഒരിടത്ത് പരാമർശിച്ചു. അത്യന്തം പിന്നോക്കനിലയിലുള്ള ഗ്രാമങ്ങ

ളുടെ സ്വയംസമ്പൂർണതയും ഭൂമിയുടെ കൂട്ടായ ഉടമസ്ഥതയുമാണ് പടിഞ്ഞാറൻമാരുടെ ആഘാതമേറ്റ് തകരും വരെ നിലവിലിരുന്ന ഏഷ്യൻ സമ്പ്രദായത്തിന്റെ ഘടകങ്ങൾ എന്ന പരാമർശവും മാർക്സ് നടത്തുന്നു. അൽപം കൂടി മുന്നോട്ടുപോയി ഇങ്ങനെകൂടി മാർക്സ് ഒരിക്കൽ പറഞ്ഞുവെച്ചു: "ഇന്ത്യൻ സമൂഹത്തിന് ഒരു ചരിത്രമേ ഇല്ല, ചുരുങ്ങിയപക്ഷം അറിയപ്പെടുന്ന ചരിത്രമെങ്കിലും. നാം ചരിത്രമെന്ന് പറയുന്നത് (ഇന്ത്യയെ സംബന്ധിച്ചിടത്തോളം) തുടരത്തുടരെ പുറത്തുനിന്നും കടന്നുവന്ന് പരിവർതനരഹിതവും പെരുത്തുനിൽകാൻ കൂട്ടാക്കാത്തതുമായ (ഗ്രാമീണ) സമൂഹത്തിന്റെ അടിസ്ഥാനത്തിൽ സാമ്രാജ്യങ്ങൾ സ്ഥാപിച്ചവരുടെ ചരിത്രമാണ്."

ഇവയിലും ഇതുപോലുള്ള മറ്റ് ആനുഷംഗികമായ പരാമർശങ്ങളിലും ഉജ്വലമായ ഉൾകാഴ്ചയോടൊപ്പം സത്യത്തിന്റെ അംശങ്ങളും കലർനിരിക്കുന്നു. എന്നാൽ അവയെല്ലാം നീക്കുപോക്കില്ലാത്ത അന്തിമ 'വേദവാക്യ'ങ്ങളായി പരിഗണിച്ച് മൂർതമായ പഠനത്തിനും വിശകലനത്തിനും പകരം അനായാസമായ വാർപുമാതൃകകളിലേക്കും നിഗമനങ്ങളിലേക്കും എടുത്തുചാടിയാൽ അത് ചരിത്രശാസ്ത്രത്തോടോ മാർക്സിസത്തോടുതന്നെയോ നീതി പുലർതലാകില്ലെന്ന് കൊസാംബി വാദിക്കുന്നു. ഉദാഹരണത്തിന് പ്രാകൃത കമ്യൂണിസം മുതൽ മുതലാളിത്തംവരെയുള്ള ചതുർഘട്ട ചരിത്രമാതൃക യൂറോപ്പിനെന്നപോലെ ഇന്ത്യക്കും ബാധകമാണെന്ന് ധരിച്ചാൽ അബദ്ധത്തിൽ ചെന്നുവീഴും. സവിശേഷമായ 'ഏഷ്യൻ ഉൽപാദന സമ്പ്രദായ'മെന്നൊന്ന് ഉണ്ടെന്ന മാർക്സിന്റെ പരാമർശംതന്നെ വ്യക്തമാക്കുന്നത് യൂറോപ്പിനേറതിൽനിന്ന് വ്യതിരിക്തമായ ഒരു വികാസമാതൃക മറ്റിടങ്ങളിൽ ഉണ്ടാകാനുള്ള സാധ്യത മാർക്സ് തന്നെ കണ്ടിരുന്നു എന്നാണ്. അത് ഗ്രഹിക്കാതെ പ്രാചീന ഗ്രീസിലെയും റോമിലെയുംപോലെ ഇന്ത്യയിലും അടിമത്തയുഗം ഉണ്ടായിരുന്നു എന്ന് സങ്കൽപിച്ച് ചതുർഘട്ട മാതൃക ഇന്ത്യയുടെ മേൽ കെട്ടിവെക്കാൻ ശ്രമിച്ചതാണ് ഡാങ്കെയുടെ മൗലികമായ തെറ്റ് എന്ന് കൊസാംബി പറയുന്നു.

അടിമകളും ഇന്ത്യയിൽ ഇല്ലായിരുന്നു എന്നല്ല കൊസാംബിയുടെ വാദം. ക്രയവിക്രയത്തിനു വിധേയമായ വൻസംഖ്യ അടിമകളും മുഖ്യ ഉൽപാദകരായി ഗ്രീസിലും റോമിലും മറ്റും നിലനിന്ന തരത്തിലുള്ള അവസ്ഥ ഇന്ത്യയിലില്ലായിരുന്നു. ഇവിടത്തെ ഉൽപാദകർ ശൂദ്രരായിരുന്നു. അവർ മർദിതരും ചൂഷിതരുമായിരുന്നുവെങ്കിലും ക്രയവിക്രയ വിധേയരായ അടിമകളും (ചാറൽസ് ളേവ്സ്) ആയിരുന്നില്ല.

രാംശരൺശർമ, ഇർഫാൻ ഹബീബ്, ഇ എം എസ് നമ്പൂതിരിപ്പാട് തുടങ്ങിയ മാർക്സിസ്റ്റ് ചരിത്രകാരൻമാരേക്കാൾ 'ഏഷ്യൻ ഉൽപാദന സമ്പ്രദായം' എന്ന സങ്കൽപത്തിനു കൊസാംബി വില കൽപിക്കുന്നുണ്ട്. എങ്കിലും അത് പരിവർതനരഹിതമായി സഹസ്രാബ്ദങ്ങൾ തുടർന്നു എന്ന മാർക്സിന്റെ അഭിപ്രായം കൊസാംബി സ്വീകരിക്കുന്നില്ല. നാടോടികളും കന്നുകാലി വളർത്തൽകാരും കുതിരയോട്ടക്കാരുമായിരുന്ന ആര്യൻമാർ ഫലഭൂയിഷ്ഠമായ മധ്യകിഴക്കൻ ഗംഗാസമതലങ്ങളിലേക്ക് പ്രവേശിച്ച് സ്ഥിരതാമസക്കാരായ കൃഷിക്കാരായി മാറിയതും ഇരുമ്പിന്റെ ഉപയോഗം കൃഷിയെ ഗണ്യമായി വളർതിയതും ഭാരതീയ സമൂഹഘടനയിൽ വരുത്തിയ മാറ്റത്തെപ്പറ്റി കൊസാംബി സവിസ്തരം ഉപന്യസിച്ചിട്ടുണ്ട്. ഈ പുതിയ മാറ്റത്തിന്റെയും നഗരവൽകരണത്തിന്റെയും സമൃദ്ധിയുടെയും ഫലമായി ഉയർന്ന ചില പ്രശ്നങ്ങൾ പരിഹരിക്കാനായിട്ടാണ് ബുദ്ധിസം ഉണ്ടായതും വികസിച്ചതും എന്നു കൊസാംബി നൽകിയ—ആദ്യമായി നൽകിയ—വ്യാഖ്യാനം പിന്നീട് പല ചരിത്രകാരൻമാരും അംഗീകരിച്ചു. അതുപോലെ ഗുപ്തകാലത്തിന്റെ സമാപ്തിയോടെ രൂപംകൊണ്ട നാടുവാഴിത്തവും അതുളവാക്കിയ മാറ്റങ്ങളും പിൽകാലത്ത് ചരിത്രകാരൻമാരുടെ അംഗീകൃത ധാരണയായി എങ്കിലും കൊസാംബിയാണത് ആദ്യമായി വകതിരിച്ചുകാണിച്ചത്. അതുകൊണ്ട് അങ്ങേയറ്റം താരതമ്യേന മന്ദഗതിയിലുള്ള പരിവർതനം എന്നല്ലാതെ പരിവർതനരഹിതം എന്ന് ഇന്ത്യൻ സമൂഹത്തെക്കുറിച്ച് വിധിക്കുന്നത് മാർക്സ് ആയാൽപോലും അത് മാർക്സിസത്തിനു നിരക്കുന്നതല്ല എന്ന് കൊസാംബി പറയുന്നു.

ഇതുപോലെ പല പ്രത്യേക പ്രശ്നങ്ങളിലും കൊസാംബി സംഭാവന നൽകുന്നുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന ചരിത്രഗവേഷണ സമ്പ്രദായം (ഹിസ്റ്റോറിക്കൽ മെത്തഡോളജി) സംബന്ധിച്ചതാണ്. ഇന്ത്യയുടെ പൂർവികർ ചരിത്രബോധമില്ലാത്തവരായിരുന്നു എന്നും അതിനാലാണ് അവർ ചരിത്രരചനകളോ തെളിവുകളോ പിൽകാല തലമുറക്കായി എഴുതിവെക്കാതിരുന്നത് എന്നും ആക്ഷേപമുണ്ട്. ഹെറോദത്തസ്, തുകിദീദസ് (ഗ്രീസ്), റാസിനസ്, ലെവി (റോം), ജോസഫസ് (യഹൂദൻ), ഇബൻ ഖൽദൂൻ (അറബി) തുടങ്ങി എത്രയോ പ്രാചീന–മധ്യകാല ചരിത്രകാരൻമാരെ മറന്ന് നാടുകടത്തുക എടുത്തുകാട്ടാനുണ്ട്. എന്നാൽ ഇന്ത്യക്കാകട്ടെ കാലഗണനാബോധംപോലുമില്ലാത്ത കുറെ കെട്ടുകഥകളും ഐതിഹ്യങ്ങളും പുരാണങ്ങളും മിത്തുകളും അല്ലാതെ മറെന്തുണ്ട്? അതുകൊണ്ട് ഇന്ത്യാചരിത്ര രചന ദുർഘടവും അസാധ്യം തന്നെയും ആണെന്ന വാദം കൊസാംബി അംഗീകരിക്കുന്നില്ല. പുരാണകഥകളെയും മിത്തുകളെയും തന്നെ ചരിത്രരചനക്ക് സമർഥമായി ഉപയോഗിക്കാൻ കഴിയുമെന്ന് *മിത്തും യാഥാർഥ്യവും* എന്ന കൃതിയിൽ കൊസാംബി കാണിച്ചുതരുന്നു. അതുപോലെതന്നെ 'രംഗനിരീക്ഷണം' (ഫീൽഡ് വർക്) എന്നൊരു സമ്പ്രദായവും കൊസാംബി ആദ്യമായി ഇന്ത്യൻ ചരിത്രരചനയിൽ നിവേശിപ്പിക്കുന്നു.

എന്താണ് ഈ ഫീൽഡ് വർക്? പ്രാകൃത കമ്യൂണിസ്റ്റ് ഗോത്രവ്യവസ്ഥയും ഭക്ഷണശേഖരണക്കാർ മാത്രമായ വേട്ടക്കാരുടെയും ഇടയരുടെയും വ്യവസ്ഥയും (ഹണ്ടേഴ്സ് ആൻറ് പാസ്റ്ററൽ സൊസൈറ്റി) മുതൽ അത്യാധുനിക വ്യാവസായിക മുതലാളിത്തംവരെ വിവിധ വികാസതലങ്ങളിൽപെട്ട വ്യവസ്ഥകളും ഇപ്പോഴും സഹവർതിക്കുന്ന നാടാണ് ഭാരതം. അതുകൊണ്ട് ഭൂതകാലത്തിന്റെ ഇരുളിൽ മറഞ്ഞുകിടക്കുന്ന സമൂഹങ്ങളുടെ ചരിത്രവും ഘടനയും വികാസഗതികളും മനസിലാക്കാൻ ഇപ്പോഴും നിലനിൽകുന്ന മുൻകാല വ്യവസ്ഥയുടെ അവശിഷ്ടങ്ങളെ പരിശോധിച്ച് പഠിക്കണം എന്ന് കൊസാംബി അനുശാസിക്കുന്നു. അതിന് നരവംശശാസ്ത്രത്തെ വലിയ തോതിൽ

തുസീഡൈഡസ്
THUCIDIDES

ചരിത്രരചനക്കുപയോഗപ്പെടുത്താം എന്നദ്ദേഹം കണ്ടു. അതുപോലെതന്നെ പുരാവസ്തു വിജ്ഞാനീയവും പ്രാക്—ചരിത്രപഠന സമ്പ്രദായങ്ങളും അതിപ്രാചീന ചരിത്രം മാത്രമല്ല പിൽകാല ചരിത്രപഠനത്തിനും ഉതകും എന്നദ്ദേഹം വാദിക്കുന്നു. നമ്മുടെ ഗ്രാമങ്ങളും നഗരത്തിലെ മൂലകളിലെ അധഃകൃതാരാധനാകേന്ദ്രങ്ങളും കാവുകളും മലയോരങ്ങളും ചരിത്രാവശിഷ്ടങ്ങളാൽ സമ്പന്നമാണ്. നമുക്കുചുറ്റും ഇപ്പോഴും ചിതറിക്കിടക്കുന്ന ഈ ചരിത്രരചനോപാധികളും പ്രാചീന ലിഖിതങ്ങളും രേഖകളുംപോലെതന്നെ വിലപ്പെട്ടതാണ്. എവിടന്നൊക്കെയോ വന്ന് നഗരങ്ങളിലെ വെളിമ്പ്രദേശങ്ങളിലും തെരുവുമൂലകളിലും തമ്പടിച്ച് പാർക്കുകയും കുറെ കഴിഞ്ഞ് എങ്ങോ പോയി മറയുകയും ചെയ്യുന്ന നാടോടി സമൂഹത്തെ നാം കണ്ടുമുട്ടാറില്ലേ? അവരുടെ ജീവിതവും ആചാരവിശേഷങ്ങളും അവർ ആധുനിക സമൂഹവുമായി പ്രതികരിക്കുമ്പോഴും സംഭവിക്കുന്ന മാറ്റങ്ങളും മറ്റും ചരിത്രരചനക്കുപയുക്തമായ അമൂല്യപ്രതിഭാസങ്ങളും പ്രക്രിയകളുമാണ് എന്ന് കൊസാംബി ചൂണ്ടിക്കാട്ടുന്നു. അതെല്ലാം യുക്തിയുക്തമായി മുഖവുരയിൽ അദ്ദേഹം സമർഥിക്കുകയും മറ്റ് കൃതികളിൽ സാധനപാഠങ്ങളായി പ്രയോഗിച്ച് കാണിക്കുകയും ചെയ്യുന്നു. ഇതാണ് അദ്ദേഹം പറയുന്ന 'ഫീൽഡ് വർക്.'

ശാസ്ത്രീയമായ ചരിത്രരചനക്ക്, വിശേഷിച്ചും ചരിത്രപരമായ ഭൗതികവാദത്തെ അടിസ്ഥാനമാക്കിയ ചരിത്രരചനക്ക് രണ്ടുതരം ഉപാധികളും ഉപയോഗിക്കേണ്ടതായിട്ടുണ്ട്: ആത്മനിഷ്ഠോപാധികളും വസ്തുനിഷ്ഠോപാധികളും. എഴുതപ്പെട്ട തെളിവുകളും (ലിറ്റററി എവിഡൻസ്) ആത്മനിഷ്ഠവിഭാഗത്തിൽപെടുന്നു. അവയെ അതേ രൂപത്തിൽതന്നെ ചരിത്രരചനക്ക് ഉപയോഗിക്കുന്നത് ഒരാളെ പ്ലാറ്റി വിലയിരുത്താൻ അയാളെ തന്നെ തരുന്ന അഭിപ്രായങ്ങളും അപ്പാടെ സ്വീകരിക്കുന്നതുപോലെ അപര്യാപ്തമായിരിക്കും. കോടതി വ്യവഹാരത്തിൽ വരമൊഴി തെളിവിനെ വാമൊഴിയേക്കാളും മൂല്യം കൽപിക്കുന്നതുപോലെ ചരിത്രരചനയിൽ കൽപിച്ചുകൂടാ. ഒന്നാമതായി എഴുതിവെച്ചവ

എഴുതാൻ കഴിവുള്ള അധികാരിവർഗത്തിന്റെ വകയായിരിക്കും. ഈ കുറവുകൾ ഉണ്ടെങ്കിലും വരമൊഴിത്തെളിവുകൾ ചരിത്രരചനയിൽ അനുപേക്ഷണീയങ്ങൾതന്നെ. വിവേചനത്തോടെ വിമർശനാത്മകമായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം വസ്തുനിഷ്ഠതെളിവുകളുമായി അവ തട്ടിച്ചുനോക്കണം. പൂർവികർ അവശേഷിപ്പിച്ച പണിയായുധങ്ങളും നഗരാവശിഷ്ടങ്ങളും കെട്ടിടങ്ങളും വിഗ്രഹങ്ങളും മറ്റും വസ്തുനിഷ്ഠ തെളിവുകളാണ്. നിഷ്പക്ഷവും അനിഷേധ്യവും ആണ് വസ്തുനിഷ്ഠ തെളിവുകൾ. ഭാഷ ഉപയോഗിച്ചവർക്ക് അജ്ഞാതമായി ഭാഷാപ്രയോഗത്തിലും വാക്കുകളുടെ അർഥവ്യതിയാനങ്ങളിലും പ്രകടമാവുന്ന തെളിവുകളും ഒരർഥത്തിൽ വസ്തുനിഷ്ഠ തെളിവുകളാണ്. അതുകൊണ്ട് നരവംശശാസ്ത്രവും പുരാവസ്തു വിജ്ഞാനീയവും ഭാഷാശാസ്ത്രവും (ലിംഗ്വിസ്റ്റിക്സ്) ചരിത്രരചനയിൽ വലിയ പ്രാധാന്യമർഹിക്കുന്നു. ഈ രണ്ടുതരം തെളിവുകളും സമന്വയിപ്പിച്ച് വിശകലനം ചെയ്ത് ഇന്ത്യക്ക് അതിനോതായ ഒരു ചരിത്രരചനാശൈലി വാർത്തെടുത്താൽ ദുരഘടങ്ങളെക്കുറിച്ച് വിലപിക്കേണ്ടിവരില്ലെന്ന് കൊസാംബി വാദിക്കുന്നു. ഇന്ത്യാ ചരിത്രരചനയിൽ ഈ സമീപനവും ശൈലിയും കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്ത് സർവസാധാരണമായിട്ടുണ്ടെങ്കിലും (അങ്ങനെയല്ലാതെ പഴയ രീതിയിൽ തൊഴിൽ തുടരുന്നവരും ഇല്ലാതില്ല) അവയുടെ പ്രഥമ പ്രയോക്താവും സൈദ്ധാന്തികനും കൊസാംബിയായിരുന്നു. അതുകൊണ്ടാണ് റെയിൽ പ്പെ അദ്ദേഹത്തെ ഭാരതീയ ശാസ്ത്രീയ ചരിത്രരചനയുടെ പിതാവ് എന്ന് പ്രകീർതിച്ചത് ശരിയാവുന്നത്.

IV

*മുഖവുര*യിൽ കൊസാംബി ആവിഷ്കരിച്ച ഈ ചരിത്രരചനാ സിദ്ധാന്തങ്ങളുടെ പ്രയോഗമാണ് *മിത്തിലും രൂപരേഖ*യിലും നടത്തിയിരിക്കുന്നത് എന്ന് നേരത്തെ പറഞ്ഞുവല്ലോ.

മിത്തും യാഥാർഥ്യവും എന്ന കൊസാംബിയുടെ കൃതി

യിൽ ഒരു മുഖവുരയും അഞ്ച് അധ്യായങ്ങളുമാണുള്ളത്. ഈ ലഘുമുഖവുരയിൽ *ഇന്ത്യാ ചരിത്രപഠനത്തിനുള്ള ഒരു മുഖവുര* എന്ന പ്രഥമ കൃതിയിൽ കൊസാംബി ആവിഷ്കരിച്ച സാമാന്യസിദ്ധാന്തങ്ങളും ഈ കൃതിയിലെ വിഷയങ്ങളും പ്രസക്തമായ രീതിയിൽ വിശദീകരിക്കുന്നു.

"ഭഗവദ്ഗീതയുടെ സാമൂഹ്യ സാമ്പത്തികവശങ്ങൾ" എന്ന ഒന്നാം അധ്യായവും "ഉർവശിയും പുരൂരവസും" എന്ന രണ്ടാം അധ്യായവും വേദങ്ങളിലെയും പുരാണേതിഹാസങ്ങളിലെയും കാടും പടലും വെട്ടിനീക്കി ചരിത്രയാഥാർഥ്യങ്ങൾ ചികഞ്ഞെടുത്ത് വിലയിരുത്തുവാനും വിശകലനം ചെയ്യുവാനുമുള്ള ശ്രമമാണ് കൊസാംബി നടത്തുന്നത്. ഗീതയുടെ ദിവ്യപരിവേഷങ്ങൾ അവഗണിച്ച് അത് പ്രതിനിധീഭവിക്കുന്ന വർഗയാഥാർഥ്യങ്ങളെ കൊസാംബി വെളിപ്പെടുത്തുന്നു. അന്ധരായ ഗീതാഭക്തരെ രോഷാകുലരാക്കുന്ന പല കണ്ടെത്തലുകളും അതിലുണ്ട്.

മൂന്നാമത്തെ അധ്യായം ഇന്ത്യയിലെ അമ്മ—ദൈവാരാധന സമ്പ്രദായങ്ങളുടെ ഗതിവിഗതികളും സാമൂഹ്യദാർശനികാർഥങ്ങളും ചികഞ്ഞെടുത്ത് അവതരിപ്പിക്കുന്നു. നാലാമത്തെ അധ്യായത്തിൽ താൻ ജനിച്ചുവളർന്ന പശ്ചിമേന്ത്യയുടെ പ്രാക് ചരിത്രത്തിലേക്ക് പുതുവെളിച്ചം വീശുകയാണ് കൊസാംബി. അദ്ദേഹത്തിന്റെ 'ഫീൽഡ് വർക്കി'ന്റെയും സ്വന്തമായ പുരാവസ്തു വിജ്ഞാനീയത്തിന്റെയും ഫലങ്ങൾ അതിലനാവരണം ചെയ്യപ്പെടുന്നു. അഞ്ചാം അധ്യായത്തിൽ താൻ ജനിച്ച ഗോവയുടെ സാമൂഹ്യ—സാമ്പത്തിക ചരിത്രമാണ് കൊസാംബി പരിശോധിക്കുന്നത്. കൊസാംബിയുടെ ഒരു പുസ്തകം മാത്രം വായിക്കാൻ ആഗ്രഹിക്കുന്നവർക് അദ്ദേഹത്തിന്റെ *മെത്തഡോളജിയും* അതിപ്രധാനമായ ചില കണ്ടുപിടുത്തങ്ങളും സമകാലിക പ്രസക്തിയുള്ള അദ്ദേഹത്തിന്റെ ചില നിഗമനങ്ങളും മനസിലാക്കാൻ ഇതിനേക്കാൾ പറ്റിയ കൃതിയില്ല.

പ്രാചീനഭാരതീയ സംസ്കാരവും നാഗരികതയും—ഒരു രൂപരേഖ എന്ന കൊസാംബിയുടെ അവസാനത്തെ കൃതി അതിപ്രാചീനകാലം തൊട്ട് മൗര്യസാമ്രാജ്യകാലംവരെ (ക്രിസ്തു

വർഷാരംഭത്തിനുമുമ്പുള്ള കാലം) യുള്ള ഇന്ത്യാ ചരിത്രമാണ്. മൗലികമായ ഈ കൃതിയിലും അതുവരെ അനാഘ്രാതങ്ങളായ അനവധി ചരിത്രപുഷ്പങ്ങൾ അദ്ദേഹം വിരിയിച്ചവതരിപ്പിക്കുന്നുണ്ടെങ്കിലും ഒരു സ്കൂൾ പാഠപുസ്തകംപോലെ ലളിതമാണത്. ഉജ്ജ്വലവും ലളിതവുമായ ശൈലിയിൽ തന്റെ മറ്റെല്ലാ കൃതികളുടേതുമെന്നപോലെ അർഥവത്തും ആകർഷകങ്ങളുമായ ചിത്രങ്ങൾ ചേർത്തെഴുതിയ ഈ കൃതിയിൽ ഗഹനമായ സൈദ്ധാന്തിക കൃതികൾ അനിവാര്യമായ അടിക്കുറിപ്പുകളും ഉദ്ധരണികളും അദ്ദേഹം ഒഴിവാക്കിയിട്ടുമുണ്ട്. ഒരു പാഠപുസ്തകത്തിന്റെ അനായാസ ശൈലിയിൽ കൊസാംബിയെയും പ്രാചീനഭാരതീയ ചരിത്രത്തെയും മനസിലാക്കാൻ ആഗ്രഹിക്കുന്നവർക് ഈ കൃതി നല്ല ഒരു തുടക്കമായിരിക്കും.

പല കാലിക പ്രസിദ്ധീകരണങ്ങളിലായി ചിതറിക്കിടക്കുന്ന കൊസാംബിയുടെ ചരിത്രസംബന്ധിയായ പുസ്തക നിരൂപണങ്ങളും ലേഖനങ്ങളും ആരെങ്കിലും ശേഖരിച്ച് പ്രസിദ്ധീകരിച്ചാൽ കൊസാംബിയൻ ചരിത്രപഠനം സാധാരണക്കാർക് അഭിഗമ്യവും അനായാസവുമായിത്തീർന്നേനെ. കഴിവുള്ളവരാരെങ്കിലും ആ കർത്തവ്യം ഏറ്റെടുത്ത് നമ്മുടെയെല്ലാം കൃതജ്ഞത നേടുമോ?

V

20–ാം നൂറ്റാണ്ടിലെ ഇന്ത്യ ജൻമം നൽകിയ വിപ്ലവകാരികളായ മഹാപ്രതിഭകളിൽ അഗ്രഗണ്യനായിരുന്ന ഡി ഡി കൊസാംബി ഒരു വ്യക്തി എന്ന നിലയിൽ എത്തരക്കാരനായിരുന്നു. അതറിയത്തക്കവിധം അദ്ദേഹത്തിന്റെ സമഗ്രമായ ജീവചരിത്രമോ സുഹൃത്തുക്കളുടെ ഓർമക്കുറിപ്പുകളോ ഉണ്ടായിട്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ ബഹുമാനാർഥം പ്രസിദ്ധീകരിക്കപ്പെട്ട രണ്ട് വാല്യങ്ങളിൽ അൽപം ചില വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. Indian Society, Historical Probings; in Memory of D D Kosambi, Edited by R S Sharma (ന്യൂദൽഹി 1974) എന്നതും Science and Human Progress: Essays in honour of late D D Kosambi (ബോംബെ,

1974) എന്നതും ആണിവിടെ സൂചിപ്പിക്കുന്നത്. ഈ ബൃഹദ് ഗ്രന്ഥങ്ങളിൽ സിംഹഭാഗവും ഇന്തോളജിയും ഇന്ത്യാചരിത്രവും സംബന്ധിച്ച് ഇന്ത്യയിലും വെളിയിലും ഉള്ള പ്രമുഖർ എഴുതിയ പ്രബന്ധങ്ങളാണ് ഉള്ളതെങ്കിലും കുറെ സുഹൃത്തുക്കളുടെ അനുസ്മരണങ്ങളും ജീവചരിത്രരചനക്ക് സഹായകരമായ ബയോഡേറ്റയും കൊസാംബി കൃതികളുടെ (ലേഖനങ്ങളും പ്രബന്ധങ്ങളും ഉൾപെടെ) സമഗ്രമായ പട്ടികകളും കൊടുത്തിട്ടുണ്ട്. കൽകത്തയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിസ്റ്റോറിക്കൽ സ്റ്റഡീസ് പ്രസിദ്ധപ്പെടുത്തിയ Historians and Historiography in Modern India (1973) യിൽ ഡി എൻ ഝാ കൊസാംബിയെക്കുറിച്ചെഴുതിയ ഹ്രസ്വമായ ലേഖനം ആരാധനാമനോഭാവം തെല്ലും കൈവിടാത്ത വിമർശനത്തോടെ അദ്ദേഹത്തെ വിലയിരുത്തുന്ന നല്ലൊരു നിരൂപണമാണ്. ദേബി ചാറ്റർജി എഴുതിയ Marxist Thought in India (കൽകത്ത 1985) തികഞ്ഞ അനവധാനതക്ക് നിദർശനമാണെങ്കിലും അതിലും കൊസാംബിയെക്കുറിച്ചൊരധ്യായമുണ്ട്. Evolution of Historiography in Modern India: 1900–1960 (കൽകത്ത 1981) എന്ന കൃതിയിൽ എസ് കെ മുഖോപാധ്യായ അക്കാദമീയശൈലിയിൽ കൊസാംബിയുടെ സംഭാവനകളെ വിമർശനാത്മകമായി സമീപിക്കുന്നു. ആർ എസ് ശർമ, ഇർഫാൻ ഹബീബ്, റോമില ഥാപ്പർ, ദേവിപ്രസാദ് ചതോപാധ്യായ, കെ എ അബ്ബാസ് തുടങ്ങിയ ചരിത്രശാസ്ത്രജ്ഞരും ചിന്തകരും അവരുടെ വിവിധ കൃതികളിൽ കൊസാംബി സംഭാവനകളിൽ പലതിനെയും സ്വീകരിക്കുകയും ചിലവയെ വിമർശിക്കുകയും ചെയ്യുന്നു.

VI

ഇവയെല്ലാം പരതി കൊസാംബിയുടെ സവിശേഷ വ്യക്തിത്വത്തിന്റെ ചില വശങ്ങളെ കണ്ടെത്താൻ ശ്രമിക്കട്ടെ.

ഒത്ത ഉയരം, ലേശം കാളിമ കലർന്ന വെള്ളനിറം; ശരീരം തടിച്ചതല്ലെങ്കിലും ചടച്ചതല്ല. തീക്ഷ്ണമായ നോട്ടം, പുഞ്ചിരിക്കാൻ മടിക്കുന്ന അമർത്തിപ്പിടിച്ച ചുണ്ട്. തന്റെ

പ്രിയസ്നേഹിതൻ ജെ ഡി ബർണലിനേറതുപോലെ അനുസരണയില്ലാത്ത നിറഞ്ഞ പരുക്കൻ മുടി. ആളുകളെ അടുപ്പിക്കാത്ത ഏതോ ഒരകൽച്ച ആ മുഖത്ത് ഗാംഭീര്യം ഉളവാക്കുന്നു. എങ്കിലും അടുത്ത ചങ്ങാതികളായിക്കൂടുമ്പോൾ കുട്ടികളെപ്പോലെ പൊട്ടിച്ചിരിക്കുകയും വലിഞ്ഞുമുറുകിയ കമ്പിപോലത്തെ പ്രകൃതം അനായാസമായി സൗഹൃദസംഗീതം പൊഴിക്കുകയും ചെയ്യുമെന്ന് കൊസാംബിയുമായി സഹകരിച്ച് പ്രവർത്തിച്ചുപോന്ന പ്രൊഫസർ വി വി ഗോഖലെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വിഡ്ഢികളെ സുജനമര്യാദ കരുതിപ്പോലും പൊറുപ്പിക്കാൻ കഴിവില്ലാത്ത കൊസാംബി ആരാധകരെ എന്നപോലെ ശത്രുക്കളെ സൃഷ്ടിക്കുന്നതിലും വിരുതനായിരുന്നുവത്രെ. തനിക്ക് ബോധ്യപ്പെടാത്തതിനെ നിർദാക്ഷിണ്യം വിമർശിക്കുമ്പോൾ കൂരമ്പുകളുടെ മൂർച്ചയുള്ള അദ്ദേഹത്തിന്റെ വാക്കുകൾ വിമർശനവിഷയമായ ആശയങ്ങളെ തുളച്ചുകയറി അവയെഴുതിയ പാവത്താന്റെ കരളിലും മുറിവുണ്ടാക്കും. കൊസാംബി ഉദ്ദേശിച്ചതായിരിക്കില്ല ഈ പരിണതഫലം. പക്ഷെ അത്തരം കൂരമ്പുകൾ തനിക്കെതിരെ വന്നാലും നിസംഗതയോടെ സ്വീകരിക്കാൻ ആ വിശാലഹൃദയന് കഴിയും. പക്ഷെ വിമർശകൻ കാമ്പുള്ളവനായിരിക്കണം. അദ്ദേഹത്തിന്റെ വിമർശനങ്ങൾ അസ്വീകാര്യമെങ്കിലും. സുപ്രസിദ്ധ ഇന്ത്യാ ചരിത്രകാരനും ഇന്തോളജിസ്റ്റുമായ ആസ്ത്രേലിയക്കാരൻ എ എൽ ബാഷാം കൊസാംബിയുടെ കടുത്ത വിമർശകനായിരുന്നു. കൊസാംബിയുടെ മുഖവുരയെ ബാഷാം കടന്നാക്രമിച്ചപ്പോൾ അനാവശ്യമായ പരിഹാസപദങ്ങളും ചേർത്തിരുന്നു. ബാഷാംതന്നെ അത് സമ്മതിച്ചിട്ടുണ്ട്. എന്നിട്ടും അന്ത്യംവരെ മധുരോദാരമായിരുന്നു അവർ തമ്മിലുള്ള ബന്ധം എന്ന് ബാഷാം രേഖപ്പെടുത്തുന്നു. കൊസാംബിയുടെ ഓമനപ്പേരായ 'ബാബ' എന്നേ ബാഷാം സംബോധനപോലും ചെയ്യൂ.

> ദുരഭിമാനത്തോടും, കഴിവില്ലായ്മയോടും. അധികാരേച്ഛയോടും, വരട്ടുതത്വവാദത്തോടും അസഹിഷ്ണുതയോടും വിട്ടുവീഴ്ച കാട്ടാത്തതും ആഴംകൂടിയ ധാരണകളും കരുത്തുറ്റ പ്രമാണങ്ങളും വളരെ

ശക്തിയേറിയ ഇച്ഛാശക്തിയോടുംകൂടിയ ഈ മനുഷ്യൻ ശത്രുക്കളെയും അതുപോലെതന്നെ മിത്രങ്ങളെയും ഉണ്ടാക്കിയിരിക്കാം. ഒരു സഹപ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തോട് സഹകരിക്കാൻ ചിലർക്ക് വിഷമമുണ്ടായേക്കാം. ഒരു സുഹൃത്തെന്ന നിലയിൽ വളരെ വിശ്വസ്തനും അനുഭാവപൂർണനും സഹായിയുമായാണ് അദ്ദേഹമെനിക്കനുഭവപ്പെട്ടത്. അദ്ദേഹത്തിന്റെ സാമീപ്യം ഒന്നൊഴിയാതെ ആവേശജനകമായിരുന്നു. ഒരിക്കലും അദ്ദേഹത്തിന് ചർച ചെയ്യുവാൻ ഒരു വിഷയമില്ലാതെ വന്നിട്ടില്ല. സ്വന്തം ഉത്സാഹം അദ്ദേഹം മറ്റുള്ളവർക്ക് പകർന്നുകൊടുത്തിരുന്നു. വ്യക്തിഗതമായെനിക്കനുഭവപ്പെട്ട നഷ്ടത്തെച്ചൊല്ലിയുള്ള ആഴത്തിലുള്ള വികാരത്തോടെയാണ് ഞാൻ എന്റെ വളരെ നല്ല സുഹൃത്തായ ബാബയുടെ മരണവൃത്താന്തം അറിഞ്ഞത്.

പ്രത്യയശാസ്ത്രപരമായി ധ്രുവങ്ങളിൽ നിൽക്കുന്ന ഇരുവരും തമ്മിലുള്ള സൗഹൃദത്തെക്കുറിച്ചുള്ള ബാഷാമിന്റെ വിവരണം ഔപചാരിക ദുഃഖപ്രകടനമല്ലെന്ന് വ്യക്തം. ആ വാചകങ്ങളിൽ ആത്മാർഥതയുടെ തിളക്കം തുളുമ്പിനിൽക്കുന്നു.

ഹാർവാഡ് സർവകലാശാലയിലെ സംസ്കൃത പ്രൊഫസറും ഹാർവാഡ് ഓറിയന്റൽ സീരീസിന്റെ എഡിറ്ററും മറ്റുമായ ഡോക്ടർ ദാനിയൽ ഇംഗാൾസുമായുള്ള കൊസാംബിയുടെ ബന്ധവും ബാഷാം പറഞ്ഞതിന് സാക്ഷ്യം വഹിക്കുന്നു. സാധാരണ എഴുത്തുകുത്തുകളിൽപോലും ഇംഗാൾസിന്റെ മാർക്സിസ്റ്റ് വിരോധത്തെയും അമേരിക്കൻ പ്രേമത്തെയും പരിഹസിച്ച് കുത്തുവാക്കുകൾ എഴുതുമായിരുന്നു കൊസാംബി. നേരെമറിച്ച് ഇംഗാൾസ് ഇങ്ങോട്ടും. ഒടുവിൽ ഭർതൃഹരിയുടെ ശതകത്രയത്തിന്റെ ശുദ്ധപാഠത്തിനും വ്യാഖ്യാനത്തിനും എഴുതിയ മുഖവുരയിൽപോലും അമേരിക്കൻ കുത്തകമുതലാളിത്തത്തെയും അമേരിക്കൻ സമകാലിക ജീർണസാഹിത്യത്തെയും കൊസാംബി കടന്നാക്രമിച്ചപ്പോൾ ഇംഗാൾസിന് സഹികെട്ടു. അത് പ്രസിദ്ധീകരിക്കുകയില്ലെന്ന് ഇംഗാൾസ്, പ്രസിദ്ധീക

രിച്ചേപററു എന്ന് കൊസാംബി. ഇങ്ങനെ താത്വികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ നിരന്തരം കലഹിച്ചുകൊണ്ടിരുന്നിട്ടും അവർ തമ്മിലുള്ള ആത്മാർഥമൈത്രിക്ക് ഒരു പോറലുപോലുമില്ലെന്ന് അവരുടെ എഴുത്തുകുത്തുകൾ വ്യക്തമാക്കുന്നു:

തന്റെ പ്രകൃതത്തിലുള്ള ഈ കുഴപ്പങ്ങളെല്ലാം കൊസാംബിക്കറിയാമായിരുന്നു. ഒരിക്കൽ ഇംഗാൽസിന് കൊസാംബി എഴുതിയ കത്തിൽ ഇങ്ങനെ കാണുന്നു:

> ഔപചാരികതകൾ ഒഴിവാക്കാമെന്ന ധാരണയിൽ നാം എത്തിച്ചേരുക. പ്രത്യേകിച്ചും നിങ്ങളെന്നിൽ പതിവായി ആരോപിച്ചുതരുന്ന ഡോക്ടറേറ് എനിക്ക് ഒരിക്കലും ലഭിച്ചിട്ടില്ല. ഹാർവാഡിൽ പഠിക്കുന്ന സമയത്ത് താൽകാലിക തൊഴിലുകളിലേർപെട്ടാണ് 1929–ൽ ബിരുദം നേടിയത്. 1929 മെയിൽ എന്റെ ഔപചാരിക വിദ്യാഭ്യാസം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങളും ഞാനുപേക്ഷിച്ചു. കാരണം പൊതുസാമ്പത്തിക ക്കുഴപ്പം പൊട്ടിപ്പുറപ്പെടാൻ തുടങ്ങുകയായിരുന്നു. താൽകാലിക ജോലിസാധ്യതകൾ ഈ ദുരന്തത്തിന് മുന്നിൽ അപ്രത്യക്ഷമാവുകയുമായിരുന്നു. സാന്ദർഭികമായി പറയട്ടെ, എനിക്ക് ഒരു ഫെല്ലോഷിപ്പുമുണ്ടായിരുന്നില്ല; "വളരെയധികം കാര്യങ്ങൾ താൽപര്യമുള്ളയാളായിരുന്നതി"നാലാണിങ്ങനെ സംഭവിച്ചത്. പിന്നെ എന്റെ ലക്ഷണംകെട്ട മുഖത്തെയും മുരടൻ രീതികളെയും ബാക്കി കാര്യങ്ങളെയും പററി പറയാനുമില്ലല്ലൊ. ഈ ആമുഖം നിങ്ങളുടെ സകാര്യ വിവരത്തിനുവേണ്ടിയാണെഴുതുന്നത്.

ഇതിൽ പ്രകടമാകുന്ന പരിഹാസവാസന, നർമബോധം, സത്യസന്ധത, എസ്റാബ്ലിഷ്മെന്റ് വിരോധം തുടങ്ങിയവയെല്ലാം ആലോചനാമൃതമായിരിക്കുന്നു.

എഴുത്തുകുത്തുകളുടെ ആരംഭത്തിൽ ആദ്യം പരസ്പരം 'ഡോക്ടർ' എന്ന് ചേർത്ത് ഔപചാരികമായി സംബോധന ചെയ്ത് ക്രമേണ ദാനിയേൽ ഇംഗാൽസ് 'ദാനും' കൊസാംബി 'ബാബ'യും ആയി മാറുന്ന പ്രക്രിയ വിമത പക്ഷത്തുനിന്നുപോലും ആരാധകരെയും സുഹൃത്തുക്കളെ

യും സൃഷ്ടിക്കുന്നതിൽ ഈ 'മുരട്ടു' മനുഷ്യനുണ്ടായിരുന്ന കഴിവ് കാണിക്കുന്നു.

കുടുംബപാരമ്പര്യം, പരിശീലനം, തെരഞ്ഞെടുത്ത തൊഴിൽ മുതലായവ കൊസാംബിയെ ഒരു മസ്തിഷ്കോപജീവിയാക്കി—ഒരുതരത്തിൽ ഒരു ദന്തഗോപുരവാസി. മേൽവിവരിച്ച പ്രകൃതങ്ങളും അദ്ദേഹത്തെ കൂട്ടുപ്രവർത്തനങ്ങൾക്ക് വേണ്ടത്ര കഴിവില്ലാത്തവനാക്കി മാറ്റി. പക്ഷെ മാർക്സിസം ഒരു മസ്തിഷ്കവ്യാപാരം മാത്രമല്ലെന്നും തത്വവും പ്രയോഗവും തമ്മിലുള്ള ഐക്യം ഇല്ലെങ്കിൽ അത് നിരർഥകമാവുമെന്നും കൊസാംബിക്കറിയാമായിരുന്നു. അതുകൊണ്ട് തിരക്കേറിയ തന്റെ ഗവേഷണങ്ങൾക്കിടയിലും ജനങ്ങൾക്കിടയിൽ ഇറങ്ങി പ്രവർത്തിക്കാൻ ഒരു രംഗം കണ്ടെത്തീരൂ എന്നദ്ദേഹത്തിന് ബോധ്യമായി. ദന്തഗോപുര മാർക്സിസം മാർക്സിസമല്ലെന്നദ്ദേഹമറിഞ്ഞു. അദ്ദേഹം തെരഞ്ഞെടുത്ത രംഗം ലോകസമാധാന പ്രസ്ഥാനവും അതിന്റെ ഇന്ത്യൻ ശാഖയുമായിരുന്നു. ബാഷാം പറയുന്നുണ്ട്, ജീവിതത്തിൽ മൂന്ന് വിഷയങ്ങളിലായിരുന്നു കൊസാംബിക്ക് വിട്ടുമാറാത്ത താൽപര്യം: പ്രാചീനഭാരതം, ഗണിതശാസ്ത്രം, ലോകസമാധാനം. ഇംഗാംസിനെഴുതിയ ഒരു കത്തിൽ തനിക്കേറെവും ഇഷ്ടപ്പെട്ട വെയ്ഡൻ സ് ഗ്രന്ഥശാലയിൽ (ഹാർവാഡ് സർവകലാശാല) കുറച്ചുനാൾ കഴിക്കാൻ സമാധാന പ്രസ്ഥാനത്തിലെ കർതവ്യങ്ങളൊഴിച്ച് മറെറന്തും ത്യജിക്കാൻ താൻ സന്നദ്ധനാണെന്ന് കൊസാംബി എഴുതുകയുണ്ടായി. സമാധാനപ്രസ്ഥാനത്തിനായി ചൈനയും സോവിയറ്റ് യൂണിയനും ഫ്രാൻസും ഇംഗ്ളണ്ടും ഉൾപെടെ അനവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ഇന്ത്യയിൻ ട്രേഡ് യൂണിയൻ ചർച മുതൽ സർവകലാശാലാ പ്രമാണിമാരുടെ സെമിനാറുകളും ശാസ്ത്രജ്ഞ സമ്മേളനങ്ങളും വരെ കൊസാംബി പങ്കെടുത്ത് നടത്തിയിട്ടുണ്ട്. എത്ര ഗൗരവമേറിയ ഗവേഷണവും ഗ്രന്ഥരചനയുംപോലും തന്റെ ബഹുജനപ്രവർത്തനങ്ങൾക്കായി അദ്ദേഹം മാറ്റിവെക്കാറുണ്ട്. പ്രശസ്തിയിലും പദവിയിലും ഉന്നത സ്ഥാനീയനും തൊഴിലിന്റെ പ്രത്യേകതകൊണ്ട് ഒറ്റപ്പെട്ടവനും ആയിരുന്നു എങ്കിലും മർദിത

രോടും നിസ്വരോടും പീഡിതരോടും കൊസാംബിക്കുണ്ടായിരുന്ന ഉള്ളിൽതട്ടിയ ആത്മാർഥതയുടെയും അനുതാപത്തിന്റെയും സാഹോദര്യത്തിന്റെയും അനേകം തെളിവുകളും ഓർമക്കുറിപ്പുകാർ രേഖപ്പെടുത്തുന്നു.

താൻ പണിയെടുത്തിരുന്ന സ്ഥാപനത്തിന്റെ സ്വഭാവവും തന്റെ പദവിയുടെ ഔന്നത്യവുംമൂലം വ്യവസായരംഗത്തും ഭരണരംഗത്തും ഉള്ള ഉന്നതൻമാരുമായി ധാരാളം സമ്പർകം വേണ്ടിവന്നിട്ടുണ്ട് കൊസാംബിക്ക്. പക്ഷെ നെഹ്റുതൊട്ട് ടാറ്റാവരെയുള്ളവരെ തരംകിട്ടുമ്പോഴെല്ലാം അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ വിമർശിക്കുക പതിവായിരുന്നു. ക്രിസ്തുവിനുമുമ്പുള്ള ഭാരതത്തിന്റെ ചരിത്രമെഴുതുന്നതിനിടയിലും 2000 വർഷംകഴിഞ്ഞ് ഭരണം നടത്തുന്ന ഇന്ത്യൻ ബ്യൂർഷ്വാപ്രഭുക്കളെ സന്ദർഭമുണ്ടാക്കി അദ്ദേഹം തകർത്തുവിടും. അദ്ദേഹത്തിന് ചരിത്രരചന വെറും ബൗദ്ധിക വ്യായാമമോ വിശ്രമവിനോദമോ നിസംഗമായ വിജ്ഞാനതൃഷ്ണയോ ആയിരുന്നില്ല. ഇന്ത്യയിലെ സമകാലിക വർഗസമരത്തിന് താനൊരുക്കുന്ന ആയുധങ്ങളിലൊന്നായിട്ടാണ് കൊസാംബി അതിനെ കണ്ടത്. അക്കാര്യം അക്കാദമീയ മേധാവികളുടെ അരോചകത്വം കൂസാതെ കൊസാംബി വെട്ടിത്തുറന്ന് പറയാറും എഴുതാറുമുണ്ട്.

സർവകലാശാലകളുടെയും ഗവേഷണസ്ഥാപനങ്ങളുടെയും ഭരണസമിതിയുൾപ്പെടെ ഉന്നതതലങ്ങളിൽപോലും മാർക്സിസ്റ്റുകാർ ഉണ്ടായിവരുന്ന ഈ ഘട്ടത്തിൽ അവർക് കൊസാംബി മാതൃകയാകേണ്ടത് മൗലികചിന്തയിൽ മാത്രമല്ല പ്രവർതനരംഗത്തുംകൂടിയാണ്. അതുപോലെതന്നെ കൊസാംബി പഠിച്ചതും എഴുതിയതും അക്കാദമീയ പണ്ഡിതൻമാർകുവേണ്ടിയായിരുന്നില്ലെന്നും അധ്വാനിക്കുന്നവരുടെ മോചനത്തിനായി പടവെട്ടുന്നവർകുവേണ്ടിയാണെന്നും നാം മനസിലാക്കി അവ പഠിക്കാൻ തയ്യാറാവേണ്ടതുണ്ട്.

- 1975

19-ാം നൂറ്റാണ്ടിലെ ജാതിമത പ്രസ്ഥാനങ്ങൾ

1. 0 സാമൂഹ്യ നവീകരണ കാലഘട്ടങ്ങളെ നമ്മുടെ പുരാണങ്ങളിലെ പാലാഴിമഥനത്തോട് താരതമ്യപ്പെടുത്താം. പാലാഴിമഥനത്തിൽ ജീവസന്ദായകമായ അമൃതത്തോടൊപ്പം മാരകമായ കാളകൂടവും പൊന്തിവന്നു എന്നാണല്ലോ കഥ. 20—ാം നൂറ്റാണ്ടിന്റെ ഈ അന്ത്യദശകത്തിലെ അവസ്ഥയിൽനിന്ന് (അതോ ദുരവസ്ഥയോ?) പിന്തിരിഞ്ഞ് നോക്കുമ്പോഴും ആധുനിക കാലഘട്ടത്തിലെ പരിവർത്തന പ്രക്രിയകൾക്ക് തുടക്കംകുറിച്ച 19—ാം നൂറ്റാണ്ടിലെ കേരളവും പാലാഴിമഥന മാതൃകയിൽ നവോത്ഥാനത്തിന്റെ അമൃതത്തോടൊപ്പം പുനരുജ്ജീവനത്തിന്റെ (റിനൈസൻസും റിവൈവലിസവും) കാളകൂടവും പൊന്തിച്ച് കൊണ്ടുവന്നില്ലേ എന്ന് സംശയിച്ചു പോകും. നവോത്ഥാനത്തിന് ഒട്ടൊക്കെ പ്രേരകമായും ഒട്ടൊക്കെ അതിന്റെ പരിണതഫലമായും പൊന്തിവന്ന 19—ാം നൂറ്റാണ്ടിലെ ജാതിമത പ്രസ്ഥാനങ്ങളുടെ ഇരട്ട സ്വഭാവത്തെയാണിവിടെ സൂചിപ്പിക്കുന്നത്.

2. 1 സർവ്വാംഗീണമായ ജനാധിപത്യവൽകരണം, സാമൂഹ്യ പരിവർത്തനം, ജാതീകൃതമായ ഉച്ചനീചത്വങ്ങൾക്കും മതാധിഷ്ഠിതമായ വിവേചനങ്ങൾക്കും എതിരായ സംരംഭങ്ങൾ, അച്ചടിവിദ്യ, നിരക്ഷരതാനിർമാർജനവും വിദ്യാഭ്യാസ നവീകരണവും—മുതലായ ഘടകങ്ങളുൾപ്പെടെയുള്ള

നവോത്ഥാനം 19–ാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ബംഗാളിൽ ആരംഭിച്ചു. അതവിടെനിന്ന് മഹാരാഷ്ട്രത്തിലേക്കും പഞ്ചാബിലേക്കും മറ്റും വ്യാപിച്ചശേഷം 19–ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ് കേരളത്തിലെത്തിയത്.

2. 2 നമ്മുടെ നവോത്ഥാന നായകരിൽ പ്രഥമഗണനീയനായ ശ്രീനാരായണഗുരു 1854–ൽ ജനിച്ചപ്പോഴേക്കും ബംഗാളിൽ നവോത്ഥാന പിതാവ് രാജാറാം മോഹൻറായി രണ്ട് പതിറ്റാണ്ടിലേറെ പിന്നിട്ടിരുന്നു. അതേപോലെ കേരളത്തിലെ പ്രഥമ വർത്തമാനപത്രമെന്ന് കരുതപ്പെടുന്ന *രാജ്യസമാചാരം* തലശ്ശേരിയിലെ ഇല്ലിക്കുന്നിൽനിന്ന് ഹെർമാൻ ഗുണ്ടർട്ട് പുറത്തിറക്കുമ്പോഴേക്കും ബംഗാളിൽ പത്രപ്രവർത്തനം ആറ് പതിറ്റാണ്ടിലേറെ പിന്നിട്ടിരുന്നു എന്നും ഓർക്കുക. കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് മുതലായ നഗരങ്ങൾ ആധുനിക വ്യാപാര–വ്യാവസായിക കേന്ദ്രങ്ങളാകാൻ തുടങ്ങിയതും മലയോര പ്രദേശങ്ങളിൽ ആധുനിക നാണ്യവിളകളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള തോട്ടങ്ങൾ രൂപംകൊണ്ടതും ഈവക മാറ്റങ്ങൾ കേരളത്തിനുപുറത്താരംഭിച്ച് ഏറെ കഴിഞ്ഞതിനുശേഷമാണ്.

2. 3 അങ്ങനെ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ വിളംബം സംഭവിച്ചു എങ്കിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലെ നവോത്ഥാനങ്ങളെ അപേക്ഷിച്ച് ചില സവിശേഷതകൾ നമ്മുടേതിനുണ്ടായിരുന്നു. ജാതി–വർഗസ്വഭാവത്തിലാണ് ഈ ശ്രദ്ധേയമായ സവിശേഷത. ബംഗാളിലെ 'ബ്രഹ്മസമാജം', മഹാരാഷ്ട്രത്തിലെ 'പ്രാർഥനാ സമാജം' പഞ്ചാബ് തൊട്ടുള്ള പശ്ചിമ മധ്യഭാരത പ്രദേശങ്ങളിലെ 'ആര്യസമാജം' മുതലായ പ്രമുഖ നവോത്ഥാന സംഘടനകളുടെ നേതൃത്വം ബ്രാഹ്മണർ തൊട്ടുള്ള മേൽജാതിക്കാരിൽ നിക്ഷിപ്തമായിരുന്നു. അവയുടെ സേവനം ചരിത്രപരമായും സാമൂഹ്യമായും മഹത്തരം തന്നെ. എന്നാൽ ഈ പരിമിതി അവയുടെ നേതൃത്വത്തെ മാത്രമല്ല, വ്യാപ്തിയേയും പരിമിതപ്പെടുത്തി. എന്നാൽ കേരളത്തിലാകട്ടെ നവോത്ഥാനത്തിന്റെ മുഖ്യധാര അധഃകൃതരിൽനിന്ന് ആരംഭിക്കു

കയും അവരിൽനിന്ന് മറ്റുള്ളവരിലേക്ക് വ്യാപിക്കുകയും ചെയ്തു.

2. 4 കേരളത്തിലെ ശ്രീനാരായണ പ്രസ്ഥാനത്തിനു് സമാനമായി മഹാരാഷ്ട്രത്തിലെ മഹാത്മാ ജ്യോതിബ ഫൂലെയുടെയും അതിന്റെ തുടർച്ചയായി നമ്മുടെ നൂറ്റാണ്ടിലെ അംബദ്കറുടെ പ്രസ്ഥാനങ്ങളെയും ഗുജറാത്തിലെ സ്വാമി നാരായണ പ്രസ്ഥാനത്തെയും കുറെക്കൂടി വൈകി വന്ന തമിഴ്നാട്ടിലെ രാമസ്വാമിനായ്ക്കരുടെ ദ്രാവിഡ പ്രസ്ഥാനത്തെയും മറ്റും പരിഗണിക്കുന്നതിൽ തെറ്റില്ല. പക്ഷെ കേരളത്തിലെ ശ്രീനാരായണ പ്രസ്ഥാനത്തിന് ലഭിച്ചത്ര വേരോട്ടമോ വ്യാപ്തിയോ അവക്കൊന്നും ലഭിച്ചതായി കാണുന്നില്ല. കേരള നവോത്ഥാനത്തിന്റെ ഈ അപൂർവതയും മൗലികതയും സമകാലിക കേരളത്തിലെ മറ്റ് പല സവിശേഷതകൾക്കും പ്രേരകമായി.

3. 1 ഋഗ്വേദത്തിന്റെ അന്ത്യഭാഗമായ 'പുരുഷസൂക്ത'ങ്ങളാ വ്യക്തമാക്കുന്നത് അക്കാലം തൊട്ടേ ഇന്ത്യയിൽ ജാതികളും ജാതീകൃതമായ ഉച്ചനീചത്വങ്ങളും ഉണ്ടായിരുന്നു എന്നാണ്. ക്രിസ്തുവർഷാരംഭത്തോടെ ജാതിവ്യവസ്ഥ ശക്തിപ്പെടുകയും ഒന്നാം സഹസ്രാബ്ദം ഉത്തരാർദ്ധം മുതൽ ഫ്യൂഡൽ വ്യവസ്ഥയുടെ ഭാഗമായി ജാതി സമ്പ്രദായവും തജ്ജന്യങ്ങളായ അനീതികളും രൂക്ഷമാവുകയും ചെയ്തു. അങ്ങനെ ജാതി വ്യവസ്ഥ ഒരഖിലഭാരത ശാപമായിരുന്നു എങ്കിലും കേരളത്തിൽ അത് അവയേക്കാളെല്ലാം രൂക്ഷവും ദുഷ്ടവുമായിരുന്നു എന്നതിന്റെ ഏറ്റവും ഒടുവിലത്തെ സാക്ഷിപത്രമാണ് സ്വാമി വിവേകാനന്ദന്റെ കേരളത്തെക്കുറിച്ചുള്ള പ്രസിദ്ധമായ 'ഭ്രാന്താലയ' വിശേഷണം.

3. 2 തൊട്ടുകൂടായ്ക, തീണ്ടികൂടായ്ക, ദൃഷ്ടിയിൽപോലും പെട്ടുകൂടായ്ക, മാറുമറയ്ക്കുകയോ അന്തസായി വസ്ത്രധാരണം നിർവഹിക്കുകയോ പാടില്ലായ്ക, വീടിന് ഓടുമേയാൻ അധികാരമില്ലായ്ക എന്നുവേണ്ട എന്തെല്ലാം എന്തെല്ലാം അനീതികളും അധഃകൃതർ അനുഭവിച്ചുവന്നു? അവയുമായി താരതമ്യപ്പെടുത്തുമ്പോൾ വഴി നടക്കാ

നും ക്ഷേത്രാരാധന നടത്താനും. വിദ്യാലയത്തിൽ ചേരാനും സർക്കാരുദ്യോഗം ലഭിക്കാനും മറ്റുമുള്ള വിലക്കുകൾ താരതമ്യേന അപ്രധാനമായി തോന്നാം. അത്രക്ക് നികൃഷ്ടവും ദുഷ്ടവുമായിരുന്നു ഈ 'ഭ്രാന്താലയ' നീതികൾ. അതുകൊണ്ട് സ്വാഭാവികമായും കേരളത്തിലെ 19—ാം നൂറ്റാണ്ടിലെ പുത്തനുണർവുകൾ ഈവക അന്യായങ്ങൾക്കെതിരായിട്ടാണ് ആദ്യമാദ്യം പൊട്ടിപ്പുറപ്പെടാൻ തുടങ്ങിയത്.

3. 3 18—ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മാർത്താണ്ഡവർമ മഹാരാജാവിന്റെ വെട്ടിപ്പിടുത്തങ്ങളും ഭൂപരിഷ്കാരങ്ങളും മൂലം നിലവിൽ വന്ന ഇടത്തരം ഭൂവുടമകളുടെ ആധിക്യം; ക്രിസ്ത്യൻ ജനസംഖ്യയുടെ ഗണ്യമായ അനുപാതം; ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനം; അവർക്ക് അധീശസർക്കാരിൽനിന്ന് ലഭിച്ച പ്രോത്സാഹനം; ഇവയുടെ ഒക്കെ ഫലമായി ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയ ഒട്ടേറെ ചരിത്രപരവും സാമൂഹ്യവുമായ കാരണങ്ങളാൽ തിരുവിതാംകൂറുംപെടെയുള്ള ദക്ഷിണ കേരളത്തെ വടക്കുനിന്നും വേർതിരിച്ച് നിറുത്തി. ഈ സവിശേഷ സാഹചര്യങ്ങളാണ് കേരളത്തിലെ നവീകരണ സംരംഭങ്ങളുടെ തുടക്കസ്ഥാനമായി ദക്ഷിണ കേരളത്തെ മാറ്റിയത്.

ഈ പരിഷ്കരണ സംരംഭങ്ങൾ രണ്ട് ദിശകളിൽനിന്ന് ആരംഭിച്ചു. അനീതിക്ക് ഇരയായിരുന്ന അധ:സ്ഥിതരുടെ അസ്വസ്ഥതകളും പ്രക്ഷോഭങ്ങളുമാണ് ഒരു ദിശയിൽ നിന്ന് വന്നതെങ്കിൽ അവയോടുള്ള പ്രതികരണം എന്ന നിലയിൽ ഭരണപക്ഷത്തുനിന്നും പടിപടിയായി വന്നുകൊണ്ടിരുന്ന നേരിയ പരിഷ്കരണ യത്നങ്ങളാണ് വിപരീത ദിശയിൽ നാം കാണുന്നത്.

3. 4 വേലുത്തമ്പിയുടെ കലാപം 1809—ൽ പരാജയപ്പെട്ടതോടെ ബ്രിട്ടീഷ് വിരുദ്ധശക്തികളും അക്കാലത്ത് അതിന് നേതൃത്വം നൽകിയ ഫ്യൂഡൽ മാടമ്പിമാരും ഒതുങ്ങി കൂടി. എന്നാൽ മേൽജാതിക്കാരുടെയും ഫ്യൂഡൽ പ്രഭുക്കളുടെയും തേർവാഴ്ചക്ക് എതിരായ ഒറ്റക്കും തെറ്റക്കുമുള്ള ചെറുത്തുനിൽപുകളും കൂട്ടായ പ്രക്ഷോഭങ്ങളും ചിലപ്പോൾ കലാപങ്ങൾ തന്നെയും പലയിടത്തും പൊട്ടി

പ്പുറപ്പെട്ടുകൊണ്ടിരുന്നു. അവയിൽ ഏറ്റവും പ്രധാനമായതും നാല് പതിറ്റാണ്ടുകളോളം എരിഞ്ഞടങ്ങിയും ആളിക്കത്തിയും തുടർന്നുകൊണ്ടിരുന്നതുമായ നാടാർമാരുടെ 'മാറുമറയ്ക്കൽ' സമരം കുറെയൊക്കെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. സവർണ ജാതിയിൽപെട്ടവരെപ്പോലെ മാറു മറയ്ക്കാനോ അന്തസായി വസ്ത്രധാരണം നടത്താനോ ആഭരണങ്ങളും അണിയാനോ കീഴ്ജാതിക്കാർക് അവകാശമില്ലായിരുന്നു. ക്രിസ്തുമതം സ്വീകരിച്ച തെക്കൻ തിരുവിതാംകൂറിലെ ചാന്നാൻമാർ ഈ വ്യവസ്ഥക്കെതിരെ ആദ്യമൊക്കെ അപേക്ഷകളും അയക്കുകയും പിന്നീട് കലാപം നടത്തുകയും ചെയ്തു. ഈ കലാപ പരമ്പരകളിൽ 1857–59–ലേത് ഏറ്റവും രൂക്ഷമായിരുന്നു. 1814, 1829, 1859 എന്നീ വർഷങ്ങളിലെ ഭാഗികമായ വിട്ടുവീഴ്ച നൽകുന്ന വിളംബരങ്ങളംകൊണ്ട് പ്രശ്നം പരിഹരിക്കപ്പെട്ടില്ല. ഒടുവിൽ 1868–ലെ വിളംബരത്തോടുകൂടിയാണ് ചാന്നാർ തുടങ്ങിയ വിഭാഗക്കാർക് വസ്ത്രധാരണത്തിൽ പൂർണമായ അവകാശങ്ങളും ലഭിച്ചത്.

3. 5 19–ാം നൂറ്റാണ്ടിലെ പ്രാകൃതമായ ജാതി വിവേചനത്തിന്റെ രസകരമായ ഒരു ചിത്രമാണ് കഥകളി പഠിക്കാനും നടത്താനും ഈഴവർ നടത്തിയ സമരത്തിന്റെ കഥ. സംസ്കൃത വിദ്യാഭ്യാസം, ഭാരതീയ വൈദ്യ സമ്പ്രദായങ്ങളും, ആയോധന മുറകളും എന്നിവയിൽ മാത്രമല്ല ധനസ്ഥിതിയിലും മികച്ചുനിന്ന ഈഴവർ 19–ാം നൂറ്റാണ്ടിലുണ്ടായിരുന്നു. എങ്കിലും കഥകളിപോലുള്ള പരമ്പരാഗത ക്ലാസിക് കലകളം അഭ്യസിക്കാനോ അവതരിപ്പിക്കാനോ അവർക് അവകാശമില്ലെന്ന് സവർണർ വാദിക്കുക മാത്രമല്ല ചെയ്തത്. ഈ വിലക്കുകളെ അവഗണിച്ച് കഥകളി പഠിക്കാനും ആടാനും ശ്രമിച്ച ഈഴവരെ അധികൃതരുടെ സഹായത്തോടെ കയ്യേറ്റം ചെയ്യാനും അവർ മുതിർന്നു. ഇതൊരു നിയമസമാധാന പ്രശ്നമായി മാറിയപ്പോഴാണ് അന്നത്തെ തിരുവിതാംകൂർ ദിവാൻ സർ ടി മാധവറാവു ഉഭയകക്ഷികളുടെയോഗം വിളിച്ചുകൂട്ടി ചർച നടത്തി ഈഴവരുടെ വാദം അംഗീകരിക്കുകയും 1861–ൽ അതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഇതിൽ ഈഴവരുടെ ഭാഗത്തുണ്ടായിരുന്നത് ദിവാന്റെ മുൻപിൽ ധീരനായ പോരാളിയായിരുന്ന ആറാട്ടുപുഴ വേലായുധനാണ്. ആറാട്ടുപുഴ വേലായുധൻ ആയോധന മുറകളും പഠിച്ച ഒരു കുതിരസവാരിക്കാരൻ കൂടിയായിരുന്നു. തലയെടുപ്പോടുകൂടിയുള്ള അദ്ദേഹത്തിന്റെ നടപ്പും കുതിരസവാരിയും നാട്ടുപ്രമാണിയെന്ന നിലയിൽ തർക്കങ്ങളും പറഞ്ഞു തീർക്കലും ഒന്നും സവർണർക്ക് സഹിക്കാൻ കഴിഞ്ഞില്ല. 1874–ൽ ശത്രുക്കളാൽ വധിക്കപ്പെട്ട ആറാട്ടുപുഴ വേലായുധൻ തിരുവിതാംകൂറിലെ സാമൂഹ്യപരിവർത്തന ചരിത്രത്തിലെ ഒരു വീരനായകനാണ്.

3. 6 ഇങ്ങനെ വിവിധ അധ:കൃത ജനവിഭാഗങ്ങൾക്കിടയിലും കൃഷിക്കാർക്കിടയിലും ഉണ്ടായ അസ്വസ്ഥതകൾക്ക് പുറമേ മേൽജാതികളിൽപെട്ട അഭ്യസ്തവിദ്യർക്കിടയിലും അസ്വസ്ഥതകൾ ഉരുണ്ടുകൂടുകയായിരുന്നു. വേലുത്തമ്പിയുടെ കലാപത്തിനുശേഷം തിരുവിതാംകൂറിലെ ഭരണയന്ത്രത്തിന്റെ മേൽത്തട്ടിലും ഇടത്തട്ടിലും കേരളത്തിന് പുറത്തുനിന്ന് ഇറക്കുമതി ചെയ്യപ്പെട്ടവരാണ് നിറഞ്ഞിരുന്നത്. ഈ ഇടത്തരക്കാരിൽ ഉദ്യോഗാർഥികൾക്ക് പുറമേ നായൻമാർ തൊട്ട് മേൽജാതിക്കാരായി പരിഗണിക്കപ്പെടുന്ന കൃഷിക്കാരുമുണ്ടായിരുന്നു. ഇക്കൂട്ടരുടെ ഇടയിലുള്ള അസ്വസ്ഥതകളോടുള്ള പ്രതികരണമാണ് 1865–ലെ വെറും പാട്ട കുടിയാൻ വിളംബരം. 1853–ലെ അടിമസമ്പ്രദായ നിരോധന വിളംബരത്തിന്റെ പുറകിൽ ബ്രിട്ടീഷ് അധീശശക്തിയുടെ പ്രേരണക്ക് പുറമേ ഈ അസ്വസ്ഥതകളും പങ്കുവഹിച്ചിട്ടുണ്ട്.

4. 1 ഇങ്ങനെ അധ:കൃതരുടെ ഇടയിലും അഭ്യസ്തവിദ്യരായ മേൽജാതിക്കാരുടെ ഇടയിലും ചെറുകിട കൃഷിക്കാരുടെ ഇടയിലും ജൻമിമാരുടെ കയ്യിൽനിന്ന് ഭൂമി വാങ്ങി പിണ്ടും പാട്ടത്തിന് കൊടുത്തു ജീവിക്കുന്ന ഇടത്തട്ടുകാരുടെ ഇടയിലും മറ്റും വളർന്നുവന്നുകൊണ്ടിരുന്ന സംഘടനാബോധവും പ്രക്ഷോഭവാസനയും 1880–കളുടെ അവസാനമായപ്പോഴേക്കും ഉച്ചകോടിയിലേക്ക് എത്തുകയായിരുന്നു. ഇവയെല്ലാം ചേർന്ന് 1888 മുതലുള്ള ഒരു ദശകം മലയാളികളുടെ ചരിത്രത്തിലെ പ്രധാന വഴിത്തിരിവിന്റെ

കാലമായി മാറി. ഈ വർഷങ്ങളിൽ നടന്ന ചില പ്രധാന സംഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ ഇതു വ്യക്തമാകും.

4. 2 ശ്രീനാരായണന്റെ അരുവിപ്പുറം ശിവപ്രതിഷ്ഠ (1888), കേരളത്തിലെ (തിരുവിതാംകൂറിലെ) പ്രഥമ നിയമസഭ രൂപീകരണം (1888), *മലയാള മനോരമ*യുടെ സ്ഥാപനം (1888), ലക്ഷണമൊത്ത പ്രഥമ നോവലായ *ഇന്ദുലേഖ*യുടെ പ്രസിദ്ധീകരണം (1889), സർക്കാർ സർവീസിൽ അഭ്യസ്തവിദ്യരായ മലയാളികൾക്ക് അർഹമായ പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെടുന്ന ബാരിസ്റ്റർ ജി പി പിള്ള, പി കെ ശങ്കരമേനോൻ, ജോൺ മിഥിലി തുടങ്ങിയവരുടെ മലയാളി മെമ്മോറിയൽ എന്ന ഭീമഹരജിയുടെ സമർപണം (1891), എതിർ മെമ്മോറിയലിന്റെ സമർപണം (1891), ഈഴവമെമ്മോറിയൽ എന്നുകൂടി പേരുള്ള ഡോക്ടർ പൽപുവിന്റെ പ്രസിദ്ധമായ നിവേദനം (1895), മലയാളത്തിലെ പ്രഥമ കാൽപനിക കവിതയായി പരിഗണിക്കപ്പെടുന്ന രാജരാജവർമയുടെ *മലയവിലാസം* (1895)—എന്നിങ്ങനെ പോകുന്നു ഈ ഹ്രസ്വമായ കാലയളവിലെ നീണ്ടകാല പ്രത്യാഘാതങ്ങൾ ഉളവാക്കിയ സംഭവങ്ങളുടെ പരമ്പര.

4. 3 ഈ ദശകത്തിലെ ഈ സുപ്രധാന സംഭവങ്ങൾ ജനാധിപത്യവൽകരണ പ്രക്രിയക്കും സാമൂഹ്യ പരിവർത്തനങ്ങൾക്കും നവോത്ഥാന വേഗതക്കും വഴിവെച്ചതിനോടൊപ്പം പിൽകാലത്തെ ജാതി–മത മത്സരങ്ങൾക്കും വഴിവെച്ചു എന്നത് ചരിത്ര യാഥാർഥ്യമാണ്. അങ്ങനെ ആധുനിക കേരളത്തിലെ അമൃതവും കാകോളവും പൊന്തിവന്ന പാലാഴി മഥനം 19–ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ പടിപടിയായി വിരിഞ്ഞുവരുന്നത് തെളിഞ്ഞു കാണാം. 20–ാം നൂറ്റാണ്ടിലെ വിളവെടുപ്പുകൾക്കുള്ള വിത്തുകൾ മണ്ണിളക്കി പാകി കഴിഞ്ഞു.

കർഷക ചരിത്രശാസ്ത്രം

ബി സി 7500–നും 6500–നും ഇടയിലെ ആയിരം വർഷമോ അതിനോടടുപ്പിച്ചോ ഉള്ള കാലയളവിൽ പശ്ചിമേഷ്യയിലാണ് കൃഷി ആവിർഭവിച്ചത് എന്ന കാര്യത്തിൽ ഇപ്പോഴും ചരിത്രകാരൻമാർക്കിടയിൽ അഭിപ്രായൈക്യം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഗംഭീരമായ ഈ ചരിത്രവികാസത്തെ കൃഷിയിലെ നവീനശിലായുഗ വിപ്ലവമായി അവർ അഭിഷേകം ചെയ്യുന്നു. മൃഗങ്ങളെ ഇണക്കിയെടുത്തത് അതിന് അൽപം മുമ്പാവാനാണ് സാധ്യതയെങ്കിലും അതും കൃഷിയിൽ ഉൾപെടുന്നു.

പ്രാചീന ശിലായുഗത്തിലെയും മഹാശിലാ യുഗത്തിലെയും നമ്മുടെ പൂർവികർ കഷ്ടിച്ചരിഷ്ടിച്ച് ഇരതേടിയും വേട്ടയാടിയും വനാന്തരങ്ങളിൽ അലഞ്ഞിരുന്ന കാലത്താണ് ഉൽപാദനോപാധികളിലും രീതികളിലും ഈ വിപ്ലവം തട്ടിയും മുട്ടിയും ആരംഭിച്ചത്. പക്ഷെ അത് പക്വത നേടിയത് പരുക്കൻ ശിലായുധങ്ങളും സാവധാനം കൂടുതൽ ലക്ഷ്യവേധിയും മൂർച്ചയുള്ളതുമായി മിനുസപ്പെടുകയും അരക്ഷിതവും ശോചനീയവുമായ ജീവസന്ധാരണം ഗ്രാമജീവിതത്തിന്റെ സ്ഥിരവും സുരക്ഷിതവുമായ ആവാസത്തിന് വഴിമാറിക്കൊടുക്കുകയും ചെയ്തപ്പോഴും മാത്രമാണ്. ഇത് ഉൽപാദനത്തിൽ ഒരു മിച്ചമൂല്യത്തിന് അവസരമൊരുക്കി. ശാരീരികമായി അധ്വാനിക്കേണ്ടാത്തവരും മനനത്തിലും കലകളിലും ശാസ്ത്രത്തിലും കരകൗശലത്തിലും സ്വയം മുഴുകാൻ കഴിയുന്നവരുമായ

ഒരു വരേണ്യവർഗത്തിനെ തീറ്റിപ്പോറ്റുവാൻ ഈ മിച്ചമൂല്യത്തിന് കഴിയുമെന്നുവന്നു. അതേത്തുടർന്ന് അനിവാര്യമായും നഗരങ്ങളും നാഗരികതകളും ജൻമമെടുത്തു. ഇരുകാലി മാത്രമായിരുന്ന മനുഷ്യൻ കാടത്തത്തിലും ബർബരത്വത്തിലുംനിന്ന് മനുഷ്യവംശത്തിന്റെ യഥാർഥ പദവിയായ നാഗരികതയിലേക്ക് കടന്നു കയറുകയായിരുന്നു.

സംഭവം ഗംഭീരമായിരുന്നു, മുന്നേറ്റം ആരെയും അദ്ഭുതസ്തബ്ധരാക്കുന്നതായിരുന്നു. പക്ഷെ അതിന് ചരിത്രം തട്ടിയെടുത്ത വില നടുവൊടിക്കുന്നതുമായിരുന്നു. ആ പ്രക്രിയയെ ഫ്രഡറിക്ക് എംഗൽസ് ഇങ്ങനെ വിവരിക്കുന്നു:

> എല്ലാ ശാഖകളിലെയും—കാലിവളർത്തൽ, കൃഷി കൈത്തൊഴിൽ—ഉൽപാദനവർധന സ്വയം പുലരുന്നതിന് ആവശ്യമുള്ളതിൽ കൂടുതൽ ഉൽപാദിപ്പിക്കുവാൻ മനുഷ്യന്റെ അധ്വാനശക്തിയെ പ്രാപ്തമാക്കി. അതേസമയംതന്നെ അത് ഗണത്തിലെയോ ഗോത്രത്തിലെയോ അല്ലെങ്കിൽ ഒറ്റയായ കുടുംബത്തിലെയോ ഓരോ അംഗവും പ്രതിദിനം ചെയ്തുതീർക്കേണ്ട ജോലിയുടെ അളവ് വർധിപ്പിക്കുകയും ചെയ്തു. കൂടുതൽ അധ്വാനശക്തി കിട്ടുക അഭിലഷണീയമായിത്തീർന്നു. ഇത് യുദ്ധം പ്രദാനം ചെയ്തു, യുദ്ധത്തടവുകാരെ അടിമകളാക്കി. നിലവിലുള്ള പൊതു ചരിത്ര സാഹചര്യങ്ങളിൽ അധ്വാനത്തിന്റെ ഉൽപാദനക്ഷമത, അതായത് സമ്പത്ത് വർധിപ്പിക്കുകയും ഉൽപാദനത്തിന്റെ മേഖല വിപുലീകരിക്കുകയും ചെയ്യുകവഴി ഉണ്ടായ ആദ്യത്തെ വലിയ സാമൂഹിക തൊഴിൽ വിഭജനം, അതിന്റെ തുടക്കത്തിൽ അടിമത്തത്തെ കൂട്ടുപിടിച്ചിരുന്നു. ആദ്യത്തെ വലിയ സാമൂഹിക തൊഴിൽ വിഭജനത്തിൽനിന്ന് ആദ്യത്തെ വലിയ സമൂഹവിഭജനം—രണ്ട് വർഗങ്ങൾ, യജമാനൻമാരും അടിമകളും, ചൂഷകരും ചൂഷിതരും, ആയുള്ള വിഭജനം ആവിർഭവിച്ചു.[1]

യൂറോപ്പിൽ അടിമസമ്പ്രദായത്തിന്റെ തകർച്ചയും റോമൻ സാമ്രാജ്യത്തിന്റെ ക്ഷയത്തോടും പതനത്തോടുംകൂ

ടി ഫ്യൂഡലിസത്തിന്റെ ആവിർഭാവവും ഏഷ്യപോലെയുള്ള മറ്റ് ഭൂവിഭാഗങ്ങളിൽ പ്രാകൃതമായ വേട്ടയാടലിന്റെയും ഇരതേടലിന്റെയും അവസ്ഥയിൽനിന്ന് നേരിട്ട് കർഷക സമൂഹത്തിലേക്കുള്ള പരിവർത്തനവുമെല്ലാം രസകരമായ വിഷയങ്ങളാണ്. പക്ഷെ ആ വിശദാംശങ്ങളൊന്നും നമ്മുടെ ഇവിടത്തെ വിഷയത്തിൽ പ്രസക്തമല്ല. ബി സി 500–നും എ ഡി 500–നും ഇടക്കുള്ള ഒരു സഹസ്രാബ്ദകാലത്ത് ലോകരംഗത്ത് കർഷകവർഗത്തിന്റെ ആവിർഭാവവും അതിനെ മാമൂൽ ചരിത്രകാരൻമാർ എങ്ങനെ കൈകാര്യം ചെയ്തു എന്നതും മാത്രമെ നമുക്ക് ഇവിടെ പരിഗണിക്കേണ്ടതായുള്ളു.

II

നോർമൻ കീഴടക്കൽ മുതൽ ഇന്നുവരെയുള്ള ബ്രിട്ടന്റെ ചേതോഹരവും തെളിമയാർന്നതുമായ ഒരു ചരിത്രം രചിച്ച പ്രൊഫസർ ജെ എഫ് സി ഹാരിസൻ പറഞ്ഞിട്ടുള്ളത് അത്രയുംതന്നെ ഇന്ത്യയെപ്പോലെയുള്ള മറ്റ് രാജ്യങ്ങൾക്കും ബാധകമാണ്. അദ്ദേഹം പറയുന്നു:

> കഴിഞ്ഞ ആയിരമോ അതിലധികമോ വർഷക്കാലം ജനസംഖ്യയിൽ കുറഞ്ഞത് 70 ശതമാനമോ ചിലപ്പോൾ 90 ശതമാനം വരെയുമോ ആളുകൾ ഉപജീവനത്തിനു വേണ്ടി പണിയെടുക്കുന്നവരും ഭൂരിപക്ഷത്തിന്റെ അധ്വാനം പറ്റിത്തിന്നു ജീവിക്കുന്ന ഒരു ചെറു ന്യൂനപക്ഷത്താൽ ഭരിക്കപ്പെടുന്നവരുമായ സാധാരണ (ശരാശരി) ക്കാരായിരുന്നു. രാജ്യത്ത് സ്വത്ത് ഒട്ടുമുക്കാലും സ്വന്തമാക്കുകയും പരമമായ അധികാരംവെച്ച് നടത്തുകയും പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളുമെടുക്കുകയും ചെയ്ത ഈ ന്യൂനപക്ഷത്തെ സംബന്ധിക്കുന്നതാണ് ചരിത്രം ഒട്ടുമുക്കാലും. സാധാരണക്കാർ തുലോം വിരളമായി ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടെന്നു വന്നാൽതന്നെ അവർ രംഗമധ്യത്തിലായിരിക്കില്ല, പശ്ചാത്തലത്തിൽ മിക്കവാറും അരങ്ങിന് പിന്നിലെ കഥാപാത്രങ്ങളെപ്പോലെയായിരിക്കും.[2]

ബ്രിട്ടനിലെയും അതുപോലെതന്നെ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലെയും ഈ സാധാരണ ജനങ്ങളും തീർച്ചയായും കൃഷിക്കാർ ആണ്, അല്ലെങ്കിൽ വളരെ വികസിതങ്ങളായി കണക്കാക്കപ്പെടുന്ന രാജ്യങ്ങളിൽപോലും വളരെ അടുത്തകാലം വരെയും ആയിരുന്നു. 21–ാം നൂറ്റാണ്ടിന്റെ പടിവാതിലിൽ എത്തിനിൽക്കുന്ന ഈ ഘട്ടത്തിൽപോലും ലോകം മൊത്തത്തിൽ എടുത്താൽ ഇത് ശരിയാണ്. സമൂഹത്തിലെ അപ്രകീർതിതരും അപ്രരോദിതരുമായ ഈ വിഭാഗങ്ങളെ അവർ സൃഷ്ടിക്കുകയോ രൂപപ്പെടുത്തുകയോ ചെയ്യാത്ത ഒരു ലോകത്തിൽ നൂറ്റാണ്ടുകൾക്കുമേൽ നൂറ്റാണ്ടുകളായി ജീവിക്കുകയും എല്ലുമുറിയെ പണിയെടുക്കുകയും കഷ്ടതകളെ അനുഭവിക്കുകയും ചെയ്തവരാണ്. പക്ഷെ നമ്മുടെ ഈ നാഗരികതയും സ്വഭാവവിശേഷങ്ങളും കരുപ്പിടിപ്പിക്കുന്നതിന് തലമുറതലമുറയായ ശാസ്ത്രജ്ഞൻമാർക്കും കലാകാരൻമാർക്കും തത്വചിന്തകൻമാർക്കും രാഷ്ട്രപുരുഷൻമാർക്കും വേണ്ട അനുസാരികളെ ഒരുക്കിക്കൊടുത്തതും അവർ തന്നെയാണ്. എന്നിട്ട് മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷത്തിനെ തീണ്ടാപ്പാടകലെ മാറ്റിനിറുത്തിക്കൊണ്ടാണ് നമ്മൾ മനുഷ്യരാണെന്ന് അവകാശപ്പെടുന്നത്.

ഇടതിന്റെയോ ഉത്പതിഷ്ണുത്വത്തിന്റെയോ യാതൊരു പ്രവണതയും ആരും ആരോപിക്കാത്ത ബർടൻ സ്റ്റൈൻ മധ്യയുഗ ദക്ഷിണേന്ത്യയെക്കുറിച്ചുള്ള ചരിത്രരചനയെക്കുറിച്ച് പറയുന്നത് അതേ അളവിൽ തന്നെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങൾക്കും കാലഘട്ടങ്ങൾക്കും ബാധകമാണ്. അദ്ദേഹം പറയുന്നു:

> മധ്യയുഗ ദക്ഷിണേന്ത്യയിലെ കർഷക സമൂഹങ്ങൾ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ളവയിൽ ഒട്ടുമുക്കാലിനെയുംകാൾ പ്രാചീനവും സുസ്ഥിരവും മനോജ്ഞവുമാണ്. എന്നിട്ടും ദക്ഷിണേന്ത്യയിലെ സമ്പന്നമായ ചരിത്ര സാഹിത്യം ഈ കർഷക സമൂഹങ്ങളെക്കുറിച്ച് വളരെക്കുറച്ച് വിവരണങ്ങളേ നടത്തുന്നുള്ളു; ഇന്ത്യൻ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും വികാസത്തിലെ മറ്റ് ഘടകങ്ങളെക്കുറിച്ച് യാതൊരു

പരാമർശവുമില്ലെന്നുതന്നെ പറയാം. സാധാരണയായി 'ഭൂമിക്കരം' എന്ന തലക്കെട്ടോടുകൂടിയ ഒരു അധ്യായത്തിൽ ചേർക്കുവാൻ പറ്റിയ ഒന്നായിട്ടാണ് എല്ലാ കാർഷിക കാര്യങ്ങളെയും ഗ്രന്ഥകാരൻമാർ കൈകാര്യം ചെയ്തത്....ഭൂമിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ബാലിശമായ ഈ സങ്കൽപനമാണ് വളരെ ശുഷ്കമായ ചരിത്രത്തിനു കാരണമായിത്തീർന്നത്.[3]

കർഷക ജീവിതത്തെക്കുറിച്ചുള്ള ഈ നിശബ്ദതയും അജ്ഞതയും അവയുടെ പാരമ്യത്തിലെത്തുന്നത് അടിച്ചമർത്തലിനും ചൂഷണത്തിനും കൊള്ളയടിക്കും എതിരായ കർഷകസമരങ്ങളിലേക്ക് വരുമ്പോഴാണ്. ഇത്തരം ചരിത്രകാരൻമാർ ചരിത്ര വസ്തുതകളെയും സംഭവങ്ങളെയും അവഗണിക്കുന്നതിന് പുറമേ ''ഉള്ളത് ഒളിക്കുകയും കള്ളം തുളിക്കുകയും'' മെന്ന പണ്ടുപണ്ടേയുള്ള തന്ത്രവും പ്രയോഗിക്കുന്നു. ഉദ്യമത്തിനോ ചെറുത്തുനിൽപിനോ കഴിവില്ലാത്ത ഒരു വെറും പാവത്താന്റെ ഭാവനാചിത്രമാണ് ശരാശരി കർഷകനെക്കുറിച്ച് അവർ മെനഞ്ഞെടുത്തിട്ടുള്ളത്. എവിടെയോ എപ്പോഴോ എന്തെങ്കിലും കലാപമോ ലഹളയോ ഉണ്ടാകുകയും അതിനുനേരെ കണ്ണടയ്ക്കാനാവില്ലെന്ന് വരുകയും ചെയ്താൽ അതിന്റെ കർതൃത്വം വരേണ്യ അഥവാ ഉപരിവർഗത്തിലെ മഹാമനസ്കതയാലും ജീവകാരുണ്യത്താലും പ്രചോദിതനായ ഏതെങ്കിലും ഒരു മഹാനുഭാവനോ ഗ്രൂപ്പിനോ കൽപിച്ചുകൊടുക്കുകയായി. അവരുടെ നോട്ടത്തിൽ കർഷകൻ അവന്റെ 'സ്വാഭാവിക' മേലാളനെയോ ജൻമിയെയോ രാജാവിനെയോ അല്ലെങ്കിൽ ഉപരിവർഗത്തിൽപെട്ട കാരുണ്യവാനായ ഒരു രക്ഷാപുരുഷനെയോ അനുസരിച്ചുകൊള്ളണം.

III

ഇന്ത്യയിലും പുറത്തുമുള്ള കർഷക ചരിത്രകാരൻമാരുടെ അടുത്തകാലത്തെ പരിശ്രമഫലമായി വെളിവാക്കപ്പെട്ട ചരിത്രവസ്തുതകളിൽ ഏറ്റവും ശ്രദ്ധേയവും സുവ്യ

ക്തവുമായ സാർവലൗകിക പ്രവണത കഴിഞ്ഞ രണ്ടായിരം വർഷക്കാലമായി ഇടവിട്ടിടവിട്ട് നടന്നുകൊണ്ടിരിക്കുന്ന കർഷക ചെറുത്തുനിൽപും സമരവുമാണ്. പ്രാചീന അടിമ നായകനായ സ്പാർടാക്കസിന്റെ (73 ബി സി) ധീരതയുടെയും ചെറുത്തുനിൽപിന്റെയും ഗ്രാച്ചി സഹോദരൻമാരുടെ (ഒന്നാം നൂറ്റാണ്ട് ബി സി) ഉദയവും നിഷ്കാസനവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെയും മാത്രമല്ല മധ്യയുഗങ്ങളിലെയും നവോത്ഥാനാനന്തര കാലഘട്ടങ്ങളിലെയും യൂറോപ്പിലെ മറ്റ് നിരവധി നായകൻമാരുടെയും സമരങ്ങളുടെയും കഥകളും ഇപ്പോഴും വെളിച്ചത്തുവരുന്നുണ്ട്. പക്ഷെ അവകാശങ്ങൾക്കും അസ്തിത്വത്തിനുംവേണ്ടിയുള്ള മാനവസമരത്തിന്റെ ചരിത്രത്തിലെ ജാജ്വല്യമാനമായ ഈ ഏടുകളെല്ലാം പുരാണങ്ങളുടെയും നാടൻ കലകളുടെയും മങ്ങിയ വംശസ്മൃതികളുടെയും അഗാധമായ അടരുകൾക്കിടയിൽ അടിഞ്ഞുകിടക്കുകയാണ്. നമ്മുടെ സ്വന്തം പുരാണങ്ങളുടെയും ഐതിഹ്യങ്ങളുടെയും ലാക്ഷണികമായ വായനയും ഘടനാപരമായ അപഗ്രഥനവും ഇന്നോളം സംശയിക്കപ്പെടാത്ത സ്ഥലങ്ങളിലെയും കാലങ്ങളിലെയും അനേകം വർഗസമരങ്ങളെ തെളിമയോടെ പുറത്തുകൊണ്ടുവരും. അത്തരം സമരങ്ങളിൽ നിരവധിയും നടന്നത് മതത്തിന്റെ മുഖംമൂടിയണിഞ്ഞാണ്. പിൽകാലത്ത് കുമിഞ്ഞുകൂടിയ വംശസ്മൃതികൾ അവയെ പിൽകാല യുഗങ്ങളുടെ പൊടിയിലും അവശിഷ്ടങ്ങളിലും മൂടുകയും ചെയ്തു. ജർമനിയിലെ കർഷക സമര (16–ാംനൂറ്റാണ്ട്)ത്തെക്കുറിച്ച് എംഗൽസ് പറയുന്നു:

> 16–ാം നൂറ്റാണ്ടിലെ മതയുദ്ധങ്ങൾ എന്ന് പറയപ്പെടുന്നവയിൽപോലും സക്രിയമായ ഭൗതികവർഗതാൽപര്യങ്ങൾ അന്തർഭവിച്ചിരുന്നു. അവ വർഗസമരങ്ങൾ കൂടിയായിരുന്നു, ശരിക്കും ഇംഗ്ളണ്ടിലെയും ഫ്രാൻസിലെയും പിൽകാല ഏറ്റുമുട്ടൽപോലെതന്നെ. അന്നത്തെ വർഗസമരങ്ങൾ മതപരമായ പൊട്ടവിശ്വാസങ്ങളുടെ മേലങ്കി അണിയുകയും വിവിധ വർഗങ്ങളുടെ ആവശ്യങ്ങളും അവകാശവാദങ്ങളും മതത്തിന്റെ മറയ്ക്കുപിന്നിൽ ഒളിച്ചുവെക്കുകയും ചെയ്തി

രുന്നെങ്കിലും ഇത് യാതൊരു മാറ്റവും വരുത്തുന്നില്ല എന്ന് മാത്രമല്ല കാലിക സാഹചര്യങ്ങളാൽ അനായാസം വിശദീകരിക്കപ്പെടുകയും ചെയ്യുന്നു.[4]

മതയുദ്ധങ്ങളെക്കുറിച്ച് എംഗൽസ് പറഞ്ഞത് ചരിത്രത്തിലെ വിവിധ നവീകരണപ്രസ്ഥാനങ്ങൾക്കും ബാധകമാണ്. ഇന്ത്യയിൽ പ്രാചീന ഗൗതമബുദ്ധൻ മുതൽ നവീന നാരായണഗുരുവരെയും ജ്യോതിബാഫൂലെയും ഗുജറാത്തിലെ സ്വാമി നാരായണ മാർഗത്തിന്റെ പ്രണേതാവായ സഹജാനന്ദനും മറ്റ് പലരും നേതൃത്വം നൽകിയ അസൽ മതനവീകരണ പ്രസ്ഥാനങ്ങളിൽ ഏതാണ്ട് എല്ലാറ്റിന്റെയും പിന്നിലെ പ്രചോദനം കർഷകരുടെയും ജനങ്ങളുടെയും അന്തഃക്ഷോഭമായിരുന്നു. ഇരുമ്പായുധങ്ങളുടെ വ്യാപകമായ ഉപയോഗവും തൽഫലമായി കിഴക്കൻ ഗംഗാസമതലത്തിൽ നടന്ന വിപ്ലവവുമാണ് ബുദ്ധമതത്തിന്റെ ജനനത്തിനുള്ള ഭൗതിക സ്ഥിതിവിശേഷം സൃഷ്ടിച്ചതെന്ന് ഡി ഡി കൊസാംബിയും ആർ എസ് ശർമയും മറ്റും ആത്യന്തികമായി സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.[5]

IV

ജനങ്ങളുടെ സമരങ്ങൾക് മതം മാന്യമായ ഒരു മുഖം മൂടിയാണെങ്കിൽ മാന്യൻമാരുടെയും വരേണ്യവർഗത്തിന്റെയും കണ്ണിൽ അത്ര മാന്യമല്ലാത്ത മറ്റൊരു മുഖംമൂടിയുണ്ട്. അതാണ് 'കൊള്ളയടി.' വർഗസമൂഹത്തിന്റെ ചരിത്രത്തിൽ ഉടനീളവും കൊള്ളക്കാർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരുടെതായ പര്യമ്പുറ ഗ്രൂപ്പുകളെ നാം അഭിമുഖീകരിക്കുന്നു. വടക്കെ ഇന്ത്യയുടെ പല ഭാഗങ്ങളിലും ഇപ്പോഴും അവരുടെ ശല്യമുണ്ട്. അവരുടെ പൂർവികരായ 18 ഉം 19 ഉം നൂറ്റാണ്ടുകളിലെ തഗ്ഗുകളും പിൻസാരികളുംപോലെയുള്ളവരെ സംബന്ധിക്കുന്ന ഒരു കാര്യം മുൻവിധികളുടെയും താൽപര്യപ്രേരിതമായ സാമ്രാജ്യത്വ പ്രചാരണങ്ങളുടെയും മൂടൽമഞ്ഞിൽനിന്ന് മെല്ലെ പുറത്തുവന്നുകൊണ്ടിരിക്കുന്നതേയുള്ളു. പ്രൊഫസർ ഹിരൺ മുഖർജി പറയുന്നു:

ഇന്ത്യയുടെ ചരിത്രം മാറ്റിയെഴുതുമ്പോഴും അത്—മാറ്റിയെഴുതേണ്ടതുമാണ്—പിൻസാരികളെക്കുറിച്ച് വ്യത്യസ്തമായ ഒരു വിധിതീർപുണ്ടാകുവാനാണ് ഏറെ സാധ്യത. ഉദാഹരണത്തിന് ഇന്ത്യയിലെ മഹാരാജവംശങ്ങളുടെ ക്ഷയത്തോടെ അധികാരത്തിലേക്ക് വരികയും യമുന മുതൽ തെക്കുകിഴക്കൻ കടൽതീരം വരെയുള്ള പ്രദേശങ്ങളും തകർത്തു തരിപ്പണമാക്കുകയും ചെയ്ത അവർ കവർച്ച തൊഴിലാക്കിയവരാണെന്നാണ് ആരോപിച്ചുപോരുന്നത്. പിൻസാരികളെ അമർച്ച ചെയ്തതിന് ചരിത്രകാരൻമാരുടെ അഭിനന്ദനം നേടിയ ഹേസ്റ്റിംഗ്സ് പ്രഭുവിന് ഇന്ത്യയിൽ അന്നോളവും ഉണ്ടായിട്ടില്ലാത്ത തോതിലുള്ള സൈനിക സന്നാഹം നടത്തേണ്ടിവന്നു എന്നത് ശ്രദ്ധേയമാണ്. മൈസൂറിലെ മഹാപരാക്രമിയായ ടിപ്പുസുൽത്താനെതിരായി 30,000 പേരെയാണ് കോൺവാലിസ് സംഘടിപ്പിച്ചത്. അതിലും പരാക്രമികളായ മറാത്തക്കാർക്കെതിരായി വെല്ലസ്ലി സംഘടിപ്പിച്ചതാകട്ടെ 60,000 പേരെയും. എന്നാൽ 1818—ൽ നിലംപരിശാക്കപ്പെട്ട പിൻസാരികൾക്കെതിരായി ഹേസ്റ്റിംഗ്സ് പ്രഭുവിന് മൂന്ന് പ്രവിശ്യകളിലെ സൈന്യങ്ങളെ ഒന്നിച്ചുകൂട്ടേണ്ടിവന്നു. സ്ഥിരക്കാരും കൂലിപ്പട്ടാളക്കാരുമുൾപെടെ അവരുടെ എണ്ണം 1,20,000 ആയിരുന്നു. ചതിയൻ കൊലയാളികൾ എന്ന് സാർവജനീനമായി മുദ്രയടിക്കപ്പെട്ടിട്ടുള്ള തഗ്ഗുകൾപോലും ഒരുപക്ഷെ അവരെ ക്രൂരമായി ചിത്രീകരിക്കുന്നതിൽ അത്ര കുറ്റം അർഹിക്കുന്നുണ്ടാവില്ല. ചരിത്ര കോൺഗ്രസ് (കൽകത്ത 1939) സമ്മേളനത്തിൽ അലഹബാദിലെ ഒരു പണ്ഡിതനായ ഒ പി ഭട്നാഗർ പ്രധാനപ്പെട്ട ഒരു രേഖ അവതരിപ്പിക്കുകയുണ്ടായി. നിസ്വരാക്കപ്പെട്ട കർഷകരായിരുന്നു തഗ്ഗുകളെന്നും അല്ലാതെ കഴുത്തു ഞെരിക്കൽ സർവത്ര തൊഴിലാക്കി രസിച്ചവരായിരുന്നില്ലെന്നും അവരെ അതിഭീകരമായി അടിച്ചമർത്തുകയായിരുന്നെന്നും അതിനുള്ള മുഖ്യകാരണം ഭരണം നടത്തിക്കൊണ്ടിരിക്കുന്ന അധികാരശക്തിക്ക് അവരിൽനിന്ന്

ആപത്ത് നേരിടുമെന്നുള്ളതായിരുന്നെന്നും സമർഥിക്കുന്ന തെളിവുകളുടെ ഒരു കലവറയാണ് ആ രേഖ. അത്തരം ഒരു പരികൽപന കൂടാതെ ഇന്ത്യയുടെ ഒരു ഭാഗം, അതായത് ബോംബെ ഭാഗത്തെ കൊങ്കൺ, മാത്രം എന്തുകൊണ്ട് തഗ്ഗുകളിൽനിന്ന് വിമുക്തമായിനിന്നു എന്നതിന്റെ കാരണങ്ങൾ മനസിലാക്കുക വിഷമമാണ്. തഗ്ഗുകളുടെ വംശവിച്ഛേദം വരുത്തിയ കേണൽ സ്ളിമാന്റെ വാക്കുകളിൽ ''സത്‌ലജ് മുതൽ കടൽത്തീരംവരെയും ഹിമാലയം മുതൽ കന്യാകുമാരിവരെയും ഇന്ത്യയിലാകമാനം നിരങ്കുശം വീശിയടിച്ച വ''രാണല്ലോ അവർ.[6]

കൊള്ളയടിയുടെ ഈ അംശം പ്രസിദ്ധ ബ്രിട്ടീഷ് ചരിത്രകാരനായ ഹോബ്സ്ബാം 'കൊള്ളക്കാർ' എന്ന പ്രതിഭാസത്തെക്കുറിച്ചുള്ള തന്റെ ലോകവ്യാപകമായ സർവെയിൽ അപഗ്രഥിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എല്ലായിടത്തെയും എല്ലാത്തരം കൊള്ളക്കാരെയും അദ്ദേഹം ആദർശവൽകരിക്കുന്നില്ല. അദ്ദേഹം പാടുപെട്ട് ചരിത്രവസ്തുതകളെ അപഗ്രഥിക്കുകയും നെല്ലും പതിരും തിരിക്കുകയും അവരിൽ പല കൂട്ടരുടെയും അധഃപതനത്തെയും ജൻമനാലുള്ള ക്രൂരതയെയും ഡംഭിനെയും അപലപിക്കുകയും ചെയ്യുന്നു. പക്ഷെ ഒപ്പംതന്നെ 'സാമൂഹിക' കൊള്ളയടിയും 'രാഷ്ട്രീയ' കൊള്ളയടിയും എന്തിനു', 'മാന്യമായ' കൊള്ളയടിപോലും മർദനത്തിനും ചൂഷണത്തിനും, അവയുടെ രൂപവൈകൃതങ്ങൾ എന്തുതന്നെയായാലും ശരി, എതിരായ സാമൂഹിക, കർഷക പ്രതിഷേധങ്ങളുടെ വിവിധ മുഖംമൂടികളായി അദ്ദേഹം കാണുന്നുമുണ്ട്, ഹോബ്സ്ബാം എഴുതുന്നു:

സാമൂഹിക കൊള്ളക്കാർ നിയമനിഷേധികളായ കർഷകരാണെന്നുള്ളതാണ് കാര്യം. അവരെ ജൻമിയും ഭരണകൂടവും കുറ്റവാളികളായി കാണുന്നു. പക്ഷെ അവർ കർഷകസമൂഹത്തിൽതന്നെ കഴിയുകയും അവരുടെ ആളുകൾ അവരെ വീരനായകൻമാരായും ആദർശകേസരികളായും പ്രതികാര നിർവാഹകരായും നീതിക്കുവേണ്ടി പോരാടുന്നവരായും ഒരുപക്ഷെ വിമോച

നത്തിന്റെ നേതാക്കൾ പോലുമായും കണക്കാക്കുക യും ചെയ്യുന്നു. എന്തുതന്നെയായാലും ആ ആളുകളു ടെ നോട്ടത്തിൽ അവർ ശ്ലാഘിക്കപ്പെടേണ്ടവരും സഹാ യവും പിന്തുണയും നൽകപ്പെടേണ്ടവരുമാണ്. സാധാ രണ കർഷകനും വിധ്വംസകനും നിയമനിഷേധിയും കൊള്ളക്കാരനും തമ്മിലുള്ള ഈ ബന്ധമാണ് സാമൂ ഹികമായ കൊള്ളയടിയെ രസകരവും ശ്രദ്ധേയവുമാ ക്കുന്നത്. കൂടാതെ അത് ഈ കൊള്ളയടിയെ മറ്റു രണ്ടുതരം ഗ്രാമീണ കുറ്റകൃത്യങ്ങളിൽനിന്നും—കുറ്റ കൃത്യം തൊഴിലാക്കിയ അധോലോകസംഘങ്ങളുടെ യോ വെറും (സാധാരണ) കവർച്ചക്കാരുടെയോ പ്രവർ തനങ്ങളിൽനിന്നും ബദ്ധനൂകളെപ്പോലെ കവർച്ച സാ ധാരണ ജീവിതരീതിയുടെ ഭാഗമാക്കിയ വർഗക്കാരിൽ നിന്നും—വേർതിരിച്ചുനിറുത്തുകയും ചെയ്യുന്നു. ഇ വ രണ്ടിലും വെറും ഔദ്യോഗിക നിയമത്തിന്റെ മു മ്പിൽ മാത്രമല്ല അവരുടെ നോട്ടത്തിൽതന്നെയും അക്ര മികളും ഇരകളും കുറ്റവാളികളുമാണ്. തന്റെ അതിർ തിക്കുള്ളിലെ, ഒരുപക്ഷെ പുറത്തെയും, കർഷകരുടെ (ജൻമിയുടേത് കാര്യം വേറെ) വിള തട്ടിയെടുക്കുന്നതി നെപ്പറ്റി ഒരു സാമൂഹിക കൊള്ളക്കാരന് ചിന്തിക്കാൻ കൂടി കഴിയില്ല. അങ്ങനെ ചെയ്യുന്നവർ അതുകൊണ്ടു തന്നെ കൊള്ളയടിയെ 'സാമൂഹിക'മാക്കുന്ന ആ പ്ര ത്യേകതരം ബന്ധം ഇല്ലാത്തവരാകുന്നു. തീർച്ചയായും ഇത്തരം വ്യവച്ഛേദനങ്ങൾക് സിദ്ധാന്തത്തിലേതി നെക്കാൾ പ്രയോഗത്തിൽ വ്യക്തത മിക്കപ്പോഴും കുറ വാണ്. സ്വന്തം ആസ്ഥാനമായ മലകളിൽ ഒരാൾ സാ മൂഹിക കൊള്ളക്കാരനും എന്നാൽ സമതലങ്ങളിൽ വെ റും കവർച്ചക്കാരനുമാണെന്നു വരാം. എന്തായാലും വ്യ ത്യാസം അപഗ്രഥനത്തിലൂടെ മാത്രമെ നമുക്ക് സ്ഥാ പിക്കാനാവു.

മറ്റൊരുതരം കർഷക–രാഷ്ട്രീയ പ്രതിഷേധം കൂ ടിയുണ്ട്. അതിൽ, ബങ്കിംചന്ദ്ര ചാറ്റർജിയുടെ ക്ലാസിക് കൃതിയായ *ആനന്ദമഠം* (1883) ത്തിൽ അനശ്വരവൽകരിക്കപ്പെ ട്ടിട്ടുള്ള 'സന്യാസി' ദേശാഭിമാനികളുടെതുപോലെ മതപര

വും നിയമനിഷേധപരവുമായ അംശങ്ങൾ രണ്ടും ഏകീഭവിക്കുന്നു. നമുക്ക് നമ്മുടെ മഹത്തായ ദേശാഭിമാന ഗാനമായ 'വന്ദേമാതരം'—അത് ഭാരതമാതാവിന് ഒരു സ്തുതിഗീതവും ഒപ്പം അവളുടെ മർദകർക്കെതിരായ പോർവിളിയുമാണ്—തന്നത് ഈ നോവലാണെന്ന കാര്യംകൂടി ആനുഷംഗികമായി പറഞ്ഞുകൊള്ളട്ടെ.

V

ഈ പുതിയ മാതൃകയിലുള്ള ചരിത്രശാസ്ത്രം സാവധാനത്തിലും എന്നാൽ സുനിശ്ചിതമായും ഇന്ത്യയിൽ വേരുറപ്പിച്ചുവരികയാണ്. അതിന്റെ പ്രമുഖ പ്രയോക്താക്കളിലൊരാളായ സുമീത് സർക്കാർ ആത്മവിശ്വാസത്തോടെ ഊന്നിപ്പറയുന്നു:

> ഒരുതരം 'താഴെനിന്നുള്ള ചരിത്ര'ത്തിന്റെ ആവിർഭാവത്തിലൂടെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രശാസ്ത്രത്തിൽ (ആധുനിക ഇന്ത്യാചരിത്രരചനയുടെ മേഖലയിൽ ഒരുപക്ഷെ ഏറ്റവും വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണത്) സമീപ വർഷങ്ങളിലായി പ്രധാനപ്പെട്ട ഒരു വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മുൻകാലത്ത് രക്ഷക–രക്ഷിത ബന്ധങ്ങളിലൂടെ ദേശീയ നേതാക്കളെയോ പ്രാദേശികനേതാക്കളെയോ ദേശാഭിമാനപരമായ പ്രത്യയശാസ്ത്രങ്ങളെയോ വരേണ്യവർഗ സമ്മർദങ്ങളെയോ അതുമല്ലെങ്കിൽ വിഭാഗീയ തന്ത്രപ്രയോഗങ്ങളെയോ മുൻനിർത്തി നടത്തിയിരുന്ന കേന്ദ്രീകരണത്തിൽനിന്ന് വ്യതിരിക്തമായി ജനങ്ങളുടെ, വിശേഷിച്ചും കർഷകരുടെ മുൻകൈ എടുക്കലിലും 'സ്വയം സംഘടിക്കലി'ലുമാണ് പുതിയ ഊന്നൽ. 'സബാൾട്ടൺ പഠനങ്ങൾ' എന്ന് ചിലർ വിളിച്ചുതുടങ്ങിയിട്ടുള്ളവയുടെ പ്രയോക്താക്കളുടെ നോട്ടത്തിൽ മാമൂൽ ദേശീയ പുണ്യവാളജീവചരിത്രശാസ്ത്രവും കേംബ്രിഡ്ജ് മാതൃകയിലുള്ള നാമിയറിസവും എന്തിന്, പാർടി അഥവാ ട്രേഡ് യൂണിയൻ പരിപാടികളിലും സംഘടനയിലും ഊന്നുന്ന നിലവിലുള്ള മാർക്സിയൻ പാണ്ഡിത്യത്തിൽ

ഏറെത്തന്നെയും വിവിധതരം 'വരേണ്യ വർഗവാദങ്ങ' ളുടെ കപടിടിച്ചവയായാണ് തോന്നുക.[8]

ഈ വരികളിൽ അഭിപ്രായവ്യത്യാസമുള്ള ചില കാര്യങ്ങളുമുണ്ട്. സബാൾട്ടൺ ചരിത്രം എന്ന് പറയപ്പെടുന്നതിന്റെ ഇന്ത്യയിലെ മുതിർന്ന പ്രയോക്താവായി പരിഗണിക്കപ്പെടുന്ന[9] രഞ്ജിത് ഗുഹയും അദ്ദേഹത്തിന്റെ കൂട്ടാളികളും എല്ലാ 'ബാഹ്യ' സ്വാധീനങ്ങളിൽനിന്നും വിമുക്തമായ ഒന്നാണ് കർഷകന്റെ മുൻകൈയുടെയും സമരത്തിന്റെയും ഈ 'സ്വയംഭരണം' എന്ന് ശരിക്കുന്നതിന്റെ പേരിൽ രൂക്ഷമായ വിമർശനത്തിന് ശരവ്യമാകുന്നുണ്ട്, നാം നേരത്തെ കണ്ടതുപോലെ കർഷകരുടെ സമരപ്രവർത്തനങ്ങളെ ഒരു പര്യമ്പുറ പ്രതിഭാസമായി എഴുതിത്തള്ളുന്നതിന് ചരിത്രപരമോ സൈദ്ധാന്തികമോ ആയ യാതൊരു ന്യായീകരണവുമില്ല. പക്ഷെ അതേസമയംതന്നെ സമൂഹത്തിന്റെ ഒരു ഭാഗമായ കർഷകരിൽ ഒരുതരം ദിവ്യപരിവേഷവും അലൗകികത്തനിമയും പരമാധീശത്വവും ചാർത്തുന്നത് കടകവിരുദ്ധമായ ഫലമുളവാക്കുന്ന മറേറ അറ്റമാണ്. 1955—ൽ എസ് ബി ചൗധരി തന്റെ മാർഗനിർദേശക കൃതിയായ *ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെ നിയമാസ്വാസ്ഥ്യങ്ങ* (കൽക്കത്ത) ളിലൂടെ തുടങ്ങിവെച്ച പ്രക്രിയ ഇന്നിപ്പോഴം വളരെ മുന്നേറിയ ഘട്ടത്തിലെത്തിയിരിക്കുന്നു. സർക്കാറും ഗുഹയും മറ്റും തീർച്ചയായും ഈ പ്രക്രിയക്ക് ഈടുറ്റ സംഭാവനകളം നൽകിയിട്ടുണ്ട്. താന്തിയാതോപെ, ഝാൻസി റാണി, വേലുത്തമ്പി, പഴശ്ശിരാജാ, കട്ടബൊമ്മൻ മുതലായവരെപ്പോലെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി ചെറുത്തുനിൽപ് സംഘടിപ്പിച്ച പഴയ ഫ്യൂഡൽ നായകൻമാർ കുപകരം ബംഗാലു വഹാബികരംകിടയിലെ തിത്തു—മീറിനെയും മുണ്ഡകരംകിടയിലെ ബിർസയെയും സന്താളു കരംകിടയിലെ സുബഹ് സഹോദരൻമാരെയും അയോധ്യയിലെ രാമചന്ദ്രദാസിനെയും മററു നിരവധി പേരെയും പോലെ വ്യത്യസ്തമായ ഇനത്തിലും തരത്തിലുംപെട്ട കർഷക നായകൻമാരുടെ ഒരു പുതിയ നിരതന്നെ ഉയർന്നുവന്നു. ബിർസയെക്കുറിച്ചുള്ള കെ എൻ സിംഹിന്റെയും രാമചന്ദ്രദാസിനെക്കുറിച്ചുള്ള കപിൽകുമാറിന്റെയും ജ്യോതി

ബാഫ്ലൂലെയെക്കുറിച്ചുള്ള ഗായെൽ ഒംവെദിന്റെയും വഹാബിയായ തിത്തു–മീറിനെക്കുറിച്ചുള്ള നരഹരി കവിരാജിന്റെയും കൃതികൾ അതിവേഗം പ്രാമാണിക ക്ലാസിക്കുകളുടെ പദവി ആർജിച്ചുകൊണ്ടിരിക്കുകയാണ്.

ബ്രിട്ടന്റെ കാര്യത്തിൽ ഈ പുതിയ ചരിത്രം എങ്ങനെയിരിക്കുന്നു എന്ന് ഹാരിസൻ ഇങ്ങനെ വിശദീകരിക്കുന്നു:

> ഈ പൂർവ സങ്കൽപങ്ങളെ അനുവർതിച്ചാൽ കിട്ടുന്ന ഒരു ചരിത്രമുണ്ടല്ലോ അതിന്റെ രൂപരേഖ ഇംഗ്ളണ്ടിന്റെ വ്യവസ്ഥാപിത ചരിത്രങ്ങളുമായി ഇടപഴകിയവർക് ഒട്ടൊക്കെ അപരിചിതമായിരിക്കും. പ്രഖ്യാതമായ മഹാസംഭവങ്ങൾ വിട്ടുകളഞ്ഞിരിക്കും, തുലോം അവ്യക്തമായ സംഭവങ്ങൾ പ്രാധാന്യമുള്ള കൈചൂണ്ടിപ്പലകകളായി തോന്നുകയും ചെയ്യും. പരസ്പരവിരുദ്ധങ്ങളായ ശബ്ദങ്ങളുടെ കോലാഹലം പ്രതീക്ഷിക്കുന്ന ഇടങ്ങളിൽ അസാധാരണമായ നിശബ്ദതകളാവും ഉണ്ടാവുക; ഊന്നലുകളും വിശദാംശങ്ങളും അത്രയുംതന്നെ അപ്രതീക്ഷിതങ്ങളും പ്രത്യക്ഷത്തിൽ ത്യാജ്യഗ്രാഹ്യപൂർവങ്ങളുമാവും. അവ വളച്ചൊടിക്കലിനിടയാക്കുമെന്ന് തോന്നുകയും ചെയ്യാം. അങ്ങനെ മാഗ്നാകാർടയെക്കുറിച്ചോ ട്യൂഡർ സേച്ഛാധിപത്യത്തെക്കുറിച്ചോ ഷേക്സ്പിയറെക്കുറിച്ചോ 17–ാം നൂറ്റാണ്ടിലെ മാന്യജനസമൂഹത്തിന്റെ ഉദയത്തെക്കുറിച്ചോ 19–ാം നൂറ്റാണ്ടിലെ ഗവൺമെൻറിലെ വിപ്ലവത്തെക്കുറിച്ചോ അല്ലെങ്കിൽ വിദേശനയത്തെക്കുറിച്ചോ യാതൊന്നും ഉണ്ടായിരിക്കില്ല. പക്ഷെ മധ്യയുഗങ്ങളിലെ മാടമ്പി ജീവിതത്തിനും കർഷക കലാപത്തിനും വളച്ചുകെട്ടുകയ്കും നാടോടിക്കഥാ പുസ്തകങ്ങൾക്കും ചാർടിസത്തിനും വീട്ടുവേലക്കും ധാരാളം സ്ഥലം ഉണ്ടായിരിക്കും. സിംഹഹൃദയനായ റിച്ചാർഡ് രാജാവിനെക്കാൾ ജോൺ ബാളിനും ഒലിവർ ക്രോംവെല്ലിനെക്കാൾ ജോൺ ബൻയനുമായിരിക്കും പരിഗണന. പബ്ലിക് സ്കൂളുകളെക്കുറിച്ച് എന്തെങ്കിലും കാണാമെന്ന് നാം പ്രതീക്ഷിക്കരുത്, മന്ത്രിസഭാ ചർചകളുടെ വിവരവും അങ്ങനെതന്നെ. എന്നാൽ ട്രേഡ് യൂണി

യനുകളെക്കുറിച്ച് നല്ലൊരളവും ഒരുപക്ഷെ തിച്ച് ബോൺ അവകാശവാദത്തെക്കുറിച്ച് ഒരു പരാമർശവും ഉണ്ടാവും. സംഭവേങ്ങളും അനുഭവേങ്ങളും സാധാരണക്കാരായ സ്ത്രീ പുരുഷൻമാരുടെ ജീവിതത്തിലേക്കും അവർക് അവരെക്കുറിച്ചും അവരുടെ ലോകത്തെക്കുറിച്ചുമുള്ള ധാരണകളിലേക്കും എന്തുതോതിൽ വെളിച്ചം വീശുന്നു എന്നുള്ളതാണ് തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. അവരുടെ ജീവിതത്തിലെ മുൻഗണനകൾ എന്തായിരുന്നു എന്ന് നമുക്ക് തീർച്ചപ്പെടുത്താനാവില്ല. എന്നാൽ ഓരോ ചരിത്രകാലഘട്ടത്തിലും പ്രാഥമികമായി തൊഴിൽ, കുടുംബം, ജനങ്ങളുടെ മനോഭാവങ്ങൾ, സംഘടനയുടെ നാടൻ രൂപങ്ങൾ എന്നിവ കൈകാര്യം ചെയ്യുകയാവും യുക്തിസഹം. എപ്പോഴും പരീക്ഷണം ഇതായിരിക്കണം: ആ കാലത്ത് തങ്ങളെ സംബന്ധിച്ച് പ്രധാനപ്പെട്ടത് എന്താണെന്ന് സാധാരണ ജനങ്ങൾക് തോന്നി; സാധാരണ ജനങ്ങൾക് അവരുടെ സ്വന്തം തലമുറക്കും ചുറ്റുപാടുകൾക്കുമപ്പുറത്ത് പ്രസക്തമായിരുന്നത് എന്തായിരുന്നു എന്ന് പശ്ചാൽ വീക്ഷണത്തിന്റെ ആനുകൂല്യത്തിൽ ഇന്ന് തോന്നുന്നു.[10]

അക്കാദമീയ, മാമൂൽ ചരിത്രത്തിന്റെ പൊടിപിടിച്ചതും പൊട്ടിപൊളിഞ്ഞതുമായ അറകളിലേക്ക് വീശുന്ന ഉൽമേഷദായകമായ ഈ ഇളംകാറ്റിനെ നാം സ്വാഗതം ചെയ്യേണ്ടതല്ലേ?

കുറിപ്പുകൾ

1. Engels, F. Origin of Family, Private Property and State, Ch. IX

2. Harrison, J. F. C The Common People, London, 1984 p. 13

3.	Stein, Burton	Peasant State and Society in Medieval South India, Delhi, 1985 p. 2
4.	Engels, F.	The peasant War in Germany, Ch. II
5.	Sharma. R S	Material Culture and Social Formations in Ancient India, Delhi, 1983, See Ch. 7
6.	Mukherjee Hiren	Indias struggle for Freedom, Calcutta, 1962 Edn, p. 40
7.	Hobsbawm, E J	Bandits, Penguin, 1985 Edn. p. 17-18
8.	Sarkar, Sumit	Popular, Movements and 'Middle Class' Leadership in Late Colonial India Calcutta, 1983 p. I
9.	See Guha, Ranjit	Elementary Aspects of peasant Insurgency in Colonial India, Calcutta, 1983 and the five volumes of Subaltern Studies. Edited by him
10.	Harrison, J F C	Op. cit, p. 15

7812





ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ

പി ഗോവിന്ദപ്പിള്ള

കഴിഞ്ഞ മുപ്പത് മുപ്പത്തഞ്ചു വർഷത്തിനിടയിൽ ഇന്ത്യാ ചരിത്രത്തെ സംബന്ധിച്ച ധാരണ കീഴ്മേൽ മറിഞ്ഞു. അത് വീണ്ടും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ കീഴ്മേൽ മറിച്ചിലിന് മാർക്സിസ്റ്റ് ചരിത്രകാരൻമാർ നൽകിയ സംഭാവന അളവറ്റതാണ്. അത് വിലയിരുത്തുകയും ഇന്ത്യാചരിത്ര പഠന പുരോഗതിക്ക് ശാസ്ത്രം നൽകിയ സംഭാവന ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന കൃതി. പത്തൊമ്പതാം നൂറ്റാണ്ടിലെ ജാതിമത പ്രസ്ഥാനങ്ങളെക്കുറിച്ചും കർഷക ചരിത്ര ശാസ്ത്രത്തെക്കുറിച്ചുമുള്ള രണ്ടു പ്രബന്ധങ്ങളും ഈ കൃതിയിൽ ഉൾപെുത്തിയിട്ടുണ്ട്. ഇന്ത്യാചരിത്ര പഠനത്തിനൊരാമുഖമായി കണക്കാക്കാവുന്ന കൃതി.